

കാളിദാസൻ

T49
K12

കെ.വാസുദേവൻമൂസ്സത്

കാളിദാസൻ

അഥവാ

ഭാരതസാഹിത്യത്തിലെ കെടാവിളക്ക്



KALIDASAN

by:

Pandit: K. VASUDEVAN MOOSAD

Approved by the Government of Kerala
for class Libraries

Second Edition August 1965

Copies 1000

Copyright to Publishers

Publishers:

P. K. BROTHERS—KOZHIKODE

Price Rs. 3—50


കാളിദാസൻ

അഥവാ

ഭാരതസാഹിത്യത്തിലെ കെടാവിളക്ക്

ഗ്രന്ഥകർത്താ:

പണ്ഡിതർ, കെ. വാസുദേവൻ മൂസ്സത്



T49
K12

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്

വില: 3ക. 50പ.

രണ്ടാംപതിപ്പ് കോപ്പി 1000
ആഗസ്റ്റ് 1965

പകർപ്പവകാശം പ്രസാധകന്മാക്കു്

അച്ചടി:
അരുണോദയം പ്രസ്സ്, വടക്കാഞ്ചേരി

വിഷയവിവരം

കാളിദാസൻ

സാമാന്യവിവരങ്ങൾ	7
കാളിദാസൻ ആർ?	9
കാളിദാസൻ — കരു യഥാർത്ഥകവി	22
കാളിദാസകവിതയ്ക്കുള്ള വിശേഷങ്ങൾ	25
കാളിദാസൻ — ആഷ്ടസംസ്കാരത്തിന്റെ ആരാധകൻ	31
കാളിദാസകൃതികൾ	35
കളിദാസന്റെ ദേശപരിചയം ...	38
മാളവികാഗ്നിമിത്രന്റെ പശ്ചാത്തലം	44
കാളിദാസന്റെ കാലം	47

രഘുവംശകഥകൾ

ദിലീപൻ	52
രഘുവിന്റെ ചരിത്രം	69
അജന്റെ ചരിത്രം	75
ദശരഥചരിതം	82
ശ്രീരാമചരിതം	94
കുശചക്രവർത്തി	110

അതിഥിയുടെ ചരിത്രം 114
അതിഥിയുടെ അനന്തരഗാമികൾ 116
സുദർശനന്റെ കഥ 117
അഗ്നിവർണ്ണൻ 119

കുമാരസംഭവകഥ

ശ്രീപാർവ്വതിയുടെ ജനനം 121
താരകാസുരൻ—ദേവകളുടെ സങ്കടം 127
കാമദേവൻ ദേവസഭയിൽ 131
പാർവ്വതിയുടെ തപസ്സ് 138
പാർവ്വതീവിവാഹം 148
സുബ്രഹ്മണ്യന്റെ അവതാരം 151
താരകാസുരവധം 156

വിരഹിയായ യക്ഷൻ 161
മാളവിക 186
ഉർവ്വശി 222
ശകുന്തള 233

കാളിദാസൻ

സാമാന്യവിവരങ്ങൾ

പണ്ട്, ഉത്തരഭാരതത്തിൽ ഉജ്ജയിനി എന്ന നഗരിയിൽ രാജ്യം വാണുകൊണ്ടിരുന്ന വിക്രമാക്മഹാരാജാവിന്റെ ആസ്ഥാനകവികളിൽ ഒരാളായിരുന്നു കാളിദാസൻ. ധന്വന്തരി, ക്ഷപണകൻ, അമരസിംഹൻ, ശങ്കുഭട്ടൻ, വേതാളഭട്ടൻ, ഘടകർപ്പരൻ, കാളിദാസൻ, വരാഹമിഹിരൻ, വരരുചി എന്നിങ്ങനെ ഒമ്പതു് കവികൾ വിക്രമസദസ്സിൽ ഉണ്ടായിരുന്നുവെന്നും, അവരെ നവരത്നങ്ങൾ എന്നു് പറഞ്ഞിരുന്നുവെന്നും പ്രസിദ്ധിയുണ്ടു്. കാളിദാസൻ ഭാരതത്തിലെ സംസ്കൃതകവികളിൽ അദ്വിതീയനാകുന്നു. നവീനവിദ്യാഭ്യാസം സിദ്ധിച്ചവർ അ

ദ്ദേഹത്തെ "ഇന്ത്യയിലെ ഷേക്സ്പിയർ" എന്നു് പറഞ്ഞു വരുന്നു. ഷേക്സ്പിയർ പ്രകൃതിവർണ്ണനയിലും, മനുഷ്യ സ്വഭാവത്തിന്റെ ചിത്രീകരണത്തിലും അതിസാമർത്ഥ്യ മുള്ള ഒരു ഇംഗ്ലീഷുകവിയാണല്ലൊ. കാളിദാസന്റെ കവിത പ്രസ്തുതവിഷയങ്ങളിൽ മികച്ചനില്ക്കുന്നതിനാ ലാണു് അദ്ദേഹത്തെ ഷേക്സ്പിയരോടു് സാദൃശ്യപ്പെടുത്തു ന്നതു്. കാളിദാസകവിതയ്ക്കു് ഇതരകവികളുടെ കവിത യിൽനിന്നു് പ്രധാനമായ ഒരു വ്യത്യാസമുണ്ടു്. വായി ക്കുംതോറും പുതുതായിത്തോന്നുന്ന ഒരു മഹിമ കാളിദാസ കൃതികൾക്കുണ്ടു്. എത്ര വായിച്ചാലും വായനക്കാർക്കു് അരുചി തോന്നുകയില്ല. ഓരോ പരിവൃത്തി വായിക്ക മ്പോഴും പുതിയ പുതിയ അർത്ഥങ്ങൾ തോന്നുകയുംചെയ്യും. സാഹിത്യശാസ്ത്രജ്ഞനായ ഒരു പണ്ഡിതൻ മാഘന്റേ യും, ശ്രീ ഹർഷന്റെയും, കാളിദാസന്റേയും കവിതകളെ കുറിച്ചുള്ള പശ്ചാത്തലത്തോടു് സാദൃശ്യപ്പെടുത്തി പറഞ്ഞതായി ഓർമ്മതോന്നുന്നു. ചവിട്ടും കുത്തും ധാരാളമുള്ളതും കു ന്നാൽ പാലു് കുറവായിട്ടുള്ളതുമായ ഒരു പശുവാണത്രെ മാഘകവിത. ശ്രീ ഹർഷകവിത അങ്ങനെയല്ല. അതു് കൊമ്പുകൊണ്ടു് കുത്തുകയും, കാൽകൊണ്ടു് ചവിട്ടുകയും മറ്റും ചെയ്യുമെങ്കിലും കറന്നാൽ പാൽ ധാരാളം കിട്ടുന്ന ഒരു പശുവാകുന്നു. കാളിദാസകവിതയാകട്ടെ കാമധേനു തന്നെയാണു്. അതു് കുത്തുകയോ ചവിട്ടുകയോ ചെയ്യു യില്ല; പാത്രംനിറച്ചു് മധുരമായ പാൽ തരുകയുംചെയ്യും. ഇപ്രകാരം അസാധാരണമായ സരസപ്രതിഭാവിലാസ ത്താൽ അനുഗൃഹീതനായ കാളിദാസന്റെ കൃതികൾ.

ഇന്ത്യയിലെ പ്രധാനപ്പെട്ട ദേശഭാഷകളിലും, ഇംഗ്ലീഷ് മുതലായ വിദേശഭാഷകളിലും തർജ്ജമചെയ്യപ്പെട്ടിട്ടുണ്ട്.

കാളിദാസൻ ആർ?

കാളിദാസൻ ആരാകുന്നു? അദ്ദേഹം എവിടെ ജനിച്ചു? മാതാപിതാക്കന്മാരുടെ പേരെന്തു്? ആരുടെ കീഴിലാണു് വിദ്യാഭ്യാസം ചെയ്തതു്? ഈ ചോദ്യങ്ങൾക്കു് ശരിയായ ഉത്തരം ഇതേവരെ കിട്ടീട്ടില്ല. ഐതിഹ്യത്രുപേണ ചിലർ പറയാറുള്ള പഴങ്കഥകൾമാത്രമേ ഈ വിഷയത്തിൽ നമുക്കു് ലഭിച്ചിട്ടുള്ളു. അങ്ങനെയുള്ള ഐതിഹ്യങ്ങളെ ചരിത്രകാരന്മാർ വകവെയ്ക്കുകയില്ല. പാമരന്മാക്കു് ഒരുവക ഭക്തിജാഡ്യം ജനിപ്പിക്കുന്നതിനുമാത്രമേ ഈ വക ഐതിഹ്യങ്ങൾ പ്രയോജനപ്പെടുകയുള്ളു. എങ്കിലും, ഇത്തരം ഐതിഹ്യങ്ങൾ പുരാതനകാലം മുതൽക്കുതന്നെ പ്രചാരത്തിലിരിക്കുന്നവയാകയാൽ അവയെ തീരെ വിട്ടുകളയുവാൻ വയ്യ. കാളിദാസനെസ്സംബന്ധിച്ച ഒരൈതിഹ്യം താഴെ എഴുതുന്നു: —

മഹിഷപുരി എന്ന നഗരിയിൽ മഹേന്ദ്രൻ എന്നൊരു രാജാവു് വാണുകൊണ്ടിരുന്നു. അദ്ദേഹത്തിനു് അതിസുന്ദരിയായ ഒരു മകളുണ്ടായിരുന്നു. ആ കന്യക വലിയ വിദുഷിയും, ശാസ്ത്രങ്ങളെക്കുറിച്ചു് വിദ്വാന്മാരോടു വാദം നടത്തുന്നതിൽ നിപുണയുമായിരുന്നു. അനേകം

വിദ്വാന്മാർ അവളോട് വാദിച്ച് പരാജയമടഞ്ഞു. മഹേന്ദ്രൻ തന്റെ മകൾക്ക് വിദ്യാവിഷയത്തിലുള്ള പ്രാവീണ്യംകണ്ട് തന്നിക്ക ജന്മസാഫല്യംവന്നതായി വിചാരിച്ചു. ഏതൊരു പുരുഷൻ അവളെ വാദത്തിൽ തോൽപ്പിക്കുന്നുവോ അയാൾക്ക മാത്രമേ അവളെ വിവാഹം കഴിച്ചുകൊടുക്കുകയുള്ളുവെന്നും പിതാവും നിശ്ചയിച്ചു.

ഈ വിവരം കേട്ടുകേൾപ്പിച്ച് നാടുകളിലെല്ലാം പരന്നു. പല രാജകുമാരന്മാരും അവളുടെ സമീപത്തുചെന്നും വാദംനടത്തി തോറ്റു. കുലീനന്മാരും സുന്ദരന്മാരുമായ രാജകുമാരന്മാർ കാരോരുത്തരായിവന്നും വാദിച്ച് തോറ്റുപോന്നതു കണ്ട് മഹേന്ദ്രൻ വളരെ വ്യസനിച്ചു. മകളുടെ വിവാഹത്തിന്നും താൻചെയ്ത നിശ്ചയം ബുദ്ധിപൂർവ്വമായില്ലെന്നും അദ്ദേഹത്തിന്ന തോന്നി. ഈ വിഷമസ്ഥിതിയിൽനിന്ന കരകയറുവാൻ എന്താണൊരുപായമെന്നും അദ്ദേഹം മന്ത്രിമാരുമായി ആലോചന നടത്തി. മന്ത്രിമാരുടെ ഉപദേശപ്രകാരം നാനാദിക്കുകളിൽനിന്നും വിദ്വാന്മാരായ പുരുഷന്മാരെ രാജധാനിയിൽ ക്ഷണിച്ചുവരുത്തുകയും ചെയ്തു. അങ്ങനെ വന്നുചേർന്ന വിദ്വാന്മാരൊക്കെയും രാജകന്യകയുടെ മുമ്പിൽ വാദിച്ചുനില്ക്കുവാൻ കഴിയാതെ ലജ്ജിതന്മാരായിത്തീർന്നു. ആ വിദ്വാന്മാരുടെ മാനക്ഷയംകണ്ട് മനമലിഞ്ഞു മന്ത്രിമാർ അവരെ സ്വകാര്യമായിവിളിച്ചു, അഹമ്മതിക്കാരിയായരാജപുത്രിയെ തോല്പിക്കുവാൻ ഒരുപായം ഉപദേശിച്ചുകൊടുത്തു. അവർ മന്ത്രി പറഞ്ഞ ഉപായം പ്രയോഗിച്ചുനോക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

മഹിഷപുരിയിൽ ബ്രാഹ്മണജാതിക്കാരനായ ഒരു കുമാരനുണ്ടായിരുന്നു. ആയാൾ "ഹരിയെന്നക്ഷരംപോലും തിരിയാത്ത മഹാമൂഢൻ" ആയിരുന്നു. ആടുമാടുകളെ തെളിച്ചു് കാട്ടിൽകൊണ്ടുപോയി മേയ്ക്കുകയായിരുന്നു ആയാളുടെ ജോലി. ഒരു ദിവസം മേൽപ്പറഞ്ഞ വിദ്വാന്മാർ ആ ബ്രാഹ്മണബാലനെ വിളിച്ചു് പറഞ്ഞു:—"ഹേ കുമാരാ, നീ ഒരു ബ്രാഹ്മണനല്ലേ? എന്തിനാണിങ്ങനെ കാലിക്കൂട്ടെ മേച്ചു കഷ്ടപ്പെടുന്നതു്? ഞങ്ങൾ ഒരു വഴി പറഞ്ഞുതരാം. ആ വഴിക്കു പോയാൽ നിനക്കു് നല്ല സ്ഥിതിയിൽ എത്തുവാൻ കഴിയും ഇല്ലാത്തപക്ഷം ജീവിതകാലം മുഴുവനും ഇങ്ങനെ കഷ്ടപ്പെടേണ്ടിവരും. തന്നെയല്ല, ഞങ്ങൾ പറഞ്ഞതുകേട്ടു നടപ്പാൻ ഭാവമില്ലെങ്കിൽ നിന്നെ ഞങ്ങൾ വെറുതെ വിടില്ല. നിന്നെ പിടിച്ചടിച്ചു് എല്ലുവെള്ളമാക്കുവാൻ ഞങ്ങൾ മടിക്കുകയില്ല." ഇതുകേട്ടു് ഭയപ്പെട്ടു് ആ ബ്രാഹ്മണബാലൻ പറഞ്ഞു—"നിങ്ങൾ എന്നെ ഉപദ്രവിക്കരുതു്. നിങ്ങൾ എന്തു പറയുന്നുവോ അതു് ചെയ്യാൻ ഞാനൊരുക്കമുണ്ടു്. പാവപ്പെട്ട എന്റെ പേരിൽ കോപം തോന്നരുതു്. ഞാൻ ചെയ്യേണ്ടതിന്നതാണെന്നു് പറയുക."

വിദ്വാന്മാർ:—അങ്ങനെ പറയൂ. അങ്ങു് യോഗ്യനായ ഒരു ബ്രാഹ്മണനാണു്. ഞങ്ങളുടെകൂടെ വരണം. അങ്ങയ്ക്കു് ഞങ്ങൾ നന്മ വരുത്തിത്തരാം. ഇന്നുതന്നെ അങ്ങയെ ഞങ്ങൾ രാജാവിന്റെ കൊട്ടാരത്തിലേയ്ക്കു കൊണ്ടുപോകും. അവിടെ അതിവിദുഷിയായ ഒരു കന്യകയുണ്ടു്. ആ കന്യകയെ അങ്ങയ്ക്കു് വിവാഹം ചെയ്യാൻ

സാധിക്കും. വിശിഷ്ടബ്രാഹ്മണനായ അങ്ങാണു് അവളുടെ ഭർത്താവാവാൻ യോഗ്യതയുള്ളവൻ. അങ്ങയുടെ സുകൃതംകൊണ്ടാണു് അങ്ങു് ഞങ്ങളുടെ കണ്ണിൽപ്പെട്ടതു്. പക്ഷെ ഒരു കാര്യം മനസ്സിൽ ധരിച്ചുകൊണ്ടിരിക്കണം. ആ രാജപുത്രി പെരുമഴ പെയ്യുന്നതുപോലെ വേഗത്തോടുകൂടി അങ്ങയോടു് പലതും ചോദിക്കും. എന്തു ചോദിച്ചാലും അങ്ങു് ഒരക്ഷരംപോലും മിണ്ടിപ്പോകരുതു്. പിന്നെ വേണ്ടതെല്ലാം ഞങ്ങൾ നോക്കിക്കൊള്ളാം.

ബ്രാഹ്മണൻ: — ഹ ഹ! ഇതിനാണോ ഇത്ര പ്രയാസം? എന്നെത്തച്ചാൽപ്പോലും ഞാനൊന്നും മിണ്ടുകയില്ല.

പിന്നെ ആ വിദ്വാന്മാർ ആ ബ്രാഹ്മണനെ സ്നാനം ചെയ്യിച്ചു് നല്ല വസ്ത്രങ്ങൾ ധരിപ്പിച്ചു് ഒരു പല്ലക്കിൽ കയറ്റി തങ്ങൾതന്നെ പല്ലക്കെടുത്തുംകൊണ്ടു് രാജധാനിയിലേക്കു പോന്നു. അവർ രാജാവിനെ അറിയിച്ചു: — "രാജൻ, പെറുപ്പക്കാരനായ ഇദ്ദേഹം ഞങ്ങളുടെ ഗുരുവാണു്. പെറുപ്പമാണെന്നും കാഴ്ചയിൽ ചെറിയവനാണെന്നും കരുതി അനാദരിക്കരുതു്. പണ്ടു് വാമനമൂർത്തി മൂന്നു ലോകവും അളന്നില്ലേ? അതുപോലെ ഇദ്ദേഹവും അസാമാന്യമായ വൈദുഷ്യംകൊണ്ടു് അത്ഭുതകൃത്യങ്ങളെച്ചെയ്യാൻ കഴിവുള്ളവനാണു്. ഉൽകൃഷ്ടമായ ബ്രാഹ്മണകുലത്തിൽ ജനിച്ച ഇദ്ദേഹത്തിന്റെ പ്രഭാവം അങ്ങയുടെ മന്ത്രിമാർക്കും അറിവുണ്ടു്. ഈ മഹാൻ ഇപ്പോൾ മൌനവ്രതം അനുഷ്ഠിക്കുകയാണു്. ആ വ്രതത്തിനു് വിഘ്നംവരുത്താതിരിക്കേണ്ടതു് അങ്ങയുടെ ഭാരമാണു്

വല്ല കാരണത്താലും ഗുരുവിന്റെ പ്രീതിക്കു ഭംഗംവരുവാനിടയായാൽ അങ്ങയ്ക്കും വംശത്തിനും വലിയ അനർത്ഥം നേരിടും. അങ്ങയുടെ മകൻ വലിയ വായാടിയാണു്. അവൻ പറയാനുള്ളതെല്ലാം ആംഗ്യംകൊണ്ടു കാണിച്ചാൽ ഇദ്ദേഹവും അതിനു് സമാധാനമായി ആംഗ്യം കാണിക്കും. ആംഗ്യംകൊണ്ടുള്ള വാദത്തിനു് തയ്യാറാകുവാൻ മകളോടു് പറയുക.”

രാജാവു് സന്തോഷിച്ചു് വിദ്വാന്മാർ പറഞ്ഞതുപോലെ ചെയ്യുവാൻ മകളെപ്പറഞ്ഞു ശട്ടംകെട്ടി. പിന്നെ വിദ്വാന്മാരും അവരുടെ ഗുരുവും രാജസഭയിലേക്കു ചെന്നു. അവിടെ രാജാവും രാജപുത്രിയും ആസ്ഥാനസഭയിലെ പണ്ഡിതന്മാരും സന്നിഹിതരായിരുന്നു. എല്ലാവരും യഥാസ്ഥാനം ഇരുന്നതിനുശേഷം രാജകുമാരി വാദമാരംഭിച്ചു. ഈശ്വരൻ ഒന്നേ ഉള്ളൂ, രണ്ടില്ല എന്ന അർത്ഥത്തിൽ രാജകുമാരി ചൂണ്ടുവിരൽ ചൂണ്ടിക്കാണിച്ചു. ഗുരുവിനു് അതിന്റെ സാരം അറിവാൻ കഴിഞ്ഞില്ല. അയാൾ സമാധാനമായി തന്റെ രണ്ടുവിരൽ ഉയർത്തിക്കാണിച്ചു. അതുകണ്ടു വിദ്വാന്മാർ അഭിപ്രായപ്പെട്ടു —“ശരി, രാജകുമാരി അദ്വൈതസിദ്ധാന്തത്തെയാണു് ഉപക്ഷേപിച്ചതു്. സൽഗുരു അതിനോടു യോജിക്കാതെ ദ്വൈതമതത്തെ ഉപന്യസിച്ചു. ഉടനെ രാജകുമാരി മൂന്നു വിരൽ ഉയർത്തി. “അല്ല, ത്രിമൂർത്തിവാദത്തിനു് പുറപ്പെട്ടിരിക്കയാണോ?” എന്നു് അവർ തമ്മിൽ തമ്മിൽ മന്ത്രിച്ചു. മൂന്നു വിരൽ കാണേണ്ട താമസം, ഗുരുവയ്യൻ നാലുവിരൽ പൊക്കിക്കാണിച്ചു. “ജയജയ ഗുരുമഹാരാജ, ചതു

വ്വേസിദ്ധാന്തംതന്നെ സർവ്വസമ്മതം.” എന്നു് വിപ്രോ
ന്മാർ ഘോഷിച്ചു. രാജകുമാരി താൻ വാദത്തിൽ തോറ്റ
തായി സമ്മതിച്ചു. രാജാവു് സന്തോഷിച്ചു മകളെ മൌ
നവ്രതക്കാരനായ ആ ബ്രാഹ്മണനു് വിവാഹം കഴിച്ചു
കൊടുക്കുകയും ചെയ്തു.

വിവാഹം അതിഗംഭീരമായിനടന്നു. അന്നത്തെ
പകൽ സംഗീതം, നൃത്തം തുടങ്ങിയ വിനോദങ്ങളോടു
കൂടി കഴിഞ്ഞു. സന്ധ്യയായപ്പോൾ ബ്രാഹ്മണബാലന്റെ
മനസ്സിലുള്ള ഇരുട്ടുപോലെ അന്ധകാരം എന്നും പരന്നു.
അവിടെ കൂടിയ വിപ്രോത്തമന്മാരുടെ ഹൃദയങ്ങളെന്നപോലെ
ആകാശത്തിൽ നക്ഷത്രങ്ങൾ വിളങ്ങി. രാജധാനിയിലെ
പതിവുപ്രകാരം മനോഹരമായി അലങ്കരിക്കപ്പെട്ട ഒരറ
യിൽ രാജകുമാരിക്കും ഭർത്താവിനും കിടക്കുവാനുള്ള
മെത്ത വിരിച്ചുതയ്യാറാക്കി. ആ ബ്രാഹ്മണൻ രുചികര
ങ്ങളായ ഭക്ഷണപദാർത്ഥങ്ങൾ ആകണ്ഠംചെലുത്തി തേട്ടി
ക്കൊണ്ടു്, ദാസിമാർ കാണിച്ചുകൊടുത്ത അറയിൽ
പോയി കിടന്നു. ആ അറയിൽ താൻ മുമ്പൊരിക്കലും
കണ്ടിട്ടില്ലാത്ത പല ചിത്രപടങ്ങളും കണ്ണാടികളും കണ്ടു്
അത്ഭുതപ്പെട്ടു. സപ്തം സപ്തം എന്നു കേട്ടിട്ടുള്ളതു് ഈ
അറതന്നെയാണെന്നു് അയാൾക്കു തോന്നി. അറയിൽ
കമനീയങ്ങളായ പല കസേലകളും ഉണ്ടായിരുന്നു. അവ
യിൽ കാരേന്നിലായി ചെന്നിരുന്നുകൊണ്ടും, ഇടയ്ക്കു്
മെത്തമേൽ കിടന്നുകൊണ്ടും അദ്ദേഹം അല്പസമയം കഴി
ച്ചുകൂട്ടി. “എന്റെ ഭാഗ്യംതന്നെ ഭാഗ്യം! എന്നെപ്പോ
ലെ ക്ഷണനേരംകൊണ്ടു് രാജധാനിയിൽ പൂക്കുസുഖി

പ്പോൻ മറന്നാക്കാണു് കഴിയുക?'' എന്നു വിചാരിച്ചു് കൃതാർത്ഥനായിത്തീർന്ന ബ്രാഹ്മണൻ കിടയ്ക്കമേൽ കിടന്നു് ഉറങ്ങുവാൻ ആരംഭിച്ചു. കുറച്ചുനേരം ഇടത്തും വലത്തും പെരിഞ്ഞും, ഉരുണ്ടും കഴിച്ചുകൂട്ടിയപ്പോഴേക്കു് നിദ്രാദേവി ആഗതയായി. നമ്മുടെ ബ്രാഹ്മണൻ പരമാനന്ദം പൂണ്ടു് കൂർക്കംവലിച്ചു തുടങ്ങി.

രാജകുമാരി തന്റെ കൃത്യങ്ങൾ നിർവ്വഹിച്ചു് ഭർത്താവിന്റെ ശയനഗൃഹത്തിലേയ്ക്കു പ്രവേശിച്ചു. ആ സമയത്തു് ചന്ദ്രൻ പൂർണ്ണശോഭയോടുകൂടി ആകാശത്തിൽ പ്രകാശിച്ചുകൊണ്ടിരുന്നു. ഗാഢനിദ്രയിൽ കിടക്കുന്ന ഭർത്താവിനെ ഉണർത്തുന്നതു് പതിവ്രതമാരുടെ ധർമ്മമല്ലെന്നു വിചാരിച്ചു് രാജകുമാരി വീണയെടുത്തു വായിക്കുവാൻ തുടങ്ങി. പിന്നെ അറയിൽ അലങ്കരിച്ചിലായി വെച്ചിട്ടുള്ള പല വാസനദ്രവ്യങ്ങളും എടുത്തു പൊരുമാറി. ഈ സംഗീതധ്വനിയും പരിമളധോരണിയും ഉറങ്ങിക്കിടക്കുന്ന ബ്രാഹ്മണനെ ഉണർത്തുവാൻ പര്യാപ്തമായില്ല. മനസ്സിന്റെ മയക്കത്തിൽ കേൾക്കപ്പെട്ടതായ ആ സംഗീതം താൻ കുട്ടിക്കാലംമുതൽക്കേ കേട്ടു ശീലിച്ച ആടുമാടുകളുടെ നിലവിളിയാണെന്നേ അദ്ദേഹത്തിനു തോന്നിയുള്ളൂ. രാജാവിന്റെ കൊട്ടാരത്തിൽ വന്നിട്ടും ആട്ടിടയനായ തന്നെ ആടുകൾ പിൻതുടർന്നുവന്നു് ഉപദ്രവിക്കുന്നതായി അദ്ദേഹത്തിനു തോന്നി. ഉറക്കത്തിൽ ആയാൾ ആടുകളെ ആട്ടുന്നതുപോലെ, ''ച്ചു, ച്ചു'' എന്നിങ്ങനെ ഇടക്കിടക്കു് പറഞ്ഞുകൊണ്ടിരുന്നു.

ബ്രാഹ്മണന്റെ ഈ വികൃതസ്വരൂപംകണ്ട് രാജപുത്രിക്ക് അറപ്പും, വെറുപ്പും, അരിശവും കലശലായി. വിപ്രോത്തമർ തന്നെ മതിച്ച് ഇങ്ങിനെയൊരു "വിദ്യാജ്ജിഹ്വ"ന്റെ മായ്മയാക്കിത്തീർത്തതാണെന്ന് രാജപുത്രി വിചാരിച്ചു. എന്നിട്ട് ആയാളുടെനേരെ തിരിഞ്ഞു്, "നീയാർ? സത്യം തുറന്നുപറയണം. പറയാതിരുന്നാൽ അപായം വരുവാനിടയാകും" എന്നു പറഞ്ഞു.

ബ്രാഹ്മണൻ:—കുട്ടീ, എന്നോട് വക്കാണത്തിനു പുറപ്പെടേണ്ട. ഞാൻ ഒന്നും അറിയാത്ത ഒരു സാധുവാണു്.

രാജകുമാരി:—ഒന്നും അറിയാത്തവനാണെന്ന് മനസ്സിലായി. സാധുവാണോ അല്ലയോ എന്നു് കണ്ടതന്നെ അറിയണം. അതല്ല മോദിച്ചതു്. നീ ആരാണെന്നു് എന്നോട് പറയണം.

ബ്രാഹ്മണൻ:—ഞാൻ ആടുകളെ മേയ്ക്കുന്ന ഒരു ചെറുക്കനാണു്. ബ്രാഹ്മണവംശക്കാരനാണെന്നും കേട്ടിട്ടുണ്ട്.

രാജകുമാരി:—അങ്ങനെയോ? എന്നാൽ എന്തിനാണു് ഇവിടെ വന്നതു്?

ബ്രാഹ്മണൻ:—വിപ്രോത്തമർ പലരുംകൂടി എന്നെ പല്ലക്കിലെടുത്തു് ഇങ്ങോട്ട കൊണ്ടുവന്നു. ഒരു ഉത്സവമെപ്പോലെ നടിക്കണമെന്നു് അവരെന്നെ ഭേദമിച്ചു. അങ്ങനെ ചെയ്യാതിരുന്നാൽ തല്ലി എല്ലൊടിക്കുമെന്നു് ഭയപ്പെടുത്തുകയും ചെയ്തു. നിങ്ങൾ ഒരു വിരൽ കാണിച്ചപ്പോൾ ഞാൻ രണ്ടു വിരൽ കാണിച്ചില്ലേ? പിന്നെ മൂന്നു വിരൽ

കാട്ടിയപ്പോൾ ഞാൻ നാലു വിരലും കാട്ടിയില്ലേ? ഇതു് വിദ്വാന്മാർ എന്നെ പറഞ്ഞു് പഠിപ്പിച്ചതാണു്. ഇതു മാത്രമല്ലാതെ മന്ത്രംതന്നെ എനിക്കറിവില്ല.

ബ്രാഹ്മണൻ പറഞ്ഞ വൃത്താന്തംകേട്ടു് രാജകുമാരി കഠിനമായി വ്യസനിച്ചു. വൈദുഷ്യം വിചാരിച്ചു് വല്ലാതെ അഹങ്കരിച്ചുപോയ തനിക്കു് ദൈവം കല്പിച്ച ശിക്ഷയായിട്ടാണു് മൂഢമൂഢനായ ഈ അജപാലന്റെ കയ്യിൽപ്പെട്ടുവാനിടയായതെന്നു് രാജപുത്രി കരുതി. തന്റെ തലയിലെഴുത്തിന്റെ തായാട്ടിനെക്കരുതിച്ചു് വളരെനേരം ആലോചിച്ചതിന്നുശേഷം ബുദ്ധിശാലിനിയായ രാജകുമാരി പറഞ്ഞു: —"ഈ നഗരത്തിന്റെ അറ്റത്തു് കരുകാളിക്ഷേത്രമുണ്ടു്. ഇപ്പോൾ സമയം അർദ്ധരാത്രിയാകയാൽ കാളി കൂട്ടുകാരികളോടുംകൂടി പുറത്തു് തേർവാഴ്ചയ്ക്കു് പോയിരിക്കും. അങ്ങു് ഇപ്പോൾത്തന്നെ ഇവിടെനിന്നു പോയി ക്ഷേത്രത്തിലെ ശ്രീകോവിലിന്നുള്ളിൽ ചെന്നിരിക്കണം. അകത്തുകടന്നാൽ ഉടൻതന്നെ ശ്രീകോവിലിന്റെ വാതിൽ അടച്ചു് സാക്ഷയിടണം.. കാളി തേർവാഴ്ച കഴിഞ്ഞു് തിരിച്ചുവന്നു് വാതിൽക്കൽ മുട്ടും. എന്നാൽ അങ്ങു് വാതിൽ തുറക്കരുതു്. തുറക്കുവാൻ നിർബ്ബന്ധിച്ചാൽ തന്നിക്കു് വിദ്യ ഉപദേശിച്ചുതന്നാലല്ലാതെ വാതിൽ തുറക്കുകയില്ലെന്നു് ഉറപ്പിച്ചു് പറയണം. അതു കേട്ടാൽ കരുണാനിധിയായ ദേവി അങ്ങയ്ക്കു് വിദ്യ ഉപദേശിക്കും. പിന്നീടു് അങ്ങു് വലിയ വിദ്വാനായിത്തീരും. വെറുതെ സമയം കളയാതെ ക്ഷേത്രത്തിലേയ്ക്കു് പോയ്ക്കൊള്ളൂ."

അറിവും ആലോചനയും ഇല്ലാത്ത ആ അജപാലൻ രാജകുമാരി പറഞ്ഞതുപോലെ പ്രവർത്തിച്ചു. കാളി പരിവാരങ്ങളോടുകൂടി വന്നപ്പോൾ ശ്രീകോവിലിന്റെ വാതിൽ അകത്തുനിന്നു് അടച്ചു പൂട്ടിയിരിക്കുന്നതായി കണ്ടു. ആരോ കുറേ അകത്തു് കടന്നുകൂടിയിട്ടുണ്ടെന്നു് ദേവിക്കു് മനസ്സിലായി.

കാളി:—ആരാണകത്തു്?

അജപാലൻ:—ആരാണു് പുറത്തു്?

കാളി:—വാതിൽ തുറക്കു.

അജ:—വാതിൽ തുറക്കില്ല.

കാളി:—നിന്റെ പേരെന്തു്?

അജ:—നിന്റെ പേർ ആദ്യം കേൾക്കട്ടെ.

കാളി:—കാളി എന്നാണെന്റെ പേർ.

അജ:—എന്നാൽ എന്റെ പേർ കാളിദാസനെന്നാണു്.

കാളി:—കാളിദാസാ, നിനക്കെന്തുവേണം?

അജ:—എനിക്കു് വിദ്യവേണം.

ഉടനെ ദേവി വാതിൽപ്പഴുതിലൂടെ നാവു് പുറത്തേയ്ക്കു് നീട്ടിക്കാണിപ്പാൻ ആജ്ഞാപിച്ചു. കാളിദാസൻ അപ്രകാരം ചെയ്തപ്പോൾ കാളി തന്റെ പള്ളിവാൾകൊണ്ടു് അവന്റെ നാവിന്മേൽ വിദ്യാപ്രകാശകമായ ചിന്താമണിമന്ത്രം എഴുതി. ഉടനെ ആ അജപാലൻ ബുദ്ധി തെളിഞ്ഞു് വാതിൽ തുറന്നു. മന്ത്രത്തിന്റെ

പ്രഭാവത്താലും, കാളിയുടെ അനുഗ്രഹത്താലും തത്സമയംതന്നെ കാളിദാസൻ സർവ്വശാസ്ത്രപാരംഗതനും, കവികുലഗുരുക്കളുടെ അലങ്കാരഭൂതനുമായി പരിണമിച്ചു. ഉടനെ കാളിദാസൻ പെട്ടെന്നുണ്ടായ,

"സൌന്ദര്യവിഭ്രമ ഭുവോ ഭുവനാധിപത്യ-
സംപത്തികല്പതരവസ്സ്വി പൂരേ! ജയന്തി
ഏതേ കവിത്വകുമുദ പ്രകരാവബോധ-
പൂർണ്ണേന്ദവസ്തവ ജഗജ്ജനനി! പ്രണാമാഃ"*

എന്നൊരു ശ്ലോകം മൊല്ലി ദേവിയുടെ കാല്ക്കൽ നമസ്കരിക്കുകയും, ആശീർവ്വാദം വാങ്ങി അപ്പോൾത്തന്നെ രാജകുമാരിയുടെ വസതിയിലേക്കു് മടങ്ങിപ്പോകുകയുംചെയ്തു.

ദേവിയുടെ അനുഗ്രഹത്താൽ കാളിദാസൻ മഹാകവിയായിത്തീർന്നുവെന്നു മാത്രമല്ല, മുമ്പിലത്തെ സ്വരൂപം മാറി അതിസുന്ദരനായ ഒരു യുവാവായി പരിണമിച്ചു. അദ്ദേഹം കാളിയുടെ അനുഗ്രഹത്താൽ മറെറാരു ജന്മം സ്വീകരിച്ചാലെന്നപോലെ ആകൃതിയിലും പ്രകൃതിയിലും

---

* അർത്ഥം: അല്ലയോ ലോകമാതാവായ ത്രിപുരാദേവീ! സൌന്ദര്യത്തിന്റെ ലീലാരംഗങ്ങളും, ലോകാധിപത്യം സിദ്ധിക്കുന്നതിൽ കല്പകവൃക്ഷങ്ങളും, കവിതയാകുന്ന ആമ്പൽപ്പൂവികസിക്കുന്നതിനു് കാരണമായ പൂർണ്ണചന്ദ്രനും ആണു് അവിടുത്തെ കാലടിയിലുള്ള നമസ്കാരങ്ങൾ. ഇങ്ങനെ അതിപ്രഭാവത്തോടുകൂടിയ നമസ്കാരങ്ങൾ സർവ്വേശ്വരക്ഷോണവർത്തിക്കുന്നു. നിന്തിരുവടിയെ നമസ്കരിക്കുന്നവർക്കു് സൌന്ദര്യാതിശയവും, ലോകാധിപത്യവും, സഹൃദയജനങ്ങളും കൊണ്ടാടുന്ന കവിതയും നിഷ്പ്രയാസം സിദ്ധിക്കുമെന്നു് താല്പര്യം.

വ്യത്യാസപ്പെട്ട് അതിയോഗ്യനായ ഒരു മഹാപുരുഷനായിച്ചമഞ്ഞതുകണ്ട് രാജകുമാരിക്കു് അത്യധികം ആശ്ചര്യവും ആമോദവുമുളവായി. ജ്ഞാനവിജ്ഞാനങ്ങളും കവിതാശക്തിയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ലയിച്ചുകിടന്നിരുന്നുവെന്നും, ഘടദീപംപോലെ മങ്ങിയിരുന്ന അതു് കാളിയുടെ അനുഗ്രഹത്താൽ പ്രകാശിച്ചുവെന്നേയുള്ളുവെന്നും രാജകുമാരി വിശ്വസിച്ചു. കാളിയുമായുണ്ടായ സംഭാഷണത്തിന്റേയും, കാളി നല്കിയ അനുഗ്രഹത്തിന്റേയും വിവരം കാളിദാസൻ രാജപുത്രിയെ വിശദമായി ഗ്രഹിപ്പിച്ചു.

രാജകുമാരി:— നാഥാ, ദേവിയുടെ അനുഗ്രഹത്താൽ ഇവിടുന്നു് ഈ സ്ഥിതിയിലെത്തിയതിൽ എനിക്കു് അളവറ്റ കൃതാർത്ഥതയുണ്ടു്. ഇനി നമുക്കു് യഥേഷ്ടം ദാമ്പത്യജീവിതം നയിച്ചുകൊണ്ടു് വിഷയസുഖങ്ങൾ അനുഭവിക്കാം.

കാളിദാസൻ:—കൃത്യാകൃത്യങ്ങളും ധർമ്മാധർമ്മങ്ങളും നല്ലപോലെ അറിഞ്ഞിരുന്നിട്ടും ദേവി ഇങ്ങനെ പറയുന്നതിൽ ഞാനത്ഭുതപ്പെടുന്നു. അക്ഷരജ്ഞാനവും ലോകപരിചയവും ഇല്ലാതെ വെറും പാമരനായിരുന്ന എന്നെ അജപാലന്റെ നിലയിൽനിന്നുയർത്തി വിദ്വാനാക്കിത്തീർക്കുവാൻ ദേവിയാണു് കാരണം. അതിനാൽ ദേവി എന്റെ ഗുരുവാകുന്നു. ദേവിയുടെ പാദശുശ്രൂഷ ചെയ്യേണ്ടവനാണു് ഞാൻ; ഭർത്താവായിരിക്കേണ്ടവനല്ല.

രാജകുമാരി:—ദേവിയുടെ അനുഗ്രഹത്താലാണല്ലൊ ഇവിടേയ്ക്കു വൈദുഷ്യവും കവിതാസാമർത്ഥ്യവും കൈവ

ന്നതു്. അതിനാൽ ഗുരുസ്ഥാനം ദേവിക്കല്ലാതെ എനി ക്കാകുവാൻ ന്യായമില്ല. എന്റെ ഭർത്താവാകുന്നതിനു് ന്യായപ്രകാരം അങ്ങക്കു് ഒരു വിരോധവുമില്ല.

കാളിദാസൻ:—അങ്ങനെയാണെങ്കിൽ ഭവതി എ ന്റെ അമ്മയുംകൂടിയാണു്. അച്ഛനമ്മമാരാണല്ലൊ മക്ക ളെ ഗുരുവിന്റെ അടുക്കലേക്കയച്ചു് വിദ്യയഭ്യസിപ്പിക്കു ക പതിവു്. ഈ സ്ഥിതിക്കു് എനിക്കു് മാതാവിനെ പ്പോലെ വന്ദ്യയായ ഭവതിയെ പരിഗ്രഹിക്കുവാൻ പാ ടുണ്ടോ?

രാജകുമാരി വളരെ യുക്തികളം പറഞ്ഞു കാളിദാ സനെ വശീകരിക്കുവാൻ ശ്രമിച്ചു. ആ യുക്തികളെല്ലാം അദ്ദേഹം പ്രതിയുക്തികളെക്കൊണ്ടു് ഖണ്ഡിച്ചുകളഞ്ഞു. പ്രമാണങ്ങളം പറഞ്ഞുനോക്കി; അവയെ അവക്കെതി രായ പ്രമാണങ്ങളെക്കൊണ്ടു് കാളിദാസൻ നിരാകരിച്ചു. സാമവചനങ്ങളം പ്രയോഗിച്ചുനോക്കി; അവയെ സാമ ങ്ങളെക്കൊണ്ടുതന്നെ അദ്ദേഹം എതിർത്തു തന്റെ ഭർത്താ വായാൽ രാജ്യാധിപത്യം അനുഭവിച്ചിരിക്കാമെന്നു പ്ര ലോഭിപ്പിച്ചു; അവളുടെ ആ ദാനോപായത്തെ വൈരാ ഗ്യമാകുന്ന ആയുധംകൊണ്ടു് കാളിദാസൻ തടുത്തു. ഗത്യന്തരമില്ലാതെ രാജകുമാരി ഭേദോപായവും ദണ്ഡോ പായവും പ്രയോഗിച്ചു; അവയേയും കാളിദാസൻ വില വെച്ചില്ല. പിറേദിവസം പ്രഭാതത്തിൽ അദ്ദേഹം വി ക്രമാദിത്യന്റെ രാജധാനിയിലേയ്ക്കു പോകയും, അവിട ത്തെ ആസ്ഥാനകവികളിൽ മുഖ്യനായി പ്രസിദ്ധി പ്രാ പിക്കയും ചെയ്തു.

മേൽക്കാണിച്ച ഐതിഹ്യംപോലെ കാളിദാസനെപ്പറ്റി വേറേയും ചില കഥകൾ പറഞ്ഞുകേട്ടിട്ടുണ്ട്. പ്രകൃതിസിദ്ധമായ ജ്ഞാനമോ ശക്തിയോ ഒരാൾക്കുള്ളതായി കാണുമ്പോൾ അതിനു ദൈവീകമായ ഒരു ചൈതന്യവും അമാനുഷതപവും കല്പിക്കുന്നതു് നമ്മുടെ നാട്ടിൽ സാധാരണമാണു്. അത്തരക്കാർ കെട്ടിച്ചമച്ചുണ്ടാക്കുന്ന പഴംകഥകളാണു് ഐതിഹ്യങ്ങൾ. കാളിദാസന്റെ യോഗ്യതയ്ക്കു് യാതൊരൈതിഹ്യത്തിന്റേയും പിൻതുണ ആവശ്യമില്ല. കാളിദാസൻ ഭാരതത്തിലെ സർവ്വസമ്മതനായ ഒരു മഹാകവിയായിരുന്നു എന്നുമാത്രം പറഞ്ഞാൽ മതിയാകുന്നതാണു്.

കാളിദാസൻ — ഒരു യഥാർത്ഥകവി

വാസനാകവികൾ, പണ്ഡിതകവികൾ എന്നിങ്ങനെ കവികളെ രണ്ടുവിധത്തിൽ തരംതിരിക്കാറുണ്ടു്. എന്നാൽ കേവലം വാസനകൊണ്ടോ, വെറും പാണ്ഡിത്യംകൊണ്ടോ ഒരുവൻ യഥാർത്ഥകവിയാകുന്നതല്ല. വാസനയും വേണം, പാണ്ഡിത്യവും വേണം; എന്നാലെ ഒരു കവിയുടെ കവിതകൾക്കു് ശാശ്വതമായ സ്ഥാനമുള്ളൂ. വാസന അല്ലെങ്കിൽ ശക്തി കവിതയുടെ ഉത്ഭവത്തിനു പ്രധാനമായ കാരണമാകുന്നു. അതായതു സന്ദർഭത്തിൽ ഔചിത്യത്തോടുകൂടിയ പദങ്ങളും അർത്ഥങ്ങളും തോന്നുന്നതിനു ഹേതുവായ ബുദ്ധിവിശേഷമത്രെ വാസന. ഇതു് പുരാതനമായ സംസ്കാരവിശേഷംകൊണ്ടാണു് ഉണ്ടാകു

ന്നതു്. സ്വതേ വാസനയുള്ളവരുടെ വാക്കിനു്, കേൾക്കു ന്നവരെ ആനന്ദിപ്പിക്കുവാനുള്ള ചാതുര്യമുണ്ടായിരിക്കും. പഠിപ്പും പരിചയവും എത്രതന്നെയുണ്ടായാലും വാസന യില്ലെങ്കിൽ കവിത ആ പേരിനർഹമാകയില്ല. കാളിദാ സന്റെ കവിതയ്ക്കു് ഈയൊരു ഗുണം തികച്ചുമുണ്ടെന്നു് അവ വായിച്ചിട്ടുള്ളവർ സമ്മതിക്കാതിരിക്കയില്ല. വി ചാരിച്ച അത്ഥത്തെ ഏറ്റക്കുറവുകൂടാതെ കുറിക്കുന്ന പദ ങ്ങൾമാത്രമേ കാളിദാസ കവിതയിൽ കാണുകയുള്ളൂ. അ ദ്ദേഹം പ്രയോഗിച്ച ഒരു പദം മാറ്റി അതിന്റെ സ്ഥാ നത്തു് മറ്റൊരു പദം ചേർക്കുവാൻ സാധിക്കയില്ല. രഘു വംശം നാലാംസർഗ്ഗത്തിൽ ഒരു കാട്ടാന നമ്മുടെ നടുവിൽ നിന്നു് പൊങ്ങിയതിനെ വർണ്ണിച്ചിട്ടുണ്ടു്. "വന്യ: സരി ത്തോഗജ ഉന്മമജ്ജ" എന്നവസാനിക്കുന്ന ശ്ലോകത്തി ലെ "സരിത്ത:" എന്ന പദം ശ്രവണസുഖമില്ലാത്തതാ യി എന്നു് ഒരു വിദ്വാൻ കാളിദാസനോടു പറഞ്ഞുപെ ന്നും, അപ്പോൾ ആ പദം മാറ്റി മറ്റൊരു പദം പ്രയോ ഗിച്ചുകൊള്ളുവാൻ കാളിദാസൻ സമ്മതിച്ചുപെന്നും, ആ വിദ്വാൻ അനേകം പദങ്ങളെ ആ സ്ഥാനത്തു് ചേർക്കുവാൻ നോക്കിയിട്ടും "സരിത്ത:" എന്നതുപോലെ അത്ര യോ ജിപ്പുള്ള മറ്റൊരു പദം കിട്ടിയില്ലെന്നും പറഞ്ഞുകേട്ടി ട്ടുണ്ടു്.

ജന്മസിദ്ധമായ വാസനപോലെതന്നെ ഒഴിച്ചുകൂടാ ത്ത ഒരെണ്ണമാണു് നൈപുണ്യം. ലോകപരിചയം ശാ സ്ത്രജ്ഞാനം, കാവ്യഭാവന എന്നിവകൊണ്ടാണു് ഒരു കവിക്കു് കവിതാ നൈപുണ്യം കൈവരുന്നതു്. പ്രകൃ

തിയേയും, മനുഷ്യസ്വഭാവത്തേയും കുറിച്ച് നിരീക്ഷണ പൂർവ്വമായുള്ള പരിചയമത്രെ ലോകപരിചയം. തത്വ ശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം മുതലായ ശാ സ്ത്രങ്ങളിലുള്ള പരിജ്ഞാനമാണ് ശാസ്ത്രജ്ഞാനം. സ്വ ശബ്ദങ്ങളായ സന്ദർഭങ്ങളിൽ പൂർവ്വകവികൾ പ്രയോഗിച്ചിട്ട ള്ളതെങ്ങിനെ എന്ന് നോക്കിഗ്രഹിച്ചിട്ടുള്ള അറിവാകു ന്നു കാവ്യഭാവന. ലോകവീക്ഷണം, ശാസ്ത്രദർശനം, കാ വ്യഭാവന എന്നിവയാലുള്ള നൈപുണ്യം കാളിദാസ കവിതയിൽ തെളിഞ്ഞു വിളങ്ങുന്നുണ്ട്. കാളിദാസൻ വർണ്ണിച്ചിട്ടുള്ള ഓരോ വസ്തുവും പ്രത്യക്ഷമായി കണ്ടാലെ ന്നപോലെ നമ്മുടെ മനസ്സിൽ പതിയുന്നു. അദ്ദേഹ ത്തിന്റെ വർണ്ണനകളിൽ അനുഭവവിരുദ്ധമായ യാതൊ ന്നും കാണുകയില്ല. പ്രകൃതിവർണ്ണനയിൽ അതിനിപുണ നാണ് കാളിദാസനെന്ന് പാശ്ചാത്യവിമർശകന്മാർപോ ലും ശ്ലാഘിച്ചു പറഞ്ഞിട്ടുണ്ട്. ആശയത്തിലുള്ള അകൃ ത്രിമത്വമത്രെ ഈ വിഷയത്തിൽ കവിയുടെ വിജയത്തി നു കാരണം. ആകാശത്തും ഭൂമിയിലും കാട്ടിലും കടലി ലുമുള്ള പല വസ്തുക്കളേയും സ്വരൂപം കണ്ണുകൊണ്ട് കാണാവുന്നതുപോലെ കാളിദാസൻ വാക്കുകൊണ്ട് വ ർണ്ണിച്ചിട്ടുണ്ട്. അഗാധമായ ലോകപരിചയമില്ലാത്ത ഒരു കവിക്ക് ഇതു ചെയ്യാൻ കഴിയുകയില്ല. കാളിദാസ ന്റെ ശാസ്ത്രജ്ഞാനത്തിനും അദ്ദേഹത്തിന്റെ കവിതക ളിൽനിന്ന് ധാരാളം തെളിവുകൾ കിട്ടുന്നുണ്ട്. വ്യാകര ണം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം, സാംഖ്യശാസ്ത്രം, തത്വശാസ്ത്രം മുതലായ ശാസ്ത്രങ്ങളിലെ പല രഹസ്യ

ങ്ങളും കാളിദാസകവിതകളിൽ യഥാസന്ദർഭം പ്രതിബിം
ബിച്ചുകാണുന്നുണ്ട്. മഴവില്ല്, ഭ്രഷ്ടായ തുടങ്ങിയ പ്രകൃ
തിവിഭവങ്ങളുടെ യാഥാർത്ഥ്യവും കാളിദാസകവിതയിൽ
പറഞ്ഞുകാണുന്നുണ്ട്. നാനാശാസ്ത്രങ്ങളിൽ തക്കതായ
അറിവും, അനവരതമായ കാവ്യഭാവനകൊണ്ട് സമ്പാ
ദിച്ച ബുദ്ധിവികാസവും കാളിദാസനു പരിപൂർണ്ണമായി
ട്ടുണ്ടായിരുന്നുവെന്നു് ഇതുകൊണ്ടു തെളിയുന്നുണ്ട്.

കാവ്യജ്ഞന്മാരായ വിദ്വാന്മാരുടെ കീഴിൽ സുശി
ക്ഷിതനായ ഒരു മഹാനായിരുന്നു കാളിദാസൻ. വിദ്യാ
ഭ്യാസമോ വിവേകമോ ഇല്ലാത്ത ഒരുവൻ ദേവീപ്രസാ
ദംകൊണ്ടുമാത്രം പെട്ടെന്നു് കവിയായിത്തീർന്നുവെന്നുള്ള
ഐതിഹ്യം അറിവുള്ളവരുടെ മുമ്പിൽ വിലപിടിക്കുന്ന
തല്ലെന്നു് നിസ്സംശയം പറയാം. വാസനയും നൈപു
ണ്യവും അഭ്യാസവും തെളിഞ്ഞു വിളങ്ങുന്നതിനു് ദേവീ
പ്രസാദം അപരിഹാര്യമാണെന്നുള്ളതിൽ പക്ഷാന്തര
ത്തിനവകാശമില്ല. എന്നാൽ വെറും പാമരനായ ഒരു
വനെ കവിയുടെ കരുവിൽ വാർത്തെടുക്കുന്നതിനുള്ള ശ
ക്തി ദേവീപ്രസാദത്തിനുണ്ടെന്നു് വിശ്വസിപ്പാൻ പ്രയാ
സമുണ്ട്.

കാളിദാസകവിതയ്ക്കുള്ള വിശേഷങ്ങൾ

വ്യംഗ്യാർത്ഥഭംഗി, ഉപമാചാതുര്യം, ഔചിത്യദീക്ഷ,
പദപ്രയോജനം തുടങ്ങി ഇതരകവിതകളിൽനിന്നു് കൂടു
തൽ മെച്ചമുള്ള പല വിശേഷങ്ങൾ കാളിദാസകവിത

ഇണ്ട്. ഒരു കാര്യം യാതൊരു ചമൽക്കാരവും കൂടാതെ വർണ്ണിക്കുന്നതു് കവിതയാകയില്ല. "രണ്ടു കൊമ്പും അവയുടെ നടുവിൽ നീണ്ട തുമ്പിയും പിന്നിൽ വാലുമുള്ള ഒരാന ഇതാ വരുന്നു" എന്ന അർത്ഥത്തിൽ ഒരു ശ്ലോകം നിർമ്മിച്ചാൽ ആ ശ്ലോകം കവിതയാകയില്ല. കവിതയാകേണമെങ്കിൽ കേൾക്കുന്നവരുടെ മനസ്സിനെ രസിപ്പിക്കത്തക്ക വല്ല വിശേഷവും അതിലുണ്ടാകണം. അപ്രകാരമുള്ള വിശേഷങ്ങളിൽ അതിപ്രധാനമായ ഒന്നാണു് വ്യംഗ്യഭംഗി. യഥാശ്രുതമായ അർത്ഥത്തിൽ കവിഞ്ഞു് രസകരമായി തോന്നുന്ന അർത്ഥാന്തരമാണു് വ്യംഗ്യം. ഇതിനു് സൂച്യാർത്ഥം എന്നുകൂടി പേർ പറയാം. കാളിദാസകവിതകളിൽ പല സ്ഥലങ്ങളിലും പലേ വിധത്തിലുള്ള വ്യംഗ്യാർത്ഥങ്ങൾ കാണാവുന്നതാണു്. ഉദാഹരണമായി ചിലതിവിടെ എടുത്തുകാണിക്കാം.

കുമാരസംഭവത്തിൽ ശ്രീപാർവ്വതിയുടെ തപസ്സിനെ വർണ്ണിക്കുന്ന ഘട്ടത്തിൽ ഉള്ളതാണു് ഈ ശ്ലോകം:—

"സ്ഥിതാഃ ക്ഷണം പക്ഷ്മസു താഡിതാധരാഃ
പയോധരോത്സേധനിപാതചൂർണ്ണിതാഃ
വലീഷുതസ്യാഃ സ്ഖലിതാഃ പ്രപേദിരേ
ചിരേണനാഭിം പ്രഥമോദബിന്ദവഃ"

നിശ്ചലമായി തപസ്സുചെയ്തുകൊണ്ടിരിക്കുന്ന പാർവ്വതിയുടെമേൽ പതിച്ച പുതുമഴത്തുള്ളികൾ ക്ഷണനേരം ഇമകളിൽനിന്നു; അവിടെനിന്നു് കീഴ്പ്പോട്ടു വീണു് അധരത്തിങ്കൽ അടിച്ചു; പിന്നേയും കീഴ്പ്പോട്ടു വീണു് തടിച്ച

സ്തനങ്ങളിൽ തട്ടി തകർന്നു് ചിതറി; പിന്നേയും താഴെ വീണു് ത്രിവലികളിൽ ഇടറി; ഇങ്ങനെ വളരെനേരം കൊണ്ടു് നാഭിയിൽ പ്രവേശിച്ചു — ഇതാണു് ഇതിന്റെ യഥാശ്രുതമായ വാച്യാർത്ഥം. ഇതിൽ ശ്രീപാർവ്വതിയുടെ സൌന്ദര്യാതിശയവും, ദേവി തപസ്സുചെയ്യുന്നതിനു് നില്ക്കുന്ന നില്പും വളരെ മനോഹരമായി വ്യഞ്ജിക്കുന്നുണ്ടു്. എങ്ങിനെയെന്നാൽ — കണ്ണിമകളിൽ വെള്ളത്തുള്ളികൾ ക്ഷണനേരം തങ്ങിനിന്നുവല്ലൊ. ഇമകൾ ഇടതൂർന്നും മിനുമിനുത്തുമുള്ളവയാണെങ്കിലേ അതിൽ വെള്ളത്തുള്ളി തങ്ങിനില്ക്കുവാനും, നില്ക്കുന്നതു് ക്ഷണനേരം മാത്രമാകുവാനും തരമുള്ളു. കണ്ണിമകൾ സ്നിഗ്ധനിബിഡങ്ങളാണെന്നു് ഇതിൽനിന്നു് ധ്വനിക്കുന്നു. കണ്ണിൽനിന്നു് അധരത്തിന്മേൽ പതിച്ചപ്പോൾ അധരത്തിനു് തല്ലുകൊണ്ടതുപോലെയായി. ഇതുകൊണ്ടു് അധരത്തിനു് മാർദ്ദവാതിശയം തോന്നുന്നു. അധരത്തിൽനിന്നു് സ്തനങ്ങളിൽ വീണപ്പോൾ വെള്ളത്തുള്ളികൾ ചിന്നിച്ചിതറിയതുകൊണ്ടു് സ്തനങ്ങൾക്കു് വളരെ കാഠിന്യമുള്ളതായി ധ്വനിക്കുന്നു. അവിടേനിന്നും കീഴ്പോട്ടുപോന്ന വെള്ളത്തുള്ളികൾ ത്രിവലികളിൽ ഇടറുകയാൽ വലികൾ അധികം ഉരുണ്ടവയല്ലെന്നു തോന്നുന്നു. പിന്നെ ജലബിന്ദുക്കൾ കീഴ്പോട്ടുപോയി നാഭിയിൽ പ്രവേശിച്ചുവെന്നല്ലാതെ അതിൽനിന്നു് എങ്ങോട്ടും പോയതായി പറഞ്ഞിട്ടില്ല. ഇതിനാൽ നാഭിയുടെ അഗാധത ധ്വനിക്കുന്നു. കണ്ണിമകൾ ഇടതൂർന്നിരിക്കുക മുതലായതു് ഉത്തമസൌന്ദര്യത്തിന്റെ ലക്ഷണമാണു്. ഇനി തപസ്സി

ന്നുള്ള നില്പിന്റെ അവസ്ഥ നോക്കാം. മുഖം തെല്ലൊന്നുയത്തിയും മാറിടം അല്പം മുമ്പോട്ടന്തിയും നില്ക്കുണമെന്നാകുന്നു തപസ്സിന്റെ നിയമം. മുഖം തെല്ലൊന്നുയത്തിയെങ്കിൽ മാത്രമേ വെള്ളത്തുള്ളികഠം കൺപോളരോമങ്ങളിൽ തങ്ങിനില്ക്കുകയുള്ളു. മാറിടം മുമ്പോട്ട് ഉന്തിയില്ലെങ്കിൽ കണ്ണിൽനിന്നു് വെള്ളത്തുള്ളികഠംക്കു് നേരെ സ്തനങ്ങളിൽ പതിക്കുവാൻ തരമില്ല. സ്തനങ്ങളിൽനിന്നു് ചിതറിയ തുള്ളികഠം ത്രിവലികളിൽ തെല്ലൊന്നു ഇടറിയല്ലൊ. മാറിടം മുമ്പോട്ടന്തിയതിനാലാണു് ത്രിവലികളുടെ മടക്കു് നിവന്നതു്. ഇങ്ങനെ വളരെ ഉയരത്തിൽനിന്നു പതിച്ചു്, ചില ഇടങ്ങളിലും തങ്ങി, മന്ദഗതിയായിത്തീർന്ന വെള്ളത്തുള്ളി വളരെ നേരംകൊണ്ടു് നാഭിയിൽ പ്രവേശിക്കുണമെങ്കിൽ, സ്ഥാനവിശേഷത്താൽ നാഭി അല്പം വിവൃതമായിരിക്കയും വേണം. അതിനാൽ ശാസ്ത്രപ്രകാരം തപസ്സിനു നില്ക്കുണ്ട നില്പും ഇതിൽനിന്നു് ധ്വനിക്കുന്നുണ്ടു്.

ഇപ്പറഞ്ഞ ധ്വനി പ്രകൃതമായ അർത്ഥത്തെ ഉൽക്കഷ്പ്പെടുത്തുവാൻ ഉപകരിക്കുന്നതാകുന്നു. പാർവ്വതിയുടെ സൌന്ദര്യവും തപോവസ്ഥാനത്തിന്റെ സ്വഭാവവും പ്രകൃതത്തിൽ വർണ്ണിക്കപ്പെട്ടുവാൻ യോഗ്യതയുള്ളവയാണല്ലൊ. ഇങ്ങനെയല്ലാതെ വേറെ ചില പ്രകാരങ്ങളിലുള്ള ധ്വനികളും കാളിദാസകവിതയിൽ കാണാം. ചില ശ്ലോകങ്ങളിൽ അപ്രകൃതങ്ങളായ അർത്ഥവിശേഷങ്ങഠം സ്ഫുരിക്കുന്നുണ്ടായിരിക്കും. അങ്ങിനെയുള്ള സൂചിതാർത്ഥത്തിനു് സമാധി എന്നു പേർ പറയുന്നു. അല്പം ചില പദ്യ

ങ്ങളിൽ കവി തന്റെ കാവ്യത്തെക്കുറിച്ചു് പറയുന്നവിധത്തിലുള്ള അർത്ഥം സംഘടിപ്പിക്കാണാം. അതിനു് പ്രബന്ധകടാക്ഷം എന്നു പേർ. ഇങ്ങിനെ നാനാപ്രകാരേണയുള്ള വ്യംഗ്യാർത്ഥങ്ങൾ കാളിദാസകാവ്യങ്ങളിൽ സുലഭമത്രെ. ഇതരകവികളുടെ കൃതികളിൽ ഇതു് ഉർല്ലഭമാകുന്നു.

ഇനി ഉപമാഭംഗിയെപ്പറ്റി പയ്യാലോചിക്കാം. കാളിദാസന്റെ ഉപമകൾക്കുള്ള ഭംഗി കുന്നു യേറെയാകുന്നു. "ഉപമാ കാളിദാസസ്യ" എന്നൊരു ചൊല്ലുതന്നെയുണ്ടു്. ഉപമാവിഷയത്തിൽ കാളിദാസനു് എന്താണു് കൂടുതൽ മെച്ചം? കവി വർണ്ണിക്കുന്നതായ അർത്ഥത്തെ അനുവാചകനു് ചമല്ക്കാരം തോന്നത്തക്കവിധത്തിൽ വിശദമാക്കുകയാണല്ലൊ ഉപമയുടെ പ്രയോജനം. ഈ പ്രയോജനം സാധിക്കുന്നതിൽ കാളിദാസനെപ്പോലെ വിജയം സിദ്ധിച്ചവർ മറാരുമില്ല. വലിയൊരു കവിയാണെന്നുള്ള യശസ്സു് നേടുവാൻവേണ്ടി രഘുവംശരാജാക്കന്മാരുടെ ചരിത്രം വർണ്ണിക്കുകയെന്ന സാഹസോദ്യമത്തിനു് കുരുങ്ങിപ്പോപ്പെട്ട താൻ, കൈകൊണ്ടു് പിടിപ്പാനെത്താത്തത്ര ഉയരത്തിൽ നില്ക്കുന്ന ഒരു കായ പറിക്കുന്നതിനുവേണ്ടി കൈ പൊക്കി എത്തിവലിയുന്ന ഒരു ഹ്രസ്വകായനെപ്പോലെ പരിഹാസപാത്രമാകുമെന്നു് കാളിദാസൻ രഘുവംശത്തിൽ പറഞ്ഞിരിക്കുന്നു. ഈ ഉപമയുടെ ചാതുര്യം കൂട്ടികഠംക്കുകൂടിയും അറിഞ്ഞാസ്വദിപ്പാൻ കഴിയുന്നതാണു്. ശാകുന്തളത്തിൽ ശകുന്തളയുടെ സമീപത്തിൽനിന്നു് പോകുന്ന

ദുഷ്യന്തൻ മോഹംകൊണ്ടു് മുന്നോട്ടു നീങ്ങുന്നുണ്ടെങ്കിലും മനസ്സുകൊണ്ടു് പിന്നിലേയ്ക്കു വലിയുന്നതായി പറയുന്നു. മുന്നോട്ടു പോകുമ്പോൾ പിന്നിലേയ്ക്കു വലിയുന്നതു് എന്തുപോലെയെന്നു കാണിപ്പാൻ കവി ഒരുപമ പ്രയോഗിച്ചിട്ടുണ്ടു്. ഒരു കൊടി കാറ്റിന്നെതിരായി കൊണ്ടുപോകുമ്പോൾ അതിന്റെ അഗ്രത്തിലുള്ള കുറ പിന്നോട്ടു വലിയുന്നതുപോലെ എന്നാണു് അദ്ദേഹം ഉപമിച്ചിരിക്കുന്നതു്. എത്ര ഹൃദ്യമായിരിക്കുന്നു ഈ ഉപമ! ഇതുപോലെ അതിസുന്ദരങ്ങളും ഏവർക്കും എളുപ്പത്തിൽ അറിഞ്ഞു രസിക്കാവുന്നവയുമായ ഉപമകൾ കാളിദാസകവിതകളിൽ ആപാദചൂഡം തെളിഞ്ഞുകാണുന്നുണ്ടു്. ഉപമയിലെന്നപോലെ ഔപമ്യം പുരസ്കരിച്ചുള്ള ഉൽപ്രേക്ഷ മുതലായ അലങ്കാരങ്ങളിലും കാളിദാസൻ അതുല്യനത്രെ. ഉദാഹരണമായി ഒരുൽപ്രേക്ഷയെ എടുത്തുകാണിക്കാം. ദശരഥമഹാരാജാവു് വാർദ്ധക്യത്താൽ പീഡിതനായിത്തീർന്നതിനെ വർണ്ണിക്കുന്ന ഘട്ടം. രാജാവിന്റെ കണ്ണുമൂലത്തിങ്കൽ വാർദ്ധക്യലക്ഷണമായ നര കണ്ടുതുടങ്ങി. നര തലയിൽ കയറുക സാധാരണ ചെവിയുടെ അരികിലൂടെയാണല്ലൊ. കണ്ണുമൂലത്തിൽക്കൂടെ കയറുവാൻ തുടങ്ങിയ നര, "മഹാരാജാവേ! അങ്ങു വൃദ്ധനായി. ഇനി രാജ്യാധിപത്യം രാമനിൽ അർപ്പിക്കുകയാണു് നല്ലതു്." എന്നു് ദശരഥനോടു പറഞ്ഞു. കണ്ണാന്തികത്തിൽ ചെന്നുപറഞ്ഞതു് കൈകേയി കേൾക്കുമോ എന്നുള്ള ശങ്കകൊണ്ടാണോ എന്നു തോന്നും എന്നു് കവി ഉൽപ്രേക്ഷിച്ചിരിക്കുന്നു. രാമന്റെ രാജ്യാഭിഷേകത്തിൽ കൈകേയി

ഇടംകോലിട്ടതിനേയും അതുനിമിത്തം വലിയ സംഭവവികാസങ്ങൾ ഉണ്ടായതിനേയും ഈ ഉൽപ്രേക്ഷ എത്രഹൃദ്യമായി സൂചിപ്പിക്കുന്നുവെന്നു് വായനക്കാർക്കു് അറിയാവുന്നതാണല്ലൊ.

കൗചാത്യരീക്ഷ, പദപ്രയോജനം മുതലായ വിഷയങ്ങളിൽ കാളിദാസകവിതയോടു് കിടപിടിക്കുന്ന കവിതകൾ വേറെയില്ലെന്നതന്നെ പറയാം. രഘുവംശാഭിജ്ഞാനശാകുന്തളാദി നാടകങ്ങളിലും സംക്ഷിപ്തമെങ്കിലും പരിചയമുള്ളവർക്കു് ഇതു ബോദ്ധ്യപ്പെട്ടിട്ടുണ്ടാകുന്നതാണു്.

കാളിദാസൻ — ആഷ്ടസംസ്കാരത്തിന്റെ ആരാധകൻ.

കാളിദാസന്റെ കാവ്യങ്ങളും നാടകങ്ങളും ആഷ്ടസംസ്കാരത്തെ അഥവാ ഭാരതസംസ്കാരത്തെ അനന്യമായി പ്രതിബിംബിപ്പിക്കുന്നവയാകുന്നു. ഭാരതീയർക്കു് പുരാതനകാലംമുതല്ക്കുതന്നെ മഹനീയമായ ഒരു സംസ്കാരമുണ്ടു്. അവരുടെ സമുദായാചാരങ്ങളിലും ധർമ്മനീതികളിലും ആ സംസ്കാരത്തിന്റെ നിഴൽ പതിഞ്ഞുകാണാം. സംസ്കൃതത്തിലെ കാവ്യങ്ങളും, നാടകങ്ങളും മുതലായ സാഹിത്യസമുച്ചയങ്ങളും ഈ സംസ്കാരത്തെ ചിത്രീകരിക്കുന്നവയാകുന്നു. പ്രസ്തുത വിഷയത്തിൽ കാളിദാസൻ ഇതരകവികളെ അപേക്ഷിച്ചു് അധികം ഉന്നതമായ ഒരു സ്ഥാനമാണു് വഹിക്കുന്നതു്. അദ്ദേഹത്തിന്റെ കഥാപാത്രങ്ങളും ആഷ്ടസംസ്കാരത്തെ ലേശംപോ

ലും ലംഘിക്കാതെ പ്രവർത്തിക്കുന്നു; പൂർവ്വാനുസൃതമായ സംസ്കാരത്തെ പ്രവൃത്തിമൂലം ഉദാഹരിക്കുന്നവരാണ് കാളിദാസകൃതികളിലെ നായികാനായകന്മാർ. പ്രജകളെ പുത്രന്മാരെപ്പോലെ വാത്സല്യത്തോടുകൂടി കരുതുന്ന ധർമ്മിഷ്ഠന്മാരും, ദിഗ്ജയംചെയ്ത് സമ്പാദിച്ച ധനം മുഴുവൻ സൽപാത്രങ്ങളിൽ ദാനംചെയ്ത് ദാരിദ്ര്യത്തെ സ്വയം വരിക്കുന്ന ധർമ്മവീരന്മാരും, ആരോ പറഞ്ഞുണ്ടാക്കിയ അപവാദംകേട്ട് അതുപ്പായിത്തീർന്ന മഹാജനങ്ങളെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി പൂർണ്ണഗർഭയായ പ്രിയതമയെ ഘോരാരണ്യത്തിൽ പരിത്യജിപ്പാൻപോലും മടിയില്ലാത്ത കീർത്തിമാന്മാരും, കപ്പൽമുങ്ങി മരണമടഞ്ഞ നിരപത്യനായ ഒരു കച്ചവടക്കാരന്റെ വമ്പിച്ച സമ്പത്തുക്കളും രാജഭണ്ഡാരത്തിലേയ്ക്ക് മുതൽക്കൂട്ടേണമെന്നു മന്ത്രി ഉപദേശിച്ചതു സമ്മതിക്കാതെ ആ കച്ചവടക്കാരന്റെ ഭാര്യ ഗർഭിണിയായിരിക്കുന്ന വിവരം സ്വയം അന്വേഷിച്ചറിഞ്ഞു", "അച്ഛന്റെ മുതൽ ഗർഭസ്ഥനായ പുത്രനു് അവകാശപ്പെട്ടതാകുന്നു" എന്നു വിധികല്പിക്കുന്ന ധർമ്മധീരന്മാരുമാണ് കാളിദാസൻ വർണ്ണിച്ചിട്ടുള്ള രാജാക്കന്മാർ രാജനീതി നടത്തുന്നതിൽ ഇഷ്ടന്മാരെന്നും അനിഷ്ടന്മാരെന്നും ഭേദമില്ലെന്നും, ന്യായസ്ഥനായ ഒരുവൻ രാജാവിന്റെ സേവകനാണെങ്കിൽക്കൂടി കുറ്റക്കാരനായാൽ ദണ്ഡാർഹനാണെന്നും ദിലീപചക്രവർത്തി വിചാരിച്ചവനു. അദ്ദേഹം പ്രജകളിൽനിന്നു് നികുതിപിരിച്ചിരുന്നതു് പ്രജകളുടെ ഐശ്വര്യാഭിവൃദ്ധിക്കുവേണ്ടിത്തന്നെ ചിലവുചെയ്യുവാൻ. നികുതിപിരിച്ചുണ്ടാക്കുന്ന "പൊതുമു

തൽ''കൊണ്ട് ധൂർത്തുചിലവുകൾ ചെയ്യുന്ന ഭർത്താക്കന്മാരെ കാണുമ്പോഴാണ് ഇതിന്റെ ഗൗരവം നമുക്ക് മനസ്സിലാകുന്നത്. താഴ്ന്നവരിൽ അനുകമ്പയോടും, സമന്മാരിൽ മൈത്രിയോടും, ഉയർന്നവരിൽ വിനയത്തോടുംകൂടി വർത്തിക്കുവാൻ ഭാരതീയസംസ്കാരം അനുശാസിക്കുന്നു. ഈ അനുശാസനത്തെ കാളിദാസന്റെ കഥാപാത്രങ്ങൾ പ്രത്യക്ഷരം ബഹുമാനിക്കുന്നുണ്ട്. ഗുരുഭക്തി ശിഷ്യവാത്സല്യം, ഭ്രാതൃസ്നേഹം, പതിശുശ്രൂഷ തുടങ്ങി, യ വിഷയങ്ങളിൽ പുരാതനസംസ്കാരത്തെ പരമാദരിമായി കരുതുന്നവരാണ് കാളിദാസന്റെ കഥാപാത്രങ്ങൾ.

കഥാപാത്രങ്ങളെക്കൊണ്ടു മാത്രമല്ല കഥാഗതികൊണ്ടും കാളിദാസൻ തന്റെ കൃതികളിൽ ആർഷസംസ്കാരത്തിന്റെ മഹിമാതിശയത്തെ സ്പഷ്ടമാക്കീട്ടുണ്ട്. പരമസുഖപ്രാപ്തിക്ക് ത്യാഗം, തപസ്സ് മുതലായവയാണ് പ്രധാനോപായമെന്നു ഭാരതീയർ വിശ്വസിക്കുന്നു. ഈ ത്യാഗാദികളുടെ പ്രഭാവത്താലാണ് കാളിദാസന്റെ ചില കഥാപാത്രങ്ങൾക്ക് സുഖം കൈവന്നതുകാണുന്നത്. കുമാരസംഭവത്തിൽ സതീദേവിയുടെ ദേഹത്യാഗത്താൽ വിരക്തനായിത്തീർന്ന പരമശിവൻ വിഷയസുഖങ്ങളിൽ നിന്നു വിരമിച്ച് വളരെക്കാലം തപസ്സുചെയ്തതായി പറഞ്ഞിരിക്കുന്നു. പരമശിവനിൽ ഗാഢാനുരക്തയായ പാർവ്വതീ ശുശ്രൂഷാദികളായ ഉപായങ്ങളെ പ്രയോഗിച്ചിട്ടും അഭിലാഷം സാധിക്കായ്കയാൽ അതിഘോരമായ തപസ്സിനുതന്നെ തുനിയുന്നു. തപസ്സുകൊണ്ട് ശരീരം ശോഷിപ്പിക്കുകയും ഹൃദയത്തിനു വിശുദ്ധിവരുത്തുകയും

ചെയ്തതിന്നുശേഷം മാത്രമേ പാവ്വതീപരമേശ്വരന്മാർക്ക് പരസ്പരസമാഗമം കൈവരുന്നുള്ളു. ലൌകികമായ കാമത്തെ തപസ്സാകുന്ന മൂശയിലിട്ട് തപിപ്പിച്ച് പരിശുദ്ധമായ പ്രേമമായി പരിണമിപ്പിച്ചതിന്നുശേഷമേ അതു് ഫലപ്രാപ്തിയിൽ എത്തുന്നുള്ളു. അപ്പോൾ മാത്രമേ പാവ്വതീപരമേശ്വരന്മാരുടെ പ്രേമം ലോകരക്ഷയിൽ ശക്തനായ സുബ്രഹ്മണ്യന്റെ അവതാരത്തിന്നു് ഹേതുവായ്തുമുള്ളു. ഇങ്ങിനെതന്നെയാണു് മറ്റു കഥകളിലേയും സ്ഥിതി. അപുത്രനായ ദിലീപന്നു് പുത്രനുണ്ടാകുവാൻ ഭാര്യയോടുകൂടി കുറെക്കാലം വ്രതമനുഷ്ഠിക്കേണ്ടിവന്നു. ദുഷ്യന്തന്നു് ശകുന്തളയിൽ ആദ്യമുണ്ടായ പ്രേമത്തിന്നു് ശുദ്ധി മതിയായിരുന്നില്ല. ശകുന്തളയെ പരിത്യജിച്ചു് വളരെക്കാലം തപസ്സുകൊണ്ടെന്നപോലെ പശ്ചാത്താപം കൊണ്ടു് ശരീരത്തേയും മനസ്സിനേയും ശോഷിപ്പിച്ചതിന്നുശേഷമേ ദുഷ്യന്തനും ശകുന്തളയ്ക്കും പുനഃസമാഗമം സിദ്ധിക്കുവാൻ സാധിച്ചുള്ളു. പ്രേമം എന്നതു് സ്വർണ്ണം പോലെ പരിശുദ്ധമാണു്. എന്നാൽ അതിൽ പല പ്പോഴും മാലിന്യം കലർന്നിരിക്കും. അതു് തീരെ അകലേണമെങ്കിൽ തീയ്യിൽക്കാച്ചുതകതന്നെ വേണം. ത്യാഗംകൊണ്ടും തപസ്സുകൊണ്ടും സിദ്ധിക്കുന്ന സുഖംമാത്രമേ യഥാർത്ഥ സുഖമാകയുള്ളുവെന്നു് ഭാരതീയരുടെ സംസ്കാരത്തിൽനിന്നു് ഗ്രഹിക്കണം. പുരാതനമായ ഈ ആർഷ സംസ്കാരത്തെ ഉൽബ്ബോധിപ്പിക്കുന്നതിന്നു് കാളിദാസകവിതകളെപ്പോലെ പ്രയോജനപ്പെടുന്ന ഗ്രന്ഥങ്ങൾ വേറെയുണ്ടെന്നു തോന്നുന്നില്ല.

കാളിദാസകൃതികൾ

കാളിദാസൻ മൂന്നു കാവ്യങ്ങളും, മൂന്നു നാടകങ്ങളും നിർമ്മിച്ചിട്ടുള്ളതായി പ്രസിദ്ധിയുണ്ട്. രഘുവംശം, കുമാരസംഭവം, മേഘസന്ദേശം എന്നിവയാണു് കാളിദാസന്റെ മൂന്നു കാവ്യങ്ങൾ. മാളവികാഗ്നിമിത്രം, വിക്രമോർവ്വശീയം, ശാകുന്തളം എന്നിവയത്രെ മൂന്നു നാടകങ്ങൾ. കാവ്യത്രയത്തിന്റെ പൌർവ്വാപര്യത്തെപ്പറ്റി വിചാരിച്ചുനോക്കുമ്പോൾ ആദ്യം രഘുവംശവും, രണ്ടാമതു കുമാരസംഭവവും ഒടുവിൽ മേഘസന്ദേശവും ആയിരിക്കണം നിർമ്മിച്ചതെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ആദ്യം കവിതയിൽ പരിശ്രമിക്കുന്നവർ ആത്മവിശ്വാസം പോരായ്കയാൽ എങ്കിലും കഥയെ ആധാരമാക്കിയും, തങ്ങളുടെ അശക്തിയെ സ്വയം സമ്മതിച്ചും ഗ്രന്ഥത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായി ഇഷ്ടദേവതയെ നമസ്കരിച്ചുമാണു് കാവ്യമാരംഭിക്കാറുള്ളതു്. രഘുവംശത്തിൽ ഇങ്ങനെയാണു് കാവ്യാരംഭം. കുമാരസംഭവത്തിൽ കഥ പുരാണത്തിൽനിന്നുതന്നെ എടുത്തതാണെങ്കിലും വർണ്ണനകളുടെ ഭംഗികൊണ്ടു് വായനക്കാരെ വിനോദിപ്പിക്കുവാനാണു് കവി കൂടുതൽ പരിശ്രമിച്ചിട്ടുള്ളതു്. ഇഷ്ടദേവതാനമസ്കാരവും അശക്തിയുടെ ദ്യോതനവും കുമാരസംഭവത്തിലില്ല. ഇതു കവിക്കു് കാവ്യനിർമ്മാണത്തിൽ പൂർവ്വാധികം ധൈര്യം വന്നുടവന്നു് കാണിക്കുന്നു. മേഘസന്ദേശത്തിലാകട്ടെ യാതൊരാധാരവും കൂടാതെ ഒരു വെറും സാധാരണസംഭവമെടുത്തു് വർണ്ണ

നാസാമത്തുംകൊണ്ടതന്നെ വായനക്കാരെ ആനന്ദിപ്പി
ക്കുവാൻ കവി ധൈര്യപ്പെട്ടിരിക്കുന്നു. അതിനാൽ കാ
വ്യത്രയത്തിൽ മൂന്നാമത്തേതായിരിക്കണം മേഘസ
ന്ദേശം.

ഇതുപോലെ നാടകത്രയത്തിന്റെ നിർമ്മാണക്രമ
ത്തേയും ഊഹിക്കാവുന്നതാണു്. മാളവികാഗ്നിമിത്രം
ആദ്യത്തേതും, വിക്രമോർവ്വശീയം രണ്ടാമത്തേതും, ശാകു
ന്തളം മൂന്നാമത്തേതുമായിരിപ്പാനാണു് ഇടയുള്ളതു്.
മാളവികാഗ്നിമിത്രത്തിൽ കവി മനോധർമ്മം ധാരാളം
പ്രയോഗിച്ചിട്ടുണ്ടെങ്കിലും അതിന്നാധാരമായി ചില
ചരിത്രശകലങ്ങൾ കാണുന്നുണ്ടു്. പ്രസ്തുത നാടകത്തിലെ
നായകനായ അഗ്നിമിത്രൻ ക്രിസ്താബ്ദാരംഭത്തിന്നുമുമ്പു്
ജീവിച്ചിരുന്ന ഒരു രാജാവാകുന്നു. വിദർഭരാജാവുമായി
യുദ്ധംചെയ്തതും വിദർഭരാജ്യത്തെ രണ്ടു സംസ്ഥാനങ്ങളായി
ഭാഗിച്ചതും മറ്റുമായ കഥാഭാഗങ്ങളും ചരിത്രത്തിൽ
നിന്നു് എടുത്തവയാണു്. അതിനാൽ നാടകനിർമ്മാതാ
ക്കൾ ആരംഭദശയിൽ ചരിത്രത്തെ ആധാരമാക്കുന്ന
സമ്പ്രദായം മാളവികാഗ്നിമിത്രത്തിൽ കാളിദാസൻ അ
വലംബിച്ചിട്ടുണ്ടെന്നു് കാണാവുന്നതാണു്. വിക്രമോ
ർവ്വശീയത്തിൽ ഇപ്രകാരംതന്നെ പുരാണകഥയെ കവി
ആസ്പദമാക്കിയിരിക്കുന്നു. അതിനാൽ ആ രണ്ടു നാടക
ങ്ങളും ശാകുന്തളത്തിന്നുമുമ്പിൽ നിർമ്മിച്ചവയായിരി
ക്കണം. ശാകുന്തളനാടകത്തിലെ ഇതിവൃത്തം മഹാഭാ
രതത്തിൽനിന്നു് എടുത്തതാകുന്നു. എന്നാൽ കഥാവി
ന്യാസത്തിൽ നാടകകവി വലിയ സ്വാതന്ത്ര്യമെടുത്തി

ട്ടുണ്ട്. മഹാഭാരതത്തിലെ കഥയിൽ ദുഷ്യന്തൻ ശകുന്തളയെ സ്വീകരിക്കാതിരുന്നതിനു് കാരണമൊന്നും പറഞ്ഞിട്ടില്ല. കണ്വമുനിയുടെ ആശ്രമത്തിൽവെച്ചു് ലോകപരിചയമില്ലാത്ത ശകുന്തളയെ കണ്ടു ഭ്രമിച്ചു് പല പ്രലോഭനങ്ങളും പറഞ്ഞു മിരട്ടി പരിഗ്രഹിച്ചു് രാജധാനിയിലേക്കു മടങ്ങിപ്പോയ ദുഷ്യന്തൻ ആ സാദ്ധ്വി പ്രസവിച്ചുണ്ടായ പുത്രയോടുകൂടി പിന്നീടു് തന്റെ രാജധാനിയിൽ വന്നപ്പോൾ പ്രതിഷേധവാക്കുകൾ പറഞ്ഞു് നിരാകരിക്കുകയാണു് ഭാരതത്തിലെ ദുഷ്യന്തൻ ചെയ്തതു്. ഇതു് വായിക്കുമ്പോൾ ദുഷ്യന്തൻ കരുവിടനും ധർമ്മവിരോധിയുമാണെന്നു് ഏവർക്കും അഭിപ്രായമുണ്ടാകും. ആ വിടത്വത്തിൽനിന്നും, ധർമ്മവിരോധത്തിൽനിന്നും അദ്ദേഹത്തിനു് മോചനം കിട്ടുന്നതു് കരശിരീരവാക്കിന്റെ ഗൌരവത്താലാകുന്നു. നാടകകവി ഈ ഭാഗത്തിൽ സാരമായ മാറ്റം വരുത്തി. ദുഷ്യന്തന്റെ വിരഹത്താൽ പീഡിതയായ ശകുന്തളയെ മഹർഷി ദുർവ്വാസസ്സു് ശപിക്കുകയാലാണു് അദ്ദേഹം അവളെ സ്മരിക്കാഞ്ഞത പോയതെന്നും, പിന്നീടു് അടയാളമോതിരം കണ്ടുകിട്ടിയപ്പോൾ സ്മരണയുണ്ടായെന്നും നാടകകവി കല്പിച്ചിരിക്കുന്നു. ഈ മോതിരമാണു് ശാകുന്തളത്തിൽ കഥയുടെ മർമ്മമായി സ്ഥിതിചെയ്യുന്നതു്. ഈ വ്യതിയാനംനിമിത്തം ദുഷ്യന്തന്റെപേരിൽ വായനക്കാർക്കു് വെറുപ്പില്ല അനുകമ്പയാണു് തോന്നുന്നതു്. കഥയ്ക്കു് കാളിദാസൻ ആമൂലാഗ്രം മാറ്റംവരുത്തീട്ടുണ്ടു്. നാടകകലയിൽ കറകളഞ്ഞ അറിവും പരിചയവും സിദ്ധിച്ച

തിനുശേഷം നിർമ്മിക്കപ്പെട്ടതാണു് ശാകുന്തളമെന്നു് തീച്ചയായും പറയാം. അതിനാൽ നാടകത്രയത്തിൽ മൂന്നാമത്തേതാകുന്നു ശാകുന്തളം.

കാളിദാസന്റെ ദേശപരിചയം

രഘുവംശം നാലാംസർഗ്ഗത്തിൽ വർണ്ണിക്കപ്പെട്ട രഘുവിന്റെ ദിഗ്ജയയാത്രയിൽനിന്നും, മേഘസന്ദേശം പൂർവ്വഭാഗത്തിൽ യക്ഷൻ മേഘത്തോടു് അളകാപുരിയിലേയ്ക്കുള്ള വഴി വർണ്ണിച്ചു പറയുന്നതിൽനിന്നും കാളിദാസന്റെ ഭാരതഖണ്ഡത്തിലെ ഭൂസ്ഥിതിയേയും, ദേശസ്ഥിതിയേയും കുറിച്ചു് അസാമാന്യമായ പരിചയമുണ്ടായിരുന്നുവെന്നു് തെളിയുന്നുണ്ടു്. രഘു ദിഗ്ജയത്തിനായി അയോദ്ധ്യയിൽനിന്നു് ആദ്യം കിഴക്കേ ദിക്കിലേയ്ക്കാണു് യാത്രപുറപ്പെട്ടന്നതു്. കിഴക്കൻരാജ്യങ്ങളും കാരോന്നായി ജയിച്ചു് കിഴക്കെ സമുദ്രത്തിന്റെ സമീപത്തെത്തുന്നു. അവിടെ സുംഹം എന്നൊരു രാജ്യമുണ്ടു്. ആ രാജ്യത്തെ ജയിച്ചു് വംഗദേശത്തെ പ്രാപിക്കുന്നു. വംഗദേശം എന്നതു് ബങ്കാളാണെന്നു് പറയപ്പെടുന്നു. അക്കാലത്തു് ബങ്കാളികൾ നാവികയുദ്ധത്തിൽ നിപുണന്മാരായിരുന്നുവത്രെ. അവിടെനിന്നു് കപിശാ നദികടന്നു് ഉല്ക്കലദേശം ജയിച്ചു് കലിംഗരാജ്യത്തേക്കു് പോകുന്നു. അവിടെയാണു് മഹേന്ദ്രപർവ്വതം. കലിംഗരാജാക്കന്മാർ ആനകളെ യുദ്ധത്തിൽ ധാരാളം ഉപയോഗിച്ചിരുന്നു. വെറിലത്തോട്ടങ്ങളും, തെങ്ങിൻതോട്ടങ്ങളും കലിംഗരാജ്യ

ത്തു് സുലഭമായുണ്ടായിരുന്നു. കലിംഗരാജ്യം ജയിച്ചതി
നുശേഷം കുങ്കിൻതോട്ടങ്ങളും വളരെയുള്ള സമുദ്രതീര
ത്തുടെയാണു് രഘു തെക്കൻദിക്കിലേക്കു യാത്രചെയ്യു
ന്നതു്. ആ വഴിക്കുപോയി കാവേരിനദി കടന്നു് മലയ
മലയുടെ അടിവാരത്തിലെത്തുന്നു. അവിടെ ഏലവും,
ചന്ദനമരവും പ്രത്യേകമായുണ്ടു്. തെക്കേദിക്കിൽ അ
ക്കാലത്തു് പാണ്ഡ്യരാജാക്കന്മാർ പ്രതാപശാലികളായി
രുന്നു. പാണ്ഡ്യരാജ്യത്തു് താമ്രപർണ്ണി എന്ന നദി സമു
ദ്രത്തോടു ചേരുന്ന സ്ഥലത്തുനിന്നു് മുത്തുകൾ എടുക്ക
പ്പെട്ടിരുന്നു. മലയപർവ്വതത്തിനു പുറമെ ഒർദ്ദൂരം എ
ന്നൊരു പർവ്വതവും പാണ്ഡ്യരാജ്യത്തിന്റെ സമീപത്തു്
ഉണ്ടായിരുന്നു. അതു കഴിഞ്ഞാൽ സഹ്യപർവ്വതമായി.
പണ്ടു് സഹ്യന്റെ അടിവാരംവരെ സമുദ്രമുണ്ടായിരുന്നു
വെങ്കിലും പിന്നീടു് സമുദ്രം നീങ്ങി അവിടം ജനപദമാ
യിത്തീർന്നു. കടലകന്നു് നാടായിത്തീർന്ന രാജ്യത്തിനു്
കേരളമെന്നു പേരായിരുന്നു. കേരളത്തിൽ മുരള എന്നു
പേരായി ഒരു നദിയുണ്ടു്. അതിന്റെ തീരത്തിൽ പൂ
ങ്കൈതകളും ധാരാളമുണ്ടായിരുന്നു. കരിമ്പനത്തോട്ടങ്ങ
ളും, ഈന്തൽമരങ്ങളും കേരളത്തിൽ വളരെയുണ്ടായിരു
ന്നു. കേരളത്തിനു പുറമെ പടിഞ്ഞാറൻപ്രദേശത്തുള്ള
രാജ്യങ്ങളേയും രഘു ജയിച്ചു കീഴടക്കി. അവിടെ ത്രികൂടം
എന്നൊരു പർവ്വതത്തെ പറഞ്ഞുകാണുന്നുണ്ടു്. അവിടെ
നിന്നു് പാരസീകരാജാക്കന്മാരെ ജയിപ്പാനായി സ്ഥലമാ
ക്രമത്തുടെ യാത്രചെയ്തു. പാരസീകരാജ്യത്താണു് യവന
ന്മാർ പാർത്തിരുന്നതു്. അവർ പാശ്ചാത്യന്മാരാണെന്നും,

കുതിരപ്പടയാളികളാണെന്നും പറഞ്ഞുകാണുന്നു. താടി വളർത്തുന്നവരാണു് യവനന്മാരെന്നു് വിശേഷിച്ചും പ്രസ്താവിച്ചിട്ടുണ്ടു്. വിശേഷപ്പെട്ട തോലുകളും മുന്തിരിത്തോട്ടങ്ങളും യവനന്മാരുടെ നാട്ടിൽ ഉണ്ടായിരുന്നു. പാരസീകന്മാരായ യവനന്മാരെ ജയിച്ചതിനുശേഷം ഉത്തരദിക്കിലേയ്ക്കാണു് രഘുവിന്റെ യാത്രയുണ്ടായതു്. ഉത്തരദിക്കിൽ കാശ്മീരരാജ്യം അന്നു പ്രസിദ്ധമായിരുന്നു. ആ രാജ്യത്താണു് സിന്ധു. സിന്ധു ഒരു നദിയല്ല നാടാണെന്നു് പറഞ്ഞുകാണുന്നു. അവിടെ ഹൂണന്മാർ എന്നു പേരായ ഒരുതരം ക്ഷത്രിയന്മാർ ഉണ്ടായിരുന്നു. അവരുടെ സ്ത്രീകൾ ശത്രുക്കന്മാർ മരിച്ചാൽ കവിളത്തടിച്ചു് കരയുക പതിവായിരുന്നു. ഹൂണന്മാരെ ജയിച്ചതിനുശേഷം രഘു കാംബോജരാജ്യത്തേയ്ക്കു തിരിച്ചു. ആ രാജ്യത്തെ പ്രധാന വൃക്ഷങ്ങളിൽ ഒന്നായിരുന്നു അങ്കോലം. കാംബോജനാട്ടിൽ കുതിരകൾ സുലഭമായിരുന്നു. കാംബോജത്തിൽനിന്നു് ഹിമവാൻ പാർവ്വതത്തിലേയ്ക്കാണു് യാത്ര. ഈ യാത്രയിൽ കുതിരകളായിരുന്നു വാഹനങ്ങൾ. ഗംഗാനദിയിലെ പെരുതിരകളിൽ തട്ടി ജലശീകരങ്ങളോടുകൂടി വീശുന്ന കാറുകൾ ഭൂർജ്ജവൃക്ഷങ്ങളിൽ അടിച്ചു് ഇരമ്പമുണ്ടാക്കിയിരുന്നു. പുന്നാഗവൃക്ഷങ്ങൾ ഇടതൂർന്നു നില്ക്കുന്ന വനാന്തരങ്ങളിലുള്ള പാറകളിൽ കസ്തൂരിമൃഗങ്ങളെ ധാരാളം കാണാമായിരുന്നു. ചരളമരങ്ങളും, രാത്രിയിൽ സ്വയമേവ പ്രകാശിക്കുന്ന കാഷ്ഠി എന്ന ഒരുതരം വള്ളിയും അവിടെ കാണപ്പെട്ടിരുന്നു. ഹിമവാങ്കൽ ഉത്സവസങ്കേതന്മാർ എന്നു പേരുള്ള ഒരു

തരം ജനഗണങ്ങളും പാത്തിരുന്നു. വലിയ കവിണക
ളിൽ കല്ലെടുത്തൊഴിഞ്ഞുകൊണ്ടാണു് അവർ യുദ്ധംചെ
യ്തിരുന്നതു്. ഹിമവാൻ പർവ്വതത്തിൽനിന്നു് ലൌഹി
ത്യ എന്ന നദിയും, കൈലാസപർവ്വതവും പിന്നിട്ടു് കാ
മരൂപം (ആസാം) എന്ന രാജ്യത്തെയ്തുപോയി. കാമരൂ
പത്തിൽ അക്കാലത്തു് കരു രാജാവാണു് രാജ്യം വാണി
രുന്നതു്. അദ്ദേഹത്തെ ജയിച്ചതോടുകൂടി രഘുവിന്റെ
ദിഗ്ജയയാത്ര അവസാനിക്കുന്നു. രഘുവംശത്തിൽ പ
റഞ്ഞ മേൽക്കാണിച്ച രാജ്യങ്ങളും ഇക്കാലത്തു് ഏതേതു
നാമങ്ങളിലാണു് അറിയപ്പെടുന്നതെന്നു് കണ്ടുപിടിക്കു
ന്നതു് ഭൂമിശാസ്ത്രപണ്ഡിതന്മാക്കു് രസാവഹമായിരിക്കും.

മേഘസന്ദേശത്തിൽനിന്നു് കിട്ടുന്ന വിവരം കുറെക്കൂടി
വ്യക്തമാകുന്നു. സന്ദേശവാഹിയായ മേഘത്തിനു് പോ
കാനുള്ള വഴി യക്ഷൻ പറഞ്ഞുകൊടുക്കുന്നതു് ഉത്തരഭാര
തത്തിലെ ഭൂസ്ഥിതിയെക്കുറിച്ചു് കവിയ്ക്കുള്ള ജ്ഞാനത്തെ
തെളിയിക്കുന്നുണ്ടു്. മേഘം രാമഗിരിയിൽനിന്നു് വട
ക്കോട്ടാണു് പോകുന്നതു്. ഈ രാമഗിരി ശ്രീരാമന്റെയും
സീതയുടേയും സാന്നിദ്ധ്യത്താൽ പരിപാവനമാണെന്നു്
പറഞ്ഞിരിക്കുന്നു. മേഘസന്ദേശത്തിന്റെ വ്യാഖ്യാതാ
വും പ്രാമാണികപണ്ഡിതനുമായ മല്ലിനാഥൻ രാമഗിരി
എന്നതു് ചിത്രകൂടപർവ്വതമാണെന്നു് പ്രസ്താവിച്ചിട്ടുണ്ടു്.
എന്നാൽ വിൽസൻ എന്ന പാശ്ചാത്യപണ്ഡിതൻ ഭൂമി
ശാസ്ത്രത്തെ സൂക്ഷ്മമായി പര്യാലോചിച്ചതിനുശേഷം
മദ്ധ്യഭാരതത്തിൽപ്പെട്ട നാഗപ്പൂരിനു വടക്കുള്ള രാംടേക്കു്
(Ramtek) എന്ന ഗിരിയാണു് രാമഗിരി എന്നു് സ്ഥാ

പിച്ചിട്ടുണ്ട്. മേഘം ചെന്നെത്തേണ്ടുന്ന കുബേരരാജ ധാനിയായ അളകൈകൈലാസപർവ്വതത്തിന്റെ ചരുവി ലാണു് സ്ഥിതിചെയ്യുന്നതു്. അതിനാൽ മേഘത്തിനു് രാമഗിരിയിൽനിന്നു് നേരെ വടക്കോട്ടാണു് പോകേണ്ട തെന്നു് സിദ്ധിക്കുന്നു. രാമഗിരിയിൽനിന്നു് പുറപ്പെ ട്ടാൽ മാലം എന്ന പേരായ ഉന്നതഭൂമിയിൽക്കൂടെ പോ കണം; ആ സ്ഥലം പുതുതായി ഉഴുത മണ്ണിന്റെ വാസ നയുള്ള കൃഷിനിലങ്ങളോടുകൂടിയതാണു്. മാലത്തിൽ നിന്നു് അല്പം പടിഞ്ഞാട്ടുപോയതിനുശേഷം മേഘത്തി നു് വടക്കോട്ടതന്നെ തിരിക്കണം. പിന്നെ ചെല്ലുന്ന തു് ആമ്രകൂടം എന്ന കുന്നിന്മേലാണു്. ആമ്രകൂടം ഇപ്പോൾ അമരകണ്ടകം എന്നു പറയപ്പെടുന്ന സ്ഥലമാ ണെന്നു് വിൽസൻ പറയുന്നു. ആമ്രകൂടത്തിൽനിന്നാ ണു് നമ്മദാനദിയും വിന്ധ്യാദ്രിയുടെ കിഴക്കുഭാഗത്തുള്ള മറ്റനദികളും പ്രവഹിക്കുന്നതു്. ആമ്രകൂടം കടന്നു് കുറെ പോയാൽ നമ്മദാനദി കാണാം. അതു് വിന്ധ്യാദ്രിയുടെ അടിവാരത്തിൽ നിരപ്പില്ലാതെ കിടക്കുന്ന പാറകളിൽ വീണു് പല കൈവഴികളായി ചിതറിപ്പോകുന്നു. പി ന്നെ മേഘത്തിനു് വിന്ധ്യപ്രദേശത്തുള്ള പല മലകളും കടന്നുപോകേണ്ടതുണ്ടു്. അങ്ങനെ വളരെ വടക്കോട്ടുപോ യാൽ ദശാർണ്ണം എന്ന പ്രദേശത്തു് നെന്നുമേരും. ദശാ ർണ്ണരാജ്യത്തിന്റെ തലസ്ഥാനം വിദിശാപുരിയത്രെ. വി ദിശയിൽക്കൂടെയാണു് വേത്രവതി എന്ന നദി ഒഴുകുന്നതു്. അതിനോടുതൊട്ടതന്നെ നീചൈസ് എന്നൊരു മലയുമു ണ്ടു്. വിദിശയിൽനിന്നു പുറപ്പെട്ടു് കുറച്ചുപോയി കിഴ

ക്കോട്ടഭിമുഖമായി മൈന്നാൽ പ്രസിദ്ധമായ ഉജ്ജയിനിന ഗരമായി. വിദിശയ്ക്കും ഉജ്ജയിനിക്കും മദ്ധ്യത്തിൽ നിർവ്വി ന്ധ്യ എന്നൊരു നദി ഒഴുകുന്നു. ആ നദി മുറിച്ചുകടന്നു് പോയാൽ അവന്തിയിലെത്താം. അവന്തിയിൽനിന്നു് പോയാൽ ക്രമത്തിൽ ഉജ്ജയിനിയിൽ — ഉജ്ജയിനിക്കു വിശാല എന്നും പേരുണ്ടു് — മൈന്നുചേരാം. ഉജ്ജയിനി യോടുതൊട്ടു് ശിപ്ര എന്ന നദി ഒഴുകുന്നു. അവിടെനിന്നു പോയാൽ മണ്ഡീശ്വരക്ഷേത്രമായി. മണ്ഡീശ്വരത്തിൽ ഗന്ധവതി എന്ന നദിയിൽ തട്ടിവരുന്ന സുരഭിലമായ കാറു് വീശിക്കൊണ്ടിരിക്കും. ഉജ്ജയിനിയിലാണു് പരമ പാവനമായ മഹാകാളക്ഷേത്രം. ഉജ്ജയിനിയിൽനിന്നു് അല്പം പടിഞ്ഞാറുവടക്കായി പോയാൽ ഗംഭീര എന്ന നദി കാണാം. അതു കടന്നാൽ ദേവഗിരിയായി. ദേവ ഗിരി എന്നതു് മാൾവാരാജ്യത്തിന്റെ മദ്ധ്യത്തിലുള്ള ചംബാൽ എന്ന സ്ഥലത്തിനു തെക്കുഭാഗത്തായി സ്ഥി തിചെയ്യുന്ന ദേവഘാട്ടു് (Devaghat) ആണെന്നു് വിൽ സൻ അഭിപ്രായപ്പെടുന്നു. ദേവഗിരിയിൽ സുബ്രഹ്മണ്യ സ്വാമിയുടെ ഒരു വിശേഷപ്പെട്ട ക്ഷേത്രമുണ്ടു്. അവിടെ നിന്നു് പിന്നേയും വടക്കോട്ടുമൈന്നാൽ ചർമ്മണ്വതി (ചമ്പാൽ) എന്ന നദി കാണാം. ആ നദി കടന്നാൽ രന്തിദേവൻ എന്ന പുരാതനരാജാവിന്റെ തലസ്ഥാന മായിരുന്ന ദശപുരത്തിൽ മൈന്നുചേരും. അവിടെനി ന്നും യാത്രതുടർന്നാൽ ബ്രഹ്മാവർത്തം എന്ന പ്രദേശത്തെ ത്താം. അതിനടുത്താണു് ഭാരതയുദ്ധം നടന്ന പ്രസിദ്ധ മായ കുരുക്ഷേത്രം. അതിന്റെ അടുത്തായി ശ്രുതിപ്പെട്ട

സരസ്വതീനദി പ്രവഹിക്കുന്നു. പിന്നേയും വടക്കോട്ടുപോയാൽ ഹരിദ്വാരത്തിന്നടുത്തുള്ള കനഖലം (Kankhal) എന്ന സ്ഥലത്തെത്തും. അവിടെയാണ് ഹിമാലയത്തിൽനിന്നു് ഗംഗാനദി കഴുകിവീഴുന്നതു്. ആ സ്ഥലം കടന്നാൽ കസ്തൂരിയുടെ പരിമളമുള്ള ഹിമവാന്റെ താഴ്വരകളിൽ ചെന്നുചേരും. അവിടെനിന്നു് അല്പംകൂടി പോയാൽ പരമശിവന്റെ തൃക്കാലടിപ്പാടുകൾ പതിഞ്ഞുകാണുന്ന സ്ഥലത്തെത്തും. അവിടംകടന്നു് പ്രകൃതിമനോഹരങ്ങളായ ചില പ്രദേശങ്ങൾ പിന്നിട്ടാൽ പരശുരാമന്റെ പരാക്രമത്തെ സ്മരിപ്പിക്കുന്ന ക്രൌഞ്ചം എന്ന പർവ്വതരന്ധ്രത്തിൽ എത്തിച്ചേരും. ക്രൌഞ്ചരന്ധ്രത്തിലൂടെ കടന്നു് പിന്നേയും കുറെ പോയാൽ കൈലാസപർവ്വതമായി. കൈലാസത്തിന്റെ മാറ്റിലാണു് കുബേരരാജധാനിയായ അളകാപുരി. ഈ യാത്രാവിവരണത്തിൽനിന്നു് ഉത്തരഭാരതത്തിലെ ഭൂമിയുടെ കിടപ്പും, രാജ്യസ്ഥിതിയും ശരിയായി ധരിച്ചിരുന്ന ഒരു കവിയാണു് കാളിദാസനെന്നു് തെളിയുന്നുണ്ടു്. ഭാരതഖണ്ഡത്തിൽ ചിരകാലം ദേശസഞ്ചാരം ചെയ്തിട്ടുള്ള ഒരാളായിരിക്കണം കാളിദാസൻ.

മാളവികാഗ്നിമിത്രത്തിന്റെ പശ്ചാത്തലം

മാളവികാഗ്നിമിത്രം നാടകത്തിലെ ഇതിവൃത്തം ചരിത്രത്തിൽനിന്നു് എടുത്തിട്ടുള്ളതാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതിലെ നായകനായ അഗ്നിമിത്രൻ

ക്രിസ്ത്വാബ്ദാരംഭത്തിനു മുമ്പു രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു രാജാവാണു്. അഗ്നിമിത്രന്റെ പിതാവായ പുഷ്പമിത്രൻ ബൃഹദ്രഥൻ എന്ന മൌര്യരാജാവിന്റെ സേനാപതിയും തന്റെ സ്വാമിയെ വധിച്ചു് മൌര്യസാമ്രാജ്യം സ്ഥാപിച്ചവനുമാണു്. അദ്ദേഹം സുംഗവംശം എന്നു ചരിത്രത്തിൽ അറിയപ്പെടുന്ന രാജവംശത്തിന്റെ സ്ഥാപകനായിരുന്നു. (183 B. C.) മൌര്യസാമ്രാജ്യത്തിന്റെ തലസ്ഥാനം പാടലിപുത്രവും അഗ്നിമിത്രന്റെ തലസ്ഥാനം ഇപ്പോൾ ഭിൽസ (Bhilsa) എന്നു പറയപ്പെടുന്ന വിദിശയുമായിരുന്നു. അതിനാൽ അഗ്നിമിത്രൻ തന്റെ സാമ്രാജ്യത്തിൽപ്പെട്ട ചില സംസ്ഥാനങ്ങൾ ഭരിക്കുന്നതിനു ചില പ്രതിനിധികളെ വാഴിച്ചിരുന്നുവെന്നു് വിചാരിക്കാവുന്നതാകുന്നു. പുഷ്പമിത്രന്റെ വാർദ്ധക്യകാലത്താണു് ഇന്ത്യയിൽ അലക്സാണ്ടറുടെ ആക്രമണമുണ്ടായതു്. കാബൂളിലും പഞ്ചാബിലും വാണുകൊണ്ടിരുന്ന യവനരാജാവു് അലക്സാണ്ടറുടെ ആക്രമണത്തെ പ്രതിരോധിപ്പാൻ സന്നദ്ധനായി. അദ്ദേഹം സിന്ധുതടവും സൌരാഷ്ട്രവും (കത്തിയവാർ) മഥുരയും പിടിച്ചടക്കി പിന്നീടു് ഗംഗാതീരത്തിനു സമീപമുള്ള മദ്ധ്യമികപ്രദേശം വളയുകയും സാകേതത്തെയും അയോദ്ധ്യയേയും, പാടലീപുത്രത്തെയും ഭീഷണിപ്പെടുത്തുകയുംചെയ്തു. ഈ ആക്രമണത്തെ (155—158 B. C.) പുഷ്പമിത്രൻ അതിധീരതയോടുകൂടി ചെറുക്കുകയും ആക്രമിയെ ആയാളുടെ സ്വദേശത്തേക്കു് ഓടിക്കുകയും ചെയ്തു. B. C. 153-ൽ ഉണ്ടായ മേൽകാണിച്ച സംഭവത്തിനുശേഷം A. D. 1502-ൽ

വാസ്കോഡിഗാമ കോഴിക്കോട്ട പട്ടണത്തിൽ എത്തിയ തുവരെയ്ക്കും ഭാരതത്തിൽ യൂറോപ്യൻമാരുടെ അധികാരം ബാധിക്കുകയുണ്ടായിട്ടില്ല.

മാളവികാഗ്നിമിത്രത്തിൽ പറയുന്ന വിദർഭരാജാവി നോടുള്ള യുദ്ധവും ഒരു ചരിത്രസംഭവംതന്നെ ആകുന്നു. ആ യുദ്ധത്തിൽ വിദർഭം വാണിരുന്ന യജ്ഞസേനൻ പരാജിതനാകയും വിദർഭരാജ്യം രണ്ടായി തിരിക്കപ്പെടുകയും ചെയ്തു. രണ്ടു ഖണ്ഡങ്ങളിലേയും നടുവിലുള്ള അതിർത്തി വരെ (Wardha) എന്ന നദിയായിരുന്നു. അതിപ്പോൾ ബീറാറിനേയും മദ്ധ്യസംസ്ഥാനത്തേയും വേർതിരിക്കുന്ന അതിരാണ്. അഗ്നിമിത്രൻ മാധവസേനനെ തെക്കെ വിദർഭത്തിലും, യജ്ഞസേനനെ വടക്കെ വിദർഭത്തിലും വാഴിച്ചതായി നാടകത്തിൽ പറഞ്ഞിട്ടുണ്ട്. മാളവികാഗ്നിമിത്രത്തിന്റെ ഒടുവിലത്തെ അങ്കത്തിൽ അഗ്നിമിത്രന്റെ സൈന്യം വിദർഭരാജാവിനെ തോല്പിച്ചതായി പ്രസ്താവിച്ചിട്ടുണ്ട്. ഈ ശ്രുതിമാനവുംകൊണ്ടു വന്ന വരുടെ കൂട്ടത്തിൽ രണ്ടു പെൺകുട്ടികളും ഉണ്ടായിരുന്നു. അവർ മാളവികയെ കണ്ടപ്പോൾ ആ സുന്ദരി വിദർഭരാജകുമാരിയാണെന്ന് തിരിച്ചറിഞ്ഞു. അഗ്നിമിത്രന്ന് മാളവികയെ വിവാഹം ചെയ്യുന്നതിന്ന് അവളുടെ വംശമേതെന്നറിയാത്തതിന്നുള്ള തടസ്ഥം ഇതോടുകൂടി തീർന്നു. ഇതിന്നു പുറമെ മറെറാരു വിജയവാർത്തകൂടി നാടകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അഗ്നിമിത്രന്റെ പുത്രനായ വസുമിത്രൻ യവനസൈന്യത്തെ ജയിച്ച വർത്തമാനമാണത്. വസുമിത്രന്റെ പിതാമഹനായ പുഷ്പമിത്രൻ അശ്വമേ

ധാത്മമായി ദ്രപ്രക്ഷിണം ചെയ്യാൻവിട്ട മേദ്ധ്യാശപത്തെ യവനസൈന്യങ്ങൾ പിടിച്ചപ്പോൾ ഉണ്ടായ യുദ്ധത്തിൽ പെച്ച് വസുമിത്രൻ യവനസൈന്യത്തെ നിശ്ശേഷം പരാജയപ്പെടുത്തി. കുമാരനായ വസുമിത്രന്റെ ഈ വിജയവാർത്ത അദ്ദേഹത്തിന്റെ മാതാവായ ധാരിണീദേവിയുടേയും, പിതാവായ അഗ്നിമിത്രന്റേയും കണ്ണുകളിൽ അമൃതധാരചെയ്തു. സന്തുഷ്ടയായ ധാരിണീദേവി മാളവികയെ അഗ്നിമിത്രനു് വിവാഹംചെയ്യാൻ സമ്മതിച്ചു കൊടുക്കുകയും ചെയ്തു.

കാളിദാസന്റെ കാലം

കാളിദാസൻ ജീവിച്ചിരുന്ന കാലത്തെക്കുറിച്ചു് അഭിജ്ഞന്മാരുടെ ഇടയിൽ പല അഭിപ്രായങ്ങളുമുണ്ടു്. ക്രിസ്താബ്ദം ആരംഭിച്ചതിനുശേഷം കുറെകാലം കഴിഞ്ഞിട്ടാണു് കാളിദാസൻ ജീവിച്ചിരുന്നതെന്നു് പാശ്ചാത്യന്മാരായ സാഹിത്യചരിത്രകാരന്മാർ പ്രതിപാദിക്കുന്നു. ഇന്ത്യയിലെ ചരിത്രജ്ഞന്മാരിൽ പലരും അതിനോടു് യോജിക്കുന്നില്ല. ക്രിസ്തു ജനിക്കുന്നതിനുമുമ്പാണു് കാളിദാസൻ ജീവിച്ചിരുന്നതെന്നാണു് അവരുടെ അഭിപ്രായം. ഈ രണ്ടു പക്ഷക്കാരുടേയും വാദമുഖങ്ങളെ വിശകലനം ചെയ്തു് ഒരഭിപ്രായം സ്ഥാപിക്കുകയെന്നതു് പ്രയാസസാദ്ധ്യമാകുന്നു. ആകയാൽ കാളിദാസകൃതികളിൽനിന്നു കിട്ടുന്ന ചില ആഭ്യന്തരലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി കവിയുടെ കാലം കണ്ടുപിടിക്കുവാൻ ശ്രമിക്കാം.

മാളവികാഗ്നിമിത്രത്തിൽനിന്നും, ശാകുന്തളത്തിൽ നിന്നും കിട്ടുന്ന ആഭ്യന്തരലക്ഷ്യങ്ങളെക്കൊണ്ട് കാളിദാസൻ ക്രിസ്തു ജനിക്കുന്നതിനു് 300—100കൊല്ലങ്ങൾക്കിടയിൽ ജീവിച്ചിരിക്കണമെന്നു് ഊഹിക്കാവുന്നതാകുന്നു. മാളവികാഗ്നിമിത്രത്തിൽ പുഷ്പമിത്രൻ, അഗ്നിമിത്രൻ, വസുമിത്രൻ എന്ന മൂന്നുപേരെപ്പറ്റി പറയുന്നുണ്ടു്. പഴയ ഇന്ത്യാചരിത്രപ്രകാരം പുഷ്പമിത്രൻ ഒരു സേനാപതിയായിരുന്നു. അദ്ദേഹം തന്റെ സ്വാമിയായ ബൃഹദ്രഥനെ കൊന്നു് മൌര്യരാജ്യാധികാരം കൈവശമാക്കുകയും, മഗധരാജ്യത്തെ രാജാവായിത്തീരുകയും ചെയ്തു. ഈ പുഷ്പമിത്രൻ സുംഗവംശത്തിലെ രണ്ടാമത്തെ രാജാവായിരുന്നു. അദ്ദേഹം തന്റെ പരാക്രമംകൊണ്ടു് യവനന്മാരെ തോല്പിച്ചു് വടക്കോട്ടോടിച്ചു. B. C. 150-ലോ 450-ലോ ജീവിച്ചിരുന്നവനെന്നു യിശ്വസിക്കപ്പെട്ടുന്ന മഹാഭാഷ്യകാരൻ പുഷ്പമിത്രനേയും, അദ്ദേഹത്തിന്റെ സദസ്സിനേയും, അദ്ദേഹം ചെയ്ത അശ്വമേധയാഗത്തേയും, യവനന്മാരേയുംപറ്റി പറഞ്ഞുകാണുന്നുണ്ടു്. അതിനാൽ പുഷ്പമിത്രനും മഹാഭാഷ്യകാരനും സമകാലികന്മാരായിരിക്കണം. ഈ സംഗതി ഡോ: ഭണ്ഡാക്കർ പതഞ്ജലിയുടെ കാലത്തെപ്പറ്റി എഴുതിയ ഒരു പ്രബന്ധത്തിൽ കാണിച്ചിട്ടുണ്ടു്. പുഷ്പമിത്രന്റെ പുത്രനും, മാളവികാഗ്നിമിത്രത്തിലെ നായകനുമായ അഗ്നിമിത്രൻ B. C. 150-ാം സംവത്സരത്തിൽ ജീവിച്ചിരുന്നതായി പൌരസ്ത്യവിദ്വാന്മാരൊക്കെയും ഇപ്പോൾ ഏതാണ്ടു് സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. അഗ്നിമിത്രന്റെ

പേർ പുരാണങ്ങളിലൊന്നും പറഞ്ഞിട്ടില്ല; ഭവിഷ്യപുരാണത്തിൽമാത്രം വരുവാൻ പോകുന്ന രാജാക്കന്മാരുടെ കൂട്ടത്തിൽ അഗ്നിമിത്രനെ പറഞ്ഞിട്ടുണ്ട്. ഹൈന്ദവനാടകങ്ങളിലെ ഇതിവൃത്തം പ്രഖ്യാതമായിരിക്കണമെന്നാണ് നിയമം. അപ്പോൾ അഗ്നിമിത്രൻ ചരിത്രപ്രസിദ്ധനായ ഒരു രാജാവാകണമല്ലോ. പുരാണങ്ങളിലൊന്നും പേർ പറയപ്പെടാത്ത അഗ്നിമിത്രനെ കാളിദാസൻ തന്റെ നാടകത്തിൽ നായകനാക്കുമോ? അപ്പോൾ കാളിദാസൻ പുരാണപ്രസിദ്ധന്മാരായ രാജാക്കന്മാരെ വിട്ട് ചരിത്രപുരുഷനായ ഒരുവനെ നായകനാക്കി തന്റെ നാടകത്തിനു് ഒരു പുതുമ വരുത്തിയതായിരിക്കും എന്ന ഊഹത്തിലാണ് നാം എത്തിച്ചേരുന്നതു്. പുരാണമായതുകൊണ്ടു് എല്ലാ കാവ്യവും നല്ലതായിരിക്കണമെന്നോ, നവീനമായതുകൊണ്ടു് എല്ലാം മീത്തയാകുമെന്നോ നിയമമൊന്നുമില്ലെന്നു് മാളവികാഗ്നിമിത്രത്തിൽ പറഞ്ഞിട്ടുണ്ട്. അതിനാൽ കാളിദാസൻ അഗ്നിമിത്രന്റെ കാലത്താണു് ജീവിച്ചിരുന്നതെന്നു് സിദ്ധിക്കുന്നു. മാളവികാഗ്നിമിത്രത്തിലെ ഭരതവാക്യത്തിൽ "ആശാസമീതിവിഗമപ്രഭൃതി പ്രജാനാം സംപൽസ്യതേനഖലുഗോപ്തരിനാഗ്നിമിത്രെ." (അഗ്നിമിത്രൻ നാടുവാണുകൊണ്ടിരിക്കുമ്പോൾ പ്രജകൾക്കു് ഈതിബാധകളും മുതലായവ ഉണ്ടാകുമെന്നു് പ്രാർത്ഥിക്കേണ്ടതില്ല) എന്നു കാണുന്നതു് ഈ ഊഹത്തെ പ്രബലമാക്കുന്നതുമുണ്ടു്.

ശാകുന്തളനാടകത്തിൽ കാളിദാസൻ സ്വത്തിന്റെ പിൻതുടച്ചവകാശത്തേയും കളവുകുറ്റത്തിനുള്ള ശിക്ഷ

യേയുംകുറിച്ച് തന്റെ കാലത്തുണ്ടായിരുന്ന നിയമത്തെ പ്പറ്റി സൂചിപ്പിക്കുന്നുണ്ട്. ശാകുന്തളം അഞ്ചാമങ്കത്തിൽ കപ്പലപകടംകൊണ്ട് മരിച്ചുപോയ ധനമിത്രൻ എന്ന കച്ചവടക്കാരന്റെ സ്വത്തുക്കൾക്ക് ആയാളുടെ ഗർഭിണിയായ ഭാര്യയുടെ ഗർഭസ്ഥനായ ശിശുവാണ് അവകാശിയെന്നും ദുഷ്യന്തരാജാവും കല്പിക്കുന്നുണ്ട്. വിധവയായ ഒരു സ്ത്രീക്ക് ഭർത്താവിന്റെ സ്വത്തിന്മേൽ പിൻതുടർച്ചാവകാശമില്ലെന്നും ഇതിൽനിന്നൂഹിക്കാം. ധനമിത്രനും വിധവയായ ഒരു ഭാര്യയുണ്ടോ എന്നല്ല ഗർഭിണിയായ ഒരു വിധവയുണ്ടോ എന്നാണ് രാജാവും അന്വേഷണം നടത്തിയതു്. ധർമ്മശാസ്ത്രകർത്താക്കന്മാരായ മനു, ആപസ്തംബർ, ബോധായനൻ, വസിഷ്ഠൻ എന്നിവർ വിധവയ്ക്കും ഭർത്താവിന്റെ സ്വത്തിന്മേൽ പിൻതുടർച്ചാവകാശമുള്ളതായി പറയുന്നില്ല. നാരദനും, കാത്യായനനും ഭർത്താവിന്റെ സ്വത്തിൽനിന്നും പിലവിനു കിട്ടുവാൻ മാത്രമേ വിധവക്കവകാശമുള്ളുവെന്നു പറയുന്നു. ഗൌതമനും, ബൃഹസ്പതിയും ഭർത്താവിന്റെ സ്വത്തിൽ സപിണ്ഡന്മാർക്കുള്ളതുപോലെ ഒരോഹരിമാത്രം വിധവക്കനുവദിക്കുന്നുണ്ട്. ശംഖൻ, ലിഖിതൻ, യാജ്ഞവല്ക്യൻ എന്നിവർ വിധവയുടെ അവകാശത്തെ സമ്മതിച്ചുകൊടുക്കുന്നതുമുണ്ട്. ഗർഭസ്ഥനായ ശിശുവിനാണ് അച്ഛന്റെ സ്വത്തിനവകാശമെന്നും വിധികല്പിച്ച ദുഷ്യന്തൻ മനുസ്മൃതിയിലെ നിയമത്തെയാണ് ആസ്പദമാക്കിയിരിക്കുന്നതു്. അതിനാൽ വസിഷ്ഠസ്മൃതിയുടെ കാലത്തിനുശേഷമായിരിക്കണം ശാകുന്തളം നിർമ്മിച്ചതു്. പൌ

രസ്യചരിത്രജ്ഞന്മാർ സ്മൃതികർത്താവായ ബൃഹസ്പതിയുടെ കാലം A. D. ൪ന്നാംശതകമാണെന്നഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാൽ ബൃഹസ്പതിയുടെ കാലത്തിന്നു് എത്രയോ മുമ്പായിരിക്കണം കാളിദാസന്റെ കാലം. ഇതുപോലെ മറെറാരു സംഗതികൂടി പറയാനുണ്ടു്. ശാകുന്തളം ആറാമങ്കത്തിൽ രാജാവിന്റെ മോതിരം മോഷ്ടിച്ചവനെന്നു സംശയിച്ചു് പോലീസ്സുകാർ ഒരു മുക്കുവനെ പിടിച്ചു് കേസ്സാക്കുന്നുണ്ടു്. അവൻ ചെയ്ത കളവുകുറ്റത്തിന്നു് വധശിക്ഷ വിധിക്കപ്പെട്ടുമെന്നു് പോലീസ്സുകാർ സംശയിക്കുന്നു. കളവുകുറ്റത്തിന്നു് വധശിക്ഷ വിധിപ്പാനുള്ള നിയമം മനുമുതൽ നാരദൻവരെയുള്ളവരുടെ സ്മൃതികളിലേ ഉള്ളു. ബൃഹസ്പതി, യാജ്ഞവല്ക്യൻ, വ്യാസൻ എന്നിവരുടെ സ്മൃതികളിൽ കളവുകുറ്റത്തിന്നു് കട്ടവനെ കൊല്ലുകയോ പിഴയിടുകയോ ചെയ്യണമെന്നായി നിയമം. അതിനാൽ കാളിദാസൻ ബൃഹസ്പതിയുടെ കാലത്തിന്നു വളരെ മുമ്പായിരിക്കണം ജീവിച്ചിരുന്നതു്. A. D. ൪ന്നാംശതകത്തിന്നുമുമ്പു് കാളിദാസൻ ജീവിച്ചിരുന്നതായി ഇതിൽനിന്നും സിദ്ധിക്കുന്നു. ആകയാൽ ക്രിസ്തു ജനിക്കുന്നതിന്നു് 100—300 കൊല്ലങ്ങൾക്കുമുമ്പാണു് കാളിദാസന്റെ കാലമെന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്.

കാളിദാസനാൽ നിർമ്മിതങ്ങളായ മൂന്നു കാവ്യങ്ങളിലേയും, മൂന്നു നാടകങ്ങളിലേയും കഥകളുടെ സംഗ്രഹം ഇതിനുമേൽ ക്രമത്തിൽ വിവരിക്കുവാൻപോകുന്നു.

രഘുവംശകഥകൾ

ദിലീപൻ

പുരാതനകാലത്തു് ഭാരതഖണ്ഡത്തിൽ സൂര്യവംശം, സോമവംശം, അഗ്നിവംശം എന്നിങ്ങനെ മൂന്നു് രാജവംശങ്ങളാണു് ഉണ്ടായിരുന്നതു്. സൂര്യവംശത്തിന്റെ കൂടസ്ഥനായ മനുചക്രവർത്തി സൂര്യദേവന്റെ പുത്രനായിരുന്നതിനാൽ ആ മനുവിന്റെ വംശത്തിനും സൂര്യവംശമെന്നും പ്രസിദ്ധിയുണ്ടായി. ഈ വംശത്തിൽ പിറന്ന രാജാക്കന്മാർ നീതിമാർഗ്ഗത്തിൽനിന്നും തെറ്റിനടക്കാത്തവരും, ഈശ്വരഭക്തന്മാരും, പ്രജകളെ സ്വന്തം മക്കളെപ്പോലെ പാലിക്കുന്നവരും, സത്യവാന്മാരും, ധർമ്മിഷ്ഠന്മാരും, വിദ്വാന്മാരുമായിരുന്നു. ആകയാൽ മൂന്നു രാജവംശങ്ങളിൽവെച്ചു് സൂര്യവംശത്തിനു് കൂടുതൽ ശ്രേഷ്ഠതയുള്ളതായി കരുതിവരുന്നു.

സൂര്യവംശത്തിൽ ദിലീപൻ എന്നു് പ്രസിദ്ധനായ ഒരു രാജാവുണ്ടായി. വീതിഞ്ഞ മാറിടവും, നീണ്ട കൈകളും, ഉയർന്ന ശരീരവുമുള്ള അദ്ദേഹത്തെ കണ്ടാൽ ക്ഷത്രിയധർമ്മംതന്നെ ഉടലെടുത്തിരിക്കയാണോ എന്നു തോന്നുമായിരുന്നു. അദ്ദേഹത്തിന്റെ ബാഹുപരാക്രമവും കീർത്തി

യും നിരതിശയമായിരുന്നു. അതിഗംഭീരമായ ആകൃതി, ആകൃതിക്കൊത്ത ബുദ്ധി, ബുദ്ധിക്കുചേർന്ന അറിവു്, അറിവിന്നുയോജിച്ച പ്രവൃത്തികഠം പ്രവൃത്തികഠംക്കു് സദൃശമായ ഫലസിദ്ധി എന്നിവ ദിലീപനെ സവിശേഷം ശോഭിപ്പിച്ചു. ഇദ്ദേഹത്തിന്റെ ഭരണത്തിൽ പ്രജകഠം അതിമാത്രമായി സുഖത്തോടും ക്ഷേമത്തോടുംകൂടി വർത്തിച്ചു. ദിലീപൻ ജനങ്ങളുടെ കയ്യിൽനിന്നു് കരംപിരിച്ചിരുന്നതു് അവരുടെ ക്ഷേമത്തിനുവേണ്ടിത്തന്നെ അനേകമിരട്ടിയായ ചിലവുചെയ്യു; സൂര്യൻ ഭൂമിയിൽനിന്നു് ജലത്തെ ആകർഷിക്കുന്നതു് ഭൂമിയിലേക്കുതന്നെ വർഷിപ്പാനാണല്ലൊ. പ്രജകളെ വിദ്യാദാനംകൊണ്ടു് അറിവുള്ളവരാക്കുക, ആപത്തുകളിൽനിന്നു് രക്ഷിക്കുക, ആവശ്യമുള്ളതെല്ലാം കൊടുത്തു് ഭരിക്കുക എന്നിവകൊണ്ടു് ദിലീപൻ പ്രജകഠംക്കു് പിതാവുതന്നെയായി പരിശോഭിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്തു് ഭൂമി ധനധാന്യങ്ങളെക്കൊണ്ടു് സമൃദ്ധമായും, ധർമ്മകർമ്മങ്ങളെക്കൊണ്ടു് ശ്രേഷ്ഠമായും പരിലസിച്ചു.

ദിലീപന്റെ പട്ടമഹിഷിക്കു് സുദക്ഷിണ എന്നായിരുന്നു പേർ. സുദക്ഷിണാദിലീപന്മാർ സർവ്വഗുണങ്ങളെക്കൊണ്ടും ഇണക്കമുള്ള ദമ്പതിമാരായിരുന്നു. അവർക്കു വളരെക്കാലം കഴിയുന്നതുവരെയും സന്താനമുണ്ടായില്ല. പുത്രദർശനത്തിന്നു് ഭാഗ്യം സിദ്ധിക്കായ്കയാൽ രാജാവും രാജ്ഞിയും കഠിനമായി വ്യസനിച്ചു. പുത്രോല്പാദനത്തിനുവേണ്ടി എന്താണു് ചെയ്യേണ്ടതെന്നു് തങ്ങളുടെ കുലഗുരുവിനോടു ചോദിച്ചു് അദ്ദേഹത്തിന്റെ ഉപദേശപ്ര

കാരം വേണ്ടതു ചെയ്യാൻ അവർ തീരുമാനിച്ചു. സൂര്യ വംശത്തിൽ പിറന്ന രാജാക്കന്മാരുടെ കുലഗുരു സുപ്രസി ദ്ധനായ വസിഷ്ഠമഹർഷിയായിരുന്നു. വസിഷ്ഠന്റെ ആ ശ്രമം ദിലീപന്റെ രാജധാനിയായ അയോദ്ധ്യയിൽനി ന്നു് കുറെ അകലത്തുള്ള അരണ്യത്തിന്റെ സമീപത്തായിരുന്നു. ആശ്രമത്തിൽപോയി ഗുരുവിനെ കണ്ടു് സന്തതിക്കുവേണ്ടിയുള്ള വ്രതം അനുഷ്ഠിച്ചുവരുന്നതുവരെ രാജ്യകാര്യങ്ങളും നടത്തുന്നതിനു് മന്ത്രിമാരെ ഏല്പിച്ചു് ദിലീപൻ സുദക്ഷിണാസമേതനായി വസിഷ്ഠാശ്രമത്തിലേക്കു് പുറപ്പെട്ടു.

ആശ്രമത്തിലേക്കുള്ള യാത്ര രാജദമ്പതിമാക്കു് തുലോം ആനകന്ദകരമായി തോന്നി. തേരിൽ കയറി സഞ്ചരിക്കുമ്പോൾ, മാർഗ്ഗമദ്ധ്യത്തിൽ, കയിലുകൾ പഞ്ചസ്വരത്തിൽ പാടുന്നതും, മയിലുകൾ പീലിവിരുത്തി ആടുന്നതും, മാനുകൾ രഥധ്വനികേട്ടു് ഓടുന്നതും, കിളികൾ "ഇളയതേനുറുവീഴും വിധത്തിൽ" കൊഞ്ചുന്നതും രാജദമ്പതിമാരുടെ കണ്ണുകളേയും കണ്ണുങ്ങളേയും കുളിപ്പിച്ചു. ഇങ്ങനെ അത്യുന്മേഷത്തോടുകൂടി യാത്രചെയ്തു് അവർ അരുന്ധതീദേവിയോടൊരുമിച്ചു് വസിഷ്ഠമഹർഷി വസിച്ചരുളുന്ന പരിപാവനമായ ആശ്രമത്തിൽ എത്തിച്ചേർന്നു. ചെന്ന ഉടനെ രണ്ടുപേരും തേരിൽനിന്നിറങ്ങി വസിഷ്ഠനേയും അരുന്ധതിയേയും നമസ്കരിച്ചു. വസിഷ്ഠൻ അവരെ യഥോചിതം സ്വീകരിച്ചു് കുശലപ്രശ്നം ചെയ്തു.

വസിഷ്ഠൻ: — രാജാവേ, രാജ്യത്തിൽ എല്ലാവരും കുശലത്തോടുകൂടി വർത്തിക്കുന്നില്ലേ? അങ്ങയുടെ ഭരണത്തിൽ പ്രജകൾ സന്തുഷ്ടരായിരിക്കുന്നില്ലേ? ദാനധർമ്മാദികൾ മുടങ്ങാതെ നടക്കുന്നില്ലേ? ഇപ്പോളിങ്ങോട്ടു വരുവാൻ വിശേഷിച്ചെന്താണു് കാരണം?

ദിലീപൻ: — (തൊഴുതുകൊണ്ടു്) മുനീശ്വരാ, എന്റെ രാജ്യത്തിൽ എല്ലാവർക്കും ക്ഷേമംതന്നെ. അങ്ങയെയല്ലാതെ വരുമോ? രാജ്യം ഭരിക്കുന്നതു് ഞാനാണെങ്കിലും ഭരണത്തിന്റെ ഭാരം വഹിക്കുന്നതു് അങ്ങാണല്ലോ. അങ്ങയുടെ തപോനിഷ്ഠകൊണ്ടാണു് രാജ്യം ക്ഷേമൈശ്വര്യങ്ങളോടുകൂടി വർത്തിക്കുന്നതു്. ഇപ്പോൾ ഇങ്ങോട്ടു് വന്നതിനു് പ്രത്യേകം ഒരു കാരണമുണ്ടു്. എനിക്കു് എല്ലാ ഭാഗ്യങ്ങളും തികഞ്ഞിട്ടുണ്ടെങ്കിലും പുത്രഭാഗ്യം സിദ്ധിച്ചിട്ടില്ല. അതു വിചാരിച്ചുള്ള വ്യസനം ഞങ്ങളുടെ പൂർവ്വികന്മാരെ എപ്പോഴും ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇതുവരെ എന്റെ വംശത്തിൽ സന്തതിയില്ലാതെ മരിക്കുവാനിടയായവർ ആരുംതന്നെയില്ല; ഞങ്ങൾക്കു് അനപത്യതയാകുന്ന ദുഃഖത്തോടുകൂടി മരിക്കേണ്ടിവരുമോ എന്നു് ഭയമായിരിക്കുന്നു. എന്തുചെയ്താലാണു് സന്തതിയുണ്ടാവുക എന്നു് ഭയപ്പെട്ടു് അരുളിചെയ്യുമാറാകണം.

വസിഷ്ഠൻ: — (ജ്ഞാനദൃഷ്ടികൊണ്ടു് ദിലീപന്റെ അനപത്യതക്കുള്ള കാരണം കണ്ടിട്ടു്) അല്ലയോ മഹാപുരുഷാ, അങ്ങയ്ക്കു സന്തതിയുണ്ടാകാതിരുന്നതിനു് ഒരു കാര

ണമുണ്ട്. പണ്ടൊരിക്കൽ അങ്ങ് ഇന്ദ്രന്റെ ശത്രുക്കളെ സംഹരിക്കുന്നതിനുവേണ്ടി സപ്തർഷിമാരിൽപോയി തിരിച്ചു വരുമ്പോഴാണ് മാർഗ്ഗമദ്ധ്യത്തിൽ കല്പകവൃക്ഷത്തിന്റെ തണലിൽ കാമധേനു കിടക്കുന്നുണ്ടായിരുന്നു. പൂജ്യയായ ആ ദിവ്യധേനുവിനെ പൂജിക്കാതെ അങ്ങ് ഭൂമിയിലേക്ക് പോരികയാണുണ്ടായത്. പൂജ്യന്മാരെ പൂജിക്കാതിരിക്കുന്നതു് ശ്രേയസ്സിനു് പ്രതിബന്ധം വരുത്തും. അതാണ് അങ്ങയ്ക്ക് സന്തതിയുണ്ടാകുന്നതിനു് വിഘ്നമായിരിക്കുന്നതു്. ആ ദോഷത്തിനു് ഒരു പരിഹാരം ചെയ്താൽ മതി. കാമധേനുവിന്റെ പുത്രിയായ നന്ദിനി എന്റെ ഈ ആശ്രമത്തിൽ ഉണ്ട്. അവളെ കുറെക്കാലം അങ്ങ് ഭാര്യാസമേതനായി ശുശ്രൂഷിച്ചു് പ്രീതിപ്പെടുത്തുക. അങ്ങനെ ചെയ്താൽ അങ്ങയ്ക്ക് സുദക്ഷിണയിൽ മഹായോഗ്യനായ പുത്രൻ ഉണ്ടാകും.

പിറ്റെദിവസം മുതൽക്ക് ദിലീപൻ നന്ദിനിയെ ശുശ്രൂഷിക്കുവാൻ ആരംഭിച്ചു. നന്ദിനിയുടെ ശുശ്രൂഷ ഒരു വ്രതമായിട്ടാണ് ദിലീപനും സുദക്ഷിണയും ചെയ്തുവന്നതു്. പ്രഭാതസമയത്തു് സുദക്ഷിണ നന്ദിനിയെ ഗന്ധപുഷ്പങ്ങളെക്കൊണ്ടു് ആരാധിക്കും. പിന്നെ കുട്ടിയെ കുടിപ്പിച്ചു് കെട്ടിയാൽ രാജാവു് പശുവിനെ മേയുവാനായി കാട്ടിലേക്കു പിടും. കുറച്ചുദൂരത്തോളം സുദക്ഷിണ അനുയാത്രചെയ്യും. തദനന്തരം രാജാവു് പശുവിന്റെ അനുചരനായി അതിന്റെ പിന്നാലെ പോകും. അദ്ദേഹം സ്വാദുള്ള ഇളംപുല്ലുകൾ പൊട്ടിച്ചു് നന്ദിയ്ക്കു തിന്നുവാൻ കൊടുക്കും; കഴുത്തിലും മറ്റും യഥേഷ്ടം ചൊ

റുകിക്കൊടുക്കും; കാട്ടിച്ചകളെ ആട്ടിക്കളയും; അതിന്റെ സൈരഗമനത്തിന്നു് കരിക്കലും തടസ്ഥം ചെയ്കയുമില്ല. നന്ദിനി നില്ക്കുമ്പോൾ ദിലീപനും നില്ക്കും. കിടക്കുമ്പോൾ അദ്ദേഹം അരികത്തിരിക്കും. വെള്ളം കുടിക്കുമ്പോൾ രാജാവും വെള്ളം കുടിക്കും. ഇങ്ങനെ ദിലീപൻ നന്ദിനിയെ നിഴൽപോലെ പിൻതുടർന്നുപോകും. നേരം സന്ധ്യയായാൽ നന്ദിനി ആശ്രമത്തിലേക്കു് മടങ്ങും. കൂടെ രാജാവും മടങ്ങിപ്പോരും. ആശ്രമത്തിലെത്താറാകുമ്പോൾ സുദക്ഷിണ ഭർത്താവിന്റേയും പശുവിന്റേയും വരവും നോക്കി നില്ക്കുന്നുണ്ടായിരിക്കും. സുദക്ഷിണ അക്ഷതപാത്രം കയ്യിലെടുത്തു് നന്ദിനിയെ എതിരേറ്റു പ്രദക്ഷിണംവെച്ചു് നമസ്കരിച്ചു് കൊമ്പുകളുടെ മദ്ധ്യത്തിൽ പുഷ്പാർച്ചന ചെയ്യും. പശു ആശ്രമത്തിലെത്തിയാൽ രാജാവു് ഗുരുവിനെ വന്ദിച്ചു് സന്ധ്യാവന്ദനം കഴിക്കുകയും വീണ്ടും പശു കിടക്കുന്ന സ്ഥലത്തുതന്നെ ചെന്നു് അതിന്റെ രക്ഷാഭാരം വഹിക്കുകയും ചെയ്യും. പശുവിന്റെ സമീപത്തു് പുഷ്പോപഹാരം ചെയ്തു് വിളക്കു കൊളുത്തിവെക്കുകയും അതു് ഉറങ്ങുന്നതുവരെ രാജാവു് ഉറങ്ങാതിരിയ്ക്കുകയും ചെയ്യും. പിറ്റെദിവസം പ്രഭാതത്തിൽ നന്ദിനി ഉണരുന്നതിനു മുമ്പായിത്തന്നെ ദിലീപൻ ഉണർന്നെഴുന്നേല്ക്കും. ഇങ്ങനെ ഇരുപത്തൊന്നു ദിവസം സുദക്ഷിണാദേവിയും രാജാവും നന്ദിനിയെ ആരാധിച്ചു.

ഇരുപത്തിരണ്ടാംദിവസം ദിവ്യനായ ആ ധേനുതന്റെ അനുചരനായ രാജാവിന്നു് തന്റെ പേരിലുള്ള കേതിയെ പരീക്ഷിച്ചറിയുന്നതിനുവേണ്ടി മായകൊണ്ടു്

ഒരു സിംഹത്തെ സൃഷ്ടിച്ചു. അന്നു് നന്ദിനി ഗംഗാനദിയുടെ വെള്ളച്ചാട്ടത്തിന്നടുക്കൽ ധാരാളം പുല്ലുകളും മുളച്ചുനില്ക്കുന്ന ഒരു ഗുഹയുടെ ദ്വാരത്തിലേക്കാണു് മേയുവാൻ പോയതു്. അവിടെ ഹിമവാൻ പർവ്വതത്തിന്റെ കാഴ്ച അതിമനോഹരമായിരുന്നു. പ്രകൃതിസുന്ദരമായ ആ പർവ്വതത്തിന്റെ ശോഭാതിശയത്തിൽ ദിലീപന്റെ ദൃഷ്ടികളും കുറച്ചുനേരം വ്യാപരിച്ചു. അപ്പോഴേക്കും, ആ ദ്വേഹത്തിനു കാണുവാൻ കഴിയാത്തവിധത്തിൽ, ഒരു സിംഹം പെട്ടെന്നു് ചാടിവന്നു് നന്ദിനിയെ ബലമായി ആകർഷിച്ചു. സിംഹത്തിന്റെ ആക്രമണത്താൽ ഭയപരവശയായിത്തീർന്ന പശു ഉറക്കെ നിലവിളിക്കുവാൻ തുടങ്ങി. ആ നിലവിളി കേട്ടപ്പോഴെ രാജാവു് സിംഹത്തെ കണ്ടുള്ളു. കണ്ട ഉടനെ ദിലീപൻ സിംഹത്തെ അമ്പെയ്തു കൊല്ലുന്നതിനുവേണ്ടി ആവനാഴിയിൽനിന്നു് ശരമെടുക്കുവാൻ ഭാവിച്ചു. പക്ഷെ അദ്ദേഹത്തിന്റെ കൈ ശരത്തിന്റെ കടക്കൽ പിടിച്ചപടിതന്നെ സ്തംഭിച്ചുനിന്നുപോയി. കൈ അനക്കുവാൻ വയ്യാതായപ്പോൾ ദിലീപനുണ്ടായ അത്ഭുതവും കോപവും അവർണ്ണനീയമായിരുന്നു. അദ്ദേഹത്തിനുണ്ടായ അത്ഭുതത്തെ കൂടുതൽ വർദ്ധിപ്പിക്കുമാറു് ആ സിംഹം ഇങ്ങനെ പറഞ്ഞു: — "രാജാവേ, വെറുതേ ബുദ്ധിമുട്ടേണ്ട. എന്റെ നേർക്കു് അസ്ത്രം പ്രയോഗിച്ചാലും ഫലിക്കുകയില്ല. കാറിനു മരങ്ങളെ പറിച്ചുവീഴ്ത്താൻ കഴിയുമെങ്കിലും മലയെ കലുക്കുവാൻ സാധിക്കുന്നതല്ല. ഞാനാരാണെന്നു മനസ്സിലായോ? സാക്ഷാൽ പരമശിവന്റെ കിങ്കരനായ കുംഭോദരനാണു്

ഞാൻ. അതാ കണ്ടില്ലേ; ഒരു ദേവതാരുമരം! അതു പര മശിവനു് സ്വന്തം പുത്രനെപ്പോലെ പ്രിയപ്പെട്ടതാണു്. ശ്രീപാർവ്വതീദേവി സ്വയമായിത്തന്നെ പൊൻകുടങ്ങ ളിൽ വെള്ളമെടുത്തു നനച്ചാണു് അതിനെ വളർത്തിവരു ന്നതു്. ഒരിക്കൽ ഒരു കാട്ടാന ഈ മരത്തിന്മേൽ ക വിൾത്തടം ഉരക്കുകയും അപ്പോളതിനു് അല്പം പരുക്കു തട്ടുകയുംചെയ്തു. അന്നു മുതൽക്കു് കാട്ടാനകളെ ആട്ടിക്കാടി ക്കുന്നതിനുവേണ്ടി ശിവൻ എന്നെ ഒരു സിംഹമാക്കിവ ച്ചു് ഈ ദേവദാരുവിനെ കാക്കുന്നതിനായി ഈ ഗുഹാ ദ്വാരത്തിൽ നിറുത്തി. ഈ പ്രദേശത്തുവരുന്ന ജന്തുക്ക ളെ പിടിച്ചുതിനു് ഉപജീവനം നടത്തുവാനാണു് സ്വാ മി എന്നോടു് കല്പിച്ചിട്ടുള്ളതു്. പരമശിവൻതന്നെ എ ന്റെ ആഹാരത്തിനായി അയച്ചിട്ടുള്ളതാണു് ഈ പശു. ഇതിനെ തിന്നു് ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. അല്ലയോ രാജാവേ, അങ്ങു് മടങ്ങിപ്പോയ്ക്കൊള്ളു. പശുവിനെ ര ക്ഷിപ്പാൻ കഴിയാതെ പോയല്ലോ എന്നകരുതി ലജ്ജി ക്കേണ്ടതില്ല. രക്ഷിക്കേണ്ടവസ്തു ആയുധംകൊണ്ടു് രക്ഷി പ്പാൻ സാധിക്കുന്നതല്ലെങ്കിൽ ആയുധധാരികളുടെ യശ സ്സിനു യാതൊരു ഫായിയും വരുന്നതല്ല."

നന്ദിനിയെ പിടിക്കൂടിയ സിംഹം ഒരു സാധാരണ സിംഹമല്ലെന്നും, അതിന്റെ മേൽ ശരം പ്രയോഗി പ്പാൻ തനിക്കു് സാധിക്കാതെ വന്നതു് ശിവന്റെ പ്രഭാ വം നിമിത്തമാണെന്നും മനസ്സിലായപ്പോൾ ദിലീപനു് ആദ്യം തോന്നിയിരുന്ന മാനക്ഷയം അല്പമൊന്നു കു റഞ്ഞു. അദ്ദേഹം പറഞ്ഞു: —"അല്ലയോ മൃഗേന്ദ്ര, അ

ങ്ങും പ്രാണികളുടെ അന്തർഗതത്തെ ശരിക്കറിയുന്നവനാണല്ലോ. അതിയാൽ ഞാൻ എന്റെ സ്ഥിതി അങ്ങയെ ഗ്രഹിപ്പിക്കാം. ചരാചരങ്ങളായ പ്രപഞ്ചങ്ങളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്ക് കാരണഭൂതനായ പരമശിവൻ എന്നിയ്ക്കു സർവ്വഥാ മാന്യനാകുന്നു. എന്നാൽ, അതുപോലെതന്നെ ഗുരുവിന്റെ ധനമായ ഈ പശു എന്റെ മുമ്പിൽവെച്ചു് നശിച്ചു പോകുന്നതു് കണ്ടുകൊണ്ടിരിപ്പാൻ എനിക്കു സാദ്ധ്യമല്ല. അങ്ങയുടെ ഭോജനത്തിനു് വേറെ ഒരു വസ്തുവിനെ ഞാൻ തരാം. എന്റെ ഈ ശരീരം അങ്ങേക്കധീനമാകുന്നു. ഇതുകൊണ്ടു ശരീരവൃത്തിയെ നിർവ്വഹിക്കുവാനും, മുലകുടിക്കുന്ന ഒരു കൊച്ചു കുട്ടിയോടുകൂടിയ ഈ പശുവിനെ വിട്ടയക്കുവാനും അങ്ങേക്കു ദയവുണ്ടാകണം."

സിംഹം:—(ഉറക്കെ ചിരിച്ചുകൊണ്ടു്) "നിസ്സാരമായ ഒരു വസ്തുവിനെ രക്ഷിക്കുന്നതിനുവേണ്ടി മഹത്തായ പല വസ്തുക്കളേയും പരിത്യജിക്കുവാൻ സന്നദ്ധനായ അങ്ങു് ആലോചനാബുദ്ധിയില്ലാത്തവനാണെന്നു് എനിക്കു് തോന്നുന്നു. അങ്ങയുടെ ശരീരം ഉപേക്ഷിക്കുക എന്നതു് എത്ര വലിയൊരു കാര്യമാണു്! ഏകച്ഛത്രാധിപത്യം, ലോകപ്രഭുത്വം, യൌവനം മനോഹരമായ ശരീരം എന്നിവയൊക്കെയും ഈ പശുവിന്റെ രക്ഷയ്ക്കു വേണ്ടി ഉപേക്ഷിക്കുകയോ? ഭ്രാന്തനുകൂടി വിചാരിച്ചു് അങ്ങു് ശരീരം പരിത്യജിച്ചാൽ ഈ ഒരു പശുവിനു മാത്രമല്ലേ രക്ഷ കിട്ടുകയുള്ളൂ? അങ്ങു് ജീവിച്ചിരുന്നാലാകട്ടെ പ്രജകൾക്കൊക്കെയും രക്ഷലഭിക്കും. അപ്പോൾ ഏതാണു്

അങ്ങയുടെ കർത്തവ്യം? ഗുരുവിനെ ഭയപ്പെട്ടാണു് ഈ പശുവിനുവേണ്ടി ശരീരത്യാഗം ചെയ്യാൻ പുറപ്പെട്ടതെങ്കിൽ ഗുരുവിനെ പ്രസാദിപ്പിപ്പാൻ വേറെ വഴിയുണ്ടല്ലൊ. ഈ കുറു പശുവിനു പകരം അനേകം കോടി പശുക്കളെ ഗുരുവിനു കൊടുക്കുവാൻ അങ്ങയ്ക്കു പ്രയാസമുണ്ടാകയില്ല. അതിനാൽ, അല്ലയോ രാജാവേ, അങ്ങു് തീച്ചയായും സ്വന്തം ശരീരത്തെ സംരക്ഷിക്കണം.”

ദിലീപൻ: —മഹിമയുടെ സീംഹമേ, അങ്ങു പറഞ്ഞതുപോലെ ചെയ്യുന്നതു് ക്ഷാത്രധർമ്മത്തിനു ചേർന്നതല്ല. ക്ഷതത്തിൽനിന്നു് ത്രാണനം ചെയ്യുന്നതിനാലാണു് ക്ഷത്രിയനു് ക്ഷത്രസംജ്ഞതന്നെ സിദ്ധമായതു്. ക്ഷതത്രാണമെന്ന ധർമ്മം തെറ്റി നടക്കുന്ന രാജാവിനു് രാജ്യംകൊണ്ടും മാലിന്യമേറിയ പ്രാണനെക്കൊണ്ടും എന്തുഫലം? മറ്റു പശുക്കളെ പകരം കൊടുത്തു് ഗുരുവിനെ സമാധാനിപ്പിക്കാമെന്നു് അങ്ങു പറഞ്ഞുവല്ലൊ. അസാധ്യമായ കാര്യമാണതു്. ഈ പശു കുറു സാധാരണ പശുവല്ല. സാക്ഷാൽ കാമധേനുവിനെപ്പോലെയുള്ളതാകുന്നു. അങ്ങേക്കിതിനെ ഉപദ്രവിപ്പാൻ സാധിച്ചതു് പരമശിവന്റെ പ്രഭാവംകൊണ്ടു മാത്രമാണു്. അതിനാൽ, ഈ പശുവിനെ സ്വന്തം ശരീരം ഉപേക്ഷിച്ചിട്ടും രക്ഷിക്കുവാൻ ഞാൻ മുതലപ്പെട്ടിരിക്കുന്നു. അങ്ങനെ ചെയ്താൽ അങ്ങയുടെ ഭോജനം മുടങ്ങുകയില്ല; മഹർഷിയുടെ ദിവ്യധേനു നശിക്കുകയുമില്ല. അതിനാൽ എന്റെ ഈ ഭൌതികശരീരത്തിൽ അങ്ങേക്കു തോന്നുന്ന ദയ എന്റെ യശശ്ശരീരത്തിൽ ഉണ്ടായാൽ മതിയെന്നു് അറിയിച്ചു

കൊള്ളുന്നു. ഭൌതികശരീരം തീച്ചയായും കരിക്കൽ നശിക്കാതിരിക്കയില്ല; യശശ്ശരീരം മാത്രമാണ് അനശ്വരമായിട്ടുള്ളതു്.

ദിലീപൻ പറഞ്ഞ യുക്തിപൂർവ്വമായ വചനത്തെ സമ്മതിക്കാതിരിപ്പാൻ സിംഹത്തിന്നു കഴിഞ്ഞില്ല. തൽക്ഷണം അദ്ദേഹത്തിന്റെ ബാഹ്യസ്വരൂപം വേർപെട്ടു. അദ്ദേഹം ആയുധമുപേക്ഷിച്ചു് സ്വദേഹത്തെ കരുമാംസപിണ്ഡമെന്നപോലെ സിംഹത്തിന്റെ മുമ്പിൽ അർപ്പിക്കയുംചെയ്തു. സിംഹമാകട്ടെ മുഖം താഴ്ത്തി കീടക്കുന്ന ദിലീപന്റെ മേൽ, അത്യത്ഭുതമെന്നേ പറയേണ്ടു, സിംഹമല്ല വിദ്യാധരന്മാർ വർഷിച്ച പുഷ്പവൃഷ്ടിയാണു് നിപതിച്ചതു്. "വത്സ, എഴുന്നേല്ക്കൂ" എന്നിങ്ങനെ അമൃതതുല്യമായ വാക്കു കേട്ടിട്ടു് ദിലീപൻ എഴുന്നേറ്റു് നോക്കിയപ്പോൾ, കുട്ടിയെ കാണ്മാൻ ഴെന്നപോലെപാൽ ചുരത്തിക്കൊണ്ടും വാത്സല്യം പൊഴിയുന്ന ദൃഷ്ടികളെക്കൊണ്ടു് തന്നെ അനുഗ്രഹിച്ചു കൊണ്ടും നില്ക്കുന്ന നന്ദിനിയെയാണു് ദിലീപൻ കണ്ടതു്! സിംഹത്തെ എങ്ങും കണ്ടതുമില്ല. അപ്പോൾ അദ്ദേഹത്തിന്നുണ്ടായ വിസ്മയം അവർണ്ണനീയമായിരുന്നു. അദ്ദേഹത്തോടു നന്ദിനി പറഞ്ഞു: —"വത്സ, പരിഭ്രമിക്കേണ്ട. ഞാൻ മായകൊണ്ടൊരു സിംഹത്തെ സൃഷ്ടിച്ചു് അങ്ങയെ പരീക്ഷിക്കുകയാണു് ചെയ്തതു്. മഹർഷിയുടെ പ്രഭാവം നിമിത്തം അന്തകൻ വിചാരിച്ചാൽകൂടിയും എന്നെ ഉപദ്രവിക്കുവാൻ സാധിക്കുന്നതല്ല; പിന്നെ സിംഹാദികളായ ഹിംസ്രജന്തുക്കളെപ്പറ്റി

പറയേണ്ടതുണ്ടോ? അങ്ങക്കു് ഗുരുവിങ്കലുള്ള ഭക്തിയും എന്റെ പേരിലുള്ള അനുകമ്പയും കണ്ടു് ഞാൻ ഏറ്റവും പ്രീതയായിരിക്കുന്നു. അങ്ങു് ഇഷ്ടമുള്ള വരം വരിച്ചു കൊൾക. അഭീഷ്ടമായ വരത്തെ പ്രദാനംചെയ്യാൻ എനിക്കു കഴിവുണ്ടു്."

ദിലീപൻ:—അമ്മേ, ഭവതീ പ്രസന്നയായിരിക്കുന്നുവെങ്കിൽ എന്റെ വംശത്തിനു കർത്താവായും കീർത്തിമാനായുമുള്ള ഒരു പുത്രൻ സുദക്ഷിണയിൽ ഉണ്ടാകുവാൻ അനുഗ്രഹിക്കുമാറാകണം. ഇതാണു് എനിയ്ക്കു വേണ്ടതായ വരം.

നന്ദിനി:—അങ്ങനെ തന്നെ; അങ്ങക്കു് സുദക്ഷിണയിൽ അതിപരാക്രമിയും ധർമ്മശാലിയുമായ ഒരു വീരപുത്രൻ സംജാതനാകും. ഹേ പുത്ര, അങ്ങു് എന്റെ പാൽ ഒരിലക്കുമ്പിളിൽ കറന്നെടുത്തു് സേവിക്കണം. എന്നാൽ ഇച്ഛിച്ചകാര്യം സാധിക്കും.

ദിലീപൻ:—ഞാൻ അനുഗ്രഹീതനായി. കുട്ടികുടിച്ചതിന്റേയും മഹർഷിയുടെ ഹോമത്തിന്നെടുത്തതിന്റേയുംശേഷം ഭവതിയുടെ പാൽകറന്നു് സേവിക്കുവാനാണു് ഞാനാഗ്രഹിക്കുന്നതു്.

നന്ദിനി:—വളരെ നല്ലതു്. അങ്ങയുടെ ബുദ്ധിഗുണം അത്യന്തം പ്രശംസനീയമാകുന്നു.

ഇപ്രകാരം ദിലീപനെ അനുഗ്രഹിച്ചതിനുശേഷം വസിഷ്ഠധേനുവായ നന്ദിനി ഹിമവൽ ഗിരിയുടെ പരിസരത്തിൽനിന്നു വസിഷ്ഠാശ്രമത്തിലേയ്ക്കു തിരിച്ചുപോ

യി ആശ്രമത്തിൽ ചെന്ന ഉടനെ ദിലീപൻ നന്ദിനി അനുഗ്രഹിച്ച വിവരം മഹർഷിയേയും, അതിനുശേഷം സുദക്ഷിണയേയും അറിയിച്ചു. വസിഷ്ഠന്റെ അനുജ്ഞയോടുകൂടി, പൂർവ്വോക്തപ്രകാരം രാജാവു് നന്ദിനീസ്തന്യം കുറെനേരത്തു് സേവിക്കുകയും ചെയ്തു. അന്നു രാത്രിയിൽ ആശ്രമത്തിൽതന്നെ താമസിച്ചു് പിറേദിവസം കാലത്തു് നന്ദിനീസേവാവ്രതം അവസാനിപ്പിച്ചു്, ഗുരുവിന്റെ അനുഗ്രഹത്തോടുകൂടി രാജാവു് രാജധാനിയിലേയ്ക്കു പുറപ്പാടായി. വിധിപ്രകാരം ഹോമിക്കപ്പെട്ട അഗ്നിയേയും വസിഷ്ഠമഹർഷിയേയും, അരുന്ധതീദേവിയേയും, കൂട്ടിയോടുകൂടിയ നന്ദിനിയേയും പ്രദക്ഷിണംചെയ്തു നമസ്കരിച്ചതിനുശേഷം ദിലീപൻ സുദക്ഷിണയോടുകൂടി ആശ്രമത്തിൽനിന്നു പോയി അയോദ്ധ്യാരാജധാനിയിൽ ചെന്നുചേർന്നു.

അല്പകാലം കഴിഞ്ഞതിനുശേഷം സുദക്ഷിണാദേവി ഗർഭിണിയായി. ഗർഭലക്ഷണങ്ങൾ ഓരോന്നായി നാൾതോറും സ്പഷ്ടമായികാണപ്പെട്ടു. ഗർഭരക്ഷക്കും ഗർഭകാലത്തുണ്ടാകുന്ന അഭിലാഷങ്ങളുടെ പൂരണത്തിനും വേണ്ടതെല്ലാം മഹാരാജാവു് യഥാകാലം ചെയ്തു. ഗർഭം വളർന്നു് പരിപൂർത്തിയെ പ്രാപിച്ചതിനുശേഷം, "ഉച്ചത്തിൽ പഞ്ചഗ്രഹം നില്ക്കുന്ന കാലത്തിങ്കൽ" സുദക്ഷിണാദേവി അതിതേജസ്വിയായ ഒരു കുമാരനെ പ്രസവിച്ചു. പ്രസവസമയത്തു് ശുഭസൂചകങ്ങളായ ലക്ഷണങ്ങൾ പലതും കാണപ്പെട്ടു. മഹാരാജാവു് തനിക്കുണ്ടായ വിവരം വന്നറിയിച്ചവർക്കു് മഹാർഹങ്ങളായ പാരിതോഷികങ്ങൾ ലോ

ഭംഗികൂടാതെ കൊടുത്തു. കണ്ണും കരളും കവരുന്ന കുമാരന്റെ മുഖം കണ്ടപ്പോൾ പിതാവിനുണ്ടായ ആനന്ദം വാചാമഗോചരമായിരുന്നു. ജാതകർമ്മം മുതലായ വൈദികസംസ്കാരങ്ങൾ ദിലീപൻ തന്റെ പുരോഹിതനെക്കൊണ്ടു് ചെയ്യിക്കുകയും, പുത്രന്നു് രഘു എന്നു നാമകരണം ചെയ്കയും ചെയ്തു. രഘുകുമാരൻ ബാലചന്ദ്രനെന്നപോലെ പ്രതിദിനം വളർന്നു. വിദ്യാഗ്രഹണത്തിനുള്ള സമയമായപ്പോൾ ദിലീപൻ പുത്രനെ ഉപനയനം ചെയ്തു് വിപ്രോത്തമരും വിചക്ഷണന്മാരായ ഗുരുക്കന്മാരുടെ കീഴിലാക്കി വിദ്യകൾ പഠിപ്പിച്ചു. ബുദ്ധിക്കുവേണ്ട ഗുണങ്ങൾ തികഞ്ഞവനായ രഘു വിദ്യാഭ്യാസത്തിൽ നിപുണനായിത്തീർന്നു. ക്ഷത്രിയോചിതമായ ദണ്ഡനീതി മുതലായ വിദ്യകളും, സാമാന്യജ്ഞാനത്തിനുപകരിക്കുന്ന ഇതര വിദ്യകളും രഘു എളുപ്പത്തിൽ ഹൃദിസ്ഥമാക്കി. പുത്രനെ അസ്ത്രാഭ്യാസം ചെയ്യിച്ചതു, ദിലീപൻതന്നെയായിരുന്നു. വിദ്യകളെല്ലാം അഭ്യസിച്ചുകഴിഞ്ഞതോടുകൂടി രാജകുമാരൻ ശൈശവാവസ്ഥവിട്ടു് യൌവനത്തിലേക്കു് പ്രവേശിച്ചു. രഘു യൌവനം പ്രാപിച്ചപ്പോൾ ദിലീപചക്രവർത്തി അദ്ദേഹത്തെക്കൊണ്ടു് വിവാഹം കഴിപ്പിച്ചു. ഏതു രാജാവിന്റെ പുത്രിയെയാണു് രഘു വിവാഹം ചെയ്തതെന്നു് കവി വിശദമായി പറഞ്ഞിട്ടില്ല. രഘുവിനെ പരാക്രമത്തിന്റെയും ധർമ്മിഷ്ഠതയുടേയും കരുമൂർത്തിയായിട്ടാണു് കവി സങ്കല്പിച്ചിട്ടുള്ളതു്. "പ്രജായൈ ഗൃഹമേധിനാം" (രഘുവംശരാജാക്കന്മാർ സന്തതിക്കുവേണ്ടിയാണു് ഗൃഹസ്ഥന്മാരായിരിക്കുന്നതു്) എന്നു്

സാമാന്യമായി കവി ഈ വംശത്തിലെ രാജാക്കന്മാരെ പ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. അതുപ്രകാരം രഘുവും സന്തതിയ്ക്കായി വിവാഹം ചെയ്യണമെന്നല്ലാതെ കാമസുഖാനുഭവത്തിനുവേണ്ടി ദാമ്പത്യത്തിൽ പ്രവേശിക്കുകയുണ്ടായില്ല. വിവാഹംകൂടി കഴിഞ്ഞതിനുശേഷം ദിലീപൻ രഘുവിനെ യുവരാജാവായി അഭിഷേകംചെയ്തു.

തദനന്തരം ദിലീപചക്രവർത്തി തന്നെപ്പോലെയുള്ള സാധുജനങ്ങൾക്ക് ആവശ്യകരണീയമായ അശ്വമേധയാഗത്തിനു അനുഷ്ഠിക്കുവാൻ തീർച്ചയാക്കി. അശ്വമേധയാഗത്തിനുള്ള അശ്വത്തെ നാലുദിക്കുകളിലും പ്രദക്ഷിണം ചെയ്യിക്കണം; വല്ല സ്ഥലത്തും യജ്ഞദീക്ഷിതനായ രാജാവിനു കീഴടങ്ങാത്ത രാജവീരന്മാരുണ്ടെങ്കിൽ അവർക്ക് ആ അശ്വത്തെ പിടിച്ചുകെട്ടാം. അതിനാൽ മേധ്യാശ്വത്തിന്റെ സംരക്ഷണത്തിനു ശൂരനായ കരുവില്ലാളിയെ കൂടെ അയക്കുക പതിവുണ്ട്. ദിലീപന്റെ അശ്വരക്ഷാഭാരം കയ്യേറ്റതു രഘുതന്നെയായിരുന്നു. യാതൊരു പ്രതിബന്ധവും കൂടാതെ നാലുദിക്കുകളിലും സഞ്ചരിച്ചു കുതിര മടങ്ങിവന്നതിനുശേഷം ദിലീപൻ ആ രണ്ടുമായ അശ്വമേധത്തെ വിധിപ്രകാരം നിർവ്വഹിച്ചു. ഇങ്ങനെ കുറെ നൂറ് അശ്വമേധയാഗങ്ങൾ അദ്ദേഹം അനുഷ്ഠിച്ചു. യജ്ഞങ്ങളിൽവെച്ച് അത്യുത്തമമായ അശ്വമേധം ഇത്രയധികം പ്രാവശ്യം അനുഷ്ഠിച്ച രാജാക്കന്മാർ അപൂർവ്വമായിരുന്നു. രാജാധിരാജനായ ദിലീപനു നൂറാമത്തേതായി കുരുശ്വമേധംകൂടി ചെയ്യണമെ

ന്നുദ്ദേശമുണ്ടായി. അതുകൂടി ചെയ്താൽ അദ്ദേഹത്തിന്റെ ശ്രേയസ്സും യശസ്സും അതുല്യമായി പരിണമിക്കുമല്ലൊ.

നൂറാമത്തെ യാഗത്തിനായി മേധ്യാശ്വത്തെ വിട്ട പ്പോൾ സപ്തർഷിമാരിലൊരുവനായ ദേവേന്ദ്രൻ ശങ്കാകുലനായി പരിണമിച്ചു. ശതക്രതു (നൂറു യാഗംചെയ്തവൻ) എന്ന പേർ ഇന്ദ്രനുമാത്രം ഉള്ളതാകുന്നു. ദിലീപൻ നൂറാമത്തെ യാഗം നിർവ്വിഘ്നമായി നിർവ്വഹിച്ചാൽ ഇന്ദ്രപട്ടത്തിനു് അർഹനായിത്തീരും. അങ്ങനെ വരുന്നതായാൽ തനിയ്ക്കു സ്ഥാനഭ്രംശം സംഭവിക്കുമെന്നു് കരുതി ദേവേന്ദ്രൻ മായകൊണ്ടു് മേധ്യാശ്വത്തെ രക്ഷിജനങ്ങളാരും അറിയാതെ അപഹരിച്ചു. കുതിരയെ കൊണ്ടുപോകുന്ന ദേവേന്ദ്രൻ അദൃശ്യരൂപനായിരുന്നുവെങ്കിലും തൽക്ഷണം അവിടെ പ്രത്യക്ഷീഭവിച്ച നന്ദിനിയുടെ പ്രഭാവം നിമിത്തം വില്ലാളിയായ രഘുവിനു് ദേവേന്ദ്രനെ കാണുവാൻ കഴിഞ്ഞു. ആകാശമാർഗ്ഗിയായ ഇന്ദ്രനും ഭൂപൃഷ്ഠസ്ഥനായ രഘുവും തമ്മിൽ പലവിധം ദിവ്യാസ്ത്രങ്ങളെ പ്രയോഗിച്ചു് അതിഘോരമായ ഒരു സമരം അവിടെവെച്ചു നടത്തി. ആ യുദ്ധത്തിൽ സിംഹവിക്രമനായ രഘുവിനെ ജയിപ്പാൻ മറ്റൊരുപായം കാണായ്കയാൽ ഇന്ദ്രൻ തന്റെ വജ്രായുധംതന്നെ കുമാരന്റെ നേർക്കു് പ്രയോഗിച്ചു. പക്ഷെ, അത്ഭുതപ്രഭാവനായ രഘുവിനു് വജ്രപ്രഹരമേറ്റിട്ടും അപായം സംഭവിച്ചില്ല; സപല്ലനേരത്തെ ഒരു ബോധക്ഷയമേ ഉണ്ടായുള്ളൂ. വജ്രായുധം കൊണ്ടിട്ടു മരണം വരാത്തവർ ആരുംതന്നെയില്ലാത്തതിനാൽ അതു സഹിപ്പാൻ ശക്തനായ രഘുവിന്റെ

പേരിൽ ഇന്ദ്രനു് അളവറ്റ പ്രസാദം ഉളവായി. പ്രസന്നനായിത്തീർന്ന ഇന്ദ്രൻ പറഞ്ഞു: — "കുമാര, നീയെഴികെ വേറെ കുതിരയും എന്റെ ആയുധത്തെ സഹിക്കുകയുണ്ടായിട്ടില്ല അതിനാൽ നിന്നെക്കൊണ്ടു ഞാൻ പ്രീതനായിരിക്കുന്നു. ഈ കുതിരയെ കഴിച്ചു് വേറെ എന്തുവേണമെങ്കിലും നിനക്കു തരുവാൻ ഞാൻ തയ്യാറാണു്".

രഘു: — പ്രഭോ! കുതിരയെ ഒരു വിധത്തിലും വിട്ടുതരുവാൻ പാടില്ലെന്നു് അങ്ങു വിചാരിക്കുന്ന പക്ഷം യജ്ഞദീക്ഷിതനായ എന്റെ പിതാവിനു് യജ്ഞം വിധിപ്രകാരം സമാപ്തമായാൽ കിട്ടാവുന്ന ഫലം ലഭിയ്ക്കുമാറാകണം എന്നുതന്നെയല്ല, അങ്ങുതന്നെ ഒരു ദൂതനെ അയച്ചു് യജ്ഞശാലയിൽ സ്ഥിതിചെയ്യുന്ന പിതാവിനെ ഈ വിവരം ധരിപ്പിക്കുകയും വേണം.

ഇന്ദ്രൻ: — അപ്രകാരംതന്നെ ചെയ്യാം.

രഘു യുദ്ധം മതിയാക്കി മഹാരാജാവിന്റെ സന്നിധിയിലേയ്ക്കു തിരിച്ചു. അപ്പോഴേയ്ക്കും ഇന്ദ്രന്റെ ദൂതൻ മുഖേന ദിലീപൻ വിവരമെല്ലാം ഗ്രഹിച്ചു കഴിഞ്ഞിരുന്നു. പുത്രന്റെ ആശ്ചര്യകരമായ പരാക്രമംകൊണ്ടു് ഏറ്റവും സന്തുഷ്ടനായ ദിലീപചക്രവർത്തി യജ്ഞായുധമേറ്റു വ്രണപ്പെട്ടതായ അവന്റെ ദേഹം മാറോടണച്ചു് ആലിംഗനം ചെയ്തു.

തൊണ്ണൂറെണ്ണത്തു അശ്വമേധയാഗം ചെയ്കയും നൂറാമത്തെ യാഗത്തിന്റെ ഫലം ലഭിക്കുകയും ചെയ്കയാൽ സൂര്യവംശരാജാക്കന്മാരിൽവെച്ചു് അതുല്യമായ

സ്ഥാനത്തിനു് അഹ്നായിത്തിനു ദിലീപൻ യാഗാനന്തരം വിഷയങ്ങളിൽനിന്നു് നിവൃത്തനാകയും, യുവരാജാവായ രഘുവിനെ മഹാരാജാവായി വാഴിച്ചു് സുദക്ഷിണയോടുകൂടി വാനപ്രസ്ഥാശ്രമം സ്വീകരിച്ചു് കാട്ടിൽ പോയി തപസ്സുചെയ്തു് ആയുശ്ശേഷത്തെ നയിക്കുകയും ചെയ്തു.

രഘുവിന്റെ ചരിത്രം

പിതാവിനാൽ ഭരിക്കപ്പെട്ടതായ ചക്രവർത്തിസ്ഥാനത്തു രഘു അസാധാരണമായ തേജസ്സോടുകൂടി പ്രശോഭിച്ചു. അദ്ദേഹം സിംഹാസനാരോഹണംചെയ്ത വിവരം കേട്ടപ്പോഴം അന്യരാജ്യങ്ങളിലുള്ള രാജാക്കന്മാരുടെ ഹൃദയത്തിൽ മുമ്പു പുകഞ്ഞു കിടന്നിരുന്ന അഗ്നി പൊട്ടുന്നതെ ആളിക്കത്തി.

രഘുചക്രവർത്തി സൂര്യവംശത്തിലെ രാജാക്കന്മാരിൽ എല്ലാംകൊണ്ടും ശ്രേഷ്ഠനായിരുന്നു. അതുല്യമായ പരാക്രമം, അസാധാരണമായ ധർമ്മനിഷ്ഠ, അത്യുൽകൃഷ്ടമായ യശസ്സു് ഇവ സൂര്യവംശരാജാക്കന്മാർക്കു് സഹജമായിരുന്നു. രഘുവാകട്ടെ ഈ ഗുണങ്ങളെക്കൊണ്ടു് തന്റെ പൂർവ്വികന്മാരെ അതിശയിച്ചു. ദിലീപചക്രവർത്തി അശ്വമേധയാഗംകൊണ്ടാണല്ലൊ വിശ്വവ്യാപ്തമായ യശസ്സു സമ്പാദിച്ചതു്. തനിക്കു് വിശ്വജിത്തു് എന്നു പ്രസിദ്ധമായ മഹായാഗം അനുഷ്ഠിക്കേണമെന്നു് രഘു തീരുമാനിച്ചു. വിശ്വം മുഴുവനും ജയിച്ചു് സകല രാജാക്ക

ന്മാരുടേയും കയ്യിൽനിന്നു് കപ്പം വാങ്ങിയ രാജാവിന്നു മാത്രമേ വിശ്വജിത്തു് എന്ന യാഗം അനുഷ്ഠിക്കുവാൻ അധികാരമുള്ളു; ജയിച്ചു സമ്പാദിച്ച ധനം ഒരു കാശു പോലും ബാക്കിവെക്കാതെ ഈ യാഗത്തിന്റെ അവസാനത്തിൽ ദക്ഷിണചെയ്യുകയും വേണം. ഇങ്ങനെയുള്ള മഹായജ്ഞത്തെ അനുഷ്ഠിക്കുവാനാണു് രഘു ആഗ്രഹിച്ചതു്.

ഒരു സംവത്സരം ശരൽക്കാലം ആരംഭിച്ചപ്പോൾ രഘു ചക്രവർത്തി ദിഗ്ജയത്തിന്നുവേണ്ടി സൈന്യസമേതനായി പുറപ്പെട്ടു. യാത്രാമംഗളാർത്ഥമായി വേണ്ടുന്ന ഹോമാദിക്രിയകളും ചെയ്കയും, പൌരനാരിമാർ ആചാരലാജങ്ങളും അഭിവർഷിക്കുകയും ചെയ്തതിനുശേഷമാണു് അദ്ദേഹം യുദ്ധയാത്ര പുറപ്പെട്ടതു്. ഒന്നാമതു് അയോദ്ധ്യാപുരിയുടെ കിഴക്കെ ദിക്കിലേയ്ക്കും, പിന്നീടു് തെക്കേ ദിക്കിലേയ്ക്കും, തദനന്തരം പടിഞ്ഞാറെ ദിക്കിലേയ്ക്കും, ഒടുവിൽ വടക്കേദിക്കിലേയ്ക്കുമായി പ്രദക്ഷിണക്രമത്തിലാണു് യാത്രയുണ്ടായതു്. നാലുദിക്കുകളിലുമുള്ള സകല രാജാക്കന്മാരും ചക്രവർത്തിക്കു കീഴടങ്ങി കപ്പംകൊടുത്തു. കലിംഗരാജാവു്, യവനരാജാക്കന്മാർ തുടങ്ങിയുള്ള ഒർ ല്ലുഭം ചില രാജാക്കന്മാർ മാത്രമേ അദ്ദേഹത്തിന്നു കീഴടങ്ങുവാൻ കൂട്ടാക്കാതിരുന്നുള്ളു. അവരുമായി രഘു തുമുലമായ യുദ്ധം ചെയ്കയും, അതിൽ പരാജിതന്മാരാകയാൽ അവരും രഘുവിന്റെ ആധിപത്യം സ്വീകരിക്കുകയും ചെയ്തു. ഈ ദിഗ്ജയയാത്രയിൽ രഘു ഏതെല്ലാം രാജാക്കന്മാരെ കീഴടക്കിയോ അവരെയൊക്കെയും പിന്നീടുണ്ടായ വിശ്വജിത്തു് എന്ന യാഗത്തിന്നു ക്ഷണിക്കുക

യുണ്ടായി, എല്ലാ രാജാക്കന്മാരുടേയും സാന്നിദ്ധ്യത്തോടു കൂടി അദ്ദേഹം ആ മഹായാഗം വിധിപ്രകാരം അനുഷ്ഠിക്കുകയും യാഗാവസാനത്തിൽ തന്റെ സർവ്വസ്വവും ദക്ഷിണചെയ്കയും ചെയ്തു.

യാഗം കഴിഞ്ഞതിനുശേഷം രഘു ചക്രവർത്തിയുടെ ഭണ്ഡാരമുറിയിൽ കുറെ ചീല്ലിക്കാശുപോലും ശേഷിക്കുകയുണ്ടായില്ല. അങ്ങനെയിരിക്കുന്ന അവസരത്തിൽ വരതന്തു എന്ന മഹർഷിയുടെ ശിഷ്യനായ കൌത്സൻ ഗുരുദക്ഷിണക്കുവേണ്ട ധനം യാചിക്കുന്നതിനുവേണ്ടി രാജധാനിയിൽ വന്നുചേർന്നു. സ്വർണ്ണപാത്രങ്ങളെല്ലാം യാഗത്തിൽ ദാനം ചെയ്തുകഴിഞ്ഞിരുന്നതിനാൽ വെറും മൺപാത്രത്തിൽ പൂജാദ്രവ്യങ്ങൾ എടുത്തുകൊണ്ടാണു് രഘു കൌത്സനെ എതിരേറ്റതു്. വിധിപ്രകാരം പൂജിച്ചിരുത്തി കുശലപ്രശ്നം ചെയ്തതിനുശേഷം ചക്രവർത്തി അദ്ദേഹത്തോടു് ആഗമനകാരണം എന്തെന്നു ചോദിച്ചു.

കൌത്സൻ:—മഹാരാജാവേ, എന്റെ ആഗമനകാരണത്തെപ്പറ്റി ഇപ്പോൾ കുറും പറയേണമെന്നു തോന്നുന്നില്ല. സമയമതിക്രമിച്ചിട്ടാണു് ഞാൻ ഇവിടെ വന്നതെന്നു വിചാരിച്ചു് വിഷാദിക്കുകയാണു് ഞാൻ ചെയ്യുന്നതു്. അങ്ങു് സകല ദ്രവ്യങ്ങളും സൽപാത്രങ്ങളിൽ അർപ്പിച്ചു് ശരീരം മാത്രം ശേഷിച്ചുകൊണ്ടുള്ള നിലയിലാണു് ഇപ്പോൾ സ്ഥിതിചെയ്യുന്നതു്. അതിനാൽ തൽക്കാലം ഗുരുദക്ഷിണക്കുള്ള ധനത്തിനുവേണ്ടി അങ്ങയെ അലട്ടുവാൻ നിവൃത്തിയില്ലാതെ മറ്റൊരു ദാതാവിന്റെ അടുക്കലേക്കു് പോകുവാനാണു് ഞാനുദ്ദേശിക്കുന്നതു്.

ഇത്രയും പറഞ്ഞു് കൌത്സൻ തിരിച്ചുപോകുവാനുള്ള ശ്രമം തുടങ്ങി. അപ്പോൾ ചക്രവർത്തി പറഞ്ഞു: — "വരട്ടെ പോകുവാൻ. എന്തു വസ്തുവാണു് ഗുരുവിനു് ദക്ഷിണകൊടുക്കേണ്ടതു്? എത്രയാണു് ആവശ്യം?"

കൌത്സൻ: — അതു പറയാം. ഞാൻ ഗുരുവിന്റെ അടുക്കൽനിന്നു് വിദ്യകളെല്ലാം അഭ്യസിച്ചതിനുശേഷം ഗുരുദക്ഷിണചെയ്താൽ കൊള്ളാമെന്നു് ആഗ്രഹമുള്ളതായി അറിയിച്ചു. ഗുരുവാകട്ടെ എന്റെ ഭക്തിതന്നെ മതി ദക്ഷിണയെന്നും, വേറെ ഒന്നും ആവശ്യമില്ലെന്നും പറകയാണുണ്ടായതു്. അതു പോരാ, ദക്ഷിണയായി എന്തെങ്കിലും സ്വീകരിച്ചേ കഴിയൂ എന്നു ഞാൻ ശഠിച്ചു. എന്റെ നിർബ്ബന്ധം നിമിത്തം കൃപിതനായിത്തീർന്ന ഗുരു ഞാൻ ദരിദ്രനാണെന്നുള്ള കഥയോർക്കാതെ ഇങ്ങിനെ പറഞ്ഞു: — "ഓഹോ, അങ്ങനെയാണോ ഭാവം! എന്നാൽ പറയാം. നിനക്കു ഞാൻ പതിന്നാലു വിദ്യകളാണു് പഠിപ്പിച്ചിട്ടുള്ളതു്. ഓരോ വിദ്യക്കു് ഓരോ കോടി എന്ന കണക്കിൽ പതിനാലുകോടി സ്വർണ്ണം കൊണ്ടുവന്നു് ദക്ഷിണചെയ്യണം." അനല്പമായ ഈ ധനം യാചിക്കുന്നതിനുവേണ്ടിയാണു് ഞാൻ വന്നതു്. അങ്ങു് മൺപാത്രത്തിൽ പൂജാദ്രവ്യവുമെടുത്തു് വന്നതു കണ്ടപ്പോൾത്തന്നെ ഞാനൂഹിച്ചു, അങ്ങുക്കിപ്പോൾ പ്രഭു എന്ന ശബ്ദം മാത്രമേ ധനമായിട്ടുള്ളുവെന്നു്. എനിക്കാണെങ്കിൽ അനല്പമായ സംഖ്യ ആവശ്യമായുമിരിക്കുന്നു. അതിനാൽ ഞാനിപ്പോൾ അങ്ങയെ ഉപദ്രവിപ്പാൻ ഭാവമില്ല.

രഘു: — അത്ര ധൃതിപ്പെടേണ്ട. വിശിഷ്ടനായ അങ്ങ് എന്റെ ഹോമപ്പുരയിൽ രണ്ടുമൂന്നു ദിവസം താമസിക്കുക; അതിനിടയിൽ അങ്ങയുടെ കാര്യം സാധിപ്പിക്കുവാൻ ഞാൻ ശ്രമിക്കാം. ശാസ്ത്രങ്ങളുടെ മറുകര കണ്ട ഒരു മഹാൻ ഗുരുദക്ഷിണക്കുവേണ്ട ധനം യാചിച്ചു കൊണ്ട് രഘുവിന്റെ അടുക്കൽവന്നു കാര്യം സാധിക്കായ്കയാൽ വദാന്യനായ മറ്റൊരുവന്റെ സമീപത്തേക്കുപോയി എന്ന അപവാദം ഇംപ്രഥമമായി എനിക്കുണ്ടാവാതെ കഴിയട്ടെ.

രഘു പറഞ്ഞതിനെ കൌത്സൻ സമ്മതിച്ചു. രഘു യാകട്ടെ ആ മുനിശിഷ്യന്റെ അഭീഷ്ടം സാധിപ്പിക്കുവാൻ മാർഗ്ഗമെന്തെന്നു് ആലോചന തുടങ്ങി. ഗാഢമായി ചിന്തിച്ചതിനുശേഷം ധനാധിപനായ വൈശ്രവണനെ ജയിച്ചു് വേണ്ട ധനം ബലാൽക്കാരമായി കൊണ്ടുവരുവാനാണു് ചക്രവർത്തി തീരുമാനിച്ചതു്. യുദ്ധയാത്ര പുറപ്പെടുവാൻ ഭാവിക്കുന്ന വീരന്മാർ, പുറപ്പെടുന്നതിന്റെ തലേദിവസം രാത്രിയിൽ ആയുധങ്ങളെല്ലാം സജ്ജീകരിച്ചു് രഥത്തിൽ കിടക്കുക അക്കാലത്തു് ക്ഷത്രിയരുടെ ഇടയിൽ പതിവായിരുന്നു. കുബേരനെ ജയിപ്പാൻ പുറപ്പെട്ട രഘുവും അപ്രകാരംതന്നെ ചെയ്തു. രഘുവിന്റെ സംരംഭം ദിവ്യദൃഷ്ടികൊണ്ടറിഞ്ഞു കുബേരൻ ആ രാത്രിയിൽ അദ്ദേഹത്തിന്റെ ഭണ്ഡാരമുറിയിൽ സ്വർണ്ണവർഷംചെയ്തു. പ്രഭാതത്തിൽ അത്ഭുതകരമായ ഈ വൃത്താന്തം കോശഗൃഹത്തിലെ കാവൽക്കാർ ഓടിവന്നു് ചക്രവർത്തിയെ ഉണർത്തിക്കുകയും, അദ്ദേഹം ഉദ്ദിഷ്ടമായ യാത്ര വേണ്ടെന്നുവെക്കുകയും ചെയ്തു.

കുന്നുപോലെ കൂടിക്കിടക്കുന്ന ആ സ്വർണ്ണം മുഴുവനും ചക്രവർത്തി കൌത്സനു ദാനംചെയ്തു. ആ ധനം സംഖ്യകൊണ്ടു കണക്കാക്കുവാൻ സാധിക്കുന്നതല്ലായിരുന്നു. ഗുരുദക്ഷിണക്കു വേണ്ടതിലധികം തനിക്കാവശ്യമില്ലെന്നു കൌത്സൻ പറഞ്ഞു. "അങ്ങനെയല്ല. ഈ സ്വർണ്ണം മുഴുവനും അങ്ങക്കുവേണ്ടി കൊണ്ടുവന്നതാണു". ഇതെല്ലാം അങ്ങുതന്നെ സ്വീകരിച്ചേ കഴിയൂ" എന്നു രഘുവും ശഠിച്ചു. ദാതാവിന്റെ ഔദാര്യവും, അർത്ഥിയുടെ വൈരാഗ്യവും കണ്ടു് കാണികൾ അത്ഭുതപ്പെട്ടു. ദാനാവസാനത്തിൽ തല കുനിച്ചു് കൂപ്പുകയ്യോടെ നില്ക്കുന്ന ചക്രവർത്തിയോടു സന്തോഷപരവശനായ കൌത്സൻ പറഞ്ഞു: — "സാർവ്വഭൌമാ, ധർമ്മിഷ്ഠനായ ഒരു രാജാവിനു് ഭൂമിയിൽനിന്നു് ആവശ്യമുള്ള ധനം ലഭിക്കുമെങ്കിൽ അതിലാശ്ചര്യമില്ല. അങ്ങയുടെ പ്രഭാവം അതിലും കവിഞ്ഞതാണു്. അങ്ങക്കു് സ്വർഗ്ഗത്തിൽനിന്നുകൂടിയും ആവശ്യംപോലെ ധനം ലഭിക്കുന്നുവല്ലൊ. സകല ശ്രേയസ്സുകളും തികഞ്ഞിരിക്കുന്ന അങ്ങക്കു് വിശേഷിച്ചു് ഒരാശീർവാദവും ചെയ്യേണ്ടതില്ല. ഒരനുഗ്രഹം മാത്രം ഞാൻ തരുന്നു. അങ്ങക്കു് ആത്മാനുരൂപനായ ഒരു പുത്രൻ ലഭിക്കുമാറാകട്ടെ"

ഇപ്രകാരം അനുഗ്രഹിച്ചു് കൌത്സൻ യാത്രയായി. അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ രഘുവിനു് തന്റെ പട്ടമഹിഷിയിൽ യോഗ്യനായ ഒരു പുത്രൻ ജനിക്കുകയും രഘു അവനു് അജൻ എന്നു നാമകരണം ചെയ്യുകയും യഥാകാലം വിദ്യാഭ്യാസം ചെയ്തു് ക്ഷത്രിയർക്കു വേണ്ട

എല്ലാ വിദ്യകളിലും, വിശേഷിച്ച് ആയോധനവിദ്യയിലും നിപുണനായിത്തീർന്ന അജന്റെ വിവാഹം കഴിഞ്ഞതിനുശേഷം രഘുചക്രവർത്തി രാജസിംഹാസനം പുത്രനു് കഴിഞ്ഞുകൊടുത്തു.

അജന്റെ ചരിത്രം

അജൻ ധർമ്മിഷ്ഠനും പരാക്രമിയുമായ ഒരു ഭരണാധികാരി മാത്രമല്ല, കലാകുതുകിയും ദൃഢാനുരാഗത്തിനു് ഉദാഹരണവുമായ ഒരു മഹാനുഭാവൻകൂടിയായിരുന്നു. അദ്ദേഹത്തിനു യൌവനം തികഞ്ഞ കാലത്തു് വിദർഭാധിപതിയായ ഭോജരാജാവു് തന്റെ സഹോദരിയും, സുന്ദരീരത്നവുമായ ഇന്ദുമതിയുടെ സ്വയംവരം നിശ്ചയിച്ചു് സകല രാജാക്കന്മാരേയും ക്ഷണിച്ചുവരുത്തി. ഭോജഭൃതൻ അയോദ്ധ്യയിൽ വന്നു് രഘുവിനെ വിവരം അറിയിച്ചപ്പോൾ അദ്ദേഹം അജകുമാരനെ വിദർഭരാജധാനിലേക്കു സൈന്യങ്ങളോടുകൂടി പറഞ്ഞയച്ചു.

യാത്രാമദ്ധ്യത്തിൽ നർമ്മദാനദിയുടെ തീരത്തിൽ അജൻ താവളമടിച്ചു താമസിക്കുമ്പോൾ നദിയിൽ മുങ്ങിക്കിടന്നിരുന്ന ഒരു വലിയ കാട്ടാന കരക്കു കയറി അദ്ദേഹത്തിന്റെ സൈന്യങ്ങൾ നില്ക്കുന്ന സ്ഥലത്തെ ആക്രമിക്കുവാൻ വന്നു. കാട്ടാനയെക്കൊല്ലുന്നതു് ക്ഷത്രിയധർമ്മമല്ലായ്കയാൽ അജൻ അതിനെ പിന്തിരിപ്പിക്കുന്നതിനുവേണ്ടി മാത്രം പതുക്കെ ഒരു ശരം ആനയുടെ മസ്തകത്തിന്മേൽ പ്രയോഗിച്ചു. ശരമേറ്റതോടുകൂടി ആ കാ

ട്ടാന ഗജസ്വരൂപം വിട്ട് ദിവ്യമായ സ്വരൂപമവലം ബിച്ചു് ആകാശസ്ഥിതനായി രഘുവിൻെറ ശിരസ്സിൽ പുഷ്പവൃഷ്ടിചെയ്തു. അദ്ദേഹം പ്രിയദർശനൻ എന്ന ഗന്ധർവ്വരാജാവിൻെറ പ്രിയപുത്രനായ പ്രിയംവദനായിരുന്നു. മതംഗമഹർഷിയുടെ ശാപംകൊണ്ടാണു് ഗജമായിത്തീർന്നതു്. ശപിച്ചതിനുശേഷം പ്രിയംവദൻെറ അനുനയവചനംകൊണ്ടു് ശാന്തകോപനായ മഹർഷി, "ഇക്ഷ്വാകുവംശത്തിൽ പിറന്ന അജൻെറ ശരം മസ്തകത്തിന്മേൽ ഏല്ക്കുവാൻ നിനക്കിടയാകും. അപ്പോൾ നിനക്കു് വീണ്ടും ഗന്ധർവ്വരൂപം ലഭിക്കുകയും ചെയ്യും" എന്നു് ശാപമോക്ഷവും നല്കി. അതുപ്രകാരം ശാപമോചനം സിദ്ധിച്ചതിനാൽ പരമസന്തുഷ്ടനായ ആ ഗന്ധർവ്വൻ അജനോടു പറഞ്ഞു: — അജകുമാരാ, വളരെക്കാലമായി ഞാൻ അങ്ങയുടെ വരവു് കാത്തുകൊണ്ടിരിക്കുകയാണു്. പരാക്രമിയായ അങ്ങു് എന്നെ മുനിശാപത്തിൽനിന്നു മോചിപ്പിച്ചു. ഇതിനു പാരിതോഷികമായി എന്തെങ്കിലും ഞാൻ അങ്ങേക്കു നല്കേണ്ടതു് എൻെറ ധർമ്മമാകുന്നു. അതിനാൽ എൻെറ വകയായ സമ്മോഹനമെന്ന ദിവ്യാസ്ത്രം ഞാനങ്ങേക്കു ദാനം ചെയ്യാം. ഇതു മന്ത്രപൂർവ്വം പ്രയോഗിക്കേണ്ടതായ അസ്ത്രമാകുന്നു. പ്രയോഗിക്കുന്നതിനും ഉപസംഹരിക്കുന്നതിനും വേറെ വേറെ മന്ത്രങ്ങളുണ്ടു്. ഗാന്ധർവ്വമായ ഈ സമ്മോഹനാസ്ത്രം പ്രയോഗിച്ചാൽ ശത്രുക്കൾ മോഹാലസ്യപ്പെട്ടു നിലത്തു വീഴും; അവർക്കു് പ്രാണാപായം ഭവിക്കുകയുമില്ല. ഈ അസ്ത്രം അങ്ങു് സ്വീകരിക്കണം."

രഘു വിധിപ്രകാരം പ്രിയംവദനിൽനിന്നു് അസ്ത്രമന്ത്രം ഗ്രഹിച്ചതിനുശേഷം ഇന്ദുമതീസ്വയംവരത്തിനായി വിദർഭരാജധാനിയിൽ ചെന്നുചേർന്നു. സ്വയംവരത്തിനു് നാനാദേശങ്ങളിൽനിന്നും അനേകം രാജാക്കന്മാർ വന്നിരുന്നു. ഗുണവതിയായ ഇന്ദുമതി അവരെയെല്ലാം ഉപേക്ഷിച്ചു് അജകുമാരന്റെ കണ്ഠത്തിൽ സ്വയംവരമാല സമർപ്പിച്ചു. ഇതു് തങ്ങളോടു കാണിച്ച ഒരു ധിക്കാരമായിട്ടാണു് ഇന്ദുമതീകാമുകന്മാരായി വന്ന അന്യരാജാക്കന്മാർ കരുതിയതു്. സ്വയംവരമണ്ഡപത്തിൽ വെച്ചു് അവർ അക്രമപ്രവൃത്തികൾക്കു് കരുങ്ങുകയുണ്ടായില്ല. എങ്കിലും, സ്വയംവരം കഴിഞ്ഞു് ഇന്ദുമതിയോടുകൂടി അജൻ അയോദ്ധ്യാപുരിയിലേക്കു പോകുമ്പോൾ, അപമാനിതന്മാരായ രാജാക്കന്മാർ അദ്ദേഹത്തോടു യുദ്ധത്തിനൊരുങ്ങി. അജന്റെ പിതാവായ രഘുവിന്റെ പേരിൽ മിക്ക രാജാക്കന്മാർക്കും പൂർവ്വവൈരമുണ്ടായിരുന്നു. വൈരിയായ രഘുവിന്റെ പുത്രൻ സുന്ദരനായ ഇന്ദുമതിയെ സമ്പാദിച്ചതു് അവർക്കു് തീരെ അസഹ്യമായിത്തീർന്നു. മാർഗ്ഗമദ്ധ്യത്തിൽ അജന്റേയും വീരോധികളായ രാജാക്കന്മാരുടേയും സൈന്യങ്ങൾ തമ്മിൽ കൂട്ടിമുട്ടി അത്യുഗ്രമായ ഒരു സമരം നടത്തി. അതിൽ വെച്ചു് അജൻ പ്രിയംവദന്റെ കയ്യിൽനിന്നു സിദ്ധിച്ച സംമോഹനാസ്ത്രം പ്രയോഗിച്ചു് സകല രാജാക്കന്മാരേയും സൈന്യങ്ങളേയും മോഹാലസ്യപ്പെടുത്തുകയും, ജയഭേരിയോടുകൂടി തന്റെ രാജധാനിയിലേക്കു പോകയും ചെയ്തു. ഇന്ദുമതീസ്വയംവരം കഴിഞ്ഞു് അജൻ

തിരിച്ചെത്തിയതിനുശേഷമാണു് രഘു അദ്ദേഹത്തിനു് തന്റെ സിംഹാസനം ഒഴിഞ്ഞുകൊടുത്തതു്.

ചക്രവർത്തിയുടെ സിംഹാസനത്തിൽ ആരൂഢനായ അജൻ ധർമ്മത്തിൽനിന്നു് ലേശംപോലും തെറ്റാതെ പ്രജാപരിപാലനം നടത്തുവാൻ തുടങ്ങി. പുത്രൻമാർ രാജ്യഭാരം ഏല്പിച്ചുകഴിഞ്ഞാൽ പത്നീസമേതനായി കാട്ടിൽ ചെന്നു തപസ്സുചെയ്കയാണു് സൂര്യവംശരാജാക്കന്മാരുടെ പതിവു്. അതനുസരിച്ചു് രഘു തപോവനത്തിലേക്കു പോകുവാൻ പുറപ്പെട്ടപ്പോൾ അജൻ പിതാവിന്റെ വിരഹം സഹിപ്പാൻ ശക്തനാകാതെ തന്നെ ഉപേക്ഷിച്ചു പോകാതിരിപ്പാൻ ഒരുമ്പെടാകണമെന്നു് പിതാവിനോടപേക്ഷിച്ചു. ആ അപേക്ഷയെ സ്വീകരിച്ചു് അദ്ദേഹം വനഗമനത്തിൽനിന്നു് വിമുഖനായി രാജധാനിയുടെ പുറത്തു് കുറച്ചകലെ ഒരു പർണ്ണകുടീരത്തിൽ വസിച്ചുകൊണ്ടു് വാനപ്രസ്ഥധർമ്മമായ തപസ്സുചെയ്യുകയാണു് രഘു ചെയ്തതു്. രഘു സന്ന്യാസിവേഷം ധരിച്ചും അജൻ രാജവേഷമവലംബിച്ചും ഒരുപോലെ നയിച്ചു. അജൻ നീതിജ്ഞന്മാരായ മന്ത്രിമാരോടുകൂടി മന്ത്രാലോചനയിൽ ഏർപ്പെട്ടു; രഘുവാകട്ടെ മോക്ഷോപലബ്ധിക്കുവേണ്ടി യോഗിവര്യന്മാരുമായി സഹവസിച്ചു. രാജാവു് പ്രജാകാര്യങ്ങളെ അനപേക്ഷിക്കുന്നതിനുവേണ്ടി ധർമ്മാസനത്തിൽ സ്ഥിതിചെയ്തു; രഘുവാകട്ടെ ഈശ്വരധ്യാനത്തിനായി കുശവിഷ്ടരത്തിൽ ഉപവിഷ്ടനായി. അജൻ പ്രഭുശക്തികൊണ്ടു് ഭൂമിയിലുള്ള ശത്രുക്കളെയെല്ലാം കീഴടക്കി; രഘുവാകട്ടെ ധ്യാനശക്തികൊണ്ടു് ആന്തരശത്രു

ക്കളായ മദമാത്സര്യാദികളെ വിജയിച്ചു. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞതിനുശേഷം ഒരു ദിവസം രഘു യോഗാഗ്നിയിൽ ദേഹം ദഹിപ്പിച്ച് പരമസമാധിയടഞ്ഞു. പിതാവിന്റെ മരണത്തിനുശേഷം കുറച്ചുകാലം കഴിഞ്ഞപ്പോൾ അജനും ഇന്ദുമതിയിൽ സുപ്രസിദ്ധനായ ദശരഥൻ എന്ന പുത്രൻ ജനിച്ചു. ദശദിക്കുകളിലും തടവുകൂടാതെ പോകുന്ന രഥത്തോടുകൂടിയവനാകയാലാണ് അജന്റെ പുത്രനു് ദശരഥൻ എന്നു പേരുണ്ടായതു്.

അതിനുശേഷം ഒരു ദിവസം അജൻ ഇന്ദുമതിയോടുകൂടി നഗരത്തിലുള്ള ഉദ്യാനത്തിൽ വിഹരിക്കുവാൻ പോയി. രാജസ്ത്രീമാർ ഉദ്യാനത്തിലെ വൃക്ഷലതാദികളിൽ സമൃദ്ധമായി നില്ക്കുന്ന വിവിധകുസുമങ്ങളുടെ പരിമളമനുഭവിച്ചും, ഉദ്യാനശോഭയെ ദർശിച്ചും, കിളികളുടേയും പക്ഷികളുടേയും കർണ്ണാനന്ദകരമായ കളകൂജിതങ്ങളെ ശ്രവിച്ചും മതിമയങ്ങി ക്രീഡിച്ചുകൊണ്ടിരിക്കുമ്പോൾ മഹാമുനിയായ നാരദൻ ഗോകർണ്ണക്ഷേത്രത്തിലുള്ള പരമശിവനെ വീണവായിച്ചു സേവിക്കുന്നതിനുവേണ്ടി ആകാശമാർഗ്ഗത്തോടെ പോകുന്നുണ്ടായിരുന്നു. മുനിയുടെ വീണാഗ്രത്തിൽ ദിവ്യകുസുമങ്ങളെക്കൊണ്ടു് നിർമ്മിക്കപ്പെട്ട ഒരു മാല ചുറ്റിക്കെട്ടിയിരുന്നു. ആ മാല കാറ്റേറ്റിളകി കെട്ടഴിഞ്ഞു് കീഴ്പോട്ടുപോന്നു് ഇന്ദുമതിയുടെ മാറിടത്തിൽ വന്നു പതിച്ചു. അതോടുകൂടി സുന്ദരീരത്നമായ ഇന്ദുമതി പ്രാണൻപോയി വീഴുകയുംചെയ്തു. പെട്ടെന്നുണ്ടായ പ്രിയാവിയോഗത്താൽ പരവശനായിത്തീർന്ന അജൻ പലവിധത്തിലും വിലപിച്ചു പുഷ്പമാല

യ്ക്ക മനുഷ്യരുടെ പ്രാണനെ അപഹരിപ്പാൻ കഴിയുമെങ്കിൽ തന്റെ പ്രാണനെയും ഇതു് അപഹരിക്കട്ടെ എന്നു കരുതി അജൻ ആ മാല തന്റെ മാറിടത്തിൽവെച്ചു. പക്ഷെ, അദ്ദേഹത്തിനു അതുകൊണ്ടു് ഒരു കോട്ടവും വന്നില്ല. ചിലപ്പോൾ അമൃതം വിഷമായും, മറ്റു ചിലപ്പോൾ വിഷം അമൃതമായും വന്നേക്കാം. വിഷത്തെ അമൃതമാക്കുന്നതും അമൃതത്തെ വിഷമാക്കുന്നതും ഈശ്വരേച്ഛയാകുന്നു.

ഉദ്യാനത്തിൽ ക്രീഡിപ്പാൻ പോയപ്പോൾ ഇന്ദുമതി മരിച്ചുപോയതായും അജൻ സങ്കടം സഹിക്കാതെ ക്ലേശിക്കുന്നതായുമുള്ള വിവരം കുലഗുരുവായ വസിഷ്ഠമുനി ധ്യാനദൃഷ്ടികൊണ്ടു് മനസ്സിലാക്കി. ഉടനെ അദ്ദേഹം അജനെ സമാധാനപ്പിക്കുന്നതിനായ ഒരു ശിഷ്യനെ നിയോഗിച്ചയച്ചു. താൻ പൂജാവിധിയിൽ ഏർപ്പെട്ടിരുന്നതിനാലാണു വസിഷ്ഠൻ സന്ദേശത്തോടുകൂടി ശിഷ്യനെ പറഞ്ഞയച്ചതു്. ശിഷ്യൻ വന്നു് ഇങ്ങനെ അറിയിച്ചു:-

"മഹാരാജാവേ, വ്യസനിക്കേണ്ട. പണ്ടു് തൃണബിന്ദു എന്ന മഹർഷി അതിഘോരമായ തപസ്സുചെയ്തുണ്ടായി. ആ തപസ്സുകൊണ്ടു് ഭീതനായി ചമഞ്ഞ ദേവേന്ദ്രൻ അദ്ദേഹത്തിന്റെ തപസ്സിനു വിഘ്നംവരുത്തുവാൻ വേണ്ടി ഹരിണി എന്ന അപ്സരസ്ത്രീയെ പറഞ്ഞയച്ചു. അവൾ വന്നു് തന്റെ മുമ്പിൽവെച്ചു് ശൃംഗാരാദിനയം ചെയ്യുന്നതു കണ്ടപ്പോൾ മഹർഷി കുപിതനായി, അവൾ ഒരു മനുഷ്യസ്ത്രീയായി ജനിക്കട്ടെ എന്നു് ശപിച്ചു. ശാപാനന്തരം അനുനയവചനംകൊണ്ടു് ശാന്തകോപനായി

ട്ട്, ദിവ്യപുഷ്പം സ്വർഗ്ഗപ്രാപ്തിയാകുമ്പോൾ ശാപം തീരുമെന്നും അനുഗ്രഹിക്കുകയും ചെയ്തു. ആ ഹരിണിയാണ് വിദർഭവംശത്തിൽ ഇന്ദുമതിയായി പിറന്നത്. അതിനാൽ അങ്ങ് ഭാര്യാവിരഹംകൊണ്ട് ഖേദിക്കേണ്ട. ജനനം പ്രാപിച്ചവർക്ക് മരണം കൂടാതെ കഴികയില്ല. മരണം ശരീരികൾക്ക് സ്വാഭാവികമാകുന്നു. അതിനാൽ ശോകം ഉപേക്ഷിച്ച്, മരിച്ചുപോയ ഭാര്യയുടെ ഊർദ്ധ്വഗതിക്കു വേണ്ടതായ ക്രിയകൾ ചെയ്യുക."

മഹർഷിയുടെ സന്ദേശംകൊണ്ട് അജൻ സമാധാനിച്ചുവെങ്കിലും തന്റെ അനുരാഗപാത്രവും സർവ്വലക്ഷണസമ്പന്നയുമായ ഇന്ദുമതിയുടെ വേർപാടുനിമിത്തമുള്ള ശോകം അദ്ദേഹത്തിന്റെ ഹൃദയത്തെ കരണ്ടുതിന്നുകൊണ്ടിരുന്നു. പുത്രനായ ദശരഥൻ ബാല്യപ്രായത്തിൽ ഇരിക്കുന്നതിനാൽ അവനു യൌവനമാകുന്നതുവരെ എട്ടു സംവത്സരം കാലം അജൻ ജീവിതത്തെ കരുവിധം ഉന്തിനീക്കി. ഉമിത്തീപോലെ ഉള്ളിൽ നീറിക്കിടന്നിരുന്ന ശോകാഗ്നി അജനെ കരു രോഗിയാക്കിത്തീർത്തു. വൈദ്യന്മാരുടെ ചികിത്സകൾകൊണ്ട് ശമിക്കാത്തതായ ആ രോഗം അദ്ദേഹത്തിന്റെ പ്രാണാവസാനത്തിനും ഹേതുവായി. കരു ദിവസം അജൻ ഗംഗാനദിയും സരയൂനദിയും കൂടിച്ചേരുന്ന പുണ്യതീർത്ഥത്തിൽ ചാടി ദേഹത്യാഗം ചെയ്തും, സ്വർഗ്ഗംപ്രാപിച്ച് തന്റെ പൂർവ്വകാന്തയോട് കൂടിച്ചേരുകയും ചെയ്തു.

ദശരഥ ചരിതം

ശ്രീരഥനെ മഹാരാജാവായി വാഴിച്ചതിനുശേഷമാണ് അജചക്രവർത്തി ദേഹത്യാഗം ചെയ്തത്. ദശരഥൻ സിംഹാസനാരോഹണം ചെയ്തതിനുശേഷം നീതിയും ധർമ്മവും പിഴയ്ക്കാതെ പ്രജാപരിപാലനം ചെയ്വാൻ തുടങ്ങി. അദ്ദേഹത്തിനു കോസലരാജാവിന്റെ പുത്രിയായ കൌസല്യാ, കേകയരാജാവിന്റെ മകളായ കൈകേയി, മഗധരാജാവിന്റെ സുതയായ സുമിത്ര എന്നിങ്ങനെ മൂന്നു ഭാര്യമാരുണ്ടായിരുന്നു.

ദശരഥൻ ഒരിക്കൽ ദേവേന്ദ്രന്റെ ആവശ്യപ്രകാരം സ്വർഗ്ഗലോകത്തിൽ പോകയും, അസുരന്മാരുമായുള്ള യുദ്ധത്തിൽ ഇന്ദ്രനെ സഹായിക്കുകയും, സന്തുഷ്ടനായ ഇന്ദ്രനാൽ അർദ്ധാസനത്തിലിരുത്തി പൂജിക്കപ്പെടുകയും ചെയ്തുണ്ടായി. ഇന്ദ്രശത്രുക്കളായ അസുരന്മാർക്ക് ദശരഥന്റെ പേർ ഭയാവഹമായിരുന്നു. സുരസ്ത്രീകൾ അദ്ദേഹത്തിന്റെ യശസ്സിനെ അനവരതം ഗാനംചെയ്തുകൊണ്ടിരുന്നു. അദ്ദേഹം അനേകം അശ്വമേധയാഗങ്ങൾ അനുഷ്ഠിക്കുകയുണ്ടായി. തമസാനദിയുടേയും സരയൂനദിയുടേയും തീരപ്രദേശങ്ങളിൽ ദശരഥചക്രവർത്തിചെയ്ത അശ്വമേധങ്ങളിൽ നാട്ടിയ യജ്ഞസ്തംഭങ്ങൾ അദ്ദേഹത്തിന്റെ വിജയസ്തംഭങ്ങളോ എന്നു തോന്നുമാറു വിശേഷണ ശോഭിച്ചു.

ഒരിക്കൽ ദശരഥന്റെ പ്രജകൾ സംഘംചേർന്നു രാജധാനിയിൽ വന്നു കാട്ടുമൃഗങ്ങൾ നാട്ടുപുറങ്ങളിലിറ

ങ്ങിവന്നു് നാട്ടുകാക്കും കൃഷി മുതലായവയ്ക്കും വളരെ കെടു
തൽ ചെയ്യുന്നുണ്ടെന്നും അതിനൊരു നിവാരണം വരു
ത്തിത്തരണമെന്നും അപേക്ഷിച്ചു. അവരുടെ അപേക്ഷ
യനുസരിച്ചു് അദ്ദേഹം കാട്ടിൽപോയി വന്യമൃഗങ്ങളെ
വേട്ടയാടി കൊല്ലുവാൻ തീരുമാനിച്ചു. നായാട്ടു് രാജാ
ക്കന്മാക്കുള്ള സപ്തവ്യസനങ്ങളിൽ ഒന്നാകുന്നു. ധർമ്മതല്പ
രന്മാരായ രാജാക്കന്മാർ അത്യാവശ്യമുള്ള ഘട്ടങ്ങളിൽമാ
ത്രമേ നായാട്ടിനു പുറപ്പെടുകയുള്ളു. രാജ്യരക്ഷയ്ക്കു് അ
തല്ലാതെ ഉപായാന്തരമില്ലായ്കയാൽ ദശരഥൻ അതു ചെ
യ്വാൻ സന്നദ്ധനായതാണു്.

ഏതാനും കാലത്തേക്കു് ദശരഥൻ കാട്ടിൽത്തന്നെ
സൈന്യസമേതം പാർപ്പാക്കി. പ്രഥമദിവസം കാട്ടിലെ
ക്രൂരമൃഗപ്രദേശത്തുചെന്നു നായാട്ടുചെയ്തു് അദ്ദേഹം അനേ
കമധികം ദുഷ്ടമൃഗങ്ങളെ സംഹരിച്ചു. അതിനിടയിൽ ഒരു
ദിവസം അദ്ദേഹം കുതിരപ്പുറത്തു കയറി ഒരു മാനിനെ
പിൻതുടർന്നുകൊണ്ടു് തമസാനദിയുടെ സമീപത്തുചെന്നു
ചേർന്നു. രാജാവുപോയതു് അനുചരന്മാരാരും കണ്ടില്ല.
തമസാനദിയുടെ തീരപ്രദേശങ്ങളിൽ അനേകം താപസ
ന്മാർ പർണ്ണശാലകൾകെട്ടി തപസ്സുചെയ്തു താമസിക്കുന്നു
ണ്ടായിരുന്നു. അശ്രദ്ധനായി സഞ്ചരിക്കുന്ന ദശര
ഥൻ നദിയിൽനിന്നു് ആരോ കുടത്തിൽ വെള്ളം മുക്കു
ന്ന ശബ്ദം കേട്ടു് ആന തുമ്പിക്കൈകൊണ്ടു് നീരെടുക്കു
യാണെന്നു തെറ്റിദ്ധരിച്ചു് ശബ്ദവേധിയായ ശരസ്സും
പ്രയോഗിച്ചു. കാട്ടാനയെ കൊല്ലുവാൻ അസ്ത്രമയക്കുന്ന
തു് രാജാക്കന്മാക്കു് വിഹിതമല്ലെന്നു് അറിവുണ്ടായിരു

ന്നുവെങ്കിലും തല്ക്കാലം ദശരഥൻ അതൊന്നും കാത്തില്ല. അറിവുള്ളവർപോലും ആപൽക്കാലങ്ങളിൽ അജ്ഞന്മാരെപ്പോലെ പ്രവർത്തിക്കുക പതിവാണല്ലൊ. ശരപ്രയോഗത്തെത്തുടർന്നു് "അയ്യോ, അച്ഛാ, അയ്യോ അച്ഛാ" എന്നിങ്ങനെ ദയനീയമായ ഒരു ശബ്ദം കേൾക്കുമാറായി. അതു കേട്ടസ്ഥലത്തുചെന്നു നോക്കിയപ്പോൾ, അമ്പു കൊണ്ടതു് കുടത്തിൽ വെള്ളംമുക്കുന്ന ഒരു മുനികുമാരന്റെ മേലാണെന്നു് മനസ്സിലായി. ആ മുനികുമാരന്റെ അച്ഛനമ്മമാർ വളരെ വയസ്സുചെന്നു് കണ്ണുകാഴ്ച യില്ലാതെ വസിക്കുന്നവരായിരുന്നു. അവരുടെ ആവശ്യത്തിനുവേണ്ടി വെള്ളം കൊണ്ടുപോകുവാനാണു് കുമാരൻ നദിയിലേയ്ക്കു പോയിരുന്നതു്. അസ്ത്രപ്രഹരത്താൽ ക്ഷീണനായിത്തീർന്ന ബാലൻ ദശരഥനോടു് ഒന്നുരണ്ടു് വാക്കുകൾ സംസാരിച്ചപ്പോഴേയ്ക്കും മരണമടഞ്ഞു. രാജാവു് ആ ബാലന്റെ ശരീരത്തിൽ തറച്ച അസ്ത്രം വലിച്ചെടുക്കാതെതന്നെ അവനെ അച്ഛനമ്മമാരുടെ അടുക്കലേയ്ക്കു കൊണ്ടുപോയി. തനിക്കു് അറിയാതെ പിണഞ്ഞുപോയ അബദ്ധം ക്ഷമിക്കേണമെന്നു് മുനിദമ്പതിമാരോടു് അപേക്ഷിച്ചു. അവർ പുത്രശോകത്താൽ വളരെ വിലപിച്ചു; മുനിവൃദ്ധൻ സങ്കടത്തോടുകൂടി ദശരഥനെ ശപിക്കുകയും ചെയ്തു. "രാജാവേ, അങ്ങയ്ക്കും എനിക്കെന്നപോലെ പുത്രശോകത്തോടുകൂടി മരണം ഭവിക്കട്ടെ." എന്നായിരുന്നു മുനിയുടെ ശാപം.

ദശരഥൻ:—മുനീശ്വരാ, അങ്ങയുടെ ഈ ശാപം എന്നെസംബന്ധിച്ചേടത്തോളം കേവലം ഒരു ശാപമല്ല;

ഈ ശാപത്തിൽ അനുഗ്രഹംകൂടി അടങ്ങിയിരിക്കുന്നുണ്ട്. എനിക്ക് ഒരു പുത്രന്റെ മുഖം കാണുവാൻ ഭാഗ്യമുണ്ടായിട്ടില്ല. പുത്രശോകത്തോടുകൂടി മരിക്കുമെന്നുള്ള ശാപത്തിൽ പുത്രനുണ്ടാകട്ടെയെന്നുള്ള അനുഗ്രഹംകൂടി അടങ്ങിയിരിക്കുന്നുണ്ടല്ലോ. അതിരിക്കട്ടെ. ഈ ക്രൂരപ്രവൃത്തിചെയ്ത ഞാൻ അങ്ങയുടെ മുമ്പിൽ വധ്യനായ ഒരു കുറക്കാരനായിട്ടാണ് നില്ക്കുന്നതു്. എന്റെ കുറത്തിനു് അങ്ങുതരുന്ന ശിക്ഷ അനുഭവിപ്പാൻ തയ്യാറാണ്.

മുനിപുങ്ഗവൻ:—അങ്ങയുടെ കുറം അറിയാതെ ചെയ്തതാകകൊണ്ടു് ക്ഷന്തവ്യമാകുന്നു. എന്റെ പുത്രൻ മരിച്ചുപോയല്ലൊ. അവനോടുകൂടി ഞങ്ങളേയും അങ്ങു് ദഹിപ്പിക്കണം. വേറെ കുനും ഞങ്ങൾക്കുവേണ്ടി ചെയ്യേണ്ടതില്ല.

ഇങ്ങനെ സംസാരിക്കുന്നതിനിടയിൽ സംഘം തെറ്റി പിരിഞ്ഞുപോയ മഹാരാജാവിനെ തിരഞ്ഞു് അനുചരന്മാർ അദ്ദേഹത്തിന്റെ സമീപത്തെത്തി. അവരെക്കൊണ്ടു് ചിതയും ചിറകും തയ്യാറാക്കിച്ചു് ദശരഥൻ മുനിമിഥുനത്തിന്റേയും പുത്രന്റേയും മൃതദേഹങ്ങളെ ദഹിപ്പിച്ചു. പിന്നെ ശാപമാകുന്ന ശല്യം ഉള്ളിൽ ധരിച്ചുകൊണ്ടു് ദശരഥൻ സ്ഥലംവിട്ടു.

അക്കാലത്തു് രാക്ഷസചക്രവർത്തിയായ രാവണൻ സ്വർഗ്ഗം, ഭൂമി, പാതാളം എന്നു മൂന്നു ലോകങ്ങളേയും ജയിച്ചു കീഴടക്കി അവയിലെ നിവാസികളെ കഠിനമായി ദ്രോഹിക്കുകയാൽ ത്രൈലോക്യത്തിൽ ആർക്കും ഇരിക്ക

പ്പൊറുതിയില്ലാതായി. യാഗാദികളായ സൽക്കർമ്മങ്ങളും എല്ലാം മുടങ്ങി. ലോകത്തിനു സംഭവിച്ച ഈ അനർത്ഥത്തെ നിവാരണം ചെയ്യുന്നതിനുവേണ്ടി ദേവന്മാർ പാലാഴിയുടെ തീരത്തുചെന്നു, ആയിരം ഫണങ്ങളുള്ള അനന്തനാകുന്ന മെത്തമേൽ പള്ളികൊള്ളുന്ന ശ്രീ നാരായണമൂർത്തിയെ ദിവ്യസ്തോത്രങ്ങളെക്കൊണ്ടു സ്തുതിച്ചു. ഭഗവാൻ യോഗനിദ്രയിൽനിന്നുണർന്നു ദേവന്മാരോടു അവരുടെ സങ്കടത്തിനു കാരണമെന്തെന്നു ചോദിക്കുകയും, തദവസരത്തിൽ അവർ വിനയത്തോടുകൂടി, ബ്രഹ്മാവിന്റെ വരത്താൽ ഗർവ്വിതനായ ദശാനനന്റെ ചേഷ്ടിതങ്ങളെ ഉണർത്തിക്കയും ചെയ്തു. അതുകേട്ടു ശ്രീ നാരായണൻ അരുളിച്ചെയ്തു:—"മനുഷ്യർക്കു മാത്രമേ രാവണനെ കൊല്ലുവാൻ സാധിക്കയുള്ളു. അതിനാൽ ഞാൻ അയോദ്ധ്യാധിപതിയായ ദശരഥചക്രവർത്തിയുടെ പുത്രനായി പിറന്നു, അവനെക്കൊന്നു നിങ്ങളുടെ സങ്കടം തീർത്തുതരാം. നിങ്ങൾ സമാധാനത്തോടുകൂടി അവരവരുടെ സ്ഥാനങ്ങളിലേയ്ക്കു മടങ്ങിക്കൊള്ളുവിൻ."

പിന്നെ അല്പകാലംകൂടി കഴിഞ്ഞു. അയോദ്ധ്യാധിപതിയായ ദശരഥൻ, തന്റെ പത്നിമാരായ കൌസല്യ തുടങ്ങിയുള്ള മൂന്നു പേരിലും സന്തതിയുണ്ടാകുന്നതിന്റെ ലക്ഷണം കാണായ്കയാൽ അത്യന്തം വിഷണ്ണനായിത്തീർന്നു. അദ്ദേഹം വിഭാണ്ഡകമുനിയുടെ പുത്രനും, തന്റെ ഏക പുത്രിയായ ശാന്തയുടെ ഭർത്താവും, അംഗരാജ്യത്തിൽ പന്ത്രണ്ടുകാലം മഴ പെയ്യാതായപ്പോൾ തന്റെ ദിവ്യപ്രഭാവംകൊണ്ടു മഴ പെയ്യിച്ചവനുമായ

ശൃശൃശൃംഗമഹർഷിയെ വരുത്തി, വസിഷ്ഠമുനിയുടെ ഉപദേശപ്രകാരം സരയൂനദിയുടെ തീരത്തിൽവെച്ച് വിധിപ്രകാരം അശ്വമേധയാഗം അനുഷ്ഠിച്ചതിനുശേഷം, പുത്രോൽപത്തിക്കു വേണ്ടിയുള്ള പുത്രകാമേഷ്ടി എന്ന യജ്ഞംചെയ്തു. യജ്ഞാന്തത്തിൽ ഹോമകുണ്ഡത്തിൽനിന്നു സ്വർണ്ണപാത്രത്തിൽ പായസാന്നമെടുത്തുകൊണ്ട് ഒരു പുരുഷൻ പൊങ്ങിവന്നു. ദിവ്യനായ ആ പുരുഷൻ ബ്രഹ്മാവിനാൽ അയക്കപ്പെട്ടവനായിരുന്നു. അദ്ദേഹം നല്ലി പായസം ഭക്തിപൂർവ്വം സ്വീകരിച്ച് അദ്ദേഹം തന്റെ പത്നിമാർക്കു ഭക്ഷിപ്പാൻ കൊടുത്തു. പായസത്തിൽ പകുതി ജ്യേഷ്ഠപത്നിയായ കൌസല്യക്കും, മറേറ പകുതി കൈകേയിക്കും ദശരഥൻകൊടുത്തു. അവർ രണ്ടുപേരും തങ്ങൾക്കു കിട്ടിയതിൽ പകുതിവീതം സുമിത്രാദേവിക്കും കൊടുത്തു. പായസപ്രഭാവത്താൽ ദശരഥപത്നിമാർ മൂന്നുപേരും താമസിയാതെ ഗർഭംധരിച്ചു. പത്തുമാസം തികഞ്ഞപ്പോൾ കൌസല്യാദേവിയുടെ തിരുമകനായിട്ട് ശ്രീ നാരായണൻ അവതാരംചെയ്തു. തദനന്തരം കൈകേയി ഒരു പുത്രനേയും, സുമിത്ര രണ്ടു പുത്രന്മാരേയും പ്രസവിച്ചു. കൌസല്യാപുത്രനു് രാമനെന്നും, കൈകേയീതനയനു് ഭരതനെന്നും, സുമിത്രാപുത്രന്മാർക്കു് ലക്ഷ്മണശത്രുഘ്നന്മാരെന്നും ദശരഥൻ നാമകരണംചെയ്തു.

ദശരഥന്റെ പുത്രന്മാർ തമ്മിൽതമ്മിൽ സ്നേഹത്തോടുകൂടി ക്രമത്തിൽ വളർന്നു, വിദ്യാഭ്യാസം ചെയ്തു, സകല വിദ്യകളിലും നൈപുണ്യം നേടി. അങ്ങനെയി

ിക്കുന്ന കാലത്തു് മഹാതപസ്വിയായ വിശ്വാമിത്രമുനി തന്റെ യാഗം രക്ഷിക്കുന്നതിനുവേണ്ടി രാമലക്ഷ്മണന്മാരെ അയച്ചുതരേണമെന്നു് അപേക്ഷിച്ചപ്രകാരം ദശരഥൻ അവരെ അദ്ദേഹത്തോടൊരുമിച്ചു് പറഞ്ഞയച്ചു. വിശ്വാമിത്രാശ്രമത്തിലേയ്ക്കു പോകുന്ന വഴിയിൽവെച്ചു്, മുനിയുടെ ആജ്ഞപ്രകാരം ശ്രീരാമൻ താടക എന്ന ഘോരരൂപിണിയായ രാക്ഷസിയെ വധിച്ചു. വിശ്വാമിത്രൻ ആശ്രമത്തിൽ ചെന്നു് യാഗമാരംഭിച്ചപ്പോൾ മാരീചൻ, സുബാഹു മുതലായ രാക്ഷസന്മാർ ആ യാഗം മുടക്കുവാൻ വന്നു. ശ്രീരാമൻ താടകപുത്രനും, മായാവിയുമായ മാരീചനെ വായുവ്യാസ്ത്രംകൊണ്ടു് പഞ്ഞിപോലെ പാപാരപ്പിക്കുകയും സുബാഹു മുതൽപേരെ വധിക്കുകയും ചെയ്തു് മുനിയുടെ യാഗം രക്ഷിച്ചു.

യാഗം കഴിഞ്ഞതിനുശേഷം സന്തുഷ്ടനായ വിശ്വാമിത്രൻ, മിഥിലാധിപതിയായ ജനകരാജാവു് വിശിഷ്ടമായൊരു യജ്ഞംചെയ്യാൻ നിശ്ചയിച്ചു് ക്ഷണിച്ചപ്രകാരം മിഥിലയിലേയ്ക്കു പുറപ്പാടായി. പോകുമ്പോൾ രാമലക്ഷ്മണന്മാരേയും തന്നോടൊരുമിച്ചു കൊണ്ടുപോയി. പോകുന്ന വഴിക്കു് അവർ ദീർഘതപസ്സായ ഗൌതമമുനിയുടെ ആശ്രമത്തിൽ കുറെ ദിവസം സന്ധ്യയ്ക്കു് എത്തിച്ചേർന്നു. അവിടെ ഗൌതമപത്നിയായ അഹല്യ ഭർത്താവിന്റെ ശാപം കാരണം ശിലാരൂപിണിയായി കിടന്നിരുന്നു. വിശ്വാമിത്രന്റെ നിർദ്ദേശപ്രകാരം ശ്രീരാമൻ ആ അഹല്യക്കല്ലിന്മേൽ തൃക്കാൽ അമർത്തുകയും, രാമപാദരേണുവിന്റെ സ്പർശത്താൽ അഹല്യ ശാപമുക്തയായി

ഭർത്തൃസമീപത്തേയ്ക്കു പോകയും ചെയ്തു. ഈ അത്ഭുതസംഭവത്തിനുശേഷം വിശ്വാമിത്രൻ രാമലക്ഷ്മണന്മാരോടുകൂടി മിഥിലയിലെത്തി.

മിഥിലാധിപതിയായ ജനകരാജാവു് മഹർഷിയേയും, ശ്രീരാമകുമാരന്മാരേയും ആദരപൂർവ്വം എതിരേറ്റു് യഥോചിതം സൽക്കരിച്ചു. ജനകരാജാവിന്റെ രാജധാനിയിൽ "ത്രയ്യംബകം" എന്നു പ്രസിദ്ധമായ ശിവന്റെ വില്ലിരിപ്പുണ്ടു് പൂജിച്ചുവെച്ചിട്ടുണ്ടായിരുന്നു. തന്റെ വളർത്തുപുത്രിയും, യാഗശാലയ്ക്കുള്ള നിലം ഉഴുതപ്പോൾ ഉഴവുചാലിൽനിന്നു് കിട്ടിയവളുമായ സീതയെ വിവാഹം ചെയ്യുന്നതിനുള്ള ശുല്ക്കം * ആയിട്ടാണു് ഈ ശിവധനുസ്സിനെ ജനകരാജാവു് പൂജിച്ചു സൂക്ഷിച്ചിരുന്നതു്. സീതയെ വിവാഹം ചെയ്വാനിച്ഛിച്ചു് പരാക്രമികളായ അനേകം രാജാക്കന്മാർ മുമ്പുതന്നെ വരികയുണ്ടായിട്ടുണ്ടു്. "ശിവധനുസ്സിനെ കുലയേറുവാൻ സാധിച്ചാൽ സീതയെ വിവാഹംകഴിച്ചുതരാം." എന്നു് അവരോടെല്ലാം ജനകൻ പറഞ്ഞു. അവർ ഓരോരുത്തരും വില്ലുകുലക്കുവാൻ ശ്രമിക്കുകയും സാധിക്കാതെ ലജ്ജിച്ചു മടങ്ങിപ്പോവുകയും ചെയ്തിട്ടുണ്ടു്. ആ വില്ലു കാണുവാൻ ശ്രീരാമനു് ആഗ്രഹമുള്ളതായി വിശ്വാമിത്രൻ പറഞ്ഞപ്രകാരം ജനകൻ അനേകം ഭൃത്യന്മാരെ അയച്ചു് ആ മഹാധനുസ്സി

---

* ശുല്ക്കം=കന്യകയെ തരുന്നതിനു് വരൻ വധൂപിതാവിന്നായിക്കൊണ്ടു് കൊടുക്കേണ്ടതായ ധനം. വിവാഹത്തിനു ശുല്ക്കം നിശ്ചയിക്കുക പ്രാചീനഭാരതത്തിൽ പതിവുണ്ടായിരുന്നു.

നെ രാജസഭയിലേയ്ക്ക് ആനയിച്ചു. ഉറങ്ങിക്കിടക്കുന്ന ഒരു മഹാസർപ്പംപോലെ ഭീമദർശനമായ ആ ശൈവചാപത്തെ ശ്രീരാമൻ നിഷ്പ്രയാസം എടുത്തു് കുലച്ചു. കുലക്കുമ്പോൾ വില്ലു് ഇടിമുഴക്കംപോലെ ഉഗ്രമായ ശബ്ദത്തോടുകൂടി മുറിഞ്ഞുപോയി.

സന്തുഷ്ടനായ ജനകരാജാവു് സീതയെ വരുത്തി വിശ്വാമിത്രനേയും അഗ്നിയേയും സാക്ഷിയാക്കി ശ്രീരാമനു് ദാനംചെയ്തു. ഉടൻതന്നെ വിവരമറിയിച്ചു് ദശരഥനെ വരുത്തുന്നതിനായി അയോദ്ധ്യാപുരിയിലേയ്ക്കു് മിഥിലാരാജാവു് ദൂതന്മാരെ അയച്ചു. പുത്രന്റെ അഭ്യുദയവാർത്തയെ ശ്രവിച്ചു് ദശരഥൻ ഭരതശത്രുഘ്നന്മാരോടുകൂടി സൈന്യസമേതനായി മിഥിലയിൽ എത്തിച്ചേർന്നു. അവിടെവെച്ചു് രാമാദികളുടെ വിവാഹം വിധിപ്രകാരം നിർവ്വഹിക്കപ്പെട്ടു. ശ്രീരാമൻ ഭൂപുത്രിയായ സീതയെ വിവാഹം ചെയ്തു. ലക്ഷ്മണൻ ജനകരാജാവിന്റെ കൗരസപുത്രിയായ ഊർമ്മിളയെ പാണിഗ്രഹണം ചെയ്തു. ജനകന്റെ അനുജനായ കുശദ്ധ്വജനു് രണ്ടു പുത്രിമാരുണ്ടായിരുന്നു. അവരിൽ ജ്യേഷ്ഠത്തിയായ മാണ്ഡവിയെ ഭരതനും, അനുജത്തിയായ ശ്രുതകീർത്തിയെ ശത്രുഘ്നനും പരിഗ്രഹിച്ചു.

വിവാഹാനന്തരം ദശരഥൻ പുത്രന്മാരോടും സ്നുഷമാരോടുംകൂടി മിഥിലയിൽനിന്നു അയോദ്ധ്യയിലേയ്ക്കു തിരിച്ചു. വഴിയിൽവെച്ചു്, ക്ഷത്രിയാന്തകനായ പരശുരാമൻ യാത്രയ്ക്കു പ്രതിബന്ധംവരുത്തി. പരശുരാമൻ

പരമശിവന്റെ പ്രധാനശിഷ്യനായിരുന്നു. ഗുരുവിന്റെ പള്ളിവില്ല് ശ്രീരാമൻ മുറിച്ചതിനാൽ കുപിതനായിത്തീർന്ന അദ്ദേഹം രാമനെ ജയിക്കുന്നതിനു വേണ്ടിയാണ് ദശരഥാദികളുടെ യാത്രയെ മുടക്കിയതു്. പരശുരാമൻ ശ്രീരാമന്റെ നേർക്കുചെന്നു് ഉഗ്രസ്വരത്തിൽ പറഞ്ഞു:— "രാമനെന്ന സംജ്ഞ എനിക്കുള്ളതാകുന്നു. നീ ഈ നാമം സ്വീകരിച്ചതുതന്നെ എനിക്കു ലജ്ജാകരമാണു്. തന്റെ കീർത്തിയെ അപഹരിക്കുവാൻ പുറപ്പെട്ട നീ എനിക്കു് പ്രത്യക്ഷശത്രുവാകുന്നു. നീ പരമശിവന്റെ പള്ളിവില്ലു് മുറിച്ചുകളഞ്ഞുവല്ലൊ. എന്റെ കയ്യിലുള്ള ഈ വില്ലൊന്നു വളച്ചു് ശരംതൊടുക്കൂ, കാണട്ടെ." ശ്രീരാമൻ ഈ പരുഷവാക്കുകളും കേട്ടു് ഒട്ടും കോപിക്കാതെ വിനീതനായി പരശുരാമന്റെ കയ്യിൽനിന്നു് ആ വില്ലുവാങ്ങി. അതി ശ്രേഷ്ഠമായ അതു് വൈഷ്ണവചാപമായിരുന്നു. വിഷ്ണുവിന്റെ അവതാരമായ ശ്രീരാമൻ ആ ചാപം വാങ്ങിയതോടുകൂടി പൂർവ്വാധികം ശോഭിച്ചു. അതിനോടൊപ്പം പരശുരാമന്റെ തേജസ്സു് ക്ഷയിക്കുകയും ചെയ്തു. പരശുരാമൻ മനസ്സിലെ അഹങ്കാരം നീങ്ങി ശ്രീരാമനെ വന്ദിച്ചു. അപ്പോഴേയ്ക്കും ശ്രീരാമൻ വൈഷ്ണവചാപം കുലച്ചു് ശരസന്ധാനം ചെയ്തിരുന്നു. "എന്റെ ശരം നിഷ്ഫലമാകയില്ല. ഇതിനു് എന്തെങ്കിലും ഒരു ലക്ഷ്യം കാട്ടിത്തരണം" എന്നു് ശ്രീരാമൻ പറഞ്ഞപ്പോൾ പരശുരാമൻ, "ഭഗവൻ, തപസ്വിയായ എനിക്കു് സ്വർഗ്ഗം പ്രാപിക്കേണമെന്നു് ആഗ്രഹമില്ല. അതിനാൽ എന്റെ സ്വർഗ്ഗമാർഗ്ഗത്തെ ലക്ഷ്യമാക്കി അങ്ങു് ശരം പ്രയോഗിക്കുക."

എന്നിങ്ങനെ ശരത്തിനു ലക്ഷ്യം കാണിച്ചുകൊടുത്തു. സപ്തർഷിമാർക്കു ഉദ്ദേശിച്ചു് ശ്രീരാമൻ ശരം പ്രയോഗിക്കുകയും ചെയ്തു. പരശുരാമൻ ശമപ്രധാനനായി തപസ്സിനു പോകുകയും, ശ്രീരാമൻ വിജയിയായി അയോദ്ധ്യാപുരിയെ പ്രവേശിക്കുകയും ചെയ്തു.

രാമാദികളുടെ വിവാഹത്തിനുശേഷം കൃതാർത്ഥനായിചമഞ്ഞ ദശരഥൻ പുത്രഭാഗ്യമനുഭവിച്ചുകൊണ്ടു് കുറച്ചുകാലം അയോദ്ധ്യാപുരിയിലിരുന്നു് രാജ്യപരിപാലനം ചെയ്തു. അപ്പോഴേക്കും അദ്ദേഹത്തിനു വാർദ്ധക്യം ബാധിച്ചു കഴിഞ്ഞിരുന്നു. അതിനാൽ, മൂത്തപുത്രനും നിയമപ്രകാരം രാജ്യാവകാശിയുമായ രാമനെ യുവരാജാവായി അഭിഷേകം ചെയ്തു് തന്റെ ഭാരം ലഘൂകരിക്കുവാൻ അദ്ദേഹം തീർച്ചയാക്കി. രാമന്റെ അഭിഷേകവാർത്ത കേട്ടുകേൾപ്പിച്ചു് പൌരന്മാരുടെ ഇടയിൽ പരന്നു. ഇണവാനായ രാജകുമാരൻ യുവരാജാവാകുന്ന വിഷയം പ്രജകളെ പരക്കെ ആഹ്ലാദിപ്പിച്ചു. പക്ഷെ അവരുടെ ആഹ്ലാദത്തിനു ക്രൂരനിശ്ചയയായ കൈകേയി പെട്ടെന്നു് പ്രതിബന്ധം വരുത്തി. കൈകേയി രാമന്റെ പേരിൽ വാത്സല്യമുള്ളവളായിരുന്നു. എങ്കിലും കടിലഹൃദയയായ മന്ഥര എന്ന ദാസിയുടെ ദുർബ്ബോധനമൂലം അവരുടെ മനസ്സു് ദൂഷിതമായി. തന്റെ പുത്രനായ ഭരതനെ രാജ്യംവാഴിക്കേണമെന്നും, രാമനെ പന്ത്രണ്ടുസംവത്സരം വനവാസത്തിനായി പറഞ്ഞയക്കേണമെന്നും, കൈകേയി ദശരഥനോടു് സനിർബ്ബന്ധം ആവശ്യപ്പെട്ടു. ദശരഥൻ പണ്ടൊരിക്കൽ കൈകേയിയുടെ പതിഭക്തിയാൽ

പ്രീതനായിട്ട് അവൾ ആവശ്യപ്പെട്ടന്ന രണ്ടു കാര്യങ്ങൾ സാധിപ്പിച്ചുകൊടുക്കാമെന്നു് പ്രതിജ്ഞ ചെയ്തിരുന്നു. ആ രണ്ടുകാര്യങ്ങളും തനിക്കാവശ്യമായി വരുമ്പോൾ മോടിച്ചുകൊള്ളാമെന്നാണു് കൈകേയി പറഞ്ഞിരുന്നതു്. ആ രണ്ടു കാര്യങ്ങളിൽ ഒന്നു് ഭരതന്റെ അഭിഷേകവും മറ്റൊന്നു് രാമന്റെ രാജ്യപരിത്യാഗവും ആയിരിക്കേണമെന്നു് കൈകേയി ശഠിച്ചു. സത്യവാനായ ദശരഥനു് അവളുടെ അഭീഷ്ടം സാധിപ്പിക്കാതെ നിവൃത്തിയില്ലെന്നുവന്നു.

ഈ ഘട്ടത്തിൽ തന്റെ പിതാവിനെ സത്യപ്രതിജ്ഞനാക്കുന്നതിനുവേണ്ടി ശ്രീരാമൻ താപസവേഷം ധരിച്ചു് വനത്തിലേക്കു പോകുവാൻ പുറപ്പെട്ടു. പതിവ്രതാരത്നമായ സീതാദേവി ഭർത്താവിനെ അനുഗമിച്ചു. ഭ്രാതൃപ്രിയനായ ലക്ഷ്മണനും രാമനോടൊരുമിച്ചു് വനത്തിലേക്കു പോയി. രാമന്റെ വിരഹം സഹിപ്പാൻ ശക്തനാകാതെ ദശരഥചക്രവർത്തി "രാമ, രാമ" എന്നു വിലപിച്ചുകൊണ്ടു് ഇഹലോകവാസം ഉപേക്ഷിക്കുകയും ചെയ്തു. ദശരഥന്റെ അന്ത്യകാലത്തു് ഭരതനും, ശത്രുഘ്നനും കേകയരാജാവായ യുധാജിത്തിന്റെ രാജധാനിയിൽ പോയി പാർക്കുകയായിരുന്നു. അതിനാൽ അദ്ദേഹം മരിക്കുമ്പോൾ പുത്രന്മാരാരും അടുത്തുണ്ടായിരുന്നില്ല. പുത്രശോകത്തോടുകൂടി മരിക്കുവാനിടയാകുമെന്നുള്ള മുനിശാപം അദ്ദേഹത്തിനു് തികച്ചും അനുഭവിക്കേണ്ടിവന്നു.

ശ്രീരാമചരിതം

കൈകേയി ഭരതനെ രാജ്യാധിപതിയാക്കുന്നതിനു വേണ്ടിയാണു് രാമനെ കാട്ടിലേക്കയപ്പാനും, ദശരഥനു പുത്രശോകത്തോടുകൂടി മരിപ്പാനും ഇടവരുത്തിയതെങ്കിലും ഭരതനു് രാജ്യതൃഷ്ണ ലേശംപോലുമുണ്ടായിരുന്നില്ല. ശ്രീരാമന്റെ വനഗമനമറിഞ്ഞു് ഭരതൻ വളരെ വ്യസനിച്ചു. സ്വർഗ്ഗാരോഹണം ചെയ്ത പിതാവിന്റെ മരണാനന്തരക്രിയകൾ കഴിഞ്ഞതിനുശേഷം ഭരതൻ മന്ത്രിമാരേയും അമ്മമാരേയും മറ്റും കൂട്ടി കാട്ടിൽ ശ്രീരാമൻ താമസിക്കുന്ന പ്രദേശത്തേക്കു പുറപ്പെട്ടു. അദ്ദേഹം രാമനോടപേക്ഷിച്ചു:—"ജ്യേഷ്ഠാ, ഇവിടന്നില്ലാത്ത അയോദ്ധ്യാപുരി നാഥനില്ലാത്ത നാടായിത്തീർന്നിരിക്കുന്നു. ജ്യേഷ്ഠൻ ഉടനെ നാട്ടിലേക്കു മടങ്ങിവന്നു് സിംഹാസനത്തിലിരുന്നു് രാജ്യം ഭരിക്കണം."

ശ്രീരാമൻ:—അയോദ്ധ്യയിൽ നമ്മുടെ പിതാവായ മഹാരാജാവിനു സൌഖ്യമല്ലേ? ശേഷമുള്ളവരും കുശലത്തോടുകൂടിയിരിക്കുന്നില്ലേ? പിതാവു് സത്യപരിപാലനത്തിനുവേണ്ടി നീ നാടുഭരിക്കണമെന്നും, ഞാൻ കാട്ടിൽ വാഴണമെന്നും നിയോഗിച്ചു. അച്ഛന്റെ ആജ്ഞയെ അക്ഷരംപ്രതി അനുഷ്ഠിക്കേണ്ടതു് എന്റെയും, നിന്റെയും കർത്തവ്യമാകുന്നു. അതിൽനിന്നു് നമുക്കു രണ്ടുപേർക്കും വ്യതിചലിക്കുവാൻ പാടില്ല.

ഭരതൻ:—ഇവിടുന്നു് അച്ഛന്റെ ക്ഷേമത്തെപ്പറ്റി ചോദിച്ചുവല്ലൊ. ഇവിടത്തെ പരിഞ്ഞതുകൊണ്ടുണ്ടായ

സങ്കടംകൊണ്ട് ഏറ്റവും പീഡിതനായിട്ട് പിതാവു് സ്വർഗ്ഗാരോഹണംചെയ്തു.

സർവ്വഗുണസമ്പന്നനായ പിതാവിന്റെ പരമഗതി യെപ്പറ്റി കേട്ടപ്പോൾ പിതൃഭക്തനായ രാമനുണ്ടായ ശോകം അവർണ്ണനീയമായിരുന്നു. അദ്ദേഹം വിഷണ്ണ നായി സ്നാനംചെയ്തു് പിതാവിനു് ഉദകക്രിയ മുതലായ വ ചെയ്തശേഷം, പിതൃമരണത്താൽ അയോദ്ധ്യയിൽ രാജാ വില്ലാതായതുകൊണ്ടു് ഭരതൻ ഒട്ടും താമസിക്കാതെ അ യോദ്ധ്യയിൽചെന്നു് രാജ്യഭരണം നടത്തേണമെന്നു് നിർബ്ബന്ധമായി പറയുകയും ചെയ്തു. തന്റെ അപേക്ഷ യെ ജ്യേഷ്ഠൻ ഒരുവിധത്തിലും സ്വീകരിക്കുകയില്ലെന്നു കണ്ടപ്പോൾ രാമന്റെ പാദങ്ങളിൽ ധരിച്ചിട്ടുള്ള മെതി യടികൾ, രാജാവിനുപകരം സിംഹാസനത്തിൽവെച്ചു് പൂജിക്കുവാൻവേണ്ടി തരേണമെന്നു് ഭരതൻ യാചിച്ചു. ആ മെതിയടികൾ ശ്രീരാമനു് ഭരദ്വാജമുനി കൊടുത്ത വയായിരുന്നു. ഭരതന്റെ അപേക്ഷയനുസരിച്ചു് രാമൻ മെതിയടികൾ കൊടുക്കുകയും, ഭരതൻ അവയെ ഭക്തി പൂർവ്വം ശിരസ്സിൽ ധരിച്ചുംകൊണ്ടു് നാട്ടിലേയ്ക്കു തിരിച്ചു പോകയും ചെയ്തു. ജ്യേഷ്ഠൻ മടങ്ങിവരുന്നതുവരെ താനും താപസവേഷം ധരിച്ചു് തപോനിഷ്ഠയോടുകൂടി വസിക്ക മെന്നു് ഭരതൻ തീരുമാനിച്ചു. അദ്ദേഹം നഗരത്തിൽ പ്രവേശിക്കാതെ അയോദ്ധ്യയുടെ പുറത്തുള്ള നന്ദിഗ്രാമം എന്ന സ്ഥലത്തു് ഒരാശ്രമം പണിയിച്ചു് അവിടെയിരു ന്നാണു് രാജ്യഭരണം നടത്തിയതു്. ആശ്രമത്തിൽ ധ ർമ്മാസനം സ്ഥാപിച്ചു് അതിൽ ശ്രീരാമന്റെ പാദുക

ളെ വെച്ച് പൂജിക്കും; രാജ്യകാര്യങ്ങളിൽ സംശയകരമായ വിഷയങ്ങൾ നേരിടുമ്പോൾ പാദുകകളുടെ മുമ്പിൽ ചെന്ന് "ഇന്നകാര്യത്തിൽ ഏതുവിധം പ്രവർത്തിക്കണം?" എന്നു ചോദിക്കും; തദവസരത്തിൽ എന്തുചെയ്വാൻ തോന്നുന്നുവോ അതു ജ്യേഷ്ഠന്റെ കല്പനയാണെന്നു വിശ്വസിച്ച് പ്രവർത്തിക്കയും ചെയ്യും. ഇങ്ങനെയായിരുന്നു ഭരതന്റെ രാജ്യഭരണം.

ഭരതൻ പോയതിനുശേഷം രാമൻ സീതാലക്ഷ്മണസമേതനായി അതേവരെ താമസിച്ചിരുന്ന ചിത്രകൂടത്തിൽനിന്ന് ദക്ഷിണാഭിമുഖമായി യാത്രചെയ്തു. ആ തിഥേയന്മാരായ മഹർഷിമാരുടെ ആശ്രമങ്ങളിൽ ചെന്ന് ആതിഥ്യം സ്വീകരിച്ചുംകൊണ്ടാണ് യാത്രചെയ്തത്. ആ വഴിക്ക് അദ്ദേഹം അത്രിമുനിയുടെ ആശ്രമത്തിൽ ചെല്ലുകയും, അത്രിയുടെ പത്നിയായ അനസൂയാദേവി പുണ്യഗന്ധമായ ഒരു ദിവ്യാംഗരാഗം സീതയ്ക്കു കൊടുക്കുകയും ചെയ്തു. അവിടെനിന്നു പോകുന്നവഴിയിൽ വിരാധൻ എന്നു പേരായ ഒരു വലിയ രാക്ഷസൻ സീതയെ കടന്നുപിടിച്ചു. രാമലക്ഷ്മണന്മാർ ഉടനെ അവനെ കാലപുരിക്കയച്ചു. പിന്നെ രാമൻ അഗസ്ത്യന്റെ അനുജനായ സുതീക്ഷ്ണമുനിയുടെ ആശ്രമത്തിൽ കുറെക്കാലം താമസിച്ചു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം പിന്നീട് അഗസ്ത്യമുനിയെ ചെന്ന് വന്ദിച്ചു. അഗസ്ത്യാശ്രമത്തിന്റെ പരിസരങ്ങളിൽ പാർക്കുന്ന അനേകം താപസന്മാർ രാക്ഷസന്മാരെക്കൊണ്ട് തങ്ങളുടെ തപസ്സിന്ന് എപ്പോഴും മുടക്കം വരുന്നുണ്ടെന്നും, അതിനൊരു പരിഹാരമുണ്ടാക്കി

അരേണമെന്നും അപേക്ഷിച്ചു. ശ്രീരാമൻ അവരോട് "സപ്തരാക്ഷസവധം" പ്രതിജ്ഞചെയ്യുകയും ചെയ്തു. ഈ പ്രതിജ്ഞയാൽ സന്തുഷ്ടനായ അഗസ്ത്യമുനി തന്റെ കയ്യിലുണ്ടായിരുന്ന വൈഷ്ണവമാപവും, അമ്പൊടുങ്ങാത്ത ആവനാഴികളും രാമനു് സമ്മാനിച്ചു.

അഗസ്ത്യാശ്രമത്തിൽനിന്നു് പഞ്ചവടി എന്ന സ്ഥലത്തേയ്ക്കാണു് രാമൻ പോയതു്. പഞ്ചവടിയുടെ സമീപപ്രദേശങ്ങളിൽ ക്രൂരന്മാരായ നിരവധി രാക്ഷസന്മാർ പാർക്കുന്നുണ്ടായിരുന്നു. അവരെ നിഗ്രഹിപ്പാൻ സൌകര്യം കിട്ടുന്നതിനുവേണ്ടി ഗോദാവരീതീരത്തിൽ ലക്ഷ്മണനിർമ്മിതമായ പർണ്ണശാലയിൽ രാമൻ താമസമുറപ്പിച്ചു. പഞ്ചവടിപ്രദേശത്തിനു് അല്പം മുമ്പായി പക്ഷിശ്രേഷ്ഠനും, ദശരഥന്റെ മിത്രവുമായ ജടായുസ്സിനെകണ്ടു് രാമൻ പരിചയപ്പെടുകയുണ്ടായി.

പഞ്ചവടിയിലെ ആശ്രമത്തിൽവെച്ചു്, രാവണന്റെ സഹോദരിയായ ശൂർപ്പണഖ ലളിതാരൂപം ധരിച്ചു് മനോഹരയായി വന്നു് തന്റെ ഭർത്താവായിരിക്കേണമെന്നു് രാമനോടു യാചിച്ചു. ഭാര്യയോടുകൂടി സ്ഥിതിചെയ്യുന്ന ഒരു പുരുഷന്റെ മുമ്പിൽ ചെന്നു് ഇങ്ങിനെയാചിക്കുന്നതു് സ്ത്രീധർമ്മമല്ലായ്കയാൽ രാമൻ അവളെ ഒന്നു കളിയാക്കുവാൻ തീർച്ചയാക്കി ലക്ഷ്മണസമീപത്തേയ്ക്കു പറഞ്ഞയച്ചു. ലക്ഷ്മണനും അവളുടെ അപേക്ഷയെ നിരസിക്കുകയാണുണ്ടായതു്. രാമനേറെയും ലക്ഷ്മണനേറെയും അടുക്കലേയ്ക്കു രണ്ടു മൂന്നു പ്രാവശ്യം നടന്നു് ശൂർപ്പ

ണഖ ദയനീയമായ സ്ഥിതിയെ പ്രാപിച്ചു. അതുകൊണ്ട് സീതാദേവി പതുക്കെയൊന്നു ചിരിക്കുകയുണ്ടായി; ആ ചിരി അവളെ പെട്ടെന്നു് കുപിതയാക്കിത്തീർത്തു. ഉടനെ ശൂർപ്പണഖ സീതയെ പെന്നു പിടിക്കുവാൻ തുടങ്ങി. തൽക്ഷണം ലക്ഷ്മണൻ വാളൂരി ശൂർപ്പണഖയുടെ നാസികയും, കണ്ണുകളും ഛേദിച്ചുകളഞ്ഞു. ഇങ്ങനെ പരാഭൂതയായിത്തീർന്ന ആ രാക്ഷസി ജനസ്ഥാനത്തിലേയ്ക്കു് കൂടിപ്പോയി.

ജനസ്ഥാനത്തിൽ ഖരൻ തുടങ്ങിയുള്ള അനവധി രാക്ഷസവീരന്മാർ താമസിക്കുന്നുണ്ടായിരുന്നു. തനിക്കുനേരുപനായ ഒരു ഭർത്താവിനെ വരിക്കുന്നതിനുവേണ്ടി നാനാസ്ഥലങ്ങളിൽ ചുറ്റിത്തിരിയുന്ന ശൂർപ്പണഖയുടെ രക്ഷക്കായി രാവണൻ നിയോഗിക്കപ്പെട്ടവരായിരുന്നു ഖരാദി രാക്ഷസന്മാർ അപമാനിതയായ ശൂർപ്പണഖ പെന്നറിയിച്ചപ്രകാരം ഖരൻ മുതലായ രാക്ഷസന്മാർ രാമനോടു യുദ്ധത്തിനുവന്നു. ഖരൻ, ദൂഷണൻ, ത്രിശിരസ്സു് എന്ന മൂന്നു വീരന്മാരായിരുന്ന രാക്ഷസസേനയുടെ നായകന്മാർ. ശ്രീരാമൻ നായകന്മാരായ മൂന്നു പേരേയും അവരുടെ സൈന്യങ്ങളേയും നിഷ്പ്രയാസം നിഗ്രഹിച്ചു.

ഖരാദികൾ ഹതന്മാരായ വിവരം രാവണനെ പെന്നറിയിക്കുവാൻ ശൂർപ്പണഖതന്നെ വേണ്ടിവന്നു. അവൾ പറഞ്ഞ വിവരം ധരിച്ചപ്പോൾ രാമൻ തന്റെ പത്തുശിരസ്സുകളിലും കാൽകൊണ്ടു ചവിട്ടിയതായി രാവണൻ വിചാരിച്ചു. അദ്ദേഹം പിന്നെ അമ്മാമനായ മാ

രീചനെ പൊൻമാനായിട്ടയച്ച് രാമലക്ഷ്മണന്മാരെ ചതിയായി സീതാസമീപത്തിൽനിന്നും അകറ്റുകയും, സീതയെ അപഹരിക്കുകയും ചെയ്തു. പോകുന്ന വഴിക്ക് പക്ഷീന്ദ്രനായ ജടായുസ്സ് എതിരിട്ട് യുദ്ധം ചെയ്കയാൽ അല്പനേരത്തെ വിഘ്നമുണ്ടായി രാമൻ പൊൻമാനിനെ കൊന്നു ആശ്രമത്തിൽ വന്നപ്പോൾ അവിടെ സീതയെ കണ്ടില്ല. അനുജനോടുകൂടി അന്വേഷിച്ചു നടന്നപ്പോൾ രാവണന്റെ വെട്ടേറ്റ് ചിറകു മുറിഞ്ഞു കിടക്കുന്ന ജടായുസ്സിനെ കണ്ടു. ആ പക്ഷീന്ദ്രൻ, സീതയെ രാവണൻ അപഹരിച്ച വിവരം രാമനെ ധരിപ്പിച്ച് പ്രാണനെ ഉപേക്ഷിച്ചു. പിതാവിന്റെ മിത്രമായ ജടായുസ്സിനു രാമലക്ഷ്മണന്മാർ അഗ്നിസംസ്കാരാദികളായ ക്രിയകളും കഴിച്ചതിനുശേഷം വീണ്ടും സീതാന്വേഷണം തുടങ്ങി.

കുറച്ചു ദൂരം ചെന്നപ്പോൾ കബന്ധൻ എന്ന രാക്ഷസൻ രാമലക്ഷ്മണന്മാരെ പിടിച്ചു തിന്നാൻ ശ്രമിക്കുകയും അവർ അവനെ വാളിനിരയാക്കുകയും ചെയ്തു. ശാപം നിമിത്തം കബന്ധനായിത്തീർന്നിരുന്ന ദനു എന്ന ഗന്ധർവ്വൻ ദിവ്യരൂപം ധരിച്ച് ഉപദേശിച്ച പ്രകാരം ശ്രീരാമൻ വാനരേശ്വരനായ സുഗ്രീവനുമായി സഖ്യം ചെയ്കയും, വാനരരാജാവായ ബാലിയെ നിഗ്രഹിച്ച് സുഗ്രീവനെ തൽസ്ഥാനത്തു് അവരോധിക്കുകയും ചെയ്തു. സുഗ്രീവൻ സീതയെ അന്വേഷിക്കുന്നതിനായി നാലു ദിക്കുകളിലേക്കും വാനരന്മാരെ നിയോഗിച്ചയച്ചു. ആ കൂട്ടത്തിൽ ദക്ഷിണദിക്കിലേക്കു പോയ വാനരന്മാർക്ക് സമ്പാതി എന്ന പക്ഷീന്ദ്രന്റെ സാഹായ്യംകൊണ്ട് സീ

താമേവി ലങ്കയിലുള്ള വിവരം മനസ്സിലായി. ഉടനെ വായുപുത്രനായ ഹനുമാൻ ക്ഷിണസമുദ്രം ചാടിക്കടന്നു് ലങ്കയിൽചെന്നു് സീതയെക്കണ്ടു് രാമന്റെ വൃത്താന്തം ധരിപ്പിച്ചു് അടയാളമായി രാമൻ കൊടുത്തയച്ചിരുന്ന അംഗുലീയകം നല്കുകയും രാമനു കാണിച്ചുകൊടുപ്പാനുള്ള അടയാളമായ ചൂഡാരത്നം സീതയുടെ കയ്യിൽനിന്നു് വാങ്ങുകയും ചെയ്തു. അതിനുശേഷം ഹനുമാൻ രാവണരാജധാനിയായ ലങ്കാപുരം കൂട്ടുപൊട്ടിച്ചു് തിരികെ സമുദ്രം ചാടിക്കടന്നു്, സീതയെ കണ്ട വിവരം രാമനെ ചെന്നറിയിക്കുകയും, സീതാദത്തമായ ചൂഡാരത്നം തൃക്കയ്യിൽ കൊടുക്കുകയും ചെയ്തു.

അനന്തരം ശ്രീരാമലക്ഷ്മണന്മാർ സുഗ്രീവന്റെ നേതൃത്വത്തിലുള്ള അസംഖ്യം വാനരസൈന്യങ്ങളോടുകൂടി ക്ഷിണോദധിയുടെ ഉത്തരതീരത്തിൽ ചെന്നു് സമുദ്രലംഘനത്തിനുള്ള ഉത്സാഹം തുടങ്ങി. അവിടെവെച്ചു് രാവണാനുജനായ വിഭീഷണൻ ശ്രീരാമനെ ശരണം പ്രാപിച്ചു. ശ്രീരാമൻ അദ്ദേഹത്തിനു് രാക്ഷസാധിപത്യം സമ്പാദിച്ചുകൊടുക്കാമെന്നു് പ്രതിജ്ഞ ചെയ്കയും ചെയ്തു. പിന്നെ സമുദ്രത്തിൽ സേതു ബന്ധിച്ചു രാമൻ ലക്ഷ്മണനോടും വാനരപ്പടയോടുംകൂടി ലങ്കയിൽ പ്രവേശിച്ചു. അവിടെവെച്ചു് വാനരന്മാരും രാക്ഷസന്മാരും തമ്മിൽ ഭീമമായ യുദ്ധം നടന്നു. ആ യുദ്ധത്തിൽ രാവണന്റെ പുത്രന്മാരും, അനുജൻ കുംഭകർണ്ണനും, മഹാരഥന്മാരായ നിരവധി രാക്ഷസവീരന്മാരും കൊല്ലപ്പെട്ടു. അതിനുശേഷം രാമനും രാവണനും തമ്മിൽ അതിഘോ

DHARMARAM COLLEGE LIBRARY 20242 BANGALORE.

രമായ സമരം നടന്നു. അതിനിടയിൽ രാവണൻ തീർ
യെ ഇരുമ്പാണികം തറച്ചിട്ടുള്ള ശതഘ്നി എന്ന ആയു
ധം രാമന്റെ നേക്കേറിഞ്ഞു. രാമൻ അർദ്ധചന്ദ്രാകാര
ങ്ങളായ ബാണങ്ങൾകൊണ്ടു് അതിനെ വാഴ വെട്ടുന്നതു
പോലെ മുറിച്ചുകളഞ്ഞു. കടുവിൽ രാമൻ ബ്രഹ്മാസ്ത്രം
പ്രയോഗിച്ചു് രാവണന്റെ ശിരസ്സുകളെ ഛേദിച്ചുകള
ഞ്ഞു. സന്തുഷ്ടന്മാരായ ദേവന്മാർ രാമന്റെ ശിരസ്സിൽ
തെരുതെരെ പുഷ്പവൃഷ്ടിചെയ്തു.

തദനന്തരം ശ്രീരാമൻ അഗ്നിപ്രവേശംകൊണ്ടു
പരിശുദ്ധയായ സീതയെ സ്വീകരിച്ചു്, പ്രിയസുഹൃ
ത്തായ വിഭീഷണനെ ലങ്കാധിപതിയായി വാഴിച്ചു്,
രാവണനെ ജയിച്ചു പിടിച്ചടക്കിയ പുഷ്പകവിമാന
ത്തിൽ കയറി സീതാലക്ഷ്മണന്മാരോടും സുഗ്രീവവിഭീ
ഷണന്മാരോടുംകൂടി അയോദ്ധ്യാരാജധാനിയിലേക്കു പു
റപ്പെട്ടു അയോദ്ധ്യയിൽ എത്തുന്നതിനുമുമ്പായി ഹനു
മാനെ അയച്ചു് ഭരതനു തന്റെ ആഗമനവൃത്താന്തം
അറിവുകൊടുത്തു. ഭരതൻ വസിഷ്ഠമുനിയെ മുൻനട
ത്തി അമാത്യവൃദ്ധന്മാരോടുകൂടി ചെന്നു്, ശ്രീരാമനെ
എതിരേറ്റു. ശ്രീരാമൻ ഭരതശത്രുഘ്നന്മാരുടെ വന്ദ
നത്തെ സസന്തോഷം സ്വീകരിച്ചു. പതിവ്രതാശിരോ
മണിയായ സീതയുടെ കാൽക്കൽ ഭരതൻ ചെയ്ത നമ
സ്കാരം സവിശേഷം പ്രസ്താവയോഗ്യമാകുന്നു. ലങ്കാപ
തിയുടെ വിനീതനമസ്കാരങ്ങളെ ചുവട്ടിനിക്കിയ സീതാ
പാദങ്ങളും, ജ്യേഷ്ഠനെകുറിച്ചുള്ള ഭക്തികൊണ്ടു് ജടപിടി
ച്ചതായ ഭരതശിരസ്സും, തമ്മിൽ ചേർന്നപ്പോൾ അവ അ

ങ്ങോട്ടുമിങ്ങോട്ടും പരിശുദ്ധിയെ ഉളവാക്കി എന്നതന്നെ പറയാം.

അനന്തരം രാമലക്ഷ്മണന്മാർ ഭർത്തൃദുഃഖമനുഭവിച്ചു കൊണ്ടിരിക്കുന്ന കൌസല്യയേയും, സുമിത്രയേയും നമസ്കരിച്ചു. സീതാദേവിയും അമ്മമാരെ രണ്ടുപേരേയും തുല്യഭക്തിയോടുകൂടി വന്ദിച്ചു. പിന്നെ രാക്ഷസന്മാരാലും, വാനരന്മാരാലും എല്ലാപുണ്യനദികളിൽനിന്നും, സമുദ്രങ്ങളിൽനിന്നും ആനയിക്കപ്പെട്ട പുണ്യജലംകൊണ്ട് ശ്രീരാമന്റെ പട്ടാഭിഷേകം വിധിപോലെ നടത്തപ്പെട്ടു. അഭിഷേകം കഴിഞ്ഞു് രാമൻ പട്ടമഹിഷിയായ സീതാദേവിയോടുകൂടി രാജധാനിയിലേക്കു പ്രവേശിച്ചു. ദശരഥചക്രവർത്തിയുടെ വാസഗൃഹത്തിൽവെച്ചാണു് ശ്രീരാമൻ കൈകേയിയെ കണ്ടു വന്ദിച്ചതു്. രാമനെ കാണുന്നതിനും കൈകേയിക്കു് കുറച്ചൊരു ലജ്ജയുണ്ടായിരുന്നു. എന്നാൽ, "അമ്മേ, മഹാത്മാവായ എന്റെ പിതാവു് സത്യപ്രാപ്തിക്കു കാരണമായ സത്യത്തിൽനിന്നു തെറ്റാതിരുന്നതു് വാസ്തവത്തിൽ അമ്മയുടെ സുകൃതപരിപാകംകൊണ്ടാണു്" എന്നു് ശ്രീരാമൻ പറഞ്ഞപ്പോൾ കൈകയിയുടെ ലജ്ജ നീങ്ങിപ്പോയി. അഭിഷേകാത്സവമായി വന്നുചേർന്ന വാനരവീരന്മാരും രാക്ഷസവീരന്മാരും, അരമാസംകാലം ശ്രീരാമന്റെ സല്ക്കാരം സ്വീകരിച്ചു്, അയോദ്ധ്യയിൽ സുഖമായി പാർത്തതിനുശേഷം, യഥോചിതമായ സമ്മാനങ്ങൾവാങ്ങി മടങ്ങിപ്പോയി. രാവണവധത്തോടുകൂടി തനിക്കധീനമായിത്തീർന്ന

പുഷ്പകവിമാനത്തേയും രാമൻ അതിന്റെ ഉടമസ്ഥനായ കുബേരന്റെ സമീപത്തേക്ക് അയച്ചു.

പട്ടാഭിഷേകത്തിന്നുശേഷം കുറെ സംവത്സരകാലം ശ്രീരാമൻ മുറപ്രകാരം രാജ്യം ഭരിച്ചുകൊണ്ടും, സീതാദേവിയോടുകൂടി രമിച്ചുകൊണ്ടും സുഖമായി താമസിച്ചു. അപ്പോഴേയ്ക്കും സീത ഗർഭിണിയായി ചമഞ്ഞു. ഗർഭം മുതിർന്നവന്നകാലത്തു്, രാവണരാജധാനിയിൽ താമസിച്ച ദേവിയെ മഹാരാജാവു് സ്വീകരിച്ചതിനെപ്പറ്റി നാട്ടുകാരിൽ ആരോ ചിലർ അപവാദം പറയുന്നുണ്ടെന്നു് മാരന്മാർ മുഖേന മനസ്സിലാക്കി ശ്രീരാമചക്രവർത്തി സീതയെ ഉപേക്ഷിപ്പാൻ തീരുമാനിച്ചു. ഗർഭകാലത്തുണ്ടാകുന്ന അഭിലാഷം നിറവേറുന്നതിനുവേണ്ടി ഗംഗാതീരത്തിലുള്ള തപോവനങ്ങളിലേയ്ക്കു കൊണ്ടുപോകുകയെന്ന വ്യാജേന ലക്ഷ്മണൻ സീതയെ കൊണ്ടുപോയി വാല്മീകിമുനിയുടെ ആശ്രമത്തിന്നടുക്കലുള്ള അരണ്യത്തിൽ ഉപേക്ഷിച്ചു. ഭർത്തൃപരിത്യക്തയും, ഗർഭിണിയുമായ ദേവിയെ സഭയഹൃദയനായ വാല്മീകിമഹർഷി സ്വന്തം പുത്രിയെപ്പോലെ തന്റെ ആശ്രമത്തിൽ പാർപ്പിച്ചു രക്ഷിച്ചു. അവിടെവെച്ചു് സീത കുശനെന്നും, ലവനെന്നും പേരുള്ള രണ്ടു വീരപുത്രന്മാരെ പ്രസവിച്ചു. അവരുടെ ജാതകർമ്മാദികളായ സംസ്കാരങ്ങളെ മഹർഷിതന്നെയാണു് നിർവ്വഹിച്ചതു്. സീതയും കുശലവന്മാരും വാല്മീകിയുടെ രക്ഷയിൽ സസുഖം താമസിച്ചു.

സീത പരിശുദ്ധയാണെന്നു് രാമന്നറിയുന്നു; ജനാപവാദംനിമിത്തം അവളെ അദ്ദേഹം ഗൃഹത്തിൽനിന്നു്

ഉപേക്ഷിച്ചുവെങ്കിലും, മനസ്സിൽനിന്നു് ബഹിഷ്കരിക്കുകയുണ്ടായില്ല. സീതാപരിത്യാഗം ശ്രീരാമന്റെ ഹൃദയത്തിൽ കരു ശല്യംപോലെ കിടന്നിരുന്നു. അങ്ങിനെയിരിക്കുന്ന കാലത്തു് യമുനാതീരവാസികളായ മുനിമാർ ലവണാസുരനാൽ പീഡിതന്മാരായിട്ടു് രാമനെ ശരണം പ്രാപിച്ചു. ലവണാസുരനു് ആയുധമായിട്ടൊരു ശൂലമുണ്ടെന്നും, അതു കയ്യിലുള്ളസമയത്തു് അവനെ ആക്രമിജയിപ്പാൻ കഴിയുന്നതല്ലെന്നും മുനിമാരിൽനിന്നു് രാമൻ ഗ്രഹിച്ചു. ഉടനെ അദ്ദേഹം ലവണാസുരനെ വധിച്ചു വരുവാനായി ശത്രുഘ്നനെ സൈന്യസമേതം അയച്ചു. അദ്ദേഹം യമുനാതീരത്തിൽ മധുപുരം എന്നു പേരായുള്ള ലവണപുരിയിലേയ്ക്കു പോകുന്നവഴിക്കു് ഒരു രാത്രിയിൽ വാല്മീകിയുടെ ആശ്രമത്തിൽ പാർക്കുകയുണ്ടായി. ആ രാത്രിയിലായിരുന്നു സീതാദേവി പ്രസവിച്ചതു്. ജ്യേഷ്ഠപത്നിയുടെ പ്രസവവാർത്തയെ അറിയാത്ത നിലയിൽ പിറേറദിവസം പ്രഭാതത്തിൽ ലവണാസുരനെ അന്വേഷിച്ചു്, ആശ്രമത്തിൽനിന്നു പോയി. യമുനാതീരത്തിൽവെച്ചുണ്ടായ യുദ്ധത്തിൽ ശത്രുഘ്നൻ വൈഷ്ണവാസ്ത്രംകൊണ്ടു് ലവണനെ നിഗ്രഹിച്ചു. ലവണാസുരൻ രാവണഭഗിനിയായ കുംഭീനസിയുടെ പുത്രനായിരുന്നു. അവന്റെ വധത്തോടുകൂടിമാത്രമേ യഥാർത്ഥത്തിൽ രാവണനെക്കൊണ്ടുള്ള ശല്യം അവസാനിച്ചുള്ളൂ. ലവണനിഗ്രഹത്തിനുശേഷം ശത്രുഘ്നൻ യമുനാതീരത്തിങ്കൽ മഥുര എന്നൊരു രാജധാനി പണിയിച്ചു് കുറേക്കാലം അതിൽ താമസിച്ചു.

സീതാപുത്രന്മാരായ കുശലവന്മാരെ ആദികവിയായ വാല്മീകി യഥാകാലം ഉപനയിച്ചു് വേദവേദാംഗാദികളെ അഭ്യസിപ്പിച്ചതിന്നുശേഷം തന്റെ കൃതിയായ രാമായണം അവരെ പഠിപ്പിച്ചു. മധുരസ്വരന്മാരായ കുശലവന്മാർ രാമായണകഥ പാടിക്കൊണ്ടു് ആശ്രമത്തിൽ വിഹരിച്ചു. ഇതിനിടയിൽ രാമാനുജന്മാരായ ഭരതലക്ഷ്മണശത്രുഘ്നന്മാർക്കും ഈരണ്ടു പുത്രന്മാർ പിറന്നു. ശത്രുഘ്നന്റെ പുത്രന്മാരായ ബഹുശ്രുതൻ, സുബാഹു എന്നിവർക്കു മഥുരവിദിശ എന്നീ പുരികളെ രാമൻ കല്പിച്ചു കൊടുത്തു. ജ്യേഷ്ഠന്റെ ആജ്ഞപ്രകാരം തന്റെ പുത്രന്മാരെ മധുര, യിലും, വിദിശയിലും വാഴിച്ചതിന്നുശേഷമേ ലവണാസുരവധത്തിന്നായക്കപ്പെട്ട ശത്രുഘ്നൻ അയോദ്ധ്യയിലേയ്ക്കു മടങ്ങിപ്പോയുള്ളു. താൻ ചെയ്ത എല്ലാകാര്യങ്ങളും ശത്രുഘ്നൻ ജ്യേഷ്ഠനെ അറിയിച്ചു. സീത പ്രസവിച്ചു പുത്രന്മാരുണ്ടായ വിവരം മാത്രം ഉണർത്തിച്ചില്ല. ആ വിവരം പറയരുതെന്നും, സമയമായാൽ താൻതന്നെ സീതാപുത്രന്മാരെ രാമനു് കൊടുത്തേല്പിക്കുമെന്നും വാല്മീകി ശത്രുഘ്നനോടു പറഞ്ഞിട്ടുണ്ടായിരുന്നു.

തദനന്തരം അയോദ്ധ്യാവാസിയായ കരു ബ്രാഹ്മണന്റെ കുമാരൻ അകാലത്തിങ്കൽ മരിച്ചുപോയി. രാമരാജ്യത്തിൽ ബാലമരണം മുതലായ അനർത്ഥങ്ങൾ സംഭവിക്കാറില്ല. തന്റെ പുത്രൻ മരിച്ചതിനു് രാജാവിന്റെ ധർമ്മവൈകല്യമാണു് കാരണമെന്നു് ബ്രാഹ്മണൻ ആവലാതിപ്പെട്ടു. അപ്പോൾ, ആകാശത്തുനിന്നു്, "തപസ്സിനധികാരിയല്ലാത്ത കരുവൻ തപസ്സുചെയ്യുന്നുണ്ടു്. ഈ

അധർമ്മമാണ് ബാലമരണത്തിനു കാരണം.'' എന്നൊരു ശരീരി വാക്ക് കേൾക്കുമാറായി. ഉടനെതന്നെ രാമൻ സ്മരണമാത്രത്തിൽ സമാഗതമായ പുഷ്പകവിമാനത്തിലേറി തെന്നു ശംബൂകനെന്ന ആ താപസനെ കൊന്നു ബ്രാഹ്മണകുമാരനെ ജീവിപ്പിച്ചു.

അനന്തരം ശ്രീരാമൻ മഹത്തായ അശ്വമേധയാഗത്തിനു ആരംഭിച്ചു. യാഗം ചെയ്യുന്നതിനു പത്നിയില്ലാതെ സാധിക്കുന്നതല്ല. പത്നീസ്ഥാനത്തു സ്വർണ്ണനിർമ്മിതമായ സീതാപ്രതിമയെയാണു രാമൻ ഇരുത്തിയതു്. സുപ്രസിദ്ധമായ രാമാശ്വമേധത്തിനു നാനാദേശവാസികളായ നിരവധി മഹർഷിമാർ ക്ഷണപ്രകാരം വന്നുചേർന്നു. കൂട്ടത്തിൽ വാല്മീകിമഹർഷിയും വരികയുണ്ടായി. അദ്ദേഹം ശിഷ്യന്മാരായ കുശലവന്മാരേയും തൻറെകൂടെ കൊണ്ടുപോയി. കുശലവന്മാർ രാമായണകാവ്യം അതിമധുരമായി പാടിക്കൊണ്ടു് ജനങ്ങളെ ആനന്ദിപ്പിച്ചു. തൻറെ ചരിത്രത്തെക്കുറിച്ചുള്ള ഒരു കൃതി രാഗഭംഗിയോടുകൂടി പാടുന്ന രണ്ടു ബാലന്മാർ അയോദ്ധ്യയിൽ വന്നിട്ടുണ്ടെന്നുള്ള വിവരം ക്രമത്തിൽ രാമനു മനസ്സിലായി. രാമൻ അവരെ വരുത്തി അനുജന്മാരോടുകൂടി അവരുടെ രാമായണഗാനം ശ്രവിച്ചു. ''ആരാണു് നിങ്ങളുടെ ഗുരു? ആരുടെ കൃതിയാണു് നിങ്ങളീ പാടുന്നതു''?'' എന്നു ശ്രീരാമൻ ചോദിച്ചപ്പോൾ കുട്ടികൾ വാല്മീകിയുടെ പേർ പറഞ്ഞു. അത്ഭുതപരതന്ത്രനായി ചമഞ്ഞ രാമൻ വാല്മീകിയുടെ മുമ്പിൽ ചെന്നു, ''ഭഗവൻ, അങ്ങയുടെ വൈഭവം എനിക്കു മനസ്സിലായി.

ഞാൻ എന്റെ ശരീരം മാത്രം സ്വീകരിച്ച്, രാജ്യം മുഴുവനും അങ്ങയ്ക്ക് അടിയറവെച്ചുകൊള്ളുന്നു." എന്നറിയിച്ചു.

വാല്മീകി:—രാമ, ഈ കുശലവന്മാർ സീതാദേവി പ്രസവിച്ചുണ്ടായ കുമാരന്മാരാണ്. ഇവരേയും സീതയേയും അങ്ങ് സ്വീകരിക്കണം.

രാമൻ:—വന്ദ്യപിതാവേ, സീത എന്റെ മുമ്പിൽവെച്ച് അഗ്നിപ്രവേശം ചെയ്ത് തന്റെ ശുദ്ധിയെ തെളിയിക്കുകയുണ്ടായി. പക്ഷേ, ലങ്കയിൽവെച്ചു നടന്ന ആ അഗ്നിശുദ്ധിയെ ഇവിടെ വസിക്കുന്ന പ്രജകൾ വിശ്വസിച്ചില്ല. അതിനാൽ മൈഥിലി ഈ പ്രജകൾക്ക് തന്റെ ചാരിത്ര്യത്തെ കുറിച്ച് വിശ്വാസം വരുത്തട്ടെ. എന്നാൽ ഞാൻ പുത്രവതിയായ സീതയെ സ്വീകരിക്കാം.

ഉടനെ വാല്മീകി ശിഷ്യന്മാരെ അയച്ച് ആശ്രമത്തിൽനിന്നും സീതാദേവിയെ വരുത്തി. അവിടെവെച്ച് മുനിയുടെ കല്പനപ്രകാരം സീത തന്റെ ചാരിത്ര്യശുദ്ധിയെ പറഞ്ഞ് ഇങ്ങനെ സത്യംചെയ്തു:—

"അല്ലയോ വിശ്വംഭരയായ ഭൂമിദേവീ, ഞാൻ മനസാ വാചാ കർമ്മണാ പാതിവ്രത്യത്തോടുകൂടി വർത്തിക്കുന്നവളാണെങ്കിൽ, നിന്തിരുവടി എന്നെ അന്തർധാനം ചെയ്യേണമേ."

ഈ സത്യവാക്യം പറഞ്ഞു കഴിഞ്ഞപ്പോഴേക്കും ആ സ്ഥലത്തു് ഭൂമി പിളർന്ന് ഒരു ദ്വാരമുണ്ടാകയും അതിലൂ

ടെ ഭൂമിദേവി രത്നസിംഹാസനസ്ഥയായി പ്രത്യക്ഷപ്പെട്ടു്, സീതയെ മടിയിൽവെച്ചു്, പാതാളത്തിലേക്കു താഴുകയും ചെയ്തു.

ഈ ആശ്ചര്യസംഭവത്തിനുശേഷം വാല്മീകിശാസനത്താൽ ശ്രീരാമൻ പുത്രന്മാരായ കുശലവന്മാരെ സ്വീകരിക്കുകയും, അശ്വമേധം അനുഷ്ഠിപ്പിച്ചു് പുത്രന്മാരോടുകൂടി അയോദ്ധ്യയിൽ വസിക്കുകയും ചെയ്തു.

തദനന്തരം ശ്രീരാമൻ ഭ്രാതാക്കന്മാരേയും പുത്രന്മാരേയും പ്രത്യേകം പ്രത്യേകം ഓരോ സ്ഥാനത്തു് വാഴിച്ചു. അടുത്ത സഹോദരനായ ഭരതനു് സിന്ധുദേശമാണു് കല്പിച്ചുകൊടുത്തതു്. ഭരതന്റെ പുത്രന്മാരായ തക്ഷൻ, പുഷ്കലൻ എന്നിവരെ തക്ഷശില, പുഷ്കലാവതി എന്ന രാജധാനികളിൽ വാഴിച്ചു. ലക്ഷ്മണന്റെ പുത്രന്മാരായ അംഗദനേയും ചന്ദ്രകേതുവിനേയും തദ്രോപഥം എന്ന ദേശത്തിങ്കൽ വാഴിച്ചു. ഇങ്ങനെ എല്ലാവക്കും ഓരോ സ്ഥാനങ്ങൾ കല്പിച്ചുകൊടുത്തതിനുശേഷം രാമദേവികളുടെ മാതാക്കന്മാർ മരിച്ചുപോകയും അവരുടെ ഊർദ്ധ്വലോകഗതിക്കുവേണ്ടിയുള്ള അപരക്രിയകൾ പുത്രന്മാർ വിധിപ്രകാരം നിർവ്വഹിക്കുകയും ചെയ്തു.

പിന്നീടു് കാലൻ മുനിവേഷം സ്വീകരിച്ചു് രാമസന്നിധിയിൽവന്നു് അറിയിച്ചു:—"മഹാരാജാവേ, എനിക്കൊരു രഹസ്യവൃത്താന്തം പറയുവാനുണ്ടു്. അതു് മറ്റാരും കേൾക്കുവാൻ പാടില്ല. ആരെങ്കിലും ഇടയിൽ കടന്നുവന്നു് കേൾക്കുന്നപക്ഷം അവനെ അങ്ങു് ഉപേ

ക്ഷിക്കണം.'' രാമൻ അപ്രകാരം ചെയ്യാമെന്നു് സമ്മതിച്ചു. ആ മുനി രാമനോടു പറഞ്ഞതിതാണു്—''രാമാ, അങ്ങയുടെ അവതാരകാര്യം നിർവ്വഹിച്ചുകഴിഞ്ഞു. ഇനി സ്വർഗ്ഗാരോഹണം ചെയ്യാമെന്നു് ബ്രഹ്മാവു് അരുളിച്ചെയ്തിരിക്കുന്നു.'' കുലഗുരു രാമനുമായുള്ള സംഭാഷണം നടക്കുമ്പോൾ ദ്വാരപാലനായി നിന്നിരുന്നതു് ലക്ഷ്മണനാണു്. സംവാദമദ്ധ്യത്തിൽ ദുർവ്വാസസ്സു മുനി രാമനെ അടിയന്തിരമായി കാണണമെന്നു് പറഞ്ഞു ഗോപുരദ്വാരത്തിൽ എത്തി. തത്സമയം ജ്യേഷ്ഠന്റെ സമീപത്തുചെന്നാൽ ജ്യേഷ്ഠനു തന്നെ ഉപേക്ഷിയ്ക്കേണ്ടിവരുമെന്നു് നല്ലപോലെ അറിഞ്ഞിരുന്നിട്ടും കോപിഷ്ഠനായ ദുർവ്വാസസ്സിന്റെ ശാപത്തെ ഭയപ്പെട്ടു് ലക്ഷ്മണൻ സമയഭംഗം ചെയ്തു് രാജഗൃഹത്തിൽ കടന്നുചെന്നു. ജ്യേഷ്ഠൻ തന്നെ ഉപേക്ഷിക്കുന്നതിൽ ഭേദം ദേഹത്യാഗം ചെയ്യുകയാണെന്നുറച്ചു് ലക്ഷ്മണൻ സരയൂതീരത്തിൽ ചെന്നു് യോഗാഗ്നിയിൽ ദേഹം ഉപേക്ഷിച്ചു് ജ്യേഷ്ഠന്റെ പ്രതിജ്ഞയെ സത്യമാക്കിത്തീർത്തു.

അതിനുശേഷം ശ്രീരാമൻ തന്റെ മൂത്തപുത്രനായ കുശനെ കുശാവതിയിലും, ഇളയവനായ ലവനെ ശരാവതിയിലും വാഴിച്ചു് അനുജന്മാരോടുകൂടി ഉത്തരാഭിമുഖമായി മഹാപ്രസ്ഥാനം ചെയ്തു. അദ്ദേഹത്തെ അയോദ്ധ്യാവാസികളായ ജനങ്ങളും, തൽക്ഷണം എത്തിച്ചേർന്ന വാനരന്മാരും, രാക്ഷസന്മാരും അനുഗമിച്ചു. അപ്പോഴേക്കും സ്വർഗ്ഗത്തിൽനിന്നു് ദിവ്യമായ വിമാനവും എത്തിച്ചേർന്നു. രാമാദികളും എല്ലാവരുംകൂടി സരയൂനദിയിലെ

പുണ്യജലത്തിൽ മുങ്ങി സ്വർഗ്ഗം പ്രാപിച്ചു. അവർ മുങ്ങിയ തീർത്ഥത്തിനു് പിൻകാലത്തു് "ഗോപ്രതരതീർത്ഥം" എന്നു പേരുണ്ടായി. ശ്രീരാമൻ സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ, തന്റെ സഹായികളായ എല്ലാവരേയും സ്വർഗ്ഗം പ്രാപിപ്പിച്ചു. ലങ്കാപതിയായ വിഭീഷണനേയും, വായുപുത്രനായ ഹനുമാനേയും മാത്രം ചിരഞ്ജീവികളായി രാമൻ ഭൂമിയിൽ ഇരുത്തി.

കുശചക്രവർത്തി

ശ്രീരാമൻ മരിക്കുന്നതിനുമുമ്പ് കുശനെ കുശാവതീനഗരിയിൽ വാഴിച്ച വിവരം മുമ്പു പറഞ്ഞുവല്ലൊ. അനുജനായ ലവനും ഭരതാദികളുടെ പുത്രന്മാരായ തക്ഷപുഷ്കരാദികളും കൂടി കുശനെ രഘുവംശത്തിലെ ചക്രവർത്തിയായി വിധിപ്രകാരം അഭിഷേകംചെയ്തു. അദ്ദേഹം കുശാവതിയിലിരുന്നുകൊണ്ടു് ധർമ്മം പിഴക്കാതെ രാജ്യം പരിപാലിച്ചു.

ഒരു ദിവസം അർദ്ധരാത്രി സമയത്തു്, സകല ജനങ്ങളും ഗാഢനിദ്രയിൽ കിടക്കുമ്പോൾ, കുശന്റെ കിടപ്പറയിൽ മുമ്പു കണ്ടിട്ടില്ലാത്ത ഒരു സ്ത്രീയെ കാണ്മാറായി. അവൾ വിരഹിണിയായ ഒരു വനിതയുടെ വേഷമാണു് ധരിച്ചിരുന്നതു്. ആ സ്ത്രീ ജയശബ്ദം ഉച്ചരിച്ചുകൊണ്ടു കൈ കൂപ്പിയപ്പോൾ വിസ്മയാവിഷ്ടനായ കുശൻ ചോദിച്ചു:—"ദേവി, അവതി ആരാണു്? ആരുടെ ഭാര്യയാണു്?

എന്തിനുവേണ്ടിയാണു് എന്റെ അടുക്കൽ വന്നിരിക്കുന്നതു്."

സ്ത്രീ:—മഹാരാജാവേ, ഞാൻ അയോദ്ധ്യാപുരിയുടെ അധിദേവതയാകുന്നു. അങ്ങയുടെ പിതാവു് സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അയോദ്ധ്യയിലെ പൌരന്മാരെയെല്ലാംകൂടെ കൊണ്ടുപോയി. അതിനാൽ ഞാൻ ശോച്യാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. അയോദ്ധ്യയിലെ ഗൃഹങ്ങളും, രാജമാർഗ്ഗങ്ങളും, ഉദ്യാനങ്ങളും, തടാകങ്ങളും എന്നു വേണ്ട എല്ലാംതന്നെയും ശൂന്യാവസ്ഥയിലെത്തിയിരിക്കുന്നു. ഗൃഹങ്ങളിൽ പ്രഭാതത്തിലും സന്ധ്യയിലും വിളക്കിന്റെ പ്രകാശം കാണാതായിരിക്കുന്നു. അനാദികാലം മുതൽക്കു് സൂര്യവംശത്തിലെ രാജാക്കന്മാർ വാണുവന്നിരുന്ന അയോദ്ധ്യയുടെ ഈ ദയനീയാവസ്ഥയെ അങ്ങു് പരിഹരിക്കുമാറാകണം. അങ്ങു് ഈ കുശാവതിയെ ഉപേക്ഷിച്ചു് കുലരാജധാനിയായ അയോദ്ധ്യയിൽവന്നു് പാപ്പു തുടങ്ങണം.

കുശൻ:—ഭദ്രേ, ഭവതിയുടെ ഉചിതജ്ഞതയ്ക്കു വന്ദനം. ഭവതിയുടെ അഭിലാഷം തീർച്ചയായും ഞാൻ സാധിപ്പിച്ചുകൊള്ളാം.

കുശന്റെ പ്രതിവചനം കേട്ടു് ആ സ്ത്രീ അന്തർദ്ധാനംചെയ്തു. രാത്രിയിലെ ഈ അത്ഭുതവൃത്താന്തം പിറേദിവസം രാവിലെ കുശൻ ബ്രാഹ്മണരോടു പറഞ്ഞു. കുലരാജധാനിയിലേയ്ക്കു പോകുന്നതു് സർവ്വഥാ ഉചിതമാണെന്നു് അവർ അഭിപ്രായപ്പെട്ടു. പിന്നെ കുശൻ കുശാവതി

യെ ശ്രോത്രിയന്മാരായ ബ്രാഹ്മണർക്ക് ദാനം ചെയ്തു, കുശ ശുഭമുഹൂർത്തത്തിൽ അന്തഃപുരസ്ത്രീകളോടും അനുയായി വർഗ്ഗങ്ങളോടും ചതുരംഗസേനയോടുംകൂടി അയോദ്ധ്യാപു രിയിലേയ്ക്കു യാത്രപുറപ്പെട്ടു. അയോദ്ധ്യയുടെ അതിർത്തി യിൽ അദ്ദേഹം സൈന്യങ്ങളോടുകൂടി താവളമടിച്ചു. താ മസിയാതെ ശില്പികളെ നിയോഗിച്ചു് അയോദ്ധ്യാപുരി യെ ജീർണ്ണോദ്ധാരണം ചെയ്കയും, അനേകം ദേവാലയങ്ങ ളുള്ളതായ ആ പുരിക്കു് വിധിപ്രകാരം പൂജകഴിപ്പിക്കുക യും ചെയ്തു. പിന്നെ പൌരന്മാരെ യഥാസ്ഥാനം കുടി യിരുത്തി, തന്റെ പിതൃപിതാമഹന്മാർ പാർത്തിരുന്ന രാജധാനിയിൽ കുശൻ പാർപ്പുറപ്പിച്ചു. അപ്പോൾ അ യോദ്ധ്യാപുരി മുമ്പുണ്ടായിരുന്ന മഹിമയെ വീണ്ടും പ്രാ പിച്ചു.

കുശൻ അയോദ്ധ്യയിൽ താമസം തുടങ്ങിയതിനു ശേഷം, ഗ്രീഷ്മർത്തുവിൽ ഒരു ദിവസം അവരോധ സ്ത്രീക ളോടുകൂടി സരയൂനദിയിൽ ക്രീഡിക്കുകയായിരുന്നു. ക്രീ ഡാകോലാഹലത്തിൽ കയ്യിൽ ധരിച്ചിരുന്നതായ വള അദ്ദേഹമറിയാതെ വെള്ളത്തിൽ ഊരിവീണുപോയി. അതു് ശ്രീരാമനു് അഗസ്ത്യമുനിയിൽനിന്നു് സിദ്ധിച്ച തും, രാജ്യാധിപത്യത്തോടൊപ്പം രാമൻ കുശനു നല്കിയ തും, സർവ്വജയങ്ങൾക്കും കാരണവുമായ ജൈത്രാഭരണം ആയിരുന്നു. ജലക്രീഡകഴിഞ്ഞു കരയ്ക്കു കയറിയപ്പോൾ കയ്യിന്മേൽ വള കണ്ടില്ല. പിതാവിനാൽ ദാനംചെയ്യ പ്പെട്ട ആ ദിവ്യാഭരണത്തിന്റെ നാശം കുശനു സഹി പ്പാൻ കഴിഞ്ഞില്ല. ഉടനെ അദ്ദേഹം വലവീശുന്നതിൽ

നൈപുണ്യമുള്ള ജാലികന്മാരെ നിയോഗിച്ചു നദീജലത്തിലെല്ലാം തിരയിച്ചു. പക്ഷേ, ഫലമൊന്നുമുണ്ടായില്ല. സരയൂജലത്തിൽ കുമുദൻ എന്ന നാഗശ്രേഷ്ഠന്റെ സഞ്ചാരമുണ്ടെന്നും, വള അവന്റെ കയ്യിൽ പെട്ടിരിക്കുമെന്നും ജാലികന്മാർ അഭിപ്രായപ്പെട്ടു. അതുകേട്ട് കുശൻ വില്ലു കുലച്ചു് കോപത്തോടുകൂടി കുമുദനെ നശിപ്പിക്കുന്നതിനു വേണ്ടി ഗാന്ധർവ്വാസ്ത്രം തൊടുത്തു. അപ്പോഴേക്കും നദീജലം ആകപ്പാടെ കലങ്ങിമറിയുകയും തരംഗങ്ങൾ അതീശക്തിയോടുകൂടി അടിക്കുകയും ചെയ്തു. തദവസരത്തിൽ കുമുദൻ മനോജ്ഞയായ ഒരു നാഗകന്യകയോടും, വെള്ളത്തിൽ വീണുപോയ വളയോടുംകൂടി പൊങ്ങിവന്നു.

കുമുദൻ: — പ്രഭോ, അങ്ങയുടെ വീര്യത്തെ ഞാൻ ശരിക്കറിഞ്ഞിട്ടുണ്ടു്. ഈ കന്യക എന്റെ ഇളയ സോദരിയായ കുമുദ്വതിയാണു്. ഇവൾ പന്തടിച്ചുകൊണ്ടു് മേല്പോട്ടു നോക്കിനില്ക്കുമ്പോൾ കീഴ്പോട്ട താണതാണവരുന്ന അങ്ങയുടെ ആഭരണം കൌതുകം നിമിത്തം എടുത്തുപോയി. അതു വീണ്ടും അങ്ങയുടെ ഭുജത്തെ അലങ്കരിക്കുമാറാകട്ടെ. ജൈത്രാഭരണത്തോടുകൂടി കുമുദ്വതിയേയും അങ്ങു് സ്വീകരിക്കുമാറാകണം.

ഇങ്ങനെ പറഞ്ഞു് കുമുദൻ കുമുദ്വതിയേയും, ആഭരണത്തേയും കുശന്റെ കയ്യിൽ സമർപ്പിച്ചു. കുശൻ അവളെ പാണിഗ്രഹണം ചെയ്തപ്പോൾ സന്തുഷ്ടന്മാരായ ദേവന്മാർ മംഗളവാദ്യം മുഴക്കുകയും, പുഷ്പവൃഷ്ടി പൊഴിക്കുകയുംചെയ്തു.

കുശചക്രവർത്തിയും, കുമുദ്വതിയുംകൂടി കുറെക്കാലം സുഖമായി വസിച്ചപ്പോൾ കുമുദ്വതി ഒരു കുമാരനെ പ്രസവിച്ചു. അവനു് പിതാവു് അതിഥി എന്നു നാമകരണംചെയ്തു. അതിഥി യഥാകാലം വിദ്യാഭ്യാസംചെയ്തു് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചു. അങ്ങനെയിരിക്കുന്ന കാലത്തു്, ദേവേന്ദ്രന്റെ ആവശ്യപ്രകാരം കുശൻ സ്വർഗ്ഗത്തിൽ ചെന്നു് ഇന്ദ്രശത്രുവായ ദുർജ്ജയൻ എന്ന അസുരനെ നിഗ്രഹിച്ചു. ആ യുദ്ധത്തിൽ ദുർജ്ജയന്റെ ആയുധമേറ്റു് കുശൻ സ്വർഗ്ഗത്തിൽവെച്ചുതന്നെ മരണംപ്രാപിച്ചു. പതിവ്രതയായ കുമുദ്വതി സതീധർമ്മമനുസരിച്ചു് പതിയെ അനുഗമിക്കുകയാണുണ്ടായതു്.

അതിഥിയുടെ ചരിത്രം

കുശൻ ദുർജ്ജയനെ ജയിക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിലേയ്ക്കു പോകുമ്പോൾ യുദ്ധത്തിൽ തനിക്കു് അപായം വരുന്നപക്ഷം പുത്രനായ അതിഥിയെ രാജസിംഹാസനത്തിൽ വാഴിക്കണമെന്നു് മന്ത്രിമാരോടു് പറഞ്ഞിട്ടുണ്ടായിരുന്നു. കുശൻ മരിച്ച വിവരം അറിഞ്ഞു് മന്ത്രിമാർ അതിഥിയെ രാജാവായി അഭിഷേകംചെയ്തു. അഭിഷേകാവസരത്തിൽ കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ടുകിടക്കുന്നവരെ വിട്ടയാനും, വധശിക്ഷ വിധിക്കപ്പെട്ട കുറ്റക്കാരെ വധിക്കാതിരിപ്പാനും, ഭാരം ചുമക്കുന്ന കുതിരകളേയും മറ്റും മോചിപ്പിക്കുവാനും, കുറുള്ള പശുക്കളെ കുറക്കാതെ കുട്ടികളെ വിട്ടു കുടിപ്പിക്കുവാനും മഹാരാജാ

വും ആജ്ഞനല്ലോ. കൂട്ടിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന കിളികൾക്കുകൂടിയും രാജാവു് ബന്ധമോചനം നല്കും.

അതിഥി രഘുവംശത്തിലെ പരമയോഗ്യന്മാരായ രാജാക്കന്മാരിൽ ഒരുവനായിരുന്നു. അദ്ദേഹം സ്വയമായിത്തന്നെ ധർമ്മാസനത്തിൽ ഇരുന്നു് പ്രജകൾ തമ്മിലുള്ള വ്യവഹാരങ്ങൾ കേട്ടു് നിയമപ്രകാരം വിധികല്പിച്ചിരുന്നു. പ്രജകൾ ചെയ്യുന്ന അഭ്യുത്ഥാനകർമ്മങ്ങൾ് സമുചിതമായ ഫലം നല്കുന്നതിൽ അതിഥി അമാന്തം കാണിച്ചിരുന്നില്ല. അദ്ദേഹം ഒരു വാക്കു് പറഞ്ഞാൽ അതൊരിക്കലും തെറ്റിച്ചിരുന്നില്ല; ഒരു വസ്തു ഒരുവനു ദാനംചെയ്താൽ ഒരിക്കലും അതു് വീണ്ടെടുത്തിരുന്നില്ല. ശത്രുക്കളെ യുദ്ധത്തിൽ ജയിച്ചാൽ വീണ്ടും അവരെത്തന്നെ അവരുടെ രാജ്യങ്ങളിൽ വാഴിച്ചിരുന്നു. യൌവനം, സൌന്ദര്യം, ഐശ്വര്യം ഈ മൂന്നിൽ ഓരോന്നും മനുഷ്യനു മദമുളവാക്കുന്നതാണു്. അതിഥിക്കു് ഈ മൂന്നുകൂട്ടവും പരിപൂർണ്ണമായുണ്ടായിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ മനസ്സിൽ ലേശംപോലും മദമുണ്ടായിരുന്നില്ല. അദ്ദേഹം ബാഹ്യന്മാരായ ശത്രുക്കളെ ജയിക്കുന്ന കാര്യത്തിൽ വളരെ ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. എന്നാൽ മദമാത്സര്യാദികളായ ആഭ്യന്തരശത്രുക്കളെ സമൂലം സംഹരിക്കുന്നതിൽ സദാ ജാഗരൂകനായിരുന്നുതാനും. ധർമ്മാത്മകാമങ്ങൾക്കു് പരസ്പരം വിരോധം വരാത്തവിധം അദ്ദേഹം അവയെ സേവിച്ചു. നിസ്സാരന്മാരായവരെ മിത്രങ്ങളാക്കിയാൽ, അവരെക്കൊണ്ടു് ഉപകാരമൊന്നുമുണ്ടാകയില്ല; അധികം ശക്തിയുള്ളവരെ സുഹൃത്തുക്കളാക്കിയാൽ

അവർ തിരിഞ്ഞടിക്കുകയും ചെയ്യും. അതിനാൽ ശക്തി കൊണ്ട് ഇടമട്ടുകാരായിട്ടുള്ളവരെയാണ് അദ്ദേഹം മിത്രങ്ങളാക്കിയത്. സുരക്ഷിതയായ ഭൂമി, ഖനികർമം വഴിയായി രത്നങ്ങളേയും, മയലുകർമമുഖേന സസ്യങ്ങളേയും, വനങ്ങളിലൂടെ ഗജങ്ങളേയും അദ്ദേഹത്തിന്നു ധാരാളം പ്രദാനംചെയ്തു. അതിഥിചക്രവർത്തിയുടെ ഭരണക്രമം ധാർമ്മികന്മാരും, നീതിനിഷ്ഠന്മാരുമായ രാജാക്കന്മാർക്ക് ഒരു പാഠമായിരുന്നു. അർത്ഥശാസ്ത്രത്തിൽ വിധിക്കപ്പെട്ട ഭരണനിയമങ്ങളെ അതിഥി അക്ഷരംപ്രതി അനുസരിച്ചുവന്നു.

അതിഥിയുടെ അനന്തരഗാമികർ

അതിഥിചക്രവർത്തിയുടെ അനന്തരഗാമികളായ അനേകം രാജാക്കന്മാരെ രഘുവംശത്തിൽ പറഞ്ഞിട്ടുണ്ട്. അവരുടെ കഥകൾ കവി വിസ്തരിച്ചു വർണ്ണിച്ചിട്ടില്ല. അതിഥിയുടെ പുത്രൻ നിഷധനെന്നു നാമമാകുന്നു. നിഷധൻമുതൽക്കുള്ള ചില രാജാക്കന്മാരുടെ പേരുകൾ മാത്രം താഴെ ചേർക്കുന്നു:—

1. നിഷധൻ
2. നളൻ
3. നഭസ്സ്
4. പുണ്ഡരീകൻ
5. ക്ഷേമധന്വാവ്
6. ദേവാനീകൻ
7. അഹീനഗു
8. പാരിയാത്രൻ
9. ശിലൻ
10. ഉന്നാഭൻ
11. വജ്രനാഭൻ
12. ശംഖണൻ
13. വ്യുഷിതാശ്വൻ
14. വിശ്വസഹൻ
15. ഹിരണ്യനാഭൻ
16. കൗസല്യൻ
17. ബ്രഹ്മിഷ്ഠൻ
18. പുരുൽ
19. പുഷ്യൻ
20. ധ്രുവസന്ധി
21. സുദർശനൻ

സുദർശനന്റെ കഥ

സുദർശനന്റെ പിതാവായ ധ്രുവസന്ധി നായാട്ടിൽ വെച്ച് സിംഹത്താൽ കൊല്ലപ്പെട്ടു. അദ്ദേഹം മരിച്ചപ്പോൾ സുദർശനൻ ചെറിയ കുട്ടിയായിരുന്നു. എങ്കിലും അമാത്യന്മാർ അദ്ദേഹത്തെ രാജസിംഹാസനത്തിൽ വാഴിച്ചു. രാജകിരീടം ധരിച്ചതുകൊണ്ട് ബാലനായ അദ്ദേഹത്തിലും രാജ്യലക്ഷ്മി വിളയാടി. ആനപ്പുറത്തു കയറി ആനക്കാരന്റെ കൈ പിടിച്ചിരുന്നുകൊണ്ട് രാജവീഥിയിൽക്കൂടെ എഴുന്നള്ളുന്ന ആറുവയസ്സുമാത്രം പ്രായമുള്ള സുദർശനനെ പൌരജനങ്ങൾ കൈകൂപ്പി വണങ്ങി. പിതാവിന്റെ സിംഹാസനത്തിലിരിക്കുമ്പോൾ സുദർശനൻ ചെറിയൊരു കുട്ടിയായി തോന്നിയെങ്കിലും തേജോവിശേഷംകൊണ്ട് മഹാരാജാവായി കാണപ്പെട്ടു. സിംഹാസനത്തിലിരിക്കുമ്പോൾ സുദർശനന്റെ കാലുകൾ പാദപീഠത്തിൽ മുട്ടിയിരുന്നില്ല; എങ്കിലും സാമന്തരാജാക്കന്മാർ ആ പാദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തു. നീലരത്നം എത്ര ചെറുതായിരുന്നാലും അതിനെ മഹാനീലം എന്നു പറയാറുണ്ടല്ലൊ. അതുപോലെ ബാലനായ സുദർശനനേയും ജനങ്ങൾ മഹാരാജനായി സങ്കല്പിച്ചു. സുദർശനമഹാരാജാവിന്റെ ഇരുപുറവുംനിന്നു ചാമരധാരികൾ ചാമരം വീശുമ്പോൾ അദ്ദേഹത്തിന്റെ "കാകപക്ഷങ്ങൾ" * ഇളകിക്കൊണ്ടിരുന്നു. എ

---

* കാകപക്ഷങ്ങൾ=കുട്ടികളുടെ കുടുമ

ന്നാൽ അദ്ദേഹത്തിന്റെ മുഖത്തുനിന്നു പുറപ്പെട്ടന്ന ആജ്ഞക്ക് സമുദ്രപര്യന്തമുള്ള ഭൂമിയിൽ ഒരിടത്തും തടവുണ്ടായില്ല. സ്വർണ്ണംകൊണ്ടുള്ള പട്ടസൂത്രം നെറ്റി മേൽകെട്ടി മനോഹരമായ തിലകവുംതൊട്ട് പുഞ്ചിരിയോടുകൂടി ശത്രുക്കളോടെതിർത്ത സുദർശനൻ വിജയശ്രീയാൽ പരിലാളിതനായി. കാലം കഴിയുന്നതോടുകൂടി സുദർശനന്റെ ശരീരാവയവങ്ങളും, അതോടൊപ്പം ശൌര്യാദികളായ ഗുണങ്ങളും വളർന്നുവന്നു. ധർമ്മാർത്ഥകാമങ്ങൾക്കു കാരണമായ എല്ലാ വിദ്യകളേയും വിശേഷിച്ച് ക്ഷത്രിയോചിതമായ അസ്ത്രവിദ്യയേയും അദ്ദേഹം അഭ്യസിച്ചു. മാറിടം വീതിച്ചു, കട്ടമ കെട്ടി, ഇടത്തു കാലിന്റെ മുട്ട് മടക്കി കണ്ണാന്തത്തിങ്കലോളം ഞാൺ വലിച്ചുകൊണ്ട് ബാണം തൊടുക്കുന്ന സുദർശനന്റെ ദർശനം കാണികളുടെ മനസ്സിനെ സവിശേഷം ആകർഷിച്ചു.

ക്രമത്തിൽ സുദർശനനു് യൌവനം പരിപൂർണ്ണമായി. അപ്പോൾ അദ്ദേഹം വിവാഹംചെയ്ത്, ഗൃഹസ്ഥാശ്രമത്തെ സ്വീകരിക്കുകയും, പൂർവ്വന്മാരാൽ പരിപാലിതമായ രാജ്യത്തെ ധർമ്മമർയ്യാദയനുസരിച്ച് പരിപാലിക്കുകയുംചെയ്തു. അഗ്നിവർണ്ണനെന്നു പേരായ ഒരു പുത്രൻ പിറന്നു. വാർദ്ധക്യമായപ്പോൾ അദ്ദേഹം അഗ്നിവർണ്ണനെ രാജ്യസ്ഥാനത്തു വാഴിച്ച് വാനപ്രസ്ഥാശ്രമം സ്വീകരിച്ച് നൈമിശാരണ്യത്തിൽ പോയി തപസ്സുചെയ്ത് ആയുശ്ശേഷം നയിച്ചു.

അഗ്നിവർണ്ണൻ

അഗ്നിവർണ്ണൻ കലാവിദ്യകളിൽ അതികൌതുകമുള്ളവനും, വിഷയസുഖങ്ങളിൽ അസാധാരണമായ താല്പര്യമുള്ളവനുമായിരുന്നു. രാജ്യാധിപത്യം രാജാവിനു സുഖാനുഭവത്തിനുവേണ്ടിയുള്ളതാണെന്നു് അദ്ദേഹം വിചാരിച്ചു. സിംഹാസനാരോഹണം ചെയ്തതിനുശേഷം ഏതാനും സംവത്സരംകാലം കലോചിതമായ രാജ്യാധികാരം നടത്തിക്കൊണ്ടിരുന്നു. അതിനുശേഷം രാജ്യഭാരം മന്ത്രിമാരിൽ ഏല്പിച്ചു് തന്റെ യൌവനത്തെ അദ്ദേഹം സുന്ദരിമാരായ സ്ത്രീകൾക്കു് വിധേയമാക്കിത്തീർത്തു.

അഗ്നിവർണ്ണന്റെ കൊട്ടാരത്തിൽ എപ്പോഴും പാട്ടും കൂത്തും കോലാഹലമായി നടന്നു. സ്ത്രീകളുടെ അധികാരമല്ലാതെ രാജധാനിക്കകത്തു് എങ്ങും കാണപ്പെട്ടില്ല. രാജാവു് രാത്രിയും പകലും അന്തഃപുരത്തിൽത്തന്നെ താമസിച്ചു; രാജദർശനത്തിനായി വന്ന പ്രജകളെ കാണുന്നതിനുപോലും അദ്ദേഹം പുറത്തുവന്നില്ല. ഉർല്ലഭം ചിലപ്പോൾ രാജാവിനെ കണ്ടേ കഴിയൂ എന്നു് സന്നിർബ്ബന്ധം അപേക്ഷിച്ച മന്ത്രിമാർക്കു് അഗ്നിവർണ്ണൻ ദർശനം കൊടുത്തു; ജനവാതിക്കൽകൂടെ പുറത്തു നീട്ടിയ രാജാവിന്റെ കാൽ ദർശിക്കുവാൻ മാത്രമേ മന്ത്രിമാർക്കു് സാധിച്ചുള്ളൂ.

ഇങ്ങനെ ഇന്ദ്രിയസുഖങ്ങളിൽ നിമഗ്നനായി കുറെ അധികംകാലം കഴിച്ചുകൂട്ടിയപ്പോൾ അഗ്നിവർണ്ണനെ രോ

ഗരാജാവായ രാജലക്ഷ്മാവു്(ക്ഷയം) പിടികൂടി അപ്പോൾ അദ്ദേഹത്തിന്നു് മന്ത്രിമാക്കു് കാൽകാട്ടിക്കൊടുക്കാൻകൂടിയും വയ്യാതെയായി. "മഹാരാജാവു് രാജധാനിക്കുള്ളിൽ എന്താണു് ചെയ്യുന്നതു്?" എന്നു് പ്രജകളിൽ ആരെങ്കിലും ചോദിച്ചാൽ, "പുത്രോല്പത്തിക്കുവേണ്ടിയുള്ള സല്ലാപ്പങ്ങളിൽ അനുഷ്ഠിക്കുകയാണു്" എന്നാണു് മന്ത്രിമാർ സമാധാനം പറഞ്ഞിരുന്നതു്. ഇങ്ങനെ ക്ഷയരോഗാതുരനായി കുറച്ചുകാലം കഴിഞ്ഞപ്പോൾ അദ്ദേഹം ഇഹലോകജീവിതം അവസാനിപ്പിച്ചു് പരമപദം പ്രാപിച്ചു.

അഗ്നിവർണ്ണൻ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രധാനപത്നിക്കു് ഗർഭലക്ഷണമുള്ളതായി കാണപ്പെട്ടു. ഗർഭസ്ഥനായ ശിശുവിന്നു് പിതാവിന്റെ രാജ്യത്തിന്നു് മുറപ്രകാരം അവകാശമുണ്ടെന്നായിന്നു രഘുവംശരാജാക്കന്മാരുടെ നിയമം. അതിനാൽ മന്ത്രിമാർ ഗർഭിണിയായ രാജപത്നിയെ രാജസിംഹാസനത്തിലിരുത്തി വിധിപ്രകാരം അഭിഷേകം ചെയ്തു. അഭിഷിക്തയായ രാജ്ഞിയുടെ ഗർഭത്തിലുള്ള പുത്രൻ പ്രജകളുടെ പ്രമോദത്തോടുകൂടി വളർന്നുവന്നു. ഗർഭിണിയായ ആ സ്ത്രീരത്നം രാജസിംഹാസനത്തിൽ ആസീനയായി വിധിപോലെ രാജ്യഭരണം നടത്തിവന്നു.

കുമാരസംഭവകഥ

ശ്രീപാർവ്വതിയുടെ ജനനം

ഭാരതഖണ്ഡത്തിന്റെ വടക്കേ അതിർത്തി സുപ്രസിദ്ധമായ ഹിമാലയപർവ്വതമാകുന്നു. കിഴക്കുപടിഞ്ഞാറു നെടുനീളത്തിൽ കിഴക്കേ സമുദ്രവും പടിഞ്ഞാറെ സമുദ്രവും മുട്ടിക്കൊണ്ടു കിടക്കുന്ന ഈ പർവ്വതം ഭൂമിയുടെ അളവുകോലെന്നപോലെ പരിലസിക്കുന്നു. ഈ പർവ്വതത്തിൽ എല്ലാ സമയത്തും മഞ്ഞു നിറഞ്ഞിരിക്കും; ചലചല എന്ന ശബ്ദത്തോടുകൂടി പല അരുവികളും ഇതിന്മേൽ കൂടികൊണ്ടിരിക്കും. നീലവർണ്ണങ്ങളായ മേഘപടലങ്ങളും സകലസമയത്തും ഹിമാലയത്തിൽ സഞ്ചരിക്കുന്നതു കാണാം. രാത്രികാലങ്ങളിൽ സ്വയം പ്രകാശിക്കുന്ന ഒരുതരം ഔഷധച്ചെടി ഈ മലയിൽ സുലഭമാകുന്നു. അവയുടെ പ്രകാശം നവരത്നങ്ങളുടെ ദീപ്തിയേയും, ചന്ദ്രപ്രകാശത്തേയും നിസ്സാരമാക്കുന്നതാകുന്നു. സിംഹവീരന്മാർ ആനത്തലവന്മാരുടെ മസ്തകം തല്ലിപ്പിളർക്കുമ്പോൾ അതിൽനിന്നു ചിതറി വീണ മുത്തുമണികളും രക്തം കലർന്നു് അങ്ങിങ്ങു കിടക്കുന്നതു കാണാം. അവയാണു് മൃഗയാസക്തരായ വേടന്മാർക്കു വഴി കാണിക്കുന്നതു്. ഹിമവാന്റെ ഉന്നതശിഖരങ്ങളിലും, അഗാ

ധഗ്രഹകളിലും, പാറയിടുക്കുകളിലും അനേകം യോഗിവ
യ്യന്മാർ കണ്ണുകളടച്ച് ഈശ്വരധ്യാനത്തിൽ മുഴുകിയിരി
ക്കുക പതിവാകുന്നു. സപ്തർഷിമാരായ വിശ്വാധരാദികളു
ടെ സ്ത്രീകൾ ഹിമാലയത്തിന്റെ ശിഖരങ്ങളിൽ സം
ഘംസംഘമായി വന്ന് വിനോദിക്കാറുണ്ട്. ദേവദാരു
മരങ്ങളിൽനിന്ന് മനോഹരമായ പരിമളത്തോടുകൂടിയ
മന്ദമാരുതൻ എപ്പോഴും വീശിക്കൊണ്ടിരിക്കും. ചില
സ്ഥലങ്ങളിൽ തുമ്പി തുളച്ചുമുളകളോടുകൂടിയ മുളംകൂട്ട
ങ്ങൾ കാണാം; അവക്കുള്ളിൽ കാറ്റു കടക്കുമ്പോൾ ത
നിയെ പുറപ്പെടുന്ന ശ്രുതിമധുരമായ സംഗീതം ഹിമാ
ലയത്തിന്റെ മഹിമയെ പതിന്മടങ്ങു വർദ്ധിപ്പിക്കുന്നു.
വിശാലവും അഗാധവുമായ തടാകങ്ങളിൽ വിരിഞ്ഞു
നില്ക്കുന്ന താമര മുതലായ കുസുമങ്ങളിൽ പെരുമാറുന്ന
വണ്ടുകളുടെ ഝംകാരം ഏവരുടെയും ശ്രവണപുടങ്ങളെ
ആകർഷിക്കും. ചില സ്ഥലങ്ങളിൽ തിങ്ങിപ്പരന്നുനില്ക്കു
ന്ന വൻമരങ്ങളുടെ ഇടയിലൂടെ സൂര്യകിരണങ്ങൾക്ക്
ഒരിക്കലും കീഴ്പ്പോട്ടുപതിക്കുവാൻ കഴിയുകയില്ല.

ഹിമാലയത്തിന്നു രണ്ടു സ്വരൂപങ്ങളുണ്ട്. ഒന്ന്,
സ്ഥാവരമായ പർവ്വതസ്വരൂപം; രണ്ട്, ജംഗമമായ ദേവ
താസ്വരൂപം ഹിമവാനെ ദേവന്മാരിലൊരുവനായിട്ടാണു
ഗണിച്ചുവരുന്നതു്. അദ്ദേഹം പിതൃദേവന്മാരുടെ മാനസ
കന്യകയും പതിവ്രതാശിരോമണിയുമായ മേനയെ വിവാ
ഹംചെയ്തു. പതിയുടെ ഹിതമനുസരിച്ചു നടക്കുന്നതിൽ
മേനയെക്കാൾ മേലെയായി മറ്റൊരു മഹിളയെ കാണു
കയില്ല. മേനയിൽ ഹിമവാനു് ആദ്യം മൈനാകനെന്നു

പേരായ ഒരു പുത്രൻ പിറന്നു. അവന്നും സ്ഥാവരജംഗമങ്ങളായ രണ്ടു് സപത്നങ്ങളുണ്ടു്. ഒരിക്കൽ ദേവേന്ദ്രൻ പർവ്വതങ്ങളുടെ ചിറകുകളറുക്കുവാൻ പുറപ്പെട്ടപ്പോൾ മൈനാകൻ സമുദ്രാധിപനായ വരുണനുമായി സഖ്യംചെയ്തു വരുണരാജധാനിയിൽ താമസമാക്കി. അതിനാൽ ഇന്ദ്രന്റെ വജ്രപ്രഹരംകൊണ്ടുള്ള വേദനെ മൈനാകനനുഭവിക്കേണ്ടിവന്നില്ല.

ഇക്കാലത്തു് ദക്ഷപ്രജാപതിയുടെ പുത്രിയും, ശിവന്റെ ധർമ്മപത്നിയുമായ സതീദേവി, സുപ്രസിദ്ധമായ ദക്ഷയാഗത്തിൽവെച്ചു് തന്റെ ഭർത്താവായ പരമശിവനെ അപമാനിച്ചതു കാരണം അരിശംപൂണ്ടു്, യോഗാഗ്നിയിൽ ദേഹം ദഹിപ്പിച്ചു. പക്ഷേ, ശിവന്റെ പത്നീപദം അലങ്കരിക്കുന്നതിലുള്ള അഭിലാഷം സതീദേവിയെ വിട്ടുപിരിഞ്ഞില്ല. അതുകയാൽ, വീണ്ടും ഒരു ജന്മം സ്വീകരിച്ചു് ശിവന്റെ പത്നീപദം പ്രാപിക്കുവാൻ സതീദേവി തീരുമാനിച്ചു. അങ്ങനെ ജനിക്കുന്നതിനുവേണ്ടി സതീദേവി ഹിമവൽ പത്നിയായ മേനയുടെ ഗർഭത്തിൽ പ്രവേശിച്ചു. മൈനാകന്റെ ഉത്ഭവത്തിനുശേഷം കുറേക്കാലം കഴിഞ്ഞപ്പോൾ ഹിമവാനു് മേനയിൽ മനോഹരാംഗിയായ ഒരു കന്യക പിറന്നു. അവൾക്കുദേഹം പാർവ്വതിയെന്നു നാമകരണം ചെയ്തു. പാർവ്വതിയുടെ ജനനാഘോഷത്തിൽ ഭൂമിയിലുള്ള സകല ജീവികളും ആഹ്ലാദിച്ചു. ദേവന്മാർ കല്പകവൃക്ഷപുഷ്പം ലോഭംകൂടാതെ വർഷിച്ചു. ഉർവ്വശി, മേനക, രംഭ, തിലോത്തമ തുടങ്ങിയുള്ള അപ്സരസ്ത്രീകൾ നർത്തനംചെയ്തു. കിന്നരന്മാർ തുംബുരുവും, സിദ്ധന്മാർ

വീണയും വായിച്ചു. ഗന്ധർവ്വന്മാർ ദിവ്യഗാനങ്ങളും മുഴക്കി. ദേവന്മാരുടെ ദുന്ദുഭിവാദ്യം നഭോമണ്ഡലത്തെ മുഖരിതമാക്കി.

ദിവ്യമംഗളരൂപിണിയായ ശ്രീ പാർവ്വതി ശുക്ലപക്ഷത്തിലെ ചന്ദ്രലേഖപോലെ നാൾതോറും വളർന്നുവന്നു. അങ്ങിനെയിരിക്കുന്ന കാലത്തു് ഒരു ദിവസം ദേവർഷിയായ ശ്രീ നാരദൻ ഹിമവാന്റെ സന്നിധിയിൽ എഴുന്നള്ളുകയുണ്ടായി. ഹിമവാൻ മഹർഷിയെ ആദരപൂർവ്വം എതിരേറ്റു സ്വീകരിച്ചു് യഥോചിതം പൂജിച്ചു് കുശലപ്രശ്നം ചെയ്തു്, മഹനീയമായ ആസനത്തിൽ ഉപവിഷ്ടനാക്കി.

ഹിമവാൻ:—മഹാമുനേ, നിന്തിരുവടിയുടെ ആഗമനത്താൽ എന്റെ ഗൃഹം പരിശുദ്ധമായി. കുലവും ധന്യമായി. നിന്തിരുവടി ഇവിടെ എഴുന്നള്ളീ എനിക്കു ദർശനമരുളിയതു് എന്റെ ഭാഗ്യംതന്നെ. എഴുന്നള്ളത്തിന്റെ കാരണം എന്തെന്നു് കേൾക്കുവാൻ എനിക്കാഗ്രഹമുണ്ടു്.

നാരദൻ:—പർവ്വതരാജരാജേ, ഞാനൊരു ശുഭവൃത്താന്തം അറിയിക്കുന്നതിനുവേണ്ടിയാണു് വന്നിരിക്കുന്നതു്. അങ്ങയുടെ ഭാഗ്യം അവർണ്ണനീയമാകുന്നു. അങ്ങയേക്കാൾ ഉന്നതനായിട്ടു് ആരുംതന്നെയില്ല. ബന്ധുതപംവഴിക്കാണു് ലോകത്തിലെല്ലാവർക്കും മേന്മയും താഴ്മയും ഉണ്ടാകുന്നതു്. അങ്ങക്കുണ്ടായാൽപോകുന്ന മേന്മ വാചാമഗോചരമാകുന്നു. അങ്ങയുടെ പുത്രി സർവ്വലോകേശ്വരനായ പരമശി

ന്റെ ധർമ്മപത്നിയാകുവാൻ പോകുന്നവളാണു്. സൃഷ്ടി സ്ഥിതിസംഹാരങ്ങളുടെ കർത്താവായ ശിവനെ ജാമാതാവായി ലഭിക്കുക എന്നതു് എത്ര മഹത്തരമായ ഭാഗ്യമാകുന്നു! ശിവൻ അങ്ങയുടെ മകളായ പാർവ്വതിയെ വിവാഹം ചെയ്യും. എന്നതന്നെയല്ല, പാർവ്വതി അദ്ദേഹത്തിന്റെ അർദ്ധശരീരമായി ഭവിക്കുകയും ചെയ്യും. പാർവ്വതിയെ അങ്ങു് ശ്രദ്ധയോടുകൂടി രക്ഷിക്കണം.

ഇത്രയും പറഞ്ഞു് നാരദൻ മറഞ്ഞു. ഹിമവാനും പുത്രിയുടെ പേരിൽ മുമ്പുതന്നെ അത്യന്തം വാത്സല്യമുണ്ടായിരുന്നു. നാരദന്റെ അരുളപ്പാടു് കേട്ടതിനുശേഷം ആ വാത്സല്യം കുന്നിരട്ടിച്ചു. മകളുടെ ഹിതം മുറിച്ചു് വല്ലതും ചിന്തിക്കുവാനോ പറയുവാനോ പ്രവർത്തിപ്പാനോ കഴിക്കലും ഹിമവാൻ കരുതിയില്ല. പാർവ്വതിയും അങ്ങനെതന്നെ. അവൾക്കു് അച്ഛനെന്നുവെച്ചാൽ പ്രാണനായിരുന്നു. അച്ഛന്റെ ഇംഗിതമറിഞ്ഞു് പ്രവർത്തിക്കുവാൻ ഇത്ര താല്പര്യവും പ്രകൃതിവിശുദ്ധിയുള്ള മറ്റൊരു കന്യകയെ കാണുവാൻ പ്രയാസം. സൌന്ദര്യത്തിലെന്നപോലെ സൌശീല്യത്തിലും, സൌജന്യത്തിലും പാർവ്വതി എതിരില്ലാത്തവളായിരുന്നു.

ഹിമവാന്റെ ഉപരിപ്രദേശങ്ങളിൽ ദേവർഷികളാണെന്നാണു് പറയപ്പെട്ടതു്. അവിടെ ദേവന്മാരും, അപ്സരസ്സ്ത്രീകളും, വിദ്യാധരാദികളും വന്നു വിനോദിക്കുകപതിവാണു്. ആ സമയങ്ങളിൽ അവിടെ ക്രീഡിച്ചു നടക്കുന്ന പാർവ്വതിയുടെ രൂപഭംഗിയും, വയോമാധുര്യവും, വിനയാതിശയവും ദേവന്മാരുടെ ഹൃദയങ്ങളെ ആ

കഷ്ടിച്ചു. പാർവ്വതി ഒരു അസാധാരണ സ്ത്രീയാണെന്നും, അവളെ വിവാഹം ചെയ്യാൻ അർഹതയുള്ളൊരു പുരുഷൻ ത്രൈലോകൃത്തിൽ ഉർല്ലഭമാണെന്നും ദേവന്മാർക്കു തോന്നി. ഇങ്ങനെ കാണികളുടെ ഹൃദയങ്ങളെ ആഹ്ലാദിപ്പിച്ചുംകൊണ്ടു് പാർവ്വതി വളർന്നുവന്നു.

ദക്ഷപ്രജാപതിയുടെ യാഗത്തിൽവച്ചു് സതീദേവി യോഗാഗ്നിയിൽ ദേഹത്യാഗംചെയ്ത വിവരം മുമ്പു് പറഞ്ഞുവല്ലൊ. തന്റെ പ്രിയതമയായ സതിയുടെ എന്നെന്നേയ്ക്കുമുള്ള വിയോഗം സഹിപ്പാൻ ശിവൻ ശക്തനായില്ല. മായ്മാവിരഹത്താൽ വിരക്തനായി ചമഞ്ഞ ഭഗവാൻ സർവ്വസംഗപരിത്യാഗംചെയ്തു. പരമാത്മധ്യാനത്തോടുകൂടി തപസ്സുചെയ്യുവാൻ തുടങ്ങി. പരിമളധോരണി പൊഴിയുന്ന പുഷ്പങ്ങളുള്ളതും, മയിലുകളുടെ ലാസ്യത്താലും, കുയിലുകളുടെ ഗീതത്താലും മനോഹരവുമായ ഒരു സ്ഥലമാണു് ശിവൻ തപസ്സിനു പറ്റിയ സ്ഥലമായി തിരഞ്ഞെടുത്തതു്. മനോവൃത്തികളെ കെട്ടുകെട്ടി തപസ്സു് ചെയ്യുന്ന ഒരു യോഗിക്കു് മനസ്സിനെ മോഹിപ്പിക്കുവാൻ മതിയായ ഉദ്ദീപനവസ്തുക്കളാൽ പരിവൃതമായ പ്രസ്തുത തപോവനം അത്ര ഉചിതമല്ലെന്നു ചിലർക്കു തോന്നാം; എന്നാൽ വികാരഹേതുക്കളായ വസ്തുക്കളുടെ സാന്നിധ്യത്തിൽപോലും മനസ്സിനു വികാരംവരാത്ത യഥാർത്ഥ ധീരന്മാർക്കു് ഏതു് സ്ഥലവും ഒരുപോലെ തന്നെയാകുന്നു.

ശിവന്റെ തപോവനം ഹിമവാന്റെ രാജധാനിക്കു ഏകദേശം അടുത്തായിരുന്നു. പാർവ്വതി ശിവന്റെ പത്നി

പദം പ്രാപിക്കുമെന്നു് നാരദമുനി പറഞ്ഞിരുന്നതോർത്തു് പാർവ്വതിക്കും ശിവനും പരസ്പരദർശനത്തിനു സൌകര്യം ചെയ്യുന്നതിനുവേണ്ടി, ഹിമവാൻ തപോവനത്തിൽ ചെന്നു് ശിവനെ ശുശ്രൂഷിക്കുവാൻ പാർവ്വതിയെ നിയോഗിച്ചു. അതുപ്രകാരം, ആ കുലകന്യക ദിവസംതോറും പൂജയ്ക്കുവേണ്ട പുഷ്പങ്ങളുമായിക്കൊണ്ടുപോയി കൊടുക്കുക, പൂജാസ്ഥലം മെഴുകിശുദ്ധമാക്കുക മുതലായ ശുശ്രൂഷകൾ ചെയ്തുതുടങ്ങി. ക്രമത്തിൽ ക്രമത്തിൽ ശുശ്രൂഷയിലുള്ള താല്പര്യം കൂടിക്കൂടിവന്നു. തനിക്കേറെയും പ്രിയപ്പെട്ട പന്താട്ടം, ജലക്രീഡ മുതലായവയിൽ പാർവ്വതിക്കു ശ്രദ്ധയില്ലാതായി. പരമയോഗ്യനായ ശിവനെ ശുശ്രൂഷിക്കുവാൻ ഭാഗ്യമുണ്ടായതിൽ ആ പെൺകിടാവു് അഭിമാനംകൊണ്ടു. പരസ്പരവിരുദ്ധങ്ങളായ ചേതോഭാവങ്ങളിൽ സമബുദ്ധിസിദ്ധിച്ച പരമശിവനു് പാർവ്വതിയുടെ ശുശ്രൂഷ സന്തോഷപ്രദമാകയും ചെയ്തു.

താരകാസുരൻ—ദേവകളുടെ സങ്കടം

അക്കാലത്തു് താരകൻ എന്നു പേരായ ക്രൂരനായ അസുരൻ ഉണ്ടായിരുന്നു. അവനെപ്പോലെ ലോകദ്രോഹിയായിട്ടു് മറ്റാരുമില്ല. അവൻ അനേക സംവത്സരം കാലം കഠിനതപസ്സുചെയ്തു ബ്രഹ്മാവിനെ പ്രത്യക്ഷീകരിച്ചു് അനന്യസുലഭങ്ങളായ പല വരങ്ങളും സമ്പാദിച്ചു. ഭൂമിയിലും സ്വർഗ്ഗത്തിലും പാതാളത്തിലും അവ

ന്റെ സഞ്ചാരത്തിന്നു് വീഘാതമുണ്ടായിരുന്നില്ല. താരകന്റെ പേരുകേട്ടാൽ ഞെട്ടിപ്പോകാത്തവർ ആരുമുണ്ടായിരുന്നില്ല. അവൻ ദേവകൾക്കും മനുഷ്യർക്കും രാപ്പകൽ കഠിനമായ ദ്രോഹം ചെയ്തുകൊണ്ടിരുന്നു. ദേവേന്ദ്രൻ മുതലായ ദിക്പാലന്മാരുടെ പദവികൾക്കു് താരകൻ വലിയ കോട്ടംവരുത്തി.

താരകാസുരന്റെ ഉപദ്രവം സഹിക്കാതായപ്പോൾ കരിക്കൽ ദേവന്മാർ ഇന്ദ്രനെ മുൻനടത്തിക്കൊണ്ടു് സത്യലോകത്തുചെന്നു് ബ്രഹ്മാവിനെ ദിവ്യസ്തോത്രങ്ങളെക്കൊണ്ടു് സ്തുതിച്ചു. അവരുടെ സ്തുതികളാൽ പ്രസന്നനായിട്ടു് ബ്രഹ്മാവു് ചോദിച്ചു: — "ദേവന്മാരേ, നിങ്ങൾ അവരവരുടെ സ്ഥാനങ്ങളെ കൈവിട്ടു് സംഘംചേർന്നു് ഇങ്ങോട്ടു വരുവാൻ കാരണമെന്തു്? നിങ്ങളുടെ മുഖം മേഘാവൃതമായ ചന്ദ്രബിംബംപോലെ നിഷ്പ്രഭമായി കാണ്മാൻ കാരണമെന്തു്? ഇന്ദ്രന്റെ വജ്രവും, യമന്റെ ദണ്ഡവും, വരുണന്റെ പാശവും, കുബേരന്റെ ഗദയും, ദുഷ്ടനിഗ്രഹത്തിൽ ശക്തിയില്ലാത്തവയായോ? നിങ്ങൾക്കു നേരിട്ട സങ്കടം എന്താണെന്നു പറയുക."

ബ്രഹ്മാവിന്റെ ചോദ്യത്തിന്നു്, ഇന്ദ്രന്റെ പ്രേരണയനുസരിച്ചു് ബൃഹസ്പതി മറുപടി പറഞ്ഞു: — "പിതാമഹ നിന്തിരുവടിയറിയാത്തതായി യാതൊന്നുമില്ല. എങ്കിലും കല്പിച്ചു ചോദിച്ച സ്ഥിതിക്കു ഞങ്ങളുടെ ആഗമനകാര്യം ഇന്നതെന്നു ബോധിപ്പിക്കാം. നിന്തിരുവടിയുടെ വരങ്ങളാൽ ഗർവ്വിതനായി ചമഞ്ഞ താരകാസുരൻ

മൂന്നു ലോകങ്ങളേയും അസഹ്യമായി ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. അവൻ ദേവന്മാക്കും, മഹർഷിമാക്കും ചെയ്യുന്ന ദ്രോഹത്തിന്നു കണക്കില്ല. ബാലന്മാരേയും വൃദ്ധന്മാരേയും ഹിംസിക്കുകയും, പതിവ്രതമാരായ കുലാംഗനമാരെ മാനഭംഗപ്പെടുത്തുകയും ചെയ്യുന്നതിൽ അവൻ സദാ ജാഗ്രൂകനായിരിക്കുന്നു. സൂര്യചന്ദ്രന്മാർക്കുടിയും താരകനെ ഭയപ്പെട്ടുന്നു. ലോകപാലന്മാർ അവന്റെ മുമ്പിൽ വെറും കിങ്കരന്മാരെപ്പോലെയാണു്. അവന്റെ പ്രീതിക്കുവേണ്ടി വസന്താദികളായ എല്ലാ ഋതുക്കളും തങ്ങളുടെ ധർമ്മങ്ങളെ ഏകകാലത്തിൽ പ്രകാശിപ്പിക്കുവാൻ സന്നദ്ധരാകുന്നു. വരുണൻ സമുദ്രത്തിലുണ്ടാകുന്ന രത്നങ്ങളെ താരകനു കാഴ്ചവെയ്ക്കുവാൻ മുമതലപ്പെട്ടിരിക്കുന്നു. നാഗരാജന്മാർ തങ്ങളുടെ ഫണങ്ങളിലുള്ള ദിവ്യരത്നങ്ങൾ താരകന്റെ രാജധാനിയിൽ കൊണ്ടുപോയി സമർപ്പിക്കുന്നു. അവനെക്കൊണ്ടുള്ള ദ്രോഹം സഹിക്കാവതല്ല. നന്ദനോദ്യാനത്തിലുള്ള മന്ദാരാദികളായ ദിവ്യവൃക്ഷങ്ങളെല്ലാം താരകാസുരൻ പറിച്ചുകൊണ്ടുപോയിരിക്കുന്നു. അപ്സരസ്ത്രീകളെ അവൻ കാരാഗൃഹത്തിലാക്കിയിരിക്കുന്നു. ദേവന്മാരെ ഉദ്ദേശിച്ചു് അഗ്നിയിൽ ഹോമിക്കപ്പെടുന്ന ഹവിസ്സുകൾ താരകൻ തട്ടിയെടുക്കുന്നു. ഇന്ദ്രന്റെ ഉച്ചൈശ്രവസ്സു് എന്നു പേരായ വെള്ളക്കുതിരയെ അവൻ അപഹരിച്ചുകൊണ്ടുപോയിരിക്കുന്നു. മഹാവിഷ്ണുവിന്റെ ചക്രായുധം താരകനു് നാശം വരുത്തുവാൻ ശക്തമാകാതെ അവന്റെ കണ്ഠത്തിൽ നവരത്നമാലപോലെ ശോഭിക്കുകയാണു് ചെയ്തതു്. അതിനാൽ നിന്തിരുവടി തിരുവുള്ള

മുണ്ടായിട്ട് താരകാസുരനെ കൊന്ന് ത്രൈലോക്യത്തെ രക്ഷിക്കുന്നതിനും ഒരു വഴിയുണ്ടാക്കിത്തരണം."

ദേവകളുടെ സങ്കടം കേട്ട് ബ്രഹ്മാവ് അവരെ സമാധാനിപ്പിച്ചുകൊണ്ട് അരുളിച്ചെയ്തു: — "നിങ്ങൾക്ക് താരകാസുരനെക്കൊണ്ടുള്ള ശല്യം വളരെക്കാലം കഴിയുന്നതിനുമുമ്പ് ഒഴിയും. അവന്റെ കായ്ത്തിൽ ഞാൻ വിചാരിച്ചാലൊന്നും ചെയ്യാൻ സാധിക്കയില്ല. ഞാനാണല്ലൊ അവനു് ആവശ്യമുള്ള വരങ്ങളെല്ലാം കൊടുത്തതു്. താൻ നട്ടുവളർത്തിയ മരം വിഷവൃക്ഷമാണെങ്കിലും താൻ തന്നെ അതു വെട്ടിക്കളയുന്നതു് ആക്കം ഉചിതമല്ലല്ലൊ. താരകൻ അവന്റെ ദുഷ്കർമ്മങ്ങളുടെ ഫലമായിത്തന്നെ നശിച്ചുപോകും. ശിവന്റെ ശക്തി എന്ന ദിവ്യായുധം കൊണ്ടു് താരകൻ മരണമടയും. ശിവൻ ഇപ്പോൾ ഹിമാലയത്തിന്മേൽ തപസ്സുചെയ്തുകൊണ്ടിരിക്കയാണു്. നിങ്ങൾ ഹിമാലയത്തിൽ ചെന്നു് അദ്ദേഹത്തിന്റെ തപസ്സിനു വിഘ്നംവരുത്തുവാൻ ശ്രമിക്കുവിൻ. ഹിമവന്റെ പുത്രിയായ പാർവ്വതിയെ ശിവനെക്കൊണ്ടു വിവാഹം കഴിപ്പിക്കണം. ശിവനു് പാർവ്വതീദേവിയിൽ സുബ്രഹ്മണ്യൻ എന്ന പുത്രൻ ജനിക്കും. ആ പുത്രൻ താരകാസുരനെ കൊന്നു് നിങ്ങളുടെ സങ്കടങ്ങൾക്കു് അറുതിവരുത്തും. അതിനാൽ ശിവനെക്കൊണ്ടു് പാർവ്വതിയെ വിവാഹം ചെയ്യിക്കുവാൻ വേണ്ടതു പ്രയത്നിക്കുവിൻ." ഇപ്രകാരം ബ്രഹ്മാവു് അരുളിച്ചെയ്തതു കേട്ടു് ദേവന്മാർ സമാധാനത്തോടുകൂടി വസതികളിലേയ്ക്കു തിരിച്ചുപോയി.

കാമദേവൻ ദേവസഭയിൽ

ബ്രഹ്മാവിന്റെ അരുളപ്പാടനുസരിച്ചു പ്രവർത്തിക്കുവാനുറച്ച ദേവേന്ദ്രൻ തന്റെ രാജധാനിയായ അമരാവതിയിലേക്കു തിരിച്ചുചെന്നു് ഒരു സഭ വിളിച്ചുകൂട്ടി. അതിൽ മഹർഷിമാർ, സിദ്ധന്മാർ, വിദ്യാധരന്മാർ, യക്ഷന്മാർ തുടങ്ങിയുള്ളവരെല്ലാം സന്നിഹിതരായി. അവരുടെ നടുവിൽ മഹാഹ്മമായ സിംഹാസനത്തിൽ ദേവേന്ദ്രൻ ഇന്ദ്രാണിയോടുകൂടി ഇരുന്നരുളി. അദ്ദേഹം സഭാവാസികളെ സംബോധനചെയ്തു് ഇങ്ങനെ പറഞ്ഞു:—"മാന്യന്മാരേ, ബ്രഹ്മാവിന്റെ അരുളപ്പാടു് നിങ്ങളെല്ലാവരും കേട്ടിരിക്കുമല്ലൊ. അദ്ദേഹം പറഞ്ഞപ്രകാരം പരമശിവന്റെ തപസ്സിനു ഭംഗം വരുത്തിയാലേ നമ്മുടെ കാര്യം നിറവേറുകയുള്ളൂ. പ്രയാസസാദ്ധ്യമായ ആ കാര്യം സാധിക്കുവാൻ സാമർത്ഥ്യമുള്ള വീരപുരുഷൻ ആരാകുന്നു? അതിനു കഴിവുള്ള ആരെങ്കിലും ഈ സഭയിലുണ്ടോ എന്നു് എനിക്കറിയേണ്ടിയിരിക്കുന്നു."

ഇന്ദ്രന്റെ വാക്കിനു് എന്താണു് സമാധാനം പറയേണ്ടതെന്നു് അറിയാതെ സഭാവാസികൾ മുഖത്തോടു മുഖം നോക്കി ഇരിപ്പായി. അപ്പോൾ ത്രികാലജ്ഞനായ നാരദമുനി പുഞ്ചിരി തൂകിക്കൊണ്ടു് പറഞ്ഞു:—"ദേവരാജാവേ, ഈ കാര്യം സാധിപ്പാൻ പ്രയാസമാണെന്നു കരുതീ അങ്ങു് വളരെ വിചാരപ്പെട്ടുന്നതുപോലെ തോന്നുന്നു. എന്നാൽ മതിയാംവണ്ണം ആലോചന ചെയ്യാഞ്ഞതാലാണു് പ്രസ്തുത കാര്യം നിറവേറുവാൻ നിപുണനായ കരാ

ളെ കണ്ടെത്തുവാൻ അങ്ങേക്കു സാധിക്കാഞ്ഞതെന്നു ഞാൻ വിചാരിക്കുന്നു. സകല ജന്തുക്കളുടേയും മനസ്സിളക്കുവാൻ ശക്തനായ മന്മഥനുള്ളപ്പോൾ ഇതിനു മറ്റൊരാളെ തേടേണ്ടതുണ്ടോ? മന്മഥനെ ഇവിടേക്കു വരുത്തിയാൽ കാര്യമെല്ലാം സാധിക്കും.”

ഉപായജ്ഞനായ നാരദമുനിയുടെ അഭിപ്രായത്തോടു് സഭാവാസികളെല്ലാവരും യോജിച്ചു. കാമദേവന്റെ സാമർത്ഥ്യത്തെ താനോക്കാതിരുന്നതിൽ ദേവേന്ദ്രൻ പശ്ചാത്തപിച്ചു. ഉടനെ അദ്ദേഹം കാമദേവനെ സ്മരിക്കുകയും, സ്മരണമാത്രയിൽ കാമൻ ഇന്ദ്രസഭയിൽ എത്തിച്ചേരുകയും ചെയ്തു. അഭിമാനിയായ കാമദേവൻ ഇന്ദ്രന്റെ മുമ്പിൽ വിനയസമേതം ബോധിപ്പിച്ചു:— “സ്വാമിൻ, ഇവിടേയ്ക്കു് എന്തൊരു കാര്യമാണു് എന്നെക്കൊണ്ടു് സാധിപ്പാനുള്ളതു്? ഭൂമിയിൽ ആരെങ്കിലും ഘോരമായ തപസ്സുചെയ്തു് ഇന്ദ്രപദവി കൈക്കലാക്കുവാൻ ശ്രമിക്കുന്നുണ്ടോ? അതോ, ഇവിടുത്തെ ഇച്ഛയ്ക്കു് ആരെങ്കിലും വിരോധമായി പ്രവർത്തിക്കുന്നുണ്ടോ? ഇവിടേയ്ക്കു സാധിക്കേണ്ടതായ കാര്യം ഇന്നതാണെന്നു പറഞ്ഞാൽ ഉടനെ ഞാനതു സാധിപ്പിക്കാം.”

ദേവേന്ദ്രൻ കാമദേവനെ ആപാദചൂഡം കന്നോക്കി ഇപ്രകാരം പറഞ്ഞു:— “അല്ലയോ മന്മഥ, അത്ര പരിഭ്രമിക്കത്തക്ക കാര്യമൊന്നുമുണ്ടായിട്ടല്ല ഞാൻ നിന്നെ സ്മരിച്ചതു്. നിനക്കുള്ള അസാമാന്യമായ സാമർത്ഥ്യം എനിക്കു നല്ലപോലെ അറിയാം. ഇപ്പോൾ പരമശി

ഖൻ ഹിമാലയ പർവ്വതത്തിൽ കഠിനമായ തപസ്സു ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. ഹിമവൽപുത്രിയായ പാർവ്വതി എന്ന പെൺകിടാവു് അടുക്കൽത്തന്നെയുണ്ട്. ആ പാർവ്വതിയെപ്പറ്റി ശിവന്റെ മനസ്സിൽ അനുരാഗമുള്ളവാക്കേണ്ടതു് നമുക്കത്യാവശ്യമായ ഒരു കാര്യമാകുന്നു. അതിനു സാമർത്ഥ്യമുള്ളവനായി നീയൊഴികെ മറ്റാരേയും ഞാൻ കണ്ടില്ല. അതാണു് നിന്നെ ഇവിടെ വരുത്തുവാൻ കാരണം."

കാമദേവൻ:—സ്വാമിൻ, പരമശിവൻ മൂന്നുലോകങ്ങൾക്കും നാഥനും, സകലജീവികളേയും തന്റെ ആജ്ഞക്കു കീഴ്പെടുത്തുന്നവനുമാണു്. അദ്ദേഹത്തിന്റെ തപസ്സിനുഭംഗം ചെയ്യാൻ ആരെക്കൊണ്ടും സാധിക്കുന്നതല്ല. ഈ ഒരു കാര്യമൊഴികെ വേറെ എന്തു വേണമെങ്കിലും ചെയ്യാൻ ഞാനൊരുക്കമാണു്. ലോകത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു കർത്താവായ മഹാദേവനു വിരോധം പ്രവർത്തിക്കുവാൻ ശ്രമിക്കുന്നതായാൽ ആ ശ്രമം ആപത്തിനു കാരണമായേ കലാശിക്കയുള്ളൂ. അതിനാൽ ഈ വിഷയത്തിൽ ഈയുള്ളവനെ നിയോഗിക്കരുതെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

ദേവേന്ദ്രൻ:—അല്ലയോ മന്മഥ, നീ ശിവന്റെ മഹിമയോർത്തു് നിനക്കു സ്വതസ്സിദ്ധമായുള്ള സാമർത്ഥ്യത്തെ അവഗണിക്കുന്നതുപോലെ തോന്നുന്നു. നിന്റെ കരിമ്പുവില്ലും, പൂവമ്പുകളും എടുത്തു പ്രയോഗിച്ചാൽ ത്രൈലോക്യം മുഴുവനും ഇളകിപ്പോകും. ശിവൻ ത്രൈ

ലോകൃനാഥനണെങ്കിലും അദ്ദേഹത്തിനുമുണ്ട് ഒരു ഹൃ
യേം. അദ്ദേഹത്തിന്റെ ഹൃയവും കാമാദിവികാരങ്ങ
ളിൽനിന്നു് തീരെ കഴിഞ്ഞിട്ടുള്ളതല്ല. ചിത്തവൃത്തി
യെ നിരോധിച്ചു് തൽക്കാലം വലിയ തപോനിഷ്ഠയിൽ
വർത്തിക്കുന്നുവെന്നേയുള്ളു. വേണ്ട സമയത്തു വേണ്ട വി
ധം പ്രവർത്തിച്ചാൽ ശിവന്റെ മനസ്സിനു ക്ഷോഭം ജനി
പ്പിക്കുവാൻ നിസ്സംശയമായും സാധിക്കും.

ദേവേന്ദ്രന്റെ നിർബ്ബന്ധം സഹിക്കാതെയായ
പ്പോൾ മന്മഥൻ അദ്ദേഹം പറയുന്നതുപോലെ പ്രവർത്തി
ക്കുവാൻ സമ്മതിച്ചു. കാലകാലന്റെ മനഃശക്തിയെ
ജയിപ്പാൻ തന്നെക്കൊണ്ടു സാധിക്കുമെന്ന വിശ്വാസ
ത്താലല്ല, ദേവകാര്യത്തിനുവേണ്ടി ദേഹമുപേക്ഷിക്കേ
ണ്ടിവന്നാൽ അതു ശ്രേയസ്സുമാകുമെന്ന വിചാരത്താലാ
ണു് അങ്ങനെ സമ്മതിച്ചതു്.

പിന്നെ മന്മഥൻ മന്ദമാരുതനാകുന്ന രഥത്തിൽ
കയറി, ചന്ദ്രനാകുന്ന വെൺകൊറക്കുട ചൂടിച്ചു, രതി
ദേവിയോടും സുഹൃത്തായ വസന്തത്തോടുംകൂടി ശിവ
ന്റെ തപോവനത്തിലേക്കു് പുറപ്പെട്ടു. കാമന്റെ ആ
ഗമനത്തോടുകൂടി തപോവനത്തിന്റെ സ്ഥിതി ആകപ്പാ
ടെ ഒന്നു മാറി. താമര, ആമ്പൽ മുതലായ ജലപുഷ്പങ്ങ
ളും, അശോകം, മല്ലിക തുടങ്ങിയുള്ള ഉദ്യാനകുസുമങ്ങളും
വികസിച്ചു; മന്ദമാരുതൻ കുസുമങ്ങളുടെ പരിമളത്തെ എ
ങ്ങും പരത്തി. തേന്മാവിന്റെ പൂത്തുപുഷ്പങ്ങളെ നുകർന്നു്
കണ്ണംതുറന്ന കുയിലുകൾ മനോഹരമായി പാടുവാൻ തുട

ങ്ങി. വണ്ടുകൾ മധുപാനം ചെയ്ത് മധുരമായ ഝംകാരം മുഴക്കിക്കൊണ്ട് അങ്ങുമിങ്ങും പറന്നു. തപോവനത്തിലുള്ള സകല ജീവജാലങ്ങളും ആഹ്ലാദത്താലും മദത്താലും പുളച്ചുവശായി. അകാലത്തിലുണ്ടായ വസന്താരംഭത്താൽ തപോവനം അത്യുജ്വലമായി ശോഭിച്ചുവെങ്കിലും തപസ്വിയായ ശിവൻ യാതൊരനക്കവുംകൂടാതെ തപോനിഷ്ഠയിൽത്തന്നെ ഉറപ്പോടുകൂടി സ്ഥിതിചെയ്തു. തന്തിരുവടി ധ്യാനത്തിലിരിക്കുന്നതിന്റെ അടുത്തുള്ള വൃക്ഷലതാദികളും, അവയിലിരിക്കുന്ന പക്ഷികളും അവിടത്തെ പ്രഭാവാതിശയത്താൽ നിശ്ചലങ്ങളായും, നിശ്ശബ്ദങ്ങളായും കാണപ്പെട്ടു. ശിവൻ പദ്മാസനത്തിൽ ഇരുന്നു് പരമാത്മധ്യാനം ചെയ്കയായിരുന്നു. തുടർന്നും രണ്ടും പിണച്ചുവെച്ചു് അദ്ദേഹം ധ്യാനത്തിലിരിക്കുമ്പോൾ

"ഉത്താനങ്ങളായ് മിന്നുമുള്ളം കൈകളുമൊരു
നൽത്താമരത്താർ വിരിഞ്ഞകമലധ്യത്തിൽകാണ്മൂ.
തെല്ലൊന്നു ചുമലുകൾ ചാഞ്ഞു ചാരുവേ നിവിർ-
ന്നല്ലസിച്ചീടു മൂജ്വായതമാം പൂവ്വുകായം
അഗ്രഭോഗത്തേക്കല്ല മന്ത്രിയോരുരസ്സെന്തീ-
യത്രുമാമനുരാഗ വൈഖരി വളർത്തുന്നു.
എള്ളിലെണ്ണപോൽ പാലിൽ വെണ്ണപോലന്തർല്ലയി-
ച്ചുള്ളൊരു പരമാത്മചൈതന്യം കണ്ടീടവേ
ആനന്ദമകരന്ദധാരയിൽ നിരന്തര-
ധ്യാന ധാരാമൃതത്തിൽ മുഴുകുന്നിതിപ്പുമാൻ."

എന്നു മന്മഥനു മനസ്സിലായി. ഈ അതുല്യതേജസ്സി

ന്റെ മുമ്പിൽ തന്റെ സാമർത്ഥ്യം തെല്ലുപോലും ഫലിക്കുകയില്ലെന്നു കാമന്റെ മനസ്സിൽ ദൃഢമായിത്തോന്നി. അതോടുകൂടി കയ്യിൽ പിടിച്ചിരുന്ന കരിമ്പുവില്ലും തോളിലിട്ടിരുന്ന ആവനാഴിയും അവനറിയാതെതന്നെ താഴെ വീണു.

ഈ സമയത്തു് പാർവ്വതി തന്റെ രണ്ടു തോഴിമാരോടും കൂടി പതിവുപ്രകാരം ശിവനെ ശുശ്രൂഷിപ്പാനായി അദ്ദേഹത്തിന്റെ അടുക്കലേക്കുവന്നു. ശിവൻ കണ്ണുകൾ അല്പം തുറന്നു പാർവ്വതിയെ ഒന്നു നോക്കി. അപ്പോൾ അവൾ അവിടത്തെ വണങ്ങിക്കൊണ്ടു് തിരുമുമ്പിൽ വിനീതയായി സ്ഥിതിചെയ്തു. വിനീതയായ ആ പെൺകിടാവിന്റെ ഭക്തികൊണ്ടു് പ്രസന്നനായ ഭഗവാൻ അരുളിചെയ്തു—"ഭദ്രേ, ഭവതി ഉത്തമനായ ഭർത്താവിനെ പ്രാപിക്കുമാറാകട്ടെ! നിന്റെ ഭർത്താവു് അന്യസ്ത്രീയെ മനസ്സിൽ സങ്കല്പിക്കുകകൂടി ചെയ്യാത്ത മഹാപുരുഷനായിരിക്കും."

ശിവനേയും പാർവ്വതിയേയും ഈ നിലയിൽ കണ്ടുമുട്ടിച്ചു കണ്ടപ്പോൾ കാമദേവന്റെ മനസ്സിൽനിന്നു പോയിരുന്ന ധൈര്യം വീണ്ടും അവിടെ സ്ഥാനം പിടിച്ചു. ഉടനെ കാമൻ പഞ്ചകിടന്നിരുന്ന വില്ലെടുത്തു് കണ്ണാന്തത്തിങ്കലോളം വലിച്ചു് അതിൽ തന്റെ ദിവ്യായുധമായ മോഹനാസ്ത്രം തൊടുത്തു. തദവസരത്തിൽ ശിവന്റെ മനസ്സിനു്, ഇന്നവിധമെന്നു നിർണ്ണയിപ്പാൻ വയ്യാത്ത ഒരിളക്കമുണ്ടായി. അതോടുകൂടി അദ്ദേഹം പു

ഞ്ചിരിതൂകിക്കൊണ്ട് പാവ്വതിയെ അടി മുതൽ മുടിവരെ നോക്കി. ആ നോട്ടം പാർവ്വതിയുടെ മനസ്സിലും തെല്ലൊരു ഭാവഭേദമുളവാക്കി. ഉടനെ ശിവൻ, തന്റെ മനസ്സിനു് പെട്ടെന്നിങ്ങനെ ക്ഷോഭം വരുവാൻ കാരണമെന്തെന്നു വിചാരിച്ചു ഇടത്തും വലത്തും തിരിഞ്ഞുനോക്കി. അപ്പോൾ "മധുരിക്കുന്ന കോണ്ടു"ത്തിൽ "മണമേന്തുന്ന സായകം" തൊടുത്തുകൊണ്ടു് നില്ക്കുന്ന മന്മഥനെ കണ്ടെത്തി. പെട്ടന്നു് അദ്ദേഹത്തിന്റെ അഗ്നി സത്രുപമായ നെറിക്കണ്ണു് തുറന്നു; അതിൽനിന്നു മൂന്നു ലോകങ്ങളും ഭസ്മീകരിക്കത്തക്ക കരഗ്നിജ്വാല ബഹിർഗ്ഗമിച്ചു. അതുകണ്ടു് ദേവന്മാർ "പ്രഭോ, കോപിക്കരുതേ" എന്നു് ആകാശത്തിൽനിന്നു് വിളിച്ചുപറഞ്ഞു. തപോധനന്മാർ ഭയപ്പെട്ടു് "ഹര ഹര മഹാദേവ" എന്നു് നാമോച്ചാരണം ചെയ്തു. മഹാമഹപ്രപഞ്ചങ്ങൾ അവാച്യമായ അവസ്ഥാന്തരത്തെ പ്രാപിച്ചു. അപ്പോഴേക്കും മൂന്നാം തൃക്കണ്ണിൽനിന്നു പുറപ്പെട്ട അഗ്നിജ്വാല മന്മഥനെ ഭസ്മീകരിച്ചു കഴിഞ്ഞു. പച്ചകാമദേവൻ ഇങ്ങനെ കത്തിക്കരിയായി മാറി. ഈ സംഭവത്തിനു ശേഷം ശിവൻ ആ സ്ഥലം വിട്ടു് മറൊരിടത്തേക്കു പോയി. കാമദേവൻ കരിഞ്ഞുവീണ സ്ഥലത്തെ അംഗരാജ്യമെന്നു ജനങ്ങൾ പറഞ്ഞുവരുന്നു.

കാമദേവന്റെ വിരഹത്താൽ അദ്ദേഹത്തിന്റെ ഭാര്യയായ രതീദേവി വ്യസനം സഹിക്കാതെ വിലപിക്കുവാൻ തുടങ്ങി. ഭർത്താവിനോടുകൂടി മുമ്പനുഭവിച്ചിരുന്ന നാനാസുഖങ്ങളെ സ്മരിച്ചുകൊണ്ടു് രതീദേവി വായിട്ടുക

രഞ്ഞു. ഭർത്താവിന്റെ ദേഹം ദഹിപ്പിച്ച അഗ്നി തന്റെ ശരീരത്തെ ഭസ്മീകരിക്കാതിരുന്നതിൽ ആ സാധ്വി പരിതപിച്ചു. "ഇനി ഞാൻ ജീവിച്ചിരിപ്പാൻ വിചാരിക്കുന്നില്ല. അഗ്നിപ്രവേശം ചെയ്തു് ഈ ജഡദേഹത്തെ നശിപ്പിക്കും" എന്നവൾ ഉറച്ചു. അപ്പോൾ ആകാശത്തുനിന്നു് കരശരീരിവാക്കുണ്ടായി: —"രതിദേവീ, വ്യസനിക്കാരതിരിക്കൂ. നിനക്കിപ്പോഴുണ്ടായ ദുഃഖം അധികം താമസിക്കാതെ കഴിഞ്ഞുപോകും. അല്പകാലത്തിനുള്ളിൽ പരമശിവൻ പാർവ്വതിയെ വിവാഹം ചെയ്യും; അതോടുകൂടി ഭവതിയുടെ ഭർത്താവു് വീണ്ടും ജീവിക്കും." ഈ അശരീരിവാക്കിനെ വിശ്വസിച്ചു് രതി അസഹ്യമായ വ്യസനത്തെ കരുവിധം കഴിച്ചു.

പാർവ്വതിയുടെ തപസ്സു്

കാമദേവൻ ഭസ്മീഭവിക്കുകയും പരമശിവൻ തപോവനത്തിൽനിന്നു് മാറിപ്പോകയും ചെയ്തപ്പോൾ പാർവ്വതി മനസ്സുകൊണ്ടു് കെട്ടിയുയർത്തിയിരുന്ന ആശാസൌധം പെട്ടെന്നു തകർന്നുവീണു. ത്രൈലോക്യനാഥനായ ശിവനെ പരിചയ്ക്കൊണ്ടു് സ്വാധീനമാക്കാമെന്നു് മുമ്പു തോന്നിയിരുന്ന വിവരം അതെത്രാണെന്നും, തിനാലാണു് തന്റെ പ്രവൃത്തി അപജയത്തിൽ കലാശിച്ചതെന്നും ബുദ്ധിശാലിനിയായ പാർവ്വതി വിചാരിച്ചു. എന്നാൽ ശിവനെക്കുറിച്ചു് അത്യന്തം അനുരക്തമായ മനസ്സിനെ പിൻവലിക്കുവാൻ ആ ബാലിക ശക്തയായില്ല. അവൾ വി

മാരിച്ചു: — "ശുശ്രൂഷ ഫലിക്കാതെ പോയല്ലൊ. പോ
കട്ടെ, സാരമില്ല. തപസ്സുകൊണ്ട് എത്ര മഹത്തായ
കാര്യവും സാധിക്കുമെന്നു് പറഞ്ഞുകേട്ടിട്ടുണ്ടു്. അതി
നാൽ ഞാൻ ശിവനെ ഉദ്ദേശിച്ചു തപസ്സുചെയ്വാൻ ശ്രമി
ക്കുകയാണു്. തപസ്സല്ല അതിലപ്പുറം വല്ലതുമുണ്ടെങ്കിൽ
അതുകൂടി ചെയ്തിട്ടെങ്കിലും ഞാൻ ശിവനെ ഭർത്താവായി
പ്രാപിക്കും. അതിനു സാധിക്കാത്തപക്ഷം എന്റെ
ശരീരംകൊണ്ടു് എന്താണൊരു പ്രയോജനം? തപസ്സിൽ
അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളെക്കൊണ്ടു് ശരീരത്തി
നു നാശം വരുമെങ്കിൽ വന്നുകൊള്ളട്ടെ. എന്നാൽ ഇനി
യുള്ള ജന്മത്തിലും ഇതേ ഉദ്ദേശത്തോടുകൂടിത്തന്നെ തപ
സ്സുചെയ്യും. അങ്ങനെ അനേക ജന്മങ്ങളെക്കൊണ്ടെങ്കി
ലും ഞാൻ പരമശിവനോടു മേളും."

ശിവനെ ഉദ്ദേശിച്ചു തപസ്സുതുടങ്ങുന്നതിനുള്ള പാ
വ്വതിയുടെ ഉത്സാഹംകണ്ടു് മേനാദേവി മകളോടു് പറ
ഞ്ഞു: — "വത്സേ, അബലയായ നിനക്കു് തപസ്സുചെ
യ്വാൻ ശേഷിയില്ല. ഗൃഹത്തിൽ ഇരുന്നുകൊണ്ടുതന്നെ ഗൃ
ഹദേവതമാരെ പൂജിച്ചാൽമതി. അതുകൊണ്ടു് നിനക്കു
വേണ്ടതെല്ലാം കൈവരും. നിന്റെ ശരീരത്തിനു തപഃ
ക്ലേശം അനുഭവിപ്പാൻ ശക്തിയില്ല. വേണ്ട മകളേ!
തപസ്സിനു പുറപ്പെടേണ്ട." ഇങ്ങനെ അമ്മ തടുത്തുപറ
ഞ്ഞുവെങ്കിലും ദൃഢവ്രതയായ പാവ്വതി തന്റെ ഉദ്യമ
ത്തിൽനിന്നു പിൻമാറിയില്ല. അവൾ പിതാവിന്റെ
മുമ്പിൽചെന്നു്, "പ്രിയ പിതാവേ, ഞാൻ പരമശിവ
നെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി തപസ്സുചെയ്വാൻ വി

ചാരിക്കുന്നു. അച്ഛൻ ദയചെയ്യ് അതിനനുവാദം തരണം'' എന്നപേക്ഷിച്ചു. പുത്രിയുടെ ശ്രേയസ്സിൽ അതിതാല്പര്യമുള്ളവനും, പാർവ്വതീ ശിവന്റെ പത്നിയായി ഭവിക്കുമെന്നു് നാരദൻ പറഞ്ഞ വാക്യത്തിൽ വിശ്വാസമുള്ളവനുമായ ഹിമവാൻ അവളുടെ ഉദ്യമത്തെ അഭിനന്ദിക്കുകയും തപസ്സിനു പോകുവാൻ അനുവാദം നല്കുകയും ചെയ്തു.

പിതാവിന്റെ അനുമതി സിദ്ധിച്ചതിനുശേഷം പാർവ്വതി ഹിമാലയത്തിന്റെ ഒരു ശിഖരത്തിലേയ്ക്കു തപസ്സുചെയ്വാനായിപോയി. ഗൌരി തപസ്സുചെയ്ത സ്ഥലമാകയാൽ ആ ശിഖരത്തിനു് പിൽക്കാലത്തു് 'ഗൌരിശിഖര'മെന്ന പേർ പ്രസിദ്ധമായിത്തീർന്നു. പ്രസ്തുത സ്ഥലത്തേയ്ക്കു പ്രിയപ്പെട്ട ഒരു സഖിയോടുകൂടിയാണു് പാർവ്വതി പോയതു്. അവൾ അതേവരെ ധരിച്ചിരുന്ന മോടികൂടിയ വസ്ത്രം ഉപേക്ഷിച്ചു. ദേഹത്തിൽ അണിഞ്ഞിരുന്ന ആഭരണങ്ങളെല്ലാം അഴിച്ചുവെച്ചു. അതിമനോഹരമായി ചീകിക്കെട്ടിയിരുന്ന വാർകുന്തളം പിരിച്ചു ജടയാക്കി. മഹർഷിമാർ ഉടുക്കാറുള്ള മരവുരി ഉടുപടവയാക്കി. പന്തടിച്ചു വിനോദിച്ചിരുന്ന കൈകളിൽ രുദ്രാക്ഷമാല ധരിച്ചു. നെറ്റിമേൽ തൊട്ടിരുന്ന തിലകം തുടച്ചുകളഞ്ഞു ശുഭ്രമായ ഭസ്മംധരിച്ചു. ഗൃഹത്തെകൂടിച്ചു് വിരക്തയാകയും, വനവാസത്തിൽ താല്പര്യം കൊള്ളുകയും ചെയ്തു ഇങ്ങനെ തപസ്സിനു വേണ്ടതെല്ലാം ഒരുങ്ങിയതിനുശേഷം പാർവ്വതി യോഗശാസ്ത്രപ്രകാരമുള്ള ആസനമുറപ്പിച്ചു് കണ്ണുകളടച്ചു് തപസ്സുചെയ്വാൻ തുടങ്ങി.

വ്രതോപവാസങ്ങളിൽ നിഷ്ഠയോടുകൂടിയ പാർവ്വതിയുടെ തപസ്സ് ദിവസം കഴിയുംതോറും മുറുകിമുറുകിവന്നു. മാനത്തുനിന്നു വീഴുന്ന മഴത്തുള്ളികളും, ചന്ദ്രകിരണങ്ങളും മാത്രമേ അവൾ ആഹാരമായി കഴിച്ചുള്ളൂ. തപസ്സിന്റെ പരമകാഷ്ഠയിലെത്തുമ്പോൾ തനിയെ കൊഴിഞ്ഞുവീണ പണ്ണങ്ങൾ (ഇലകൾ) മാത്രം ഭക്ഷിച്ച് വിശപ്പടക്കുന്ന താപസന്മാർ ചിലരുണ്ട്. പാർവ്വതിയാകട്ടെ അപ്രകാരമുള്ള പണ്ണാശനത്തെപ്പോലും ഉപേക്ഷിച്ചു; അതുകാരണം 'അപർണ്ണ' എന്ന പേരിൽ പ്രസിദ്ധിയെ പ്രാപിക്കുകയും ചെയ്തു. തണുപ്പുകാലത്ത് വെള്ളത്തിൽ ഇറങ്ങിനിന്നും, വേനൽക്കാലത്ത് നാലുഭാഗങ്ങളിലും അഗ്നിയെ ജ്വലിപ്പിച്ച് അതിന്റെ മദ്ധ്യത്തിൽ സൂര്യനെ നോക്കിനിന്നുകൊണ്ടും സുകുമാരാംഗിയായ പാർവ്വതി തന്റെ ഘോരമായ തപസ്സിനെ തുടർന്നു.

ഹിമാലയത്തിൽ തപസ്സുചെയ്യുന്ന പാർവ്വതിയുടെ അത്യുഗ്രമായ തപശ്ചര്യയുടെ വിവരംകേട്ട് ആ ബാലയോഗിനിയെ കാണുവാനിച്ഛിച്ചുകൊണ്ട് അനേകം മഹർഷിമാർ വന്നുതുടങ്ങി. ഒരു ദിവസം കഴിയുന്തോറും പാർവ്വതിയുടെ തപോവനം അധികമധികം പാവനമായി പരിണമിച്ചു. അങ്ങനെയിരിക്കെ, ഒരു ദിവസം സുഭഗമായ ഒരു ബ്രഹ്മചാരി പാർവ്വതിയെ കാണാനായി തപോവനത്തിലേക്കു വന്നു. മാറത്തു മാന്തോലും കയ്യിൽ കമണ്ഡലുവുമേന്തിയ ആ ബ്രഹ്മചാരിയുടെ സച്ഛരീരം ബ്രഹ്മതേജസ്സുകൊണ്ട് അത്യന്തം ജ്വലിച്ചുകൊണ്ടിരുന്നു. ആ

ഗതനായ ആ അതിഥിയെ പാർവ്വതി ആദരപൂർവ്വം സ്വീകരിച്ചു് യഥോചിതം ഉപചരിച്ചു.

ബ്രഹ്മചാരി പാർവ്വതിയോടു് ചോദിച്ചു: — "ഭദ്രേ, ഭവതി എന്തിനുവേണ്ടിയാണു് തപസ്സുചെയ്യുന്നതു്? തപസ്സിനുവേണ്ട സാമഗ്രികളെല്ലാം കേട്ടുകൂടാതെ ലഭിക്കുന്നില്ലേ? ഭവതിയുടെ ശരീരത്തിനു് തപശ്ചര്യയിലുണ്ടാകുന്ന ക്ലേശങ്ങളെ സഹിക്കുവാൻ ശക്തിയുണ്ടോ? ഭവതിയുടെ തപസ്സു് മഹാന്മാരായ മുനിമാരുടെ തപസ്സിനേക്കാൾ ഉൽകൃഷ്ടമായി തോന്നുന്നു. കാഴ്ചയിൽ ഭവതി അബലയായ കുമാരികയായിട്ടാണിരിക്കുന്നതു്. വൃക്ഷങ്ങൾക്കു മാത്രം ഭക്ഷണമാകുവാൻ യോഗ്യതയുള്ള മരവുരിയാണു് ഇളംപ്രായത്തിലുള്ള ഭവതി ഉടുത്തിരിക്കുന്നതു്. ഭവതിയുടെ തപസ്സു എന്തൊരു ഫലത്തെ ഉദ്ദേശിച്ചുള്ളതാണെന്നു് മനസ്സിലായില്ല. അനിഷ്ടപരിഹാരത്തിനുവേണ്ടിയും, ഇഷ്ടലാഭത്തിനുവേണ്ടിയുമാണു് പ്രായേണ ജനങ്ങൾ തപസ്സുചെയ്യാറുള്ളതു്. ഹിമവാന്റെ പ്രിയപുത്രിയായ ഭവതിക്കു് അനിഷ്ടമായിട്ടൊന്നും സംഭവിപ്പാനിടയില്ല. അതിനാൽ ഇഷ്ടലാഭത്തെ ഉദ്ദേശിച്ചായിരിക്കണം ഈ തപസ്സു്. ഭവതിയെപ്പോലെയുള്ള കന്യകമാർ ഇഷ്ടപ്പെട്ട ഭർത്താവിനെ ലഭിക്കുന്നതിനുവേണ്ടി തപസ്സുചെയ്യുന്നതു് പക്ഷേ സംഭവിക്കാവുന്നതാണു്. ഭവതിയുടെ സ്ഥിതി നോക്കിയാൽ അതിനും തപസ്സിന്റെ ആവശ്യമില്ല. രത്നം അതു ധരിപ്പാനുള്ള ആളെ അന്വേഷിക്കാറില്ല; രത്നത്തെ ലഭിപ്പാൻ ആഗ്രഹിക്കുന്നവർ അതിനെ അന്വേഷിക്കുകയാണു് പതിവു്. ഭവതി

യുടെ അഭീഷ്ടം ഇന്നതാണെന്നറിവാൻ എനിക്കു താല്പര്യമുണ്ടു്. ബ്രഹ്മചര്യാശ്രമത്തിൽ വർത്തിക്കുന്ന ഞാനും കുറച്ചൊക്കെ തപസ്സു ചെയ്തിട്ടുണ്ടു്. അതിന്റെ ഫലത്തിൽ പകുതി ഭവതിക്കു ഞാൻ തരാം. ഭവതിയുടെ അഭീഷ്ടം അതുകൊണ്ടു് നിറവേറട്ടെ. പക്ഷേ ഒന്നുണ്ടു്. ഏതൊരു വനെ വരനായി പ്രാപിക്കുവാനാണു് ഭവതി ഇച്ഛിക്കുന്നതെന്നു് എനിക്കറിവാൻ ആഗ്രഹമുണ്ടു്.

ഇപ്രകാരം പ്രഗല്ഭമായി സംസാരിക്കുന്ന ബ്രഹ്മചാരിയോടു് മറുപടി പറയുവാൻ പാർവ്വതി തന്റെ സഖിയെ നേത്രസംജ്ഞകൊണ്ടു് പ്രേരിപ്പിച്ചു. അപ്പോൾ സഖി പറയുവാൻ തുടങ്ങി:—"അല്ലയോ മഹാനുഭാവ, അങ്ങയ്ക്കു് അതു കേൾക്കുവാൻ കൌതുകമുണ്ടെങ്കിൽ എന്റെ ഈ സഖി ആരെ ഉദ്ദേശിച്ചാണു് സുകുമാരമായ തന്റെ ശരീരത്തെ തപഃക്ലേശത്തിനു പാത്രമാക്കിത്തീർത്തിരിക്കുന്നതെന്നു് ഞാൻ പറയാം. ത്രിലോകനാഥനായ പരമശിവൻ തന്റെ പതിയായി ഭവിക്കണമെന്നുള്ള ആഗ്രഹംകൊണ്ടാണു് എന്റെ ഈ സഖി തപസ്സുചെയ്യാൻ സന്നദ്ധയായതു്. ശിവന്റെ ഹൃദയത്തെ ലക്ഷ്യമാക്കി മന്മഥൻ പ്രയോഗിച്ച മോഹനാസ്ത്രം തന്തിരുവടിയുടെ ഹൃദയത്തിലേല്ക്കാതെ തിരിഞ്ഞു് അബലയായ ഈ പാർവ്വതിയുടെ ഹൃദയത്തിലാണു് അഗാധമായി പതിച്ചതു്. അതുമുതല്ക്കു് ഇവളുടെ മനസ്സു് ശിവനെക്കുറിച്ചുള്ള വിചാരത്താൽ പരവശമായിരിക്കുന്നു. ശിവൻ ഇവരുടെ ഹൃദയക്ഷേത്രത്തിലെ പൂജാവിഗ്രഹമാണെങ്കിലും, ഇവിടെക്കു് അദ്ദേഹത്തിന്റെ ഹൃദയത്തിലേക്കു് കട

ക്കുവാൻ പഴുത്ത കിട്ടീട്ടില്ല. ഇവിടം തപസ്സുചെയ്യാൻ തുടങ്ങിയ കാലത്തു് നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ തഴച്ചു വളർന്നു് പൂത്തു കായ്കഴിഞ്ഞു; ഇവളുടെ മനോരഥമാകുന്ന വൃക്ഷം ഇനിയും മുളച്ചിട്ടുപോലുമില്ല.”

സഖിയുടെ വാക്കുകേട്ടു് ബ്രഹ്മചാരി പുഞ്ചിരിതൂകിക്കൊണ്ടു് പാർവ്വതിയുടെ നേരെ തിരിഞ്ഞു് പറഞ്ഞു: —

“ഭദ്രേ, ഈ സഖി പറഞ്ഞതു് നേരോ, അതോ നേരമ്പോക്കോ? നേരാണെങ്കിൽ ഭവതിയുടെ അഭിലാഷം അസ്ഥാനത്താണെന്നു് എനിക്കഭിപ്രായമുണ്ടു്. വരന്മാർക്കു വേണ്ടുവോളം ഗുണങ്ങൾ ശിവന്നില്ല. ദരിദ്രനാകയാൽ ഭിക്ഷാപാത്രവുമെടുത്തു് പിച്ചതെണ്ടിക്കൊണ്ടാണു് അദ്ദേഹത്തിന്റെ കഴിവു്. ജാതിയാണെങ്കിൽ എന്താണെന്നു് ആരും അറിഞ്ഞിട്ടില്ല. സ്വരൂപമോ അതിവികൃതം! സാധാരണക്കാർക്കു് കണ്ണുകടം രാണ്ടാണെങ്കിൽ ശിവന്നു മൂന്നാണു്. വികൃതസ്വരൂപനാണെങ്കിലും വസ്ത്രാഭരണാദികളെക്കൊണ്ടു് അലംകൃതനാണെങ്കിൽ കൊള്ളാമായിരുന്നു. അതും തൈവ. ഉടുപ്പാനുള്ളതു് കരു ആനത്തോലാണു്, ആഭരണങ്ങളാണെങ്കിൽ ഉറക്കെ ചിറുന്ന സർപ്പങ്ങളും! കഴിഞ്ഞില്ല. മയ്യാക്കോരൊക്കെ ആനയേയോ കുതിരയേയോ ആണു് വാഹനമാക്കാറുള്ളതു്. മൂപ്പർക്കു് ആ സ്ഥാനത്തു് കരു മുതുക്കൻ കാളയാണു് സാധാരണ സഞ്ചരിക്കുന്നതോ ശവം ഹോപ്പിക്കുന്ന മൂടലക്കാട്ടിലും! ഇങ്ങനെയുള്ള കരു ഭർത്താവിനെ ഭാവിച്ചുവശായ ഭവതിയുടെ ബുദ്ധിക്കു് തീച്ചയായും കരു തകരാറുണ്ടായിരിക്കണം. തത്തയും, താമരയും തുന്നിപ്പിടിപ്പിച്ച വി

ശേഷപ്പെട്ട പൂടവയുടുത്ത ഭവതിയേയും ചുട്ടനിണം ചിതറുന്ന ഗജചർമ്മം ധരിച്ച ശിവനേയും കരുതിച്ച വിവാഹിക്കുന്നതുതന്നെ കഠിനമായിതോന്നുന്നു. ശിവൻ പാണിഗ്രഹണം ചെയ്യുമ്പോൾ ഊക്കൻ പുല്ലാനിമൂർഖൻ അദ്ദേഹത്തിന്റെ കയ്യിന്മേൽ കിടന്നു ചീറുന്നുണ്ടായും. അപ്പോൾ ഭവതിക്കു ഭയം തോന്നുകയില്ലേ? ഇതൊക്കെ കരുവിധം സഹിക്കാമെന്നു വെക്കുക. എന്നാൽ ഒരു പ്രകാരത്തിലും സഹിക്കാവതല്ലാത്ത മറെറാരു കാര്യമുണ്ട്. വിവാഹം കഴിഞ്ഞു ഭവതിയെ കൊണ്ടുപോകുന്നതു കാളപ്പുറത്തായിരിക്കുമല്ലൊ. കാളപ്പുറത്തു "കുടിവരുന്നതു" കണ്ടാൽ ആളുകൾ ചിരിക്കുകയില്ലേ? ശിവൻ സർവ്വേശ്വരനാണെന്നു ജനങ്ങൾ പറയുന്നതു കേട്ടു ഭവതി തെറിദ്ധരിച്ചിരിക്കുന്നു. അതിനാൽ അദ്ദേഹത്തെക്കുറിച്ചുള്ള അഭിലാഷം പിൻവലിക്കുന്നതാണു് ഉത്തമം."

ബ്രഹ്മചാരി പറഞ്ഞ വാക്കുകൾ പാർവ്വതിക്കു് അശേഷം രസിച്ചില്ല. അദ്ദേഹത്തിന്റെ ശിവനിന്ദ കേട്ടപ്പോൾ പാർവ്വതിയുടെ കണ്ണുകൾ ചുവന്നു; പുരികങ്ങൾ എടുത്തുപിടിച്ചു. കണ്ണുകളിൽനിന്നു് തീപ്പൊരികൾ ചിതറി. അവൾ ആ ബ്രാഹ്മണകുമാരനെ അവജ്ഞയോടുകൂടി നോക്കി പറഞ്ഞു:— "മതി പറഞ്ഞതു്. മഹാനുഭാവനായ പരമശിവന്റെ യോഗ്യത അറിയായ്കയാലാണു് അങ്ങിപ്രകാരം പുലമ്പുന്നതു്. ശിവൻ ദരിദ്രനാണെന്നു പറഞ്ഞുവല്ലൊ. എന്നാൽ ആ ദരിദ്രനാകുന്ന ധനകാംക്ഷികളായ ഭക്തന്മാരെ സമ്പത്തിന്റെ മുകളിൽ കയറുന്നവൻ. വികൃതസ്വരൂപനാണെന്നു പറഞ്ഞതു് ശുദ്ധമേ

ഭോഷ്ക്ക്". ത്രൈലോക്യമോഹനായ സ്വരൂപമാണ് തന്തി രുവടിക്കുള്ളത്. ചുടലക്കാട്ടിൽ സഞ്ചരിക്കുമെന്നു പറഞ്ഞുവല്ലൊ. എന്നാൽ, ആ മഹാനുഭാവന്റെ പാദധൂ ളികൊണ്ട് ചുടലക്കളംപോലും പാവനമായിത്തീരുന്നു. അദ്ദേഹത്തിന്റെ വാഹനം ഒരു കാളയാണെങ്കിൽ എ ന്താണതിലൊരു തരക്കേടുള്ളത്? അദ്ദേഹം കാളപ്പുറത്തു കയറി എഴുന്നള്ളുമ്പോൾ ഇന്ദ്രാദികളായ ദേവന്മാർ അടു ത്തുചെന്നു സബഹുമാനം നമസ്കരിക്കുന്നു. ശിവന്റെ പേരിൽ കുറ്റം പറയുവാൻവേണ്ടി അസത്യമായ സംഗ തികൾ പറയുവാനാണ് അങ്ങ് തുനിഞ്ഞതെങ്കിലും അങ്ങ യുടെ വാക്കുകളിൽ ഒന്നും പരമാർത്ഥമാകുന്നു. അദ്ദേഹ ത്തിന്റെ ജാതിയെപ്പറ്റി ആർക്കും അറിവില്ല എന്നുള്ളതു തികച്ചും സത്യമാണ്. അജനും, നിത്യനും, ശാശ്വതനു മായ അദ്ദേഹത്തിന്റെ ജനനവും ജാതിയും കുലവും ഗോ ത്രവും ഒക്കെ ആർക്കെങ്കിലും അറിവാൻ സാധിക്കുമോ? എന്നെ സംബന്ധിച്ചേടത്തോളം കുടുബന്ധവും പിണ ഞ്ഞിട്ടില്ലെന്നു നിശ്ചയമാണ്. ഞാൻ ശിവനിൽ അനു രക്തയായിരിക്കുന്നു. ഒരു സ്ത്രീക്ക് ഒരു പുരുഷനിൽ അ നുരാഗം ജനിക്കുന്നതിനു കാരണമെന്തെന്നു് മറ്റൊരാൾ ക്കു മോദിപ്പാനധികാരമില്ല. മറ്റുള്ളവരെ ബോധ്യപ്പെ ടുത്തീട്ടു വേണ്ടതല്ല അനുരാഗാപ്പുണം. ഹേ ബ്രഹ്മചാരി, എനിക്കദ്ദേഹത്തെ :"ക്ഷ" ബോധിച്ചു. "അത്രയല്ലേ പറയേണ്ടു." ഇത്രയും പറഞ്ഞപ്പോഴേയ്ക്കും ബ്രഹ്മചാരി വീണ്ടും എന്തോ പറയുവാൻ ഭാവിക്കുന്നതായി കണ്ടു് പാർവ്വതി തുടർന്നു:—"ഹേ, സഖി, ഇദ്ദേഹം ഇനിയും

എന്തോ പറയുവാൻ ഭാവിക്കുന്നതുപോലെ തോന്നുന്നു. അതിനാൽ നാം ഇവിടെ നില്ക്കുന്നതു ശരിയല്ല. മഹാന്മാരെക്കുറിച്ചു് ദോഷാരോപണം ചെയ്യുന്നവർ മാത്രമല്ല, അതുകേട്ടു നില്ക്കുന്നവർകൂടിയും പാപത്തിനു പാത്രമാകും.”

ഇത്രയും പറഞ്ഞു് പാർവ്വതി കോപത്തോടുകൂടി ബ്രഹ്മചാരിയുടെ മുമ്പിൽനിന്നു് മാറിപ്പോകുവാൻ ഭാവിച്ചു. തത്സമയം ബ്രഹ്മചാരി ബ്രഹ്മചര്യോചിതമായ വേഷംവെടിഞ്ഞു് ദിവ്യമംഗളമായ ശിവസ്വരൂപത്തെ അവലംബിച്ചു. താൻ ചിരകാലമായി മനസ്സുകൊണ്ടു് ധ്യാനിച്ചുവരുന്ന സദാശിവന്റെ സുന്ദരരൂപം ദർശിച്ചപ്പോൾ പാർവ്വതി ആനന്ദപാരവശ്യയായി ചമഞ്ഞു. ശിവനാകട്ടെ തന്റെ മുമ്പിൽനിന്നു പോകുവാൻവേണ്ടി കരുകാൽ പൊക്കിക്കൊണ്ടു് നില്ക്കുന്ന പാർവ്വതിയെ കാരുണ്യപൂരം പൊഴിയുന്ന കടക്കണ്ണുകൊണ്ടു് കടാക്ഷിച്ചു് കൃപാർദ്രമായ കൈകൊണ്ടു പിടിച്ചു് സസന്തോഷം പറഞ്ഞു: —“അല്ലയോ പാർവ്വതി, നീ എന്നെ തപസ്സുകൊണ്ടു് സ്വാധീനപ്പെടുത്തിയിരിക്കുന്നു. ഇന്നുമുതൽക്കു് ഞാൻ നിന്റെ അടിമയായിത്തീർന്നിരിക്കുന്നു. നീ വിചാരിച്ചതുപോലെ കാര്യം സംഭവിക്കും.” ഇത്രയും പറഞ്ഞു് ശിവൻ അന്തർദ്ധാനംചെയ്തു. പാർവ്വതിയും കൃതാർത്ഥയായി പിതാവിന്റെ ഗൃഹത്തിലേയ്ക്കു തിരിച്ചു. വളരെക്കാലമായുള്ള തപോനുഷ്ഠാനംകൊണ്ടു് അനുഭവിച്ച ക്ലേശമെല്ലാം ഉദ്ദേശസാഫല്യം നിമിത്തം അവർക്കിപ്പോൾ സുഖമായിതോന്നി.

പാർവ്വതീവിവാഹം

പാർവ്വതിയുമായി പിരിഞ്ഞതിനുശേഷം ശിവൻ അവളെ വിധിപ്രകാരം വിവാഹം ചെയ്യുന്നതിനുള്ള ശ്രമം തുടങ്ങി. വരന്റെ ആളുകൾ വധുവിന്റെ പിതാവിനോട് കന്യകയെ ആവശ്യപ്പെടുകയാണല്ലൊ വിവാഹത്തിൽ ആദ്യമായി ചെയ്യേണ്ട ചടങ്ങ്. ഈ കൃത്യം നിർവ്വഹിക്കുവാൻ ശിവൻ സപ്തർഷികളെയാണ് സ്മരിച്ചതു്. സ്മരണമാത്രത്തിൽ മരീചി മുതലായ സപ്തർഷികൾ ഭഗവാന്റെ മുമ്പിൽ എത്തിച്ചേർന്നു. യഥോചിതം വന്ദിച്ചതിനുശേഷം അവർ എന്തിനുവേണ്ടിയാണു് തങ്ങളെ സ്മരിച്ചതെന്നു ചോദിച്ചു. "തപോധനന്മാരേ, ഞാൻ ഹിമവാന്റെ പുത്രിയായ പാർവ്വതിയെ വിവാഹം ചെയ്യാനിച്ഛിക്കുന്നു. നിങ്ങൾ ഇപ്പോൾത്തന്നെ ഹിമവാന്റെ ഗൃഹത്തിൽചെന്നു് അദ്ദേഹത്തിന്റെ മകളെ എനിക്കു വിവാഹംകഴിച്ചുതരുവാൻ ഏർപ്പാടുചെയ്യണം."

സപ്തർഷികൾ സന്തോഷത്തോടുകൂടി ഭഗവാന്റെ ഹിതമനുസരിച്ചു പ്രവർത്തിക്കുവാൻ സന്നദ്ധരായി ഹിമാലയത്തിലേക്കു തിരിച്ചു. മഹാദേവനായ ഭഗവാൻതന്നെ ഗൃഹസ്ഥനാകുവാൻ ഒരുങ്ങിയെന്നറിഞ്ഞപ്പോൾ തങ്ങൾ ഗൃഹസ്ഥതാപസന്മാരായിരിക്കുന്നതിൽ സപ്തർഷിമാർക്കു് മുമ്പുതോന്നിയിരുന്ന ലജ്ജ അഭിമാനമായി മാറി. ഹിമവാൻ തന്റെ മന്ദിരത്തിൽ വന്നു ചേർന്ന മാന്യന്മാരായ അതിഥികളെ യഥോചിതം എതിരേറ്റു് അർഘ്യപാദ്യാദികളെക്കൊണ്ടു പൂജിച്ചു.

ഹിമവാൻ:—ഈ സമയത്തു് അപ്രതീക്ഷിതമായി ഭവാന്മാർ എന്റെ ഗൃഹത്തെ പാവനമാക്കുവാൻ വന്നതിൽ ഞാൻ കൃതാർത്ഥനായിരിക്കുന്നു. ഭവാന്മാരുടെ ഈ ആഗമനം മേഘദർശനം കൂടാതെയുള്ള വർഷംപോലെയും, പുഷ്പോൽഗമം കൂടാതെയുള്ള ഫലോദയംപോലെയുമാണു് എനിക്കു തോന്നുന്നതു്. ഭവാന്മാരുടെ ആഗമനകാരണം എന്തെന്നറിവാൻ ആഗ്രഹിക്കുന്നു.

അംഗിരസ്സു്:—(മറ്റു മഹർഷിമാരുടെ അഭിപ്രായപ്രകാരം) അല്ലയോ പർവ്വതേശ്വര, അങ്ങയുടെ ഭാഗ്യംതന്നെ ഭാഗ്യം. ത്രൈലോക്യനാഥനായ പരമശിവൻ അങ്ങയുടെ ജാമാതാവാകുവാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ മകളായ പാർവ്വതി തപസ്സുകൊണ്ടു് ശിവനെ പ്രസന്നനാക്കിയിരിക്കുന്നു. ശിവന്റെ ആജ്ഞപ്രകാരം പാർവ്വതിയെ അദ്ദേഹത്തിനു വിവാഹം കഴിച്ചു കൊടുക്കണമെന്നു അപേക്ഷിക്കുന്നതിനുവേണ്ടിയാണു് ഞങ്ങൾ വന്നിരിക്കുന്നതു്. അതിനാൽ കാര്യം തീരുമാനിച്ചു് മറുപടി പറയണം.

ഹിമവാൻ:—മഹർഷിമാരെ, പരമശിവന്റെ അഭീഷ്ടത്തിനു് അനുകൂലമല്ലാത്ത ഒരു മറുപടി ആരിൽനിന്നും ഉണ്ടാകുന്നതല്ല. തന്തിരുവടിക്കു് ഇങ്ങനെ തിരുവുള്ള മുണ്ടായതു് ഞങ്ങളുടെ ഭാഗ്യം.

ഇത്രയും പറഞ്ഞു് ഹിമവാൻ, സപ്തർഷിമാർ ആവശ്യപ്പെട്ടപ്രകാരം പാർവ്വതിയെ പരമശിവനു കൊടുക്കുന്നതിൽ മേനാദേവിയുടെ അഭിപ്രായമെന്തെന്നു് അന്വേ

ഷിച്ചു. മേനക്കു് ഈ ശുഭവൃത്തമാന്തം അത്യന്തം സന്തോ
ഷപ്രദമായി. ഉടനെ ഹിമവാൻ പാർവ്വതിയെ വിളിച്ചു്
"മകളേ, നിന്നെ ഞാൻ ജിജ്ഞാത്മാവായ ശിവ
നു് ഭിക്ഷയായി കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു"
എന്നു പറഞ്ഞു. ഇതുകേട്ടു് പൂർണ്ണകാമന്മാരായ മഹർഷി
മാർ കൈലാസത്തിലേക്കു തിരിച്ചുപോകയും ചെയ്തു.

താമസിയാതെ വിവാഹത്തിനു് ഒരു ശുഭമുഹൂർത്തം
നിശ്ചയിക്കപ്പെട്ടു. ഹിമവാന്റെ നഗരം തുലോം മനോ
ഹരമായി അലങ്കരിക്കപ്പെട്ടു. മുഹൂർത്തദിവസം പാർവ്വതി
യെ മംഗളസ്നാനം ചെയ്യിച്ചു്, വിവാഹോചിതമായ വേ
ഷം ധരിപ്പിച്ചു് വിവാഹത്തിനു തയ്യാറാക്കി. പരമ
ശിവനും അണിഞ്ഞൊരുങ്ങി പരിവാരങ്ങളോടുകൂടി ഹി
മവാന്റെ രാജധാനിയിൽ ആഗതനായി. വേദവിഹി
തങ്ങളായ എല്ലാം ചടങ്ങുകളോടുകൂടി ശിവൻ അഗ്നിയെ
സാക്ഷിയാക്കി പാർവ്വതിയെ പാണിഗ്രഹണം ചെയ്തു. ത
ദവസരത്തിൽ മംഗലസൂചകങ്ങളായ പാട്ടുകളുടെ നാദ
വും, വാദ്യങ്ങളുടെ ധ്വനിയും മുഴങ്ങി കേൾക്കുമാറായി.
വിവാഹം യാതൊരു വിഘ്നവും കൂടാതെ മംഗളമായി
നിർവ്വഹിക്കപ്പെട്ടു.

വിവാഹാനന്തരം മഹർഷിമാർ ശിവനെ നമസ്കരി
ച്ചു് സവിനയം അറിയിച്ചു—"സ്വാമിൻ, ഈ ശുഭാവ
സരത്തിൽ എല്ലാ ദേവന്മാരും നിന്തിരുവടിയെ ബഹുമാ
നപൂർവ്വം പൂജിക്കുന്നുണ്ടല്ലൊ. ഇവരുടെ കൂട്ടത്തിൽ കാ
മദേവനെ മാത്രം കാണുന്നില്ല. കാമദേവന്റെ പൂജയെ

കൂടി അങ്ങു് സഫീകരിക്കുമാറാകണം. കാമൻ നിന്തിരു വടിയുടെ നേത്രാഗ്നിയിൽ ഭശ്മനായി ജീവനില്ലാതെ കിടക്കുകയാണു്."

ഇതുകേട്ടു് ശിവൻ കാമനെക്കുറിച്ചു് കനിയുകയും വീണ്ടും അവനെ ജീവിപ്പിക്കുകയും ചെയ്തു. ശിവന്റെ അഗ്നിമയമായ ഫാലനേത്രത്താൽ ഭശ്മനായിപ്പുമഞ്ഞ കാമൻ അദ്ദേഹത്തിന്റെ മന്ത്രസ്വരൂപമായ നേത്രംകൊണ്ടുള്ള കടാക്ഷത്താൽ അമൃതവർഷമേറ്റു് ലബ്ധജീവനായിട്ടുക്കാല്ക്കൽ നമസ്കരിച്ചു. അപ്പോൾ രതിദേവിയും കാമന്റെ സമീപത്തിൽ എത്തിച്ചേർന്നു. ഇങ്ങനെ ശിവനും ശ്രീപാർവ്വതിയും തമ്മിലുള്ള വിവാഹം, ബ്രഹ്മാവിന്റേയും, ഇന്ദ്രാദികളുടേയും അഭിഷ്ടംപോലെതന്നെ നിർവ്വഹിക്കപ്പെട്ടു.

സുബ്രഹ്മണ്യന്റെ അവതാരം

വിവാഹം കഴിഞ്ഞ ഉടനെ പരമശിവൻ പാർവ്വതിയോടുംകൂടി കൈലാസത്തിലേക്കു പോയി. അവിടെ അനേകസംവത്സരം കാലം ആ ദമ്പതിമാർ സുഖമായി പാർത്തു. അക്കാലത്തു് ദേവന്മാർ ലോകകണ്ടകനായ താരകാസുരനെക്കൊണ്ടുള്ള ഉപദ്രവം സഹിപ്പാൻ കഴിയാതെ അഗ്നിഭഗവാനെ ശിവന്റെ അടുക്കലേക്കയച്ചു് തങ്ങളുടെ സങ്കടം തിരുമനസ്സുണർത്തിച്ചു. അഗ്നിഭഗവാൻ ശിവനോടു പറഞ്ഞു: — "ലോകനാഥാ, താരകനാൽ പീ

ഡിതന്മാരെയേ ദേവന്മാർ നിന്തിരുവടിയുടെ പ്രസാദത്തെ പ്രതീക്ഷിച്ചുകൊണ്ടാണ് വസിക്കുന്നത്. നിന്തിരുവടിക്ക് ശ്രീപാർവ്വതിയിൽ സുബ്രഹ്മണ്യൻ എന്നു പേരായ ഒരു പുത്രൻ പിറക്കുമെന്നും, അദ്ദേഹം ദേവന്മാരുടെ സേനാപതിയാകുമെന്നും, അങ്ങിനെയായാൽ മത്രമേ താരകാസുരനെ കൊല്ലുവാൻ കഴിയുകയുള്ളുവെന്നും ദേവന്മാർ വിശ്വസിക്കുന്നു. ദയചെയ്ത് അവരുടെ വിശ്വാസം സഫലമാക്കുമാറാകണം."

ശിവൻ:—ദേവന്മാരുടെ സങ്കടങ്ങളെല്ലാം ഞാൻ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ട്. കുറച്ച സംവത്സരംകൂടി ക്ഷമിച്ചിരുന്നാൽ അവരുടെ ആപത്തുകൾക്ക പരിഹാരം വരും. എന്റെ ശക്തിയിൽ കുറേശ്ശം ഞാനിതാ അഗ്നിയുടെ കയ്യിൽ ഏല്പിക്കുന്നു. ഇതിനെ സ്വീകരിച്ച് സമാധാനത്തോടുകൂടി പോയാലും.

ഇങ്ങനെ അരുളിച്ചെയ്ത് ശിവൻ തന്റെ ശക്തിയിൽ ഒരു വലിയ അംശം അഗ്നിദേവന്റെ കയ്യിൽ കൊടുത്തു. അതും വാങ്ങിക്കൊണ്ട് തിരിച്ചുപോകയും ചെയ്തു. പക്ഷെ ആ ശിവശക്തിയെ താങ്ങുവാനുള്ള കെല്പ് അഗ്നിക്കുണ്ടായില്ല. അതിനാൽ അദ്ദേഹം ഇന്ദ്രന്റെ സമീപത്തു ചെന്നു, "ദേവരാജ, താരകാസുരന്റെ പീഡ ശമിക്കുന്നതിനുവേണ്ടി പരമശിവൻ തന്റെ ശക്തിയെ എന്റെ കയ്യിൽതന്നു. പക്ഷെ എനിക്കതു വഹിക്കുവാൻതക്ക കരുത്തില്ല. അത്യുഗ്രമായ ഈ ശൈവശക്തിയെ ഞാൻ ഗംഗാനദിയിൽ നിക്ഷേപിക്കുവാൻ പോ

കയാണം"" എന്നറിയിച്ചു. അങ്ങനെ ചെയ്യുകൊള്ളുവാൻ ഇന്ദ്രൻ സമ്മതിക്കുകയും ചെയ്തു.

ഗംഗ ലോകത്തിൽവെച്ചു് ഏറവും പ്രസിദ്ധിപ്പെട്ട പുണ്യനദിയാകുന്നു. ഹിമാലയത്തിൽനിന്നാണു് അതുത്ഭവിക്കുന്നതു്. തന്നിൽ സ്നാനം ചെയ്യുന്ന ജനങ്ങൾക്കുള്ള സകല പാപങ്ങളേയും പോക്കുന്നതിനു് ഈ മഹാനദിക്കു ശക്തിയുണ്ടു്. മഹാവിഷ്ണു ത്രിവിക്രമനായവതരിച്ചു് ത്രൈലോക്യമളക്കുന്നതിനുവേണ്ടി തന്റെ തൃക്കാൽ ഉയത്തിയപ്പോൾ അദ്ദേഹത്തിന്റെ പാദാംഗ്രുഷ്ടം സത്യലോകത്തിൽ തേവാരം ചെയ്യുന്ന ബ്രഹ്മാവിന്റെ കമണ്ഡലുവിൽ മുട്ടുകയുണ്ടായി. ആ കമണ്ഡലുവിൽനിന്നു് വിഷ്ണുപാദത്തിൽക്കൂടെ ഒഴുകിയ പ്രസ്തുത നദിയെ സപ്തലോകത്തിൽനിന്നു് സൂര്യവംശത്തിലെ കരു രാജാവായ ഭഗീരഥൻ ഭൂമിയിലേക്കു കൊണ്ടുവന്നു. ഗംഗ കനിക്കലും വറിപ്പോകാത്തതുകൊണ്ടു് ജീവനദി എന്ന പേരിൽ പ്രസിദ്ധിയെ പ്രാപിച്ചു. ഭഗീരഥന്റെ ആവശ്യപ്രകാരം സപ്തത്തിൽനിന്നു ഭൂമിയിലേക്കു പതിക്കുമ്പോൾ പരമശിവൻ ആ നദിയെ തന്റെ ജടാഭാരത്തിൽ ഏറു. ഇത്രയെല്ലാം മഹിമാതിശയമുള്ളതാണു് ഗംഗ. എന്നാൽ ആ നദിയെക്കൊണ്ടും അഗ്നിദത്തമായ ശിവശക്തിയെ വഹിപ്പാൻ കഴിഞ്ഞില്ല. അഗ്നിഭഗവാൻ ഗംഗയിൽ ശക്തിയെ നിക്ഷേപിച്ചു തിരിച്ചു പോയതിനുശേഷം കുറച്ചു കഴിഞ്ഞപ്പോൾ കൃത്തികകൾ എന്നു പേരായ ആറു ദേവിമാർ ഗംഗയിൽ സ്നാനം ചെയ്വാൻ ചെന്നു. അവർ സ്നാനം കഴിഞ്ഞു കരയിലേക്കു ക

യുമ്പോൾ ഗംഗയിലുണ്ടായിരുന്ന ശിവശക്തി അവരുടെ മേൽ ആവേശിച്ചു. ഉടനെ അവർക്കാറുപേർക്കും ഓരോ പുത്രന്മാർ പിറന്നു. ആ ആറു പുത്രന്മാരേയും അവർ എടുത്തുകൊണ്ടു് സമീപത്തുള്ള ശരവണത്തിൽ കൊണ്ടുപോയി വെച്ചു. ആ ആറു ബാലന്മാരേയും ഗംഗാദേവി തന്റെ കൈകൊണ്ടു് എടുത്തു. അപ്പോൾ ആറുപേരുടേയും ദേഹങ്ങൾ കന്നായി ചേർന്നു് ആറു ശിരസ്സും പന്ത്രണ്ടു കൈകളുമുള്ള ഒരു ബാലനായിമാറി. അത്ഭുതാകാരനായ ആ കുമാരനെക്കണ്ടു് ഗംഗാദേവി സന്തോഷിക്കുകയും, ഷൺമുഖനെന്നു നാമകരണം ചെയ്തു് ആ ബാലനെ സ്നേഹത്തോടുകൂടി വളർത്തുകയും ചെയ്തു.

ഇങ്ങനെയിരിക്കുന്ന കാലത്തു് ഒരു ദിവസം പരമശിവനും പാർവ്വതിയുംകൂടി ആകാശത്തുടെ പോകയായിരുന്നു. ശരവണത്തിന്റെ മുകൾഭാഗത്തെത്തിയപ്പോൾ ഭൂമിയിൽ സ്ഥിതിചെയ്യുന്ന ആറുമുഖങ്ങളുള്ള കുമാരനെ പാർവ്വതി ദർശിക്കുകയുണ്ടായി. കണ്ട ഉടനെ കൌതുകത്തോടുകൂടി ഭർത്താവിനോടൊരുമിച്ചു് പാർവ്വതി താഴെ ഇറങ്ങുകയും, ഷണ്മുഖനെ എടുത്തു് വാത്സല്യത്തോടെ മാറോടണച്ചു് ആനന്ദാശ്രുക്കൾ പൊഴിക്കുകയും ചെയ്തു. പിന്നീടു് പാർവ്വതി ഷണ്മുഖനെ ശ്രീകൈലാസത്തിലേക്കു കൊണ്ടുപോയി.

ഷണ്മുഖനെ ഭഗവാൻ സുബ്രഹ്മണ്യനെന്ന പേർ കൊണ്ടു് വിളിച്ചു. ബാലസുബ്രഹ്മണ്യൻ ബാലസൂര്യനെപ്പോലെ തേജസ്വിയായി നാൾതോറും വളർന്നുവന്നു.

ആ കുമാരന്റെ മോഹനരൂപങ്ങളായ ബാല്യലീലകൾ പാർവ്വതീപരമേശ്വരന്മാരെ ഏറ്റവും ആനന്ദിപ്പിച്ചു. അക്കാലത്തൊരുദിവസം പരമശിവൻ കൈലാസത്തിലെ ആസ്ഥാനമണ്ഡപത്തിൽ എഴുന്നള്ളിയിരിക്കുമ്പോൾ ദേവരാജനായ ഇന്ദ്രൻ വന്നു് അവിടത്തെ നമസ്കരിച്ചു. ശിവൻ സന്തോഷിച്ചു് ഇന്ദ്രനെ ആസനം കൊടുത്തിരുത്തി ചോദിച്ചു:—"ഇന്ദ്രാ, അങ്ങയുടെ മുഖം നിഷ്പ്രഭമായിരിക്കുവാൻ കാരണമെന്തു്? ദേവന്മാരെല്ലാം ഭൂലോകത്തിൽ ചുറ്റിത്തിരിയുകയാണല്ലൊ. അതിനെന്താണു് ഹേതു? താരകാസുരനെക്കൊണ്ടുള്ള ശല്യം ഇപ്പോൾ എങ്ങനെയിരിക്കുന്നു? അധികം താമസിക്കാതെ അവനെക്കൊണ്ടുള്ള ഉപദ്രവം ഞാൻ ശമിപ്പിച്ചുതരാം."

ഇന്ദ്രൻ:—ഭഗവാനേ, നിന്തിരുവടി അറിയാത്തതായി യാതൊന്നുമില്ല. സർവ്വജ്ഞനായ ഇവിടുത്തെ മുമ്പിൽ കുറ്റംതന്നെ ഞാൻ ഉണർത്തിക്കേണ്ടതില്ല. താരകാസുരൻ നിമിത്തം ഞങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങൾ ചില്ലറയൊന്നുമല്ല. താരകനെ കൊല്ലുന്നതിനു നിന്തിരുവടിയുടെ പുത്രനായ സുബ്രഹ്മണ്യനു മാത്രമേ ശക്തിയുള്ളുവെന്നു് പിതാമഹനായ ബ്രഹ്മാവു് പറയുകയുണ്ടായി. അതിനാൽ ഇവിടത്തെ തിരുവുള്ളമുണ്ടായിട്ടു് ബാലസുബ്രഹ്മണ്യനെ ഞങ്ങളുടെ സേനാപതിയായിരിപ്പാൻ കല്പിച്ചു അയച്ചതരുമാറാകണം.

ഇന്ദ്രന്റെ സങ്കടം കേട്ടു് മനസ്സലിഞ്ഞ പരമശിവൻ ഉടനെ ബാലസുബ്രഹ്മണ്യനെ വിളിച്ചു് അരുളി

ചെയ്തു: —"ഉണ്ണീ, നീ പോയി താരകാസുരനെക്കൊണ്ടു് ദേവന്മാർ അനുഭവിക്കുന്ന സങ്കടം തീർത്തു് ത്രൈലോക്യത്തിനു രക്ഷചെയ്യണം."

താരകാസുരവധം

പിതാവിന്റെ ആജ്ഞകേട്ടപ്പോൾ കുമാരനു് ഏറവും ഉത്സാഹം തോന്നി. ഉടനെ അദ്ദേഹം യാത്രപുറപ്പെടുവാനൊരുങ്ങു് പാർവ്വതിയേയും പരമേശ്വരനേയും നമസ്കരിച്ചു. ജഗത്തുകൾക്കെല്ലാം മാതാപിതാക്കന്മാരായ അവർ കുമാരനെ ഹൃദയപൂർവ്വം ആശീർവ്വദിച്ചു. പിന്നെ യുദ്ധത്തിനുവേണ്ട ആയുധങ്ങളെല്ലാം കയ്യിലെടുത്തു് ഇന്ദ്രൻ കുമാരന്റെ മാറിടത്തിൽ ദിവ്യമായ ഒരു രത്നകവചം ധരിപ്പിച്ചു. ശ്രീപാർവ്വതി തന്റെ പുത്രനു വിജയം കൈവരുത്തുവാൻ കരുത്തുള്ള ശക്തി (വേലു) എന്ന ദിവ്യായുധം നല്കി. അപ്പോഴേയ്ക്കും ദേവേന്ദ്രൻ തന്റെ ദിവ്യമായ രഥം അലങ്കരിച്ചു കൊണ്ടുവന്നു നിറുത്തി. ഉടനെ സുബ്രഹ്മണ്യസ്വാമി ഗുരുജനങ്ങളെ എല്ലാം വണങ്ങി ഇന്ദ്രരഥത്തിൽ ആരൂഢനായി. തദവസരത്തിൽ മഹർഷിമാർ കുമാരനെ നോക്കി "ജയ വിജയീഭവ" എന്നു ആശീർവ്വദിച്ചു. ബ്രഹ്മാദികളായ ദേവന്മാരെല്ലാം തത്സമയം അവിടെ എത്തിച്ചേർന്നു. ബ്രഹ്മാവു് കുമാരനെ ആലിംഗനം ചെയ്തു് ആശീർവ്വദിച്ചു. സിദ്ധന്മാർ, ഗന്ധർവ്വന്മാർ, വിദ്യാധരന്മാർ മുതലായവർ അദ്ദേ

ഹത്തിന്റെ വിജയത്തിനുവേണ്ടി ദിവ്യഗാനങ്ങൾ ചൊല്ലി.

പിന്നെ ദേവന്മാരുടെ സേനകളാൽ പരിപ്ലുതനായിട്ടു സുബ്രഹ്മണ്യൻ വിജയസിദ്ധിക്കുവേണ്ടി എഴുന്നള്ളി. ദേവസേനകളുടെ മദ്ധ്യത്തിൽ സ്വാമി നക്ഷത്രങ്ങൾക്കിടയിൽ മന്ദനെന്നപോലെ സുവിശേഷം ശോഭിച്ചു. ഗംഗാദേവി ബാലസുബ്രഹ്മണ്യന്റെ ദർശനത്താൽ ആഹ്ലാദം പൂണ്ടു. മാരുതൻ ഗംഗയുടെ ജലശീകരങ്ങളെ ഗ്രഹത്തിന്റെ തിരുമുഖത്തു പനിനീർ വീഴുന്നതുപോലെ വീശി. ആകാശഗംഗയുടെ തീരത്തിലുള്ള നന്ദനോദ്യാനവും, ദേവലോകത്തെ പ്രസിദ്ധങ്ങളായ ഇതരസ്ഥാനങ്ങളും ഘടദീപംപോലെ പ്രഭാഹീനമായിരിക്കുന്ന കാഴ്ച സുബ്രഹ്മണ്യസ്വാമിയുടെ ഹൃദയത്തെ അരിശംകൊള്ളിച്ചു. കോപം സഹിക്കാതെ സ്വാമി അരുളിചെയ്തു:—"അതിമനോഹരമായിരുന്ന ഈ നഗരത്തെ ശൂന്യപ്രായമാക്കിത്തീർത്ത മഹാപാപിയായ താരകനെ ഇന്നുതന്നെ ഞാൻ യമലോകത്തേയ്ക്കു അതിഥിയായിട്ടയക്കുന്നുണ്ട്." ഇങ്ങനെ പ്രതിജ്ഞ ചെയ്തതിനുശേഷം സ്വാമി കാശ്യപനേയും അദിതിദേവിയേയും നമസ്കരിച്ചു. അവരുടെ ആശീർവ്വാദം വാങ്ങി.

വേണ്ടപ്പെട്ടവരുടെയെല്ലാം ആശീർവ്വാദം സിദ്ധിച്ചതിനുശേഷം ഷണ്മുഖൻ ദേവസൈന്യങ്ങളെ ഒന്നിച്ചുചേർത്തു അത്യാഡംബരത്തോടുകൂടി യുദ്ധസ്ഥലത്തേയ്ക്കു ചെന്നു. പ്രചണ്ഡങ്ങളായ രണവാദ്യങ്ങൾ മുഴക്കപ്പെട്ടു. ദേവവീരന്മാർ തുടരെത്തുടരെ സിംഹനാദങ്ങളെച്ചെയ്തു. പ്ര

ളയകാലത്തു് മഹാസമുദ്രമെന്നപോലെ തള്ളിപ്പെരുകി കയറിവരുന്ന ദേവസൈന്യങ്ങളെ താരകാസുരൻ ദൂരത്തു നിന്നുതന്നെ ദർശിച്ചു. ഉടനെ അവൻ യുദ്ധത്തിനു കച്ച കെട്ടി മീശമുറുക്കി ആക്രമണത്തിനു തയ്യാറായി. പടക്കളത്തിൽവെച്ചു് അവൻ ഉറക്കെ ചിരിച്ചുകൊണ്ടു് വിളിച്ചുപറഞ്ഞു:—"അല്ല, പടയ്ക്കു കോപ്പിട്ടുവരികയാണല്ലെ? കൊള്ളാം, കട്ടം താമസിക്കേണ്ട. വിളക്കിന്റെ ജ്വാലകളേറ്റു് പാറകൾ മാവുന്നതുപോലെ എന്റെ ബാണങ്ങളെക്കൊണ്ടു മരണമടയുവാൻ വന്ന നിങ്ങൾ കെല്ലാം യുദ്ധഭൂമിയിലേയ്ക്കു് ഞാൻ സ്വാഗതം പറഞ്ഞു കൊള്ളുന്നു."

ഇങ്ങനെ വീരവാദം പറഞ്ഞുകൊണ്ടു് താരകാസുരൻ തന്റെ കീഴിലുള്ള അസുരസൈന്യങ്ങളെയെല്ലാം ചേർത്തു് യുദ്ധത്തിനു സന്നദ്ധനായി. അപ്പോൾ കഴുക്കളും, പരുന്തുകളും ആകാശത്തിൽ വട്ടത്തിൽ പറന്നു. നായ്ക്കളും, കുറുനരികളും ഭയങ്കരമായ ശബ്ദത്തോടുകൂടി അസുരസൈന്യത്തിന്റെ നേർക്കു് കുതിച്ചെന്നു. അസുരപ്പടയിൽ ആകാശത്തുനിന്നു് രക്തവർഷം പതിച്ചു. ഉഗ്രങ്ങളായ കൊള്ളിമീനുകളും വീണും, ഭ്രമണംചെയ്തുകൊണ്ടുള്ള കാറ്റേറ്റും അസുരസൈനികന്മാർ ഭയപ്പെട്ടു. വർഷക്കാലത്തെന്നപോലെ തുടരെത്തുടരെ ഇടികളും മുഴങ്ങി. ഈ വക ദുർന്നിമിത്തങ്ങളെല്ലാം കണ്ടിട്ടും തെല്ലുപോലും ക്ലേശിക്കാതെ താരകാസുരൻ ദേവസേനയെ ആക്രമിച്ചു. സുരന്മാരും, അസുരന്മാരും തമ്മിൽ അതിഘോരമായ സമരം നടന്നു. അതുകണ്ടു് കാണികൾ ഭയപ്പെ

ട്ടു. നാരദൻ തന്റെ വീണയിൽ "സാംബ സദാശിവ, സാംബ സദാശിവ" എന്നു പാടി താളമടിച്ചുകൊണ്ടു് യുദ്ധകോലാഹലം കണ്ടു് ആനന്ദനൃത്തംചെയ്തു.

താരകാസുരൻ ദേവസേനയുടെ മദ്ധ്യത്തിൽ സർവ്വ സൈന്യാധിപനായി സ്ഥിതിചെയ്യുന്ന ബാലസുബ്രഹ്മണ്യനെകണ്ടു് അസഹ്യമായ കോപത്തോടുകൂടി അദ്ദേഹത്തിന്റെമേൽ കുന്തമുൾപ്പെടെ അനേകായിരം ശരങ്ങളെ പ്രയോഗിച്ചു. സ്വാമി അവയെ എല്ലാം സലീലം തട്ടിത്തൂകളഞ്ഞു. സ്വാമിയെ ലക്ഷ്യമാക്കി പ്രയോഗിക്കുന്ന ബാണങ്ങളെല്ലാം വെറുതെ പോകുന്നതുകണ്ടു് താരകൻ ഏറ്റവുമധികം കോപിച്ചു. അവൻ ഉറക്കെ വിളിച്ചുപറഞ്ഞു: — "കൊള്ളാം. മീശമുളയ്ക്കാത്ത ബാലനായ നീയാണോ നമ്മോടു യുദ്ധത്തിനു വന്നവൻ? നിന്നോടുകൂടി യുദ്ധംചെയ്യുന്നതു് എന്റെ പദവിക്കു ചേർന്നതല്ല. പോകൂട്ടീ, ഈ യുദ്ധഭൂമിയിൽ ക്ഷണനേരംപോലും നില്പാൻ നിനക്കു യോഗ്യതയില്ല. നീ നിന്റെ തള്ളയുടെ മടിയിൽചെന്നു് കൊഞ്ചിക്കുഴഞ്ഞു കളിക്കേണ്ടവനാണു്. പ്രാണനെ രക്ഷിക്കേണമെന്നു് ആഗ്രഹമുണ്ടെങ്കിൽ പടക്കളത്തിൽനിന്നു് പിൻതിരിഞ്ഞുപോകയാണു് നല്ലതു്."

താരകന്റെ അഹങ്കാരഗർഭങ്ങളായ ദുർവ്വചനങ്ങളെ കേട്ടു് സ്വാമി ചിരിച്ചുകൊണ്ടുമൊഴിയെയ്തു: — "താരക, വാക്കുകളെക്കൊണ്ടു യുദ്ധം ചെയ്യുന്നതിനല്ല ഞാൻ വന്നിരിക്കുന്നതു്. നിനക്കു് ശക്തിയുണ്ടെങ്കിൽ എന്നോടു നേരിട്ടുനിന്നു പോരിടുക. കാണട്ടെ നിന്റെ പരാക്രമം."

ഉടനെ അസുരൻ ദിവ്യാസ്ത്രങ്ങളെ പ്രയോഗിപ്പാൻ തുടങ്ങി. ആദ്യം ആഗ്നേയാസ്ത്രമാണു് പ്രയോഗിച്ചതു്. അതിനെ സ്വാമി വരുണാസ്ത്രംകൊണ്ടു തടുത്തു പിന്നീടു് താരകൻ വായവ്യാസ്ത്രം പ്രയോഗിച്ചു. അതിൽ നിന്നു് അത്യുഗ്രമായി വീശിയ കാറ്റുകളെ സുബ്രഹ്മണ്യൻ പ്രയോഗിച്ച നാഗാസ്ത്രത്തിൽനിന്നു ഉടലെടുത്ത അനേകകോടി നാഗങ്ങൾ കടിച്ചുതീർത്തു. ഇങ്ങനെ താരകൻ ഏതേതു ദിവ്യാസ്ത്രങ്ങളെ പ്രയോഗിച്ചുവോ അവയെല്ലാം സ്വാമി പ്രത്യസ്ത്രങ്ങളെക്കൊണ്ടു് നിരാകരിച്ചു. അസ്ത്രങ്ങളെല്ലാം വിഫലമായി തീർന്നതുകൊണ്ടു് താരകാസുരൻ വലിയൊരു ഖഡ്ഗം കയ്യിലെടുത്തു് തേരിൽനിന്നു കുതിച്ചുചാടി സ്വാമിയുടെ നേക്കു് കുടിയണഞ്ഞു. അതു കണ്ടു് സുബ്രഹ്മണ്യൻ ശ്രീപാർവ്വതീദേവി തന്നരുളിയ ശക്തിയെടുത്തു് ദേവിയെ മനസ്സിൽ ധ്യാനിച്ചു് അസുരന്റെ നേരെ ചാടി. ആ ശക്തി താരകാസുരന്റെ മാറിൽ ഒരു മഹാമലപോലെ ചെന്നു പതിച്ചു. അതോടുകൂടി അവൻ ഗതപ്രാണനായി നിലംപതിച്ചു. ഉടനെ ദിവ്യായുധമായ ശക്തി കടലിൽപോയി അസുരരക്തം കഴുകിക്കളഞ്ഞു ശുദ്ധമായി സ്വാമിയുടെ തൃക്കയ്യിലേയ്ക്കു തിരിച്ചുവരികയും ചെയ്തു.

അത്യത്ഭുതമായ സ്വാമിയുടെ പരാക്രമംകണ്ടു് ദേവന്മാർ ആഹ്ലാദമത്തരായി ആർത്തുവിളിച്ചു. ചത്തതു കഴിച്ചു് ബാക്കിയുള്ള അസുരന്മാർ ഭയപ്പെട്ടോടി ആളശൂരായി. ദേവന്മാർ കല്പകപുഷ്പക്കൂമ്പം സ്വാമിയുടെ ശിരസ്സുകളിൽ തെരുതരെ വാരിവർഷിക്കയും, ദിവ്യസ്തോത്രങ്ങ

ളെക്കൊണ്ട് സ്വാമിയെ സ്തുതിക്കുകയും ചെയ്തു. മഹർഷിമാർ സന്തോഷിച്ച് ദിവ്യമന്ത്രങ്ങളെക്കൊണ്ട് ഷണ്മുഖനെ പുകഴ്ത്തി. സ്വാമിയാകട്ടെ വിജയമാല ചൂടി, മാതാപിതാക്കന്മാരാൽ നയിക്കപ്പെട്ട തേരിൽ കയറി, ഇന്ദ്രാദികളുടെ വിജയഘോഷങ്ങളെ കേട്ടുംകൊണ്ട് കൈലാസത്തിലേയ്ക്കു തിരിച്ചുപോയി പരമശിവനെ വന്ദിച്ചു. ലോകങ്ങൾക്കെല്ലാം ഉപകാരപ്രദമായ ഒരു മഹാകാര്യം സാധിച്ചുവന്ന കുമാരനെ കണ്ടപ്പോൾ ഉണ്ടായതുപോലുള്ള ഒരു സന്തോഷവും, കൃതാർത്ഥതയും പാർവ്വതീദേവിക്കു മുമ്പൊരിക്കലും ഉണ്ടായിട്ടില്ല.

വിരഹിയായ യക്ഷൻ

ചന്ദ്രചൂഡനായ ശ്രീ പരമേശ്വരന്റെ വാസസ്ഥാനമായിട്ടുള്ള കൈലാസപർവ്വതത്താൽ പരമപാവനമായിത്തീർന്ന കുബേരരാജ്യത്ത് അളകാപുരി എന്നു പേരായ അതിമനോഹരമായ ഒരു നഗരിയുണ്ട്. അതിൽ യക്ഷരാജാവായ കുബേരൻ വാണരുളുന്നു. ലോകപാലന്മാരിൽ ഒരുവനായ കുബേരൻ ധർമ്മവും നീതിയും പിഴക്കാതെ രാജ്യം ഭരിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രജകൾ യക്ഷന്മാർ എന്ന പേരിൽ അറിയപ്പെടുന്നു. ദുഃഖമെന്നതു് എന്തെന്നറിയാതെ നിത്യസുഖം അനുഭവി

മ്മകൊണ്ടിരിക്കുന്നവരാണു് യക്ഷന്മാർ. യക്ഷന്മാരുടെ വാസസ്ഥാനമായ അളകാപുരി ഇന്ദ്രനഗരിയായ അമരാവതിയിൽനിന്നു് ഒരു വിധത്തിലും താഴെയല്ല.

കുബേരൻ രാജ്യഭരണം നടത്തുന്നതിനു് നിപുണന്മാരും, വിശ്വസ്തന്മാരുമായ യക്ഷന്മാരെയാണു് കാരോ അധികാരപദവികളിൽ നിയമിച്ചിരുന്നതു്. അവർ സ്വകൃത്യങ്ങളിൽ പിഴവുവരാതെ രാജ്യഭരണം ശരിയായി നടത്തിവന്നു. എന്നാൽ, സ്വതേ കാമികളും, സുഖലോലുപന്മാരുമായി യക്ഷന്മാക്കു് ചിലപ്പോഠം ഔദ്യോഗികകൃത്യങ്ങളിൽ ശരിക്കു നടത്തുന്നതിൽ തെറ്റുപറ്റുവാൻ എളുപ്പമുണ്ടു്. ഒരിക്കൽ ഉന്നതമായ ഒരു രാജാധികാരത്തിൽ വർത്തിച്ചിരുന്ന ഒരു യക്ഷനും അപ്രകാരം ഒരു പ്രമാദം പിണഞ്ഞു. ആ വിവരമറിഞ്ഞു് കുബേരൻ ആയാളെ തന്റെ മുമ്പിൽ വരുത്തി വിചാരണചെയ്കയും ആയാളുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം ശരിയാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്തയാൽ ആ യക്ഷനെ ഒരു കൊല്ലക്കാലത്തേയ്ക്കു് നാടുകടത്തുവാൻ വിധിച്ചു. രാജാവിന്റെ ആജ്ഞയനുസരിച്ചു് യക്ഷൻ തന്റെ ഗൃഹത്തേയും പ്രിയതമയായ ഗൃഹിണിയേയും ഉപേക്ഷിച്ചു് അളകാപുരിയിൽനിന്നു പോകയും ചെയ്തു.

അധികാരത്തിൽനിന്നു ഭ്രഷ്ടനായതോടുകൂടി യക്ഷന്റെ പ്രഭാവമെല്ലാം അസ്തമിച്ചു. അദ്ദേഹം കുബേരന്റെ നാട്ടിൽനിന്നു തെക്കോട്ടുപോയി രാമഗിരി എന്ന പർവ്വതത്തിന്മേൽ ഉള്ള ആശ്രമങ്ങളിൽ താമസം തുടങ്ങി.

ദശരഥപുത്രനായ ശ്രീരാമൻ സീതാസമേതനായി വന വാസം ചെയ്തിരുന്ന കാലത്തു് എഴുന്നള്ളിത്താമസിച്ച ഒരു പർവ്വതമാകയാൽ രാമഗിരിക്കു് ആ പേർ സിദ്ധിച്ച താകുന്നു. രാമായണത്തിൽ പ്രസിദ്ധമായ ചിത്രകൂടപർ വ്വതമാണു് രാമഗിരിയെന്നു് പറയപ്പെടുന്നു. ഈ രാമ ഗിരിയിൽ അനേകം ചോലകളുണ്ടു്. വനവാസകാലത്തു് സീതാദേവി അവയിലാണു് സ്നാനംചെയ്തിരുന്നതു്. അതു നിമിത്തം ആ ചോലകളിലെ വെള്ളം പുണ്യതീർത്ഥമാ യി ചമഞ്ഞു. രാമഗിരിയിൽ ധാരാളം തണലുള്ള നിര വധി വൃക്ഷങ്ങൾ കൂട്ടംകൂട്ടമായി നില്ക്കുന്നതിനാൽ അതു് വനവാസത്തിനു പറ്റിയ്ക്ക ജനങ്ങൾക്കു് ഒരു സുഖവാസ സ്ഥാനംതന്നെയാകുന്നു.

എന്നാൽ നമ്മുടെ യക്ഷനു് രാമഗിരിയിലെ താമ സം സുഖപ്രദമായില്ല. പ്രിയജനങ്ങളുമായി ഒരിക്കലും പിരിയാതെ സുഖമനുഭവിച്ച ശീലിച്ചവനായിരുന്ന യ ക്ഷൻ. ഇങ്ങനെപ്രഥമമായി സംഭവിച്ച പ്രിയാവിരഹം അ ദ്ദേഹത്തിനു് അസഹ്യമായിത്തോന്നി. മനസ്സിനു് സു ഖമില്ലാതാകയാൽ യക്ഷന്റെ ദേഹം നാൾതോറും ക്ഷീ ണിക്കുവാൻ തുടങ്ങി. അതുകാരണം അദ്ദേഹം രാമഗിരി യിലുള്ള അനേകം ആശ്രമങ്ങളിൽ മാറിമാറി താമസിച്ചു നോക്കി. എന്നിട്ടും ഫലമൊന്നുമുണ്ടായില്ല. ചിന്താഭാര ത്താൽ യക്ഷൻ അധികമധികം മെലിഞ്ഞുകൊണ്ടിരുന്നു. വിരഹചിഹ്നമായി അദ്ദേഹം ധരിച്ചിരുന്ന പൊൻവള ശരീരകാശ്യം നിമിത്തം കൈത്തണ്ടമേൽനിന്നു് ഊരി വീണു. ആകപ്പാടെ യക്ഷനു് ഈ വിരഹകാലം കഴിച്ചു

കൂട്ടുവാൻ പ്രയാസമാണെന്നു് തോന്നിത്തുടങ്ങി. വളരെ സങ്കടപ്പെട്ടു് എട്ടുമാസം അദ്ദേഹം ഒരുവിധത്തിൽ ഉന്തി നീക്കി.

ആഷാഢമാസം * 1-ാംതിയ്യതി യക്ഷന്റെ വിരഹജീവിതത്തിൽ ഒരു വിശേഷദിവസമായിരുന്നു. കൃപാവതിയായ പ്രകൃതി അന്നദ്ദേഹത്തിനു് അല്പം മനഃസ്വാസ്ഥ്യം സിദ്ധിക്കുവാനുള്ള വഴിയുണ്ടാക്കി. രാമഗിരിയുടെ സാനുപ്രദേശത്തു രമണീയമായ ഒരു കാർമേഘം പററിപ്പിടിച്ചുയില്ലുന്നതു് യക്ഷനു കാണുമാറായി. കാഴ്ചയിൽ അതു് പർവ്വതത്തിന്മേൽ കൊമ്പുകുത്തിക്കളിക്കുന്ന ഒരാനത്തലവനാണോ എന്നു തോന്നുമാറു് അതു മനോഹരമായിരുന്നു. ആ മേഘത്തിന്റെ ദർശനം യക്ഷന്റെ മനസ്സിൽ അസാധാരണമായ ഒരു കൌതുകം ജനിപ്പിച്ചു. അദ്ദേഹത്തിന്റെ കണ്ണും പ്രിയജനത്തെക്കുറിച്ചുള്ള വിചാരത്താൽ ബാഷ്പാവൃതമായി. അദ്ദേഹം പ്രയാസപ്പെട്ടു് വളരെനേരം ആ മേഘത്തെ നോക്കിക്കൊണ്ടു് ധ്യാനനിഷ്ഠനായി നിന്നുപോയി. കാർമേഘത്തെ കാണുമ്പോൾ, സഹൃഹത്തിൽ പ്രിയജനങ്ങളുമായി സുഖിച്ചിരിക്കുന്നവനുകൂടിയും മനസ്സിനൊരു മാറ്റം വരും; പ്രിയജനങ്ങളെ പിരിഞ്ഞിരിക്കുന്നവന്റെ കഥ പിന്നെ പറയേണ്ടതുണ്ടോ?

---

* ആഷാഢമാസം ആരംഭിക്കുന്നതു് മിഥുനമാസത്തിന്റെ മദ്ധ്യത്തിലാണു്; അതായതു് ഏതാണ്ടു് ജൂലായ്മാസം ആരംഭത്തിൽ.

യക്ഷൻ വിചാരിച്ചു:—"ഹാ, കാലം ആകപ്പാടെ പകൻറ. ശ്രാവണമാസം ആരംഭിക്കുവാൻ അടുത്തു. ഇനി മേഘമാലകളാൽ ആവൃതങ്ങളായും, ഇടിയും മിന്നലും മഴയും ഇടവിടാതെ സംഭവിക്കുന്നവയായുമുള്ള ദിവസങ്ങളാണു് വരുവാൻ പോകുന്നതു്. ഈ ദിവസങ്ങൾ വിരഹികൾക്കു് കഴിച്ചുകൂട്ടുവാൻ പ്രയാസമുള്ള നാളുകളാകുന്നു. എൻെറ വിരഹത്താൽ പീഡിതയായ പ്രിയതമ ഈ കാലം എങ്ങനെ കഴിച്ചുകൂട്ടും? ഈ കാലഘട്ടത്തിൽ ദൂരസ്ഥനായ എൻെറ വൃത്താന്തം അറിയുകപോലും ചെയ്തില്ലെങ്കിൽ പാവപ്പെട്ട പ്രിയതമക്കു് അപായംതന്നെ സംഭവിച്ചേക്കും. എൻെറ സന്ദേശം അറിയിക്കുവാൻ ആരെയാണു് ലഭിക്കുക? (അല്പം ഗാഢമായി ആലോചിച്ചിട്ടു്) അല്ലെങ്കിൽ എന്തിനു മറെറാരുവനെത്തേടുന്നു? ഈ മേഘത്തെത്തന്നെ സന്ദേശഹരനായി അളകാപുരിയിലേക്കു് അയക്കാമല്ലൊ" ഇങ്ങനെ വിചാരിച്ചു, യക്ഷൻ പുതുതായി വിരിഞ്ഞുനില്ക്കുന്ന കുടകപ്പൂക്കളുത്തു് ആ മേഘത്തിനു് അർഘ്യം നല്കുകയും പ്രീതിയോടുകൂടി സ്വാഗതം പറയുകയും ചെയ്തു. മേഘം എന്നതു് പുകയും തീയും വെള്ളവും കാറും കൂടിക്കലർന്ന ഒരു വസ്തുവാണു്. സന്ദേശകാംക്ഷികളാണെങ്കിൽ നല്ല ബുദ്ധിയും, ധാരണാശക്തിയുമുള്ള ജനങ്ങൾ മുഖേന പറഞ്ഞയയ്ക്കേണ്ടവയുമാണു്. രണ്ടിനും തമ്മിലുള്ള മഹത്തായ അന്തരത്തെ ആലോചിക്കാതെ യക്ഷൻ മേഘത്തെ സന്ദേശഹരനാക്കുവാൻ തീരുമാനിച്ചു. കാമാർത്തന്മാർക്കു് ചേതന

ങ്ങളും അചേതനങ്ങളുമായ വസ്തുക്കളെ തിരിച്ചറിയുവാൻ സാധിക്കയില്ലല്ലൊ.

യക്ഷൻ പറഞ്ഞു:—ഹേ മേഘമേ, അങ്ങു് ലോക പ്രസിദ്ധമായ ഉയർന്ന മേഘവംശത്തിൽ പിറന്നവനും, ഇഷ്ടംപോലെ രൂപങ്ങളെ ധരിപ്പാൻ കഴിയുന്നവനും, ദേവേന്ദ്രന്റെ സചിവസത്തമനുമാകുന്നു. അതിനാൽ, ഭാഗൃക്ഷയംകൊണ്ടു് ബന്ധുജനവുമായി പിരിഞ്ഞു വശായ ഞാൻ അങ്ങയോടു് കരുകായ്മം യാചിപ്പാൻ ഭാവിക്കുന്നു. ഗുണവാന്മാരോടു ചെയ്യുന്ന യാചന സഫലമാകാതെ പോയാൽകൂടിയും അധമന്മാരോടു ചെയ്യുന്നതും അഭീഷ്ടസിദ്ധി കൈ വരുത്തുന്നതുമായ അത്ഥനയേക്കാൾ ശ്രേഷ്ഠമാകുന്നു.

അല്ലയോ പയോദമേ, അങ്ങു് സന്താപമുള്ളവർക്കു് ശരണമായിട്ടുള്ളവനാകുന്നു. അതുകൊണ്ടു്, കുബേരന്റെ ക്രോധത്താൽ പ്രിയയെ പിരിഞ്ഞുപോരേണ്ടിവന്ന എന്റെ സന്ദേശത്തെ അവളുടെ അടുക്കൽ എത്തിച്ചാൽ കൊള്ളാം. അതിന്നങ്ങേക്കു് യക്ഷന്മാരുടെ വസതിയും, ബാഹ്യോദ്യാനത്തിലിരുന്നരുളുന്ന ചന്ദ്രചൂഡസ്വാമിയുടെ തിരുമുടിയിലെ ചന്ദ്രികയേറ്റു് വിളങ്ങുന്ന മാളികകളോടുകൂടിയതുമായ അളകാപുരിയിലേക്കാണു് പോകുന്നതു്.

യാത്രക്കു തയ്യാറായി അങ്ങു് ആകാശമാർഗ്ഗത്തിൽ ആരോഹണം ചെയ്താൽ എന്നെപ്പോലെയുള്ള വിരഹികളുടെ പ്രിയതമമാർ ആശ്വാസത്തോടുകൂടി അങ്ങയെ

നോക്കും. അങ്ങക്കു പുറപ്പെട്ടുവാൻ നല്ല സമയമാണിതു്. ഇപ്പോൾ കാറു് അനുകൂലമായി വീശുകയും, ചാതകപ്പക്ഷി ഇടത്തു ഭാഗത്തുനിന്നു ശബ്ദിക്കുകയും ചെയ്യുന്നു. സുഭഗാകാരനായ അങ്ങയെ കാണുമ്പോൾ വെള്ളിൽപ്പക്ഷികൾ വരിവരിയായി ആകാശത്തു നിന്നുനിന്നു് അങ്ങയെ സേവിക്കും.

വിരഹത്താൽ പീഡിതയായി നാളുകളെണ്ണി സമയം കഴിച്ചുകൂട്ടുന്ന ഈ സഹോദരന്റെ പ്രിയതമയെ അപായരഹിതയായിട്ടതെന്നു അങ്ങക്കു തീർച്ചയായും കാണുവാൻ കഴിയും. സ്ത്രീജനങ്ങളുടെ ഹൃദയം പുഷ്പംപോലെ മൃദുലമാകുന്നു. അതു പൊട്ടുന്നു് വിരഹസങ്കടത്തിൽപ്പെട്ടുപോകുമ്പോൾ ആശാബന്ധം അതിനെ നാശംകൂടാതെ നിലനിറുത്തും.

പ്രിയമേഘമേ, ഭൂമിക്കു് കുമിളകളാകുന്ന പുളകങ്ങളുളവാക്കുന്നതും മനോഹരവുമായ അങ്ങയുടെ നാദം കേട്ടു് മാനസസരസ്സിലേക്കു പോകുവാൻ പുറപ്പെട്ട രാജഹംസങ്ങൾ കൈലാസപർവ്വതത്തിങ്കലോളം അങ്ങക്കു് ആകാശമാർഗ്ഗത്തിൽ കൂട്ടുകാരായിരിക്കും. ആകയാൽ മിത്രസത്തമനും, രഘുപതിയുടെ കാലടിപ്പാടുകളാൽ അടയാളപ്പെട്ടവനുമായ ഈ രാമഗിരിയോടു വിടവാങ്ങി ഉടനെ പുറപ്പെടുക. അങ്ങക്കു പോകുവാനുള്ള മാർഗ്ഗത്തെ ഞാനാമതായി ഞാൻ പറയാം. തദനന്തരം എന്റെ പ്രിയയെ അറിയിപ്പാനുള്ള സന്ദേശവും പറഞ്ഞുതരാം. യാത്രയിൽ തളർച്ച വരുന്ന സമയങ്ങളിൽ പർവ്വതങ്ങളിൽ പടുമുന്നി

വിശ്രമിച്ചുകൊണ്ടും, ദാഹം തോന്നുമ്പോൾ ഗിരിനദികളിലെ ജലം കുടിച്ചുകൊണ്ടും അങ്ങയ്ക്കു പോകാം.

അതാ അകലത്തായി പർവ്വതത്തിലെ ഒരു മൺപുറ്റിന്റെ മുകളിൽനിന്നു് നാനാരത്നങ്ങളുടെ പ്രഭാസമാഹാരമോ എന്നു തോന്നുമാറു്, കമനീയമായിരിക്കുന്ന ഒരു മഴവില്ലു് പുറപ്പെടുന്നു. അതിന്റെ സംയോഗത്താൽ ശ്യാമളവർണ്ണമായ അങ്ങയുടെ ശരീരം ശ്രീഗോപാലകൃഷ്ണന്റെ തിരുമേനി മയിൽപീലികൊണ്ടെന്നപോലെ അധികമായ കാന്തിയെ പ്രാപിക്കും.

അല്ലയോ കാർമേഘമേ, അങ്ങയെ ആകാശത്തിൽ ഉയർന്നുകാണുമ്പോൾ നാട്ടുപുറങ്ങളിലുള്ള കഷ്ടകസ്ത്രീകൾ "കടാക്ഷശാസ്ത്രപ്പയറുനേടാത്ത പകച്ചകണ്ണാൽ" തുള്ളയോടുകൂടി നോക്കും. അങ്ങനെപോയി, അപ്പോൾതന്നെ ഉഴുകയാൽ പുതുമണ്ണിന്റെ മണം പൊഴിയുന്ന മാലം എന്ന വയലിന്റെ മുകളിലെത്തിയാൽ അല്പം പടിഞ്ഞാട്ടു തിരിഞ്ഞു്, പിന്നേയും നേരെ വടക്കോട്ടഭിമുഖമായി യാത്രചെയ്യുക.

"കറെപോയാൽ ആമ്രകൂടം എന്ന പർവ്വതം കാണാം. അവിടെയെത്തുമ്പോഴേക്കു് അങ്ങേക്കു് മാർഗ്ഗഖേദം ധാരാളമുണ്ടാകും. വർഷധാരകളെക്കൊണ്ടു് വനഭൂമിയെ നിർവൃതികൊള്ളിച്ച അങ്ങയെ ഉന്നതമായ ആ പർവ്വതം ശിരസാധരിച്ചു് ബഹുമാനിക്കും. ഉപകാരം ചെയ്തവരെ ബഹുമാനിപ്പാൻ ക്ഷുദ്രജനങ്ങൾപോലും വൈമുഖ്യം ഭാവിക്കയില്ല; ഈ സ്ഥിതിക്കു് ആമ്രകൂടത്തെപ്പോലെ ഒരു

ന്നത്യമുള്ള ഒരുവൻ ബന്ധുസല്ക്കാരത്തിൽ വിമുഖനാകുമോ? പഴുത്ത മാങ്ങകാം നിറഞ്ഞ കാട്ടുമാവുകളെക്കൊണ്ടു മറഞ്ഞുനില്ക്കുന്ന ആമ്രകൂടപർവ്വതം, സ്നിഗ്ദ്ധമായ വാർകൂന്തളത്തിന്റെ വണ്ണത്തോടുകൂടിയ അങ്ങയുടെ സമ്പർക്കം സിദ്ധിക്കുമ്പോൾ, അപ്സരഃസ്ത്രീകളുടെ കണ്ണുകാം ക്കു് അത്യാകർഷകമായ ഒരവസ്ഥയെ പ്രാപിക്കും.

കാട്ടാളസ്ത്രീകാം വിഹരിക്കുന്ന ലതാഗൃഹങ്ങളോടുകൂടിയ ആമ്രകൂടത്തിന്മേൽ അല്പനേരം നില്ക്കുകയും, ഉള്ളിലുള്ള ജലം കുറെ വർഷിക്കുകയാൽ ഭാരം ചുരുങ്ങി ഗതിവേഗം സിദ്ധിക്കുകയും ചെയ്തവനായിട്ടു് അവിടെനിന്നു പോയാൽ, പാറക്കെട്ടുകാം നിറഞ്ഞ വിന്ധ്യാദ്രിയുടെ അടിവാരത്തിൽ ചിന്നിച്ചിതറി ഒഴുകുന്ന രേവാനദി (നർമ്മദ) അങ്ങയ്ക്കു കാണുമാറാകും. ഒരു ആനത്തലവന്റെ ദേഹത്തിൽ അലങ്കാരമായി അണിഞ്ഞ കോലമെന്നപോലെ, വർഷിച്ചു വർഷിച്ചു വെള്ളമില്ലാതായിത്തീർന്ന അങ്ങു്, കാട്ടാനകളുടെ മദജലംകലർന്നു മണംപിടിച്ചു രേവാനദിയിലെ വെള്ളമെടുത്തു് യാത്ര തുടരുക. അങ്ങനെ അന്തസ്സാരം സിദ്ധിച്ചാൽ അങ്ങയെ പറഞ്ഞയയ്ക്കുവാൻ കാറിനു കഴിവുണ്ടാകയില്ല. ഉള്ളിൽ കനമില്ലാതാകുമ്പോാം എല്ലാവക്കും വരും ലഘുത്വം; പൂർണ്ണതയാണു് ഗൌരവത്തിനു കാരണം.

പകൃതി വിരിഞ്ഞ അല്ലികളോടുകൂടിയ കടംബപുഷ്പം കണ്ടും, പുതുതായി മൊട്ടിട്ട കന്ദളികളെ തിന്നും, പുതുമഴയേറുണ്ടായ മണ്ണിന്റെ മണം അനുഭവിച്ചും സഞ്ചരിക്കുന്ന മാനുകാം അങ്ങക്കു് വഴികാണിക്കും. അങ്ങു

പോകുമ്പോൾ ഓരോ പ്രവൃത്തിയിലുമുള്ള മയിലുകൾ കേക കളാകുന്ന സ്വാഗതവാക്യങ്ങളെ ഉച്ചരിക്കും ഇങ്ങനെ കുറച്ചൂരം പോയാൽ ഉശാണ്ണം എന്ന പ്രദേശം കാണുമാറാകും. ആ ദേശത്തിലുള്ള ഉദ്യാനങ്ങളുടെ വേലികൾ കൈതപ്പൂക്കളെക്കൊണ്ട് വെളുത്ത വണ്ണത്തോടുകൂടിയിരിക്കും; ഗ്രാമങ്ങളിലുള്ള ഉയർന്ന വൃക്ഷങ്ങളിൽ കാക്കകൾ കൂട്ടുകൂടുന്ന തിരക്കായിരിക്കും; ഞാവൽമരങ്ങൾ നിറഞ്ഞ വനങ്ങൾ ഞാവൽപ്പഴങ്ങളെക്കൊണ്ട് ശ്യാമളവണ്ണത്തോടുകൂടിയിരിക്കും.

"ഉശാണ്ണദേശത്തിൽ പ്രവേശിച്ച് കുറച്ചൂരം ചെന്നാൽ ആ രാജ്യത്തിന്റെ തലസ്ഥാനമായ വിദിശാരാജധാനി കാണുമാറാകും. അവിടെ വേത്രവതി എന്ന നദിയെ കാണാം. അതിൽനിന്നു ഇഷ്ടംപോലെ അങ്ങയ്ക്കു വെള്ളം കുടിക്കാം അല്പം വിശ്രമിച്ചതിനുശേഷം വനനദീതീരങ്ങളിലുള്ള ഉദ്യാനങ്ങളിലെ കുങ്കുമത്തിമുല്ലമൊട്ടുകളെ പുതുമഴത്തുള്ളികളാൽ നനച്ചുകൊണ്ടും, പൂവറുക്കുവാൻ വന്നിരിക്കുന്ന പൂക്കാരിപ്പെണ്ണുങ്ങൾക്ക് അതിനുള്ള ആയാസത്താൽ കവിൾത്തടങ്ങളിലുണ്ടായ വിയർപ്പുകൾ ഛായാളാനത്താൽ തീർത്തുകൊണ്ടും അവിടെനിന്നു വീണ്ടും യാത്രതുടങ്ങാം.

ഹേ മേഘമേ, ഉത്തരാശാമുഖം നോക്കി പുറപ്പെട്ടിട്ടുള്ള അങ്ങയ്ക്കു ഉജ്ജയിനിവഴിക്കു പോകുന്നതു് വഴി വളച്ചുകൊണ്ടുള്ള യാത്രയായിരിക്കും; എങ്കിലും ഉജ്ജയിനിപുരിയിലെ തുംഗസൌധങ്ങളെ കാണാതെ പോവുന്നതു്. കഷ്ടമാകും. അങ്ങയുടെ ആഗമനത്തിലുണ്ടായ മിന്നൽ

പിണരുകളെ കണ്ട് ഭയംപൂണ്ട അവിടത്തെ പൌരാംഗനമാരുടെ അപാംഗവീക്ഷണങ്ങളേറ്റു രസിക്കാതിരിക്കുന്നപക്ഷം കണ്ണുണ്ടായതുകൊണ്ട് പ്രയോജനമില്ലാതായിത്തീരും. അവിടെ നിർവ്വിന്ധ്യ എന്ന പേരായ നദിയെ കാണാം. ആ നദി വളരെക്കാലമായി അങ്ങയുടെ വിരഹമനുഭവിച്ചുവരുകയാണ്. വിരഹത്താലുണ്ടായ കാശ്യം തീർത്ത് അതിനെ അങ്ങ് ആനന്ദിപ്പിക്കണം. ഈ നദിയുടെ കരയിൽ ആകാശംമുട്ടിനില്ക്കുന്ന അനേകം വൃക്ഷങ്ങളും, നറുമണം ചൊരിയുന്ന പുഷ്പങ്ങളോടുകൂടിയ പൂന്തോട്ടങ്ങളും കാണാം.

അവിടെനിന്ന് കുറച്ചകലം ചെന്നാൽ അവന്തിരാജ്യമായി. ആ രാജ്യത്തെ ഗ്രാമവൃദ്ധന്മാർ ഉദയനരാജാവിന്റെ കഥകൾ പറയുന്നതിൽ നിപുണന്മാരാകുന്നു. അവന്തിരാജ്യത്തിന്റെ തലസ്ഥാനനഗരിയാണ് അളവറ്റ സമ്പത്തിന്നിരിപ്പിടമായ വിശാലാപുരി. അതുകണ്ടാൽ സ്വർഗ്ഗത്തിൽനിന്ന് കാന്തിയേന്തുന്ന ഒരു ഖണ്ഡം അടർത്തിക്കൊണ്ടുവന്നതാണോ എന്നു തോന്നും. ആ നദിയിൽ മദംപൂണ്ട സാരസപക്ഷികൾ ഭീഷ്മമായി കൂകുന്നതു കേൾക്കാം. പ്രഭാതസമയങ്ങളിൽ വിടർന്ന താമരപ്പൂക്കളുടെ പരിമളം വഹിച്ചുകൊണ്ട് ശിപ്രാനദിയിൽനിന്നു മന്ദമാരുതൻ വീശിക്കൊണ്ടിരിക്കും. പ്രസ്തുത നഗരിയിലെ രമ്യഹർമ്മ്യങ്ങളിലിരുന്ന് അങ്ങയ്ക്ക് മാർഗ്ഗശ്രമം തീർക്കാം. അപ്പോൾ സുന്ദരീജനങ്ങൾ കേശസൌരഭ്യത്തിന്നായിപയോഗിക്കുന്ന ധൂമകൾ വാതായനങ്ങളുടെ വഴി അങ്ങയുടെ ശരീരത്തെ വലുതാക്കിത്തീർക്കും; ഗൃഹങ്ങളി

ലുള്ള വളത്തുമങ്കിലുകളും മിത്രസമാഗമത്തിലുള്ള സന്തോഷംകൊണ്ട് നൃത്തംചെയ്യുന്നു. അവിടെ അങ്ങ് ത്രിഭുവനഗുരുവായ പരമശിവന്റെ ക്ഷേത്രത്തിലേയ്ക്ക് പോകുവാൻ അമാന്തിക്കരുതു്. അങ്ങു് ക്ഷേത്രത്തിലേയ്ക്കു ചെല്ലുമ്പോൾ ഭൂതഗണങ്ങൾ തങ്ങളുടെ സ്വാമിയായ ശിവന്റെ കഴുത്തുപോലെ കറുത്ത അങ്ങയെ ആദരവോടുകൂടി നോക്കും. ഭഗവൽ ക്ഷേത്രത്തിലെ ഉദ്യാനത്തിൽ, വലിയ പുഷ്പങ്ങളുടെ പരിമളം വഹിച്ചുകൊണ്ട് ഗന്ധവതീനദിയിൽനിന്നു വരുന്ന കാറ്റുകളും എപ്പോഴും വീശിക്കൊണ്ടിരിക്കും. മഹാകാളക്ഷേത്രം എന്നു പ്രസിദ്ധമായ പ്രസ്തുത ക്ഷേത്രത്തിൽ ചെന്നാൽ സൂര്യാസ്തമയംവരെ അങ്ങു് കാത്തുകൊണ്ടിരിക്കണം. സന്ധ്യാസമയമായാൽ ഇടിനാദങ്ങളും മുഴക്കിക്കൊള്ളുക. എന്നാൽ ആ നാദങ്ങളും പരമശിവനു് സന്ധ്യാപൂജയിലുള്ള പടഹവാദ്യത്തിന്റെ ധ്വനികളുംപോലെയായിരിക്കും. മേഘത്തിന്റെ എഴുന്നള്ളത്തിൽ മന്ദമായ കാൽചെപ്പോടുകൂടിയും, അരഞ്ഞാണുകളുടെ കിലുക്കത്തോടുകൂടിയും രത്നാണ്ഡങ്ങളോടുകൂടിയ മാമരങ്ങളും വീശുന്നവരായ വേശ്യാസ്ത്രീകളും, മാമരപുഷ്പജനത്താൽ കൈകളും തളർന്നുകൊണ്ടിരിക്കുമ്പോൾ അങ്ങു് പൊഴിക്കുന്ന പുതുമഴത്തുള്ളികളേറ്റാൽ അങ്ങയെ സകൌതുകം വീക്ഷിക്കും. സന്ധ്യാസമയത്തെ പൂജകഴിഞ്ഞാൽ ഭഗവാന്റെ നൃത്തം ആരംഭിക്കുകയായി. നൃത്താവസരത്തിൽ അങ്ങയ്ക്കു ഭഗവാനെ കേതിപൂവ്വും സേവിപ്പാൻ സാധിക്കും. സ്വാമിദർശനത്തിനുശേഷം ആ രാത്രി അവിടെ കഴിച്ചുകൂട്ടി സൂര്യോദയമായാൽ പി

ന്നേയും അവിടെനിന്നു ദേവഗിരിയിലേയ്ക്കു യാത്ര തുടരണം.

ദേവഗിരിയെ ലക്ഷ്യമാക്കി പുറപ്പെടുമ്പോൾ നല്ല തണുപ്പുള്ള കാറ്റു് അങ്ങയെ ആനന്ദിപ്പിക്കും. ദേവഗിരിയിൽ ഭഗവാൻ സുബ്രഹ്മണ്യസ്വാമി ഇരുന്നരുളുന്നു. തന്തിരുവടിയെ ആകാശഗംഗയിലെ ജലംകൊണ്ടു് ആർദ്രങ്ങളായ പുഷ്പങ്ങളാൽ ആരാധിക്കണം. അവിടെ സുബ്രഹ്മണ്യനു് ഏറ്റവും പ്രിയപ്പെട്ട ഒരു മയിലുണ്ടു്. അതിനെ ശ്രീപാർവ്വതി പുത്രനിർവ്വിശേഷം സ്നേഹിച്ചുവരുന്നു. ആ മയിലിന്റെ ദേഹത്തിൽനിന്നു കൊഴിഞ്ഞതും നാനാവർണ്ണങ്ങളെക്കൊണ്ടു വിചിത്രവുമായ പീലിയെ ശ്രീപാർവ്വതി എടുത്തു് തന്റെ കണ്ണത്തിൽ അലങ്കരിക്കുന്നു. ശിവന്റെ ശിരശ്ചന്ദ്രികയേറ്റു് ഏറ്റവും വെളുത്ത കടകണ്ണുകളോടുകൂടിയ ആ മയിലിനെ പർവ്വതഗുഹകളിൽ പ്രതിധ്വനിയുളവാക്കുന്ന ഗർജ്ജിതങ്ങളും മുഴക്കി അങ്ങു് നൃത്തംചെയ്യിക്കണം.

ദേവഗിരിയിലെ സുബ്രഹ്മണ്യസ്വാമിയെ ദർശിച്ചതിനുശേഷം ത്യാഗിയായിരുന്ന രന്തിദേവന്റെ കീർത്തിതന്നെ ഉടലെടുത്തതുപോലെ പരിശോഭിക്കുന്ന ചർമ്മണ്വതി എന്ന പുണ്യനദിയിലേയ്ക്കു പോയ്ക്കൊൾക. ആ നദിയിൽനിന്നു വെള്ളമെടുക്കുന്നതിനായി അങ്ങു കീഴ്പോട്ടു കുനിയുമ്പോൾ, ആകാശത്തിൽ സഞ്ചരിക്കുന്ന ദേവന്മാർ, ഭൂരാധികൃത്താൽ വളരെ കൃശമായി തോന്നുന്ന നദീപ്രവാഹം ഭൂമിദേവിയുടെ കണ്ണത്തിൽ ചാർത്തിയ

മുത്തുമാലയാണെന്നു തോന്നും. അതിന്റെ മദ്ധ്യത്തിൽ ചെന്നെത്തിയ അങ്ങ് ആ മാലയിലെ നായകമണിയാണെന്നും വിചാരിച്ചുപോകും. "ചമ്പണപതിനദി കടന്നതിനുശേഷം ദശപുരത്തിലേയ്ക്കാണ് പോകേണ്ടതു്. ദശപുരത്തിലെ ദർശനീയമാരായ മഹിളമാർ അങ്ങയെ കൌതുകത്തോടുകൂടി നോക്കും.

'അതിനുശേഷം ബ്രഹ്മാവർത്തമെന്ന പ്രദേശത്തിനു മുകളിലൂടെ കുരുക്ഷേത്രത്തിലേയ്ക്കു യാത്രചെയ്യണം. അവിടെവച്ചാണ് കൌരവന്മാരും പാണ്ഡവന്മാരും തമ്മിൽ അതിഘോരമായ യുദ്ധംനടന്നതു്. മേ മേഘമേ, അങ്ങ് താമരപ്പൂക്കളിൽ ജലധാരകളെ വർഷിക്കുന്നതുപോലെ കുരുക്ഷേത്രത്തിലെ യുദ്ധത്തിൽ അർജ്ജുനൻ ക്ഷത്രിയവീരന്മാരുടെ മുഖങ്ങളിൽ ശരവർഷം പൊഴിച്ചു. കുരുപാണ്ഡവസമരം നടക്കുന്ന കാലത്തു് ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനായ ബലഭദ്രൻ ബന്ധുക്കൾ തമ്മിലുള്ള ആ യുദ്ധം കാണുവാൻ വയ്യെന്നു വിചാരിച്ചു് തീർത്ഥയാത്ര ചെയ്തു. അദ്ദേഹം താപസവൃത്തിയെ അവലംബിച്ചു്, തനിക്കേറ്റവും പ്രിയപ്പെട്ട മദ്യം ഉപേക്ഷിച്ചു് സരസ്വതീനദിയുടെ തീരത്തിൽ ആ നദിയിലെ ജലം സേവിച്ചുംകൊണ്ടു് തപസ്സു ചെയ്തുണ്ടായി. അപ്രകാരമുള്ള പരമപാവനയായ സരസ്വതീനദിയെ അങ്ങു് സേവിക്കണം. എന്നാൽ കറുത്ത ശരീരത്തോടുകൂടിയ അങ്ങയുടെ അന്തഃകരണം പരിശുദ്ധമായി ഭവിക്കും.

അവിടെനിന്നു് കനഖലം എന്ന സ്ഥലത്തുടെ ഗംഗയിലേക്കു പോവുക. സഗരപുത്രന്മാർക്കു് സദ്ഗതിവരു

ത്തിക്കൊട്ടത്ത ഗംഗ ആ പ്രദേശത്താണു് ഹിമവാങ്കൽ നിന്നു് അവതരിച്ചിരിക്കുന്നതു്. അപ്രകാരമുള്ള ഭാഗീരഥി, ശ്രീ പാവ്വതിയുടെ മുഖത്തു് സാപത്ന്യമത്സരത്താൽ സംജാതമായ ഭ്രൂവിക്ഷേപത്തെ പരിഹസിച്ചിട്ടെന്നപോലെ, നരകളെ പ്രകടിപ്പിച്ചംകൊണ്ടു പരമശിവന്റെ ശിരസ്സിൽ സ്ഥാനംപിടിച്ചു. അങ്ങു് ഗംഗയിലെ വെള്ളം കുടിക്കുവാൻവേണ്ടി ആകാശത്തുനിന്നു കീഴ്പോട്ടിറങ്ങുവാൻ ഭാവിക്കുമ്പോൾ അങ്ങയുടെ നിഴൽ വെള്ളത്തിൽ പതിയുകയാൽ, ഗംഗാനദി യമുനയുമായി അവിടെവെച്ചു് കൂടിച്ചേരുന്നുവോ എന്നു തോന്നുമാറു് അധികം അഴകുള്ളതായി ഭവിക്കും. ഗംഗാനദി ഉത്ഭവിക്കുന്ന ഹിമാലയത്തിൽ പെന്നു് മാഗ്ഗശ്രമം തീർക്കുന്നതിന്നുവേണ്ടി അതിന്റെ ഒരു ശിഖരത്തിൽ അങ്ങകന്നിരിക്കാം. അപ്രകാരം ഇരുന്നാൽ, പരമശിവന്റെ വാഹനമായ വെള്ളക്കാള കൊമ്പുകൊണ്ടു് കുത്തുകയാൽ പുറപ്പെട്ട മഴിയോടു് സാദൃശ്യപ്പെട്ടുത്താവുന്ന ഒരു ശോഭാതിശയം അങ്ങുണ്ടാകും. ഹിമവാന്റെ ശിഖരങ്ങളിൽ ചരളമരങ്ങൾ ധാരാളമുണ്ടു്. അവ തമ്മിൽ കൂട്ടിമുട്ടുമ്പോൾ ഘോരമായ കാട്ടുതീയു് ഉണ്ടാകാവുന്നതാണു്. ആ കാട്ടുതീയു് തിപ്പൊരികൾ പുറപ്പെടുവിച്ചു് ചമരിമൃഗങ്ങളുടെ വാലിന്മേലെ രോമസമൂഹങ്ങളെ ജ്വലിപ്പിച്ചേക്കും. അപ്രകാരം ഒരു കാട്ടുതീ ഉത്ഭവിക്കുന്നതായാൽ അങ്ങു് ധാരാളം ജലധാരകളെ വർഷിച്ചു് അതിനെ കെടുത്തിക്കളയേണ്ടതാണു്. ഉത്തമന്മാർക്കുള്ള സമ്പത്തുകളുടെ പ്രയോജനം സാധുക്കളുടെ സങ്കടം തീർക്കുകയാണല്ലൊ. ഹിമവാന്റെ മു

കളിലെ ഒരു കല്ലിന്മേൽ അമ്പിളിക്കീറണിയുന്ന പരമ ശിവന്റെ തൃക്കാലടിപ്പാടു് സ്പഷ്ടമായി പതിഞ്ഞുകാ ണാം. ആ സ്ഥാനത്തു് സിദ്ധന്മാർ പതിവായി ബലി തൂകാറുണ്ടു്". ഈ ശിവപാദന്യാസം ദർശിച്ചവരുടെ സകല പാപങ്ങളും ശമിക്കുകയും, അവർ മരണാനന്തരം ശിവ ഗണങ്ങളുടെ കൂട്ടത്തിൽ ശാശ്വതമായ സ്ഥാനത്തെ പ്രാ പിക്കുകയും ചെയ്യും. ആ കാലടിപ്പാടിനെ അങ്ങു് ഭക്തി യോടുകൂടി പ്രദക്ഷിണം ചെയ്യണം. ഹിമവാന്റെ മുക ളിൽ തുമ്പി തുള്ളുന്നില്ലെന്നു മുള്ളകം ഉള്ളിൽ കാരുകടന്നു് മധുരശബ്ദങ്ങൾ പുറപ്പെടുവിക്കും; കിന്നരസ്ത്രീകൾ അവിടെ കൂടിച്ചേർന്നു് ഭഗവാന്റെ ത്രിപുരവിജയത്തെ ഭംഗിയായി ഗാനം ചെയ്യുകയും ചെയ്യും. അപ്പോൾ അ ങ്ങയുടെ ഇടിനാദം മൃദംഗനാദംപോലെ ഗുഹകളിൽ മുഴ ങ്ങുന്നതായാൽ സംഗീതത്തിന്റെ എല്ലാ എണ്ണങ്ങളും തികയുന്നതായിരിക്കും.

ഹിമാലയത്തിന്റെ മുകളിലുള്ള ഓരോ വിശേഷങ്ങ ളെ കണ്ടതിനു ശേഷം അതിന്റെ സാനുവിനു സമീപ മുള്ള ക്രൌഞ്ചരന്ധ്രം, എന്ന ഉരുവഴിയിൽക്കൂടി അങ്ങു് ഉത്തരദിക്കിലേക്കു പോയാലും. ഈ ക്രൌഞ്ചരന്ധ്രം ഹം സങ്ങൾക്കു് ഗതാഗതം ചെയ്യുന്നതിനുള്ള ചാരവും പര ശുരാമൻ അസ്ത്രം പ്രയോഗിച്ചുണ്ടാക്കിയ പഴുതുമാകുന്നു. ആ ചാരത്തിൽക്കൂടെ വടക്കോട്ടു പോയാൽ പരമശിവൻ ഇരുന്നരുളുന്ന കൈലാസപർവ്വതത്തിന്മേൽ എത്തിച്ചേ രാം. വെള്ളമാമലയായ കൈലാസം ദേവസ്ത്രീകളുടെ ദേഹം പ്രതിബിംബിച്ചു കാണുന്ന ഒരു കണ്ണാടിയാകുന്നു.

അതിന്റെ പൊക്കത്തെയന്ന് ശിഖരങ്ങൾ കണ്ടാൽ മുക്കണ്ണന്റെ പ്രതിദിനമുള്ള ചിരി വളരെക്കാലമായി ഈട്ടംകൂടി വർദ്ധിച്ച വശായതാണാ എന്നു തോന്നും. കൈലാസശൈലം, അപ്പോൾത്തന്നെ മുറിച്ച ആനക്കൊമ്പിന്റെ മുറിപോലെ ധവളവർണ്ണമാകുന്നു; അതിന്റെ തടത്തിൽ അഞ്ജനക്കല്ലിന്റെ കഷ്ണംപോലെ സ്നിഗ്ധമായ നീലവർണ്ണത്തോടുകൂടിയ അങ്ങ് മെന്നു മേന്നാൽ ആ പർവ്വതത്തിനു് അസാധാരണമായ കരു ശോഭാതിശയം ഉള്ളവാകും. അങ്ങവിടെ മെല്ലുന്ന സമയത്തു്, സപ്പ്വലയം ഉപേക്ഷിച്ചു് പരമശിവനാൽ കൈ കൊടുക്കപ്പെട്ടവളായിട്ട് ശ്രീപാർവ്വതി കാൽനടയായി നടക്കുന്നതായി കണ്ടെങ്കിൽ അങ്ങ് മുമ്പിൽ മെന്നു് രത്നമയമായ ക്രീഡാശൈലത്തിലേക്കു് കയറിപ്പോകുവാനുള്ള സോപാനമെന്നപോലെ സപ്രശരീരത്തെ പാകപ്പെടുത്തണം. ആ പർവ്വതത്തിൽ ദേവസേവക്കായി വന്ന ദേവാംഗനമാർ അങ്ങയെ കരു യന്ത്രധാരാഗൃഹമാക്കിത്തീർത്തു് അങ്ങയിൽ നിന്നു പുറപ്പെടുന്ന വെള്ളംകൊണ്ടു് കളിക്കുവാനും മറ്റും തുടങ്ങും. ക്രീഡാലോലകളായ അവരെ കണ്ണുകൊണ്ടുള്ള ഗർജ്ജനങ്ങളെക്കൊണ്ടു് അകറ്റിക്കളയണം. കൈലാസത്തിങ്കലാണു് മാനസസരസ്സു്. ആ സരസ്സിലെ വെള്ളത്തിൽ പൊൻതാമരപ്പൂക്കൾ വിരിഞ്ഞുനില്ക്കുന്നുണ്ടാകും; ഐരാവതമെന്ന നാൽക്കൊമ്പനാന അതിൽ വന്നു ക്രീഡിക്കുന്നുമുണ്ടാകും. സരസ്സിന്റെ തീരത്തിങ്കൽ നിരക്കെ കല്പകവൃക്ഷങ്ങളും ഉണ്ടായിരിക്കും ആ സരസ്സിൽനിന്നു വെള്ളമെടുത്തും കല്പകവൃക്ഷങ്ങളുടെ തളിരു

കളെ മാഞ്ചോടിച്ചും അങ്ങക്ക് അവിടെ ക്രീഡിക്കുവാൻ ധാരാളം വകയുണ്ടായിരിക്കും. മാനസസരസ്സും ഗംഗാനദിയും മറുമുള്ള ശ്രീകൈലാസത്തെ കണ്ടാൽപിന്നെ അളകാപുരിയെ തിരിച്ചറിയുവാൻ അങ്ങക്ക പ്രയാസമുണ്ടാകയില്ല.

ഇങ്ങനെ യക്ഷൻ മേഘത്തോട് അളകാപുരിയിലേക്കുള്ള വഴി വണ്ണിച്ചുപറഞ്ഞതിനുശേഷം ആ പുരിയിലെ മഹിമാതിശയത്തെ വാഴ്ത്തുവാൻ തുടങ്ങി.

"അളകാപുരിയിൽ അത്യുന്നതങ്ങളായ അനേകം പ്രാസാദങ്ങളുണ്ട്. അവയിൽ സുന്ദരാംഗിമാരായ യക്ഷികളും യക്ഷന്മാരുമാണ് വസിക്കുന്നത്. നാനാവണ്ണങ്ങളെക്കൊണ്ട് ചിത്രീതങ്ങളായ ആ പ്രാസാദങ്ങളിൽ സ്നിഗ്ധഗംഭീരമായ മൃദംഗനാദത്തോടുകൂടി മധുരസംഗീതം എപ്പോഴും നടന്നുകൊണ്ടിരിക്കും. ചന്ദ്രകാന്തക്കല്ലുകൊണ്ടു പാവിയ ആ മാളികകളുടെ ചന്ദ്രശാലകളിൽ നക്ഷത്രങ്ങൾ പ്രതിബിംബിക്കുമ്പോൾ വിവിധവണ്ണങ്ങളോടുകൂടിയ പുഷ്പങ്ങൾ രചനാഭംഗിയോടുകൂടി വിന്യസിച്ചിട്ടുള്ള പുഷ്പോപഹാരങ്ങളാണോ എന്നു തോന്നും.

"അളകാപുരിയിൽ ഒഴുകുന്ന ഗംഗാനദിയുടെ ശീകരങ്ങളെ വഹിച്ചുകൊണ്ട് മന്ദമന്ദം വീശുന്ന കാറുകളും, അതിന്റെ തീരങ്ങളിൽ നിരക്കെ നില്ക്കുന്ന കല്പകവൃക്ഷങ്ങളുടെ തണലുകളും ആ സ്ഥലത്തെ സവിശേഷം ആകർഷകമാക്കിത്തീർക്കുന്നുണ്ട്. ആ പുരിയിലെ മാളികകളിൽ രാത്രിസമയങ്ങളിൽ ചന്ദ്രകിരണങ്ങളേല്ക്കുമ്പോൾ

അവയിലെ ചന്ദ്രകാന്തശിലകളിൽനിന്നു് അമൃതതുല്യമായ ജലം കിനിയുന്നുണ്ടായിരിക്കും. എല്ലാ ഗ്രഹങ്ങളുടേയും അകത്തു് എടുത്താലൊടുങ്ങാത്ത നിധികളിരിപ്പുണ്ടു്. അളകാപുരിയുടെ ബഹിർഭാഗത്തു് വൈഭ്രാജം (വൈത്രരഥം) എന്നു പേരുള്ള ഒരു മനോഹരമായ ഉദ്യാനമുണ്ടു്. അതിലിരുന്നുകൊണ്ടു് കിന്നരന്മാർ ധനപതിയായ കുബേരന്റെ അപദാനങ്ങളെ ഉച്ചത്തിൽ ഉദ്ഗാനം ചെയ്യുന്നു. ഈ നഗരിയിൽ പരമശിവൻ പ്രത്യക്ഷമായി എന്നും വസിച്ചരുളുന്നുണ്ടു്. വസ്ത്രാഭരണാദികളിൽ ഏറ്റവും താല്പര്യമുള്ള അതിലെ നിവാസികൾക്കു് ആവശ്യമുള്ള പട്ടാംബരങ്ങളും ആഭരണങ്ങളും മുതലായവയെല്ലാം കല്പകവൃക്ഷങ്ങളിൽനിന്നുതന്നെ ലഭിക്കുന്നു.”

ഇത്രയും പറഞ്ഞു് യക്ഷൻ തന്റെ ഗൃഹത്തെപ്പറ്റി വർണ്ണിക്കുന്നു: “അളകാപുരിയിലെ കുബേരരാജധാനിയുടെ വടക്കുഭാഗത്താണു് എന്റെ ഗൃഹം. ഗൃഹത്തിന്റെ പുരോഭാഗത്തിൽ മഴവില്ലുപോലെ ഭംഗിയുള്ളതും, കമനാകൃതിയോടുകൂടിയതുമായ ഒരു തോരണമുണ്ടു്. അതിന്റെ സമീപത്തിൽ ഒരു കൊമ്മമന്ദാരവൃക്ഷം നില്ക്കുന്നുണ്ടു്. അതിലെ പൂങ്കുലകൾ ആർക്കും കൈകൊണ്ടു് പൊട്ടിക്കുവാൻ എത്തുന്നതാണു്. എന്റെ പ്രിയതമതന്നെയാണു് ആ വൃക്ഷത്തെ വളർത്തിയിട്ടുള്ളതു്.

“ഗൃഹത്തിൽ മരതകക്കല്ലുകളെക്കൊണ്ടു് നിർമ്മിക്കപ്പെട്ട പടവുകളോടുകൂടിയ ഒരു മനോഹരമായ തടാകം കാണാം. അതിൽ വൈഡൂര്യത്തണ്ടുള്ള പൊൻതാമര

പ്പുകൾ വിരിഞ്ഞുനില്ക്കുന്നുണ്ടാകും. അതിലെ വെള്ള ത്തിൽ വാണുകൊണ്ടിരിക്കുന്ന ഹംസങ്ങൾ അടുക്കൽത്ത ന്നെയുള്ള മാനസസരസ്സിലേയ്ക്കു പോകുവാൻ തിടുക്കപ്പെ ടുന്നില്ല.

"തടാകത്തിന്റെ തീരത്തിൽ കമനീയങ്ങളായ ഇ ന്ദ്രനീലക്കല്ലുകൾ പടുത്തു് കൊടുമുടിയുണ്ടാക്കിട്ടുള്ളതും, ചുറ്റും പൊൻവാഴകൾ നട്ടുപിടിപ്പിച്ചിട്ടുള്ളതുമായ ഒരു കളി ക്കുന്നു കാണാം. ഇന്ദ്രനീലനിറത്തോടും മിന്നിത്തിളങ്ങുന്ന മിന്നൽപ്പിണരുകളോടുംകൂടിയ അങ്ങയെ കാണുമ്പോൾ എനിക്കു് ആ കളിക്കുന്നിന്റെ കാമ്മവരുന്നു. ഈ ക്രീ ഡാശൈലത്തിൽ, ചുറ്റും വേലിപോലെ കുരുക്കുത്തിമുല്ല കൾ നട്ടുപിടിപ്പിച്ചിട്ടുള്ള ഒരു മുല്ലത്തറയുണ്ടു്. അതിന്നടു ത്തായി ഇളകിയാടുന്ന ഇളംതളിരുകളോടുകൂടിയ ഒരശോ കവൃക്ഷവും, മനോഹരമായ കരിലഞ്ഞിമരവും കാണാം. ഈ രണ്ടു് വൃക്ഷങ്ങളുടേയും ഇടയിൽ ക്രീഡാമയൂരത്തി ന്നിരിക്കുവാൻ സ്വർണ്ണംകൊണ്ടു പണിമെയ്തു് സ്ഫടികപ്പ ലക പതിച്ചിട്ടുള്ള ഒരു വാസയഷ്ടി കാണാം. അതിന്റെ അടിഭാഗം രത്നങ്ങളെക്കൊണ്ടാണു് പടുത്തുയർത്തിയിട്ട ള്ളതു്. ഈ വാസയഷ്ടിയിൽ, ഇരിക്കുന്ന മയൂരത്തെ സ ന്ധ്യാസമയത്തു് എന്റെ പ്രിയതമ കൈവളകൾ കിലു ങ്ങുന്ന കരതാളങ്ങളെക്കൊണ്ടു് ആടിക്കുക പതിവാണു്. ഇപ്പറഞ്ഞ ലാവണ്യങ്ങളെക്കൊണ്ടും, വിശേഷിച്ചു് ഗൃഹ ഭാരത്തിങ്കൽ എഴുതിവെച്ചിട്ടുള്ള ശംഖം, പദ്മം എന്നീ നിധികളുടെ ചിത്രങ്ങളെ കണ്ടും എന്റെ ഗൃഹത്തെ അ ങ്ങയ്ക്കു തിരിച്ചറിവാൻ കഴിയും. അതികമനീയമായ ആ

ഭവാനം ഇപ്പോൾ എന്റെ വിയോഗം കാരണം നിശ്ചയമായും നിഷ്പ്രഭമായിച്ചമഞ്ഞിരിക്കും; സൂര്യന്റെ അഭാവത്തിൽ താമരപ്പൂവിനും സ്വാഭാവികമായുള്ള കാന്തി ഉണ്ടാകയില്ലല്ലൊ.

"അല്ലയോ, മേഘമേ, ഗൃഹം കണ്ടുകഴിഞ്ഞാൽ ഉടനെ അങ്ങ് മുൻപറഞ്ഞ കളിക്കുന്നിന്മേൽ ഇറങ്ങി അതിന്റെ മനോഹരമായ താഴ്വരയിൽ ഇരുന്നും, മന്ദമായി മിന്നുന്ന മിന്നലാകുന്ന ദൃഷ്ടികൊണ്ട് ഗൃഹത്തിന്റെ ഉൾഭാഗത്തെ സൂക്ഷ്മമായി നിരീക്ഷിക്കുക. അപ്പോൾ അങ്ങയ്ക്ക് അതിസുന്ദരിയായ എന്റെ പ്രിയതമയെ കാണുവാൻ കഴിയും. ഞാൻ എന്റെ ജീവിതത്തെപ്പോലെ സ്നേഹിച്ചുവരുന്ന അവളിപ്പോൾ എന്റെ വിരഹത്താൽ ചക്രവാകപ്പിടപോലെ കാറപ്പെട്ട് പരിതപിക്കുകയായിരിക്കും; ദുഃഖം കാരണം ആരോടും അധികമൊന്നും സംസാരിക്കുകയില്ല. ഉൽക്കണ്ഠാബാഹുല്യങ്ങളായ ഈ ദിവസങ്ങളിൽ, ശിശിരകാലത്തു് താമരപ്പൊയ്കയെന്നപോലെ, അവൾ രൂപാന്തരത്തെ പ്രാപിച്ചിട്ടുണ്ടായിരിക്കും. ഇടവിടാതെ കരയുകയാൽ കണ്ണുകൾ വിങ്ങിയും, പൂട്ടുള്ള നെടുവീർപ്പുകളേറ്റു് അധരത്തിന്റെ നിറം മങ്ങിയും, കറുനിരകൾ തുങ്ങിയുമുള്ള മുഖത്തെ ഉള്ളംകയ്യിൽ വെച്ചുകൊണ്ട് അവൾ വിചാരമഗ്നയായി സ്ഥിതിചെയ്യുകയായിരിക്കും.

"ഹേ മേഘമേ, അങ്ങയെ കാണുന്ന സമയത്തു് അവൾ കുടുംബപൂജയിൽ വ്യാപൃതയായിരിക്കും; അ

ല്ലെങ്കിൽ ഭാവനാദൃഷ്ടിയിൽ പതിഞ്ഞുകാണണം എന്റെ സചിത്രപത്തെ ചിത്രത്തിൽ വരക്കുകയായിരിക്കും; അതുല്ലെങ്കിൽ സമീപത്തിൽ ഉള്ള പൊൻകൂട്ടിൽ സ്ഥിതിചെയ്യുന്ന പൈങ്കിളിയോടു്, "രസികയായ ശാരികേ, സ്മരിക്കുന്നുണ്ടോ നീ ഒത്തുവിനെ?" എന്നു ചോദിക്കുകയായിരിക്കും. അതുമല്ലെങ്കിൽ, മലിനവസനത്താൽ പരിഹിതമായ മടിയിൽ വീണയെടുത്തുവെച്ചു്, എന്നെക്കുറിച്ചു് താൻതന്നെ നിമ്മിച്ച കരുണഗാനം വായിപ്പാൻ ആരംഭിക്കുകയായിരിക്കും. കണ്ണുനീർത്തുള്ളികൾ വീണു നനഞ്ഞ വീണക്കമ്പി പണിപ്പെട്ടു മീട്ടി അതു വായിപ്പാനാരംഭിക്കുമ്പോൾ, താൻതന്നെ ശരിപ്പെടുത്തിയ ഗാനത്തെ അവൾ നിശ്ചയമായും മറന്നുപോയിരിക്കും. അതുമല്ലെങ്കിൽ നിലത്തെ തറമേൽ പുഷ്പങ്ങളെ വിന്യസിച്ചു് ഞാൻ തിരിച്ചുചെല്ലുന്നതിനു് ഇനി എത്രദിവസം ബാക്കിയുണ്ടെന്നു കണക്കാക്കുകയായിരിക്കും.

"പകൽസമയത്തു് പലവകയായുള്ള വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുകയാൽ എന്റെ വിരഹം പ്രിയയെ അധികം പീഡിപ്പിക്കുകയില്ല; രാത്രിയിലാണു് വിരഹദുഃഖം അസഹ്യമായിത്തീരുക. അർദ്ധരാത്രിയിൽ ഉറക്കം വരാതെ അവൾ നിലത്തുകിടന്നു് വിഷമിക്കുമ്പോൾ അങ്ങു് ജനവാതിൽക്കൽ ചെന്നുനിന്നു് എന്റെ സന്ദേശങ്ങളെ പറഞ്ഞു് അവളെ ആശ്വസിപ്പിക്കണം. ആ സമയത്തു് അവൾ നിദ്രാസുഖം ലഭിച്ചു് കിടക്കുകയാണെങ്കിൽ, പ്രിയ മേഘമേ, അങ്ങു് നിശ്ശബ്ദമായി അല്പനേരം ക്ഷമിച്ചിരിക്കണം. ഉറക്കത്തിൽനിന്നുണർന്നാൽ ജനവാ

തിൽക്കൽ സ്ഥിതിചെയ്യുകൊണ്ട് എന്റെ സന്ദേശത്തെ അറിയിക്കണം.

"ഭർത്താവിന്റെ മിത്രവും അദ്ദേഹത്തിന്റെ സന്ദേശത്തോടുകൂടി വരുന്നവനുമാണ് ഭവാനെന്നു പറഞ്ഞാൽ എന്റെ പ്രിയതമ, ഹനുമാനെ സീതയെന്നപോലെ ആദരവോടുകൂടി നോക്കി ബഹുമാനത്തോടുംകൂടി സന്ദേശത്തെ കേൾക്കും. അങ്ങ് അവളോട് ഇങ്ങനെ പറയണം —ഹേ അബലേ, ഭവതിയുടെ സംഗമാരി നാശംകൂടാതെ ഇപ്പോൾ രാമഗിരിയിലെ ആശ്രമത്തിൽ വസിക്കുന്നുണ്ട്. വിയുക്തനായ അദ്ദേഹം ഭവതിയോടു കുശലം ചോദിക്കുന്നു. അദ്ദേഹത്തിന്റെ ശരീരം വിരഹക്ലേശംകൊണ്ട് ഏറ്റവും ശോഷിക്കുകയും ചൂടുപിടിക്കുകയും ചെയ്തിരിക്കുന്നു. കണ്ണീരും നെടുവീർപ്പും അദ്ദേഹത്തെ വിട്ടുപിരിയുന്നില്ല. അദ്ദേഹം അത്യൽക്കണ്ഠിതനായിട്ട് ഞാൻമുഖേന ഭവതിയോടിങ്ങനെ പറയുന്നു. ഭവതിയുടെ അംഗത്തേയും, ദൃഷ്ടിപാതത്തേയും, മുഖകാന്തിയേയും, മുടിക്കെട്ടിനേയും ഓരോ സദൃശവസ്തുക്കളിൽ കാണുമെങ്കിലും പൂർണ്ണമായ സാദൃശ്യം ഒരു വസ്തുവിലും എനിക്കു കാണുവാൻ കഴിയുന്നില്ല. പ്രണയകുപിതയായ ഭവതിയുടെ മിത്രം കാവിമണ്ണ് മുതലായവകൊണ്ട് പാറപ്പുറത്തു് എഴുതിയുണ്ടാക്കി കോപശമനത്തിനുവേണ്ടി കാൽക്കൽ വീണു നമസ്കരിക്കുവാൻ ഭാവിക്കുമ്പോഴേയ്ക്കും ബാഷ്പംകൊണ്ട് ദൃഷ്ടി തടയപ്പെടുന്നു. ഭവതിയെ സ്വപ്നത്തിൽ കാണുമ്പോൾ എനിക്കുണ്ടാവുന്ന പാരവശ്യം കണ്ടിട്ട് വനദേവതമാർകൂടിയും കരഞ്ഞുപോകുന്നു. ദേവ

ഓരോവൃക്ഷങ്ങളുടെ പരിമളമേന്തിക്കൊണ്ട് വടക്കുനിന്നു തെക്കോട്ടു വീശുന്ന കാറ്റുകൊണ്ട് ഭവതിയുടെ അംഗസ്പർശമേറ്റവയായിരിക്കുമെന്നു വിചാരിച്ച് ഞാൻ അവയെ ആലിംഗനം ചെയ്യുന്നു. ഭാവിയെക്കുറിച്ചു പലതും വിചാരിച്ചുകൊണ്ട് ഞാൻ ഒരുവിധം ധൈര്യമവലംബിച്ച് സമാധാനപ്പെടുകയാണിപ്പോൾ. ഹേ കല്യാണി, ഭവതിയും അധികമായി വ്യസനിക്കാതിരിക്കണം. ലോകത്തിൽ ആർക്കാണ് എന്നും സുഖമായിട്ടോ എത്രകാലത്തും ദുഃഖമായിട്ടോ ഉള്ളത്? ജീവികളുടെ അവസ്ഥ വട്ടത്തിൽ ചുറ്റുന്ന ചക്രമെന്നപോലെ താഴ്ന്നും ഉയർന്നുമിരിക്കുന്നതാകുന്നു. വിഷ്ണുഭഗവാൻ അനന്തമെത്തമേൽനിന്നു* ഉണർന്നെഴുന്നേൽക്കുന്ന ദിവസം എനിക്കു കുബേരൻ നല്കിയ ശിക്ഷയുടെ അവധികഴിയും. അതിനിനി നാലുമാസം കഷ്ടി ബാക്കിയുണ്ട്. അത്രയും കാലത്തെ ഭവതി കണ്ണംപിമ്പി കഴിച്ചുകൂട്ടണം. അതിനുശേഷം ഒട്ടും താമസിയാതെ ഞാൻ ഭവതിയുടെ സമീപത്തു് എത്തിച്ചേരുന്നതാണു്. ഞാൻ കുശലിയാണെന്നുള്ള വിവരം അറിഞ്ഞു് ഭവതി എന്റെ പേരിൽ വിശ്വാസത്തോടുകൂടി വർത്തിക്കണം. വേർപിരിഞ്ഞിരിക്കുന്ന സമയത്തു് സ്നേ

---

* വിഷ്ണുഭഗവാൻ അനന്തമെത്തമേൽ ശയിക്കുന്നതു് ആഷാഢമാസത്തിലെ വെളുത്ത ഏകാദശി ദിവസവും അതിൽനിന്നു് ഉണർന്നെഴുന്നേൽക്കുന്നതു് കാർത്തിക മാസത്തിലെ വെളുത്ത ഏകാദശി ദിവസവുമാകുന്നു. കിടക്കുന്ന ഏകാദശിക്കു് ശയനൈകാദശി എന്നും എഴുന്നേൽക്കുന്ന ഏകാദശിക്കു് ഉത്ഥാനൈകാദശി എന്നും പേരാകുന്നു.

ഹം കറഞ്ഞുപോകുമെന്നു് ചിലർ പറയാറുണ്ടു്, എന്നാൽ വേർപാടിൽ സ്നേഹം പെരുകിപ്പെരുകിവരികയാണു് ചെയ്യുന്നതു്.

ഇപ്രകാരം എന്റെ കുശലോദന്തം അറിയിച്ചതിനു ശേഷം തിരിച്ചുവന്നു് അവളുടെ വർത്തമാനം എന്നേയും അറിയിച്ചു് എന്റെ ജീവിതത്തെ നിലനിറുത്തിത്തരുവാൻ, അല്ലയോ മേഘമേ, അങ്ങു സഹായിക്കണം. ഹേ സൌമ്യ, എനിക്കുവേണ്ടി അങ്ങു് ഈ ബന്ധുകൃത്യം ചെയ്കയില്ലേ? ചെയ്യുമെന്നാണു് എന്റെ വിശ്വാസം. അങ്ങയുടെ മറുപടി എനിക്കു കേൾക്കേണമെന്നില്ല. സജ്ജനങ്ങളോടു് ഒരു കാര്യം അപേക്ഷിച്ചാൽ അതുപ്രകാരം പ്രവർത്തിക്കുന്നതുതന്നെയാണു് അവരുടെ മറുപടി. മാതകപ്പക്ഷികൾ ജലം യാചിക്കുമ്പോൾ അങ്ങു് യാതൊരു ശബ്ദവും കൂടാതെ അവർക്കു വെള്ളം കൊടുക്കാറുണ്ടല്ലൊ.

"എന്റെ പേരിൽ സൌഹാർദ്ദം വിചാരിച്ചോ, അല്ലെങ്കിൽ ദയവിചാരിച്ചോ ഈ ബന്ധുകൃത്യം അനുഷ്ഠിച്ചതിനുശേഷം, അല്ലയോ മേഘമേ, അങ്ങു് ഇഷ്ടമുള്ള പ്രദേശത്തേയ്ക്കു് പോയാലും."

മാളവികാ

ലക്ഷ്മീദേവിയുടെ ലീലാരംഗമായ വിദിശാനഗരിയിൽ പണ്ട് അഗ്നിമിത്രൻ എന്ന സുപ്രസിദ്ധനായ മഹാരാജാവു് വാണുകൊണ്ടിരുന്നു. സ്വതേ ബുദ്ധിമാനും, വിദ്യാഭ്യാസംകൊണ്ടു് ഹൃദയസംസ്കാരം സിദ്ധിച്ച വനും, നീതിശാസ്ത്രജ്ഞനുമായ അദ്ദേഹത്തിന്റെ ഭരണംകൊണ്ടു് നാട്ടിൽ ഐശ്വര്യവും സമാധാനവും നടമാടി. അഗ്നിമിത്രൻ അത്യന്തസുന്ദരനും ഉത്തമപുരുഷന്മാക്കുവേണ്ട സകല ലക്ഷണങ്ങളും തികഞ്ഞവനുമായിരുന്നു. നൃത്തഗീതാദികളായ കലാവിദ്യകളിൽ അതിയായ വാസന അദ്ദേഹത്തിനു സ്വതസ്സിദ്ധമായിരുന്നു. ആ വാസനയെ അഭ്യാസംകൊണ്ടു വികസിപ്പിക്കുകയും, പ്രയോഗപടവിയിൽ വരുത്തുകയും ചെയ്യുന്നതിൽ ആ കലാരസികൻ വളരെ ശ്രദ്ധിച്ചു. സംഗീതവും വാദ്യവും ഇടകലർന്നുള്ള നൃത്തപ്രയോഗം അഗ്നിമിത്രന്റെ രാജധാനിയിൽ നടക്കാത്ത ദിവസമില്ല. നാടകല അഭ്യസിപ്പിക്കുന്നതിനു നിപുണന്മാരായ നാടകാചാര്യന്മാരെ രാജധാനിയിൽ ചിലവും ശമ്പളവും കൊടുത്തു് നിയമിച്ചിരുന്നു. ചുരുക്കത്തിൽ പറയുന്നതായാൽ അഗ്നിമിത്രന്റെ രാജധാനിയെ ഒരു സരസ്വതീമഠമെന്നുതന്നെ പറയാം.

അഗ്നിമിത്രന്റെ പട്ടമഹിഷി പതിവ്രതാരത്നവും, സ്വാഭാവികമായും അഭ്യാസലബ്ധമായുമുള്ള വിനയത്താൽ അലംകൃതയുമായ ധാരിണീദേവിയായിരുന്നു. ആ മഹതി ഭർത്താവിനെ അതിപ്രേമത്തോടും ഭക്തിയോടുംകൂടി ഉപചരിച്ചുവന്നു. ഭർത്താവിന്റെ ഏതാജ്ഞയേയും ധാരിണീദേവി യാതൊരു മോടിയുംകൂടാതെ അനുസരിച്ചു നടന്നിരുന്നു. ഗുരുജനങ്ങളെ ശുശ്രൂഷിക്കുന്നതിലും സപത്നീജനങ്ങളോട് പ്രിയ സഖിമാരോടെന്നപോലെ പെരുമാറുന്നതിലും പരിജനങ്ങളോട് ദാക്ഷിണ്യം കാണിക്കുന്നതിലും ധാരിണി സ്ത്രീകൾക്ക് ഒരു മാതൃകയായിരുന്നു. താൻ പഠിച്ചിട്ടുള്ള വിദ്യ മറവുള്ളവർക്ക് ഉപദേശിക്കുന്നതിൽ ധാരിണി ജാഗ്രുകയായിരുന്നു. സ്വജനങ്ങളേയും ബന്ധുജനങ്ങളേയും സല്ക്കരിക്കുന്നതിൽ അവൾക്കൊരിക്കലും തെറ്റുപറ്റിയിരുന്നില്ല. കലാനിപുണന്മാരായ വിദ്വാന്മാരുടെ പേരിൽ രാജമഹിഷിക്കുള്ള ആദരാതിശയം സവിശേഷം പ്രസ്താവയോഗ്യമാകുന്നു. തനിക്കെല്ലാംകൊണ്ടും അനുരൂപയും ഗുണവതിയുമായ ധാരിണിയെ ഭാര്യയായി കിട്ടിയതിൽ അഗ്നിമിത്രൻ സന്തോഷിക്കുക മാത്രമല്ല, അഭിമാനിക്കുകകൂടി ചെയ്തിരുന്നു.

അഗ്നിമിത്രനും, ധാരിണീദേവിയും കുറെക്കാലം ഇങ്ങിനെ സുഖമായി വസിച്ചു. ഒരു ദിവസം അഗ്നിമിത്രൻ വിനോദത്തിനുവേണ്ടി ചിത്രശാലയിൽ പോകയുണ്ടായി. അവിടെ അനേകം ചിത്രങ്ങൾ ഭിത്തിയിൽ തൂക്കിയിട്ടിരുന്നതു് അദ്ദേഹം പരിശോധിച്ചു. ഓരോന്നോരോന്നായി നോക്കിവരുന്നതിനിടയിൽ ഏറ്റവും ലാവണ്യമുള്ള ഒരു ചിത്രം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ

പെട്ടു. അതുകണ്ടു് അദ്ദേഹം കുറച്ചുനേരം സ്തബ്ധനായി നിന്നുപോയി. ചിത്രത്തെ നിന്നിമേഷം നോക്കിക്കൊണ്ടിരുന്ന അദ്ദേഹത്തിനു അതിൽനിന്നു കണ്ണെടുക്കുവാൻ പ്രയാസമായി തോന്നി. അത്ഭുതപരതന്ത്രനായ രാജാവു് അടുക്കൽ നിന്നിരുന്ന ഒരു പെൺകുട്ടിയോടു ചോദിച്ചു, ആരുടെ ചിത്രമാണു് അതെന്നു്. "മാളവികയുടെ" എന്നാണതിനു മറുപടി കിട്ടിയതു്. "മാളവിക, മാളവിക" എന്നു മനസ്സിൽ വിചാരിച്ചുകൊണ്ടു് വീണ്ടും രാജാവു് ചിത്രത്തെ കൗത്സുക്യത്തോടുകൂടി നോക്കി. ഈ സംഭവം മഹാറാണിയായ ധാരിണിക്കു് അറിവാനിടയായി. കലാംഗനമാരിൽവെച്ചു് അത്യുത്തമയായ ധാരിണി, രാജാവിന്നു് അനഹ്മായ ഒരുവളുടെ ചിത്രം കണ്ടിട്ടു് കൗത്സുക്യം തോന്നിയതു് ധർമ്മവിരുദ്ധമായിപ്പോയെന്നു് കരുതി വളരെ വ്യസനിച്ചു. മാളവികയുടെ സചിത്രപം ഇനി ഒരിക്കലും രാജാവിന്റെ ദൃഷ്ടിയിൽ പെടാതെ കഴിപ്പാനുള്ള സൂത്രങ്ങൾ രാജ്ഞി പ്രയോഗിക്കുവാൻ തുടങ്ങി. മാളവികയുടെ ചിത്രം കന്നാമത്തു കണ്ടതു മുതൽക്കു് ആ ചിത്രത്തിൽ എഴുതപ്പെട്ട സുന്ദരാംഗിയെ കാണേണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായി. എന്നാൽ മാളവികയുടെ സചിത്രപം മാത്രമല്ല അവളുടെ ചിത്രപടംപോലും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെടാതിരിക്കത്തക്കവിധം അതിസാമർത്ഥ്യത്തോടുകൂടി കൗശലത്തോടുകൂടി മാമൂലെയ്ക്കപ്പെട്ടു.

മാളവികയുടെ സഹോദരനായ വീരസേനൻ, തന്റെ സഹോദരിയെ ചിത്രമെഴുത്തു്, സംഗീതം, ഭര

തനാട്യം എന്ന മൂന്നു വിദ്യകളും വേണ്ടതുപോലെ പഠിപ്പിക്കുവാൻ നൈപുണ്യമുള്ള ഒരാളെ പല സ്ഥലങ്ങളിലും അന്വേഷിച്ചു. കടവിൽ ധാരിണീദേവിയുടെ കലാവൈദഗ്ധ്യത്തേയും ഗുണഗണങ്ങളേയും കേട്ടു് മാളവികയെ മഹതിയായ ആ രാജ്ഞിയുടെ അടുക്കൽ കൊണ്ടുവന്നു് പഠിപ്പിക്കുവാൻ ഏല്പിച്ചു. ആ പെൺകുട്ടിയുടെ ആകൃതിവിശേഷവും, ആഗമനപ്രകാരവും ആലോചിച്ചപ്പോൾ മനസ്സിൽ പല ആശങ്കകളും തോന്നിയെങ്കിലും, അതൊന്നും സാരമാക്കാതെ, വിദ്യാദാനം ചെയ്യേണ്ടതു് വൈദഗ്ധ്യം സിദ്ധിച്ചവരുടെ ധർമ്മമാണെന്നു വിശ്വസിച്ചു് രാജ്ഞി മാളവികയെ തന്റെ ശിഷ്യയായി സ്വീകരിച്ചു. അവൾ എപ്പോൾ ശിഷ്യയായിത്തീർന്നുവോ അപ്പോൾ മുതൽക്കു് ദേവി അവളെക്കുറിച്ചു് വളരെ സ്നേഹവും വിശ്വാസവും പ്രദർശിപ്പിക്കുകയും, ചിത്രമെഴുത്തും, സംഗീതവും നല്ലവണ്ണം പഠിപ്പിച്ചു് ആ വിഷയങ്ങളിൽ അവളെ അതുല്യയാക്കിത്തീർക്കുകയും ചെയ്തു. മാളവികയും ധാരിണീദേവിയെ അത്യന്തം ഭക്തിയോടും, വിശ്വാസത്തോടും കൂടി ബഹുമാനിച്ചും ശുശ്രൂഷിച്ചുംവന്നു.

മാളവികയുടെ ചിത്രലേഖനത്തിലും, സംഗീതത്തിലുമുള്ള സാമർത്ഥ്യം കണ്ടും, അവളുടെ നിഷ്കളങ്കമായ ഗുരുഭക്തിയും, വിശ്വാസവും കാരണ്യവും ധാരിണീദേവി അവളെ നാട്യവിദ്യ പഠിപ്പിക്കുവാൻ ഏർപ്പാടുചെയ്തു. സുപ്രസിദ്ധനാട്യാചാര്യനായ ഗണദാസന്റെ അടുക്കൽ ഭരതനാട്യം പഠിക്കുവാൻ ധാരിണി മാളവികയെ അയച്ചു. ഗണദാസന്റെ ശിഷ്യത്വമെയ്തുമുതൽ മാളവിക ഗുരു

വിന്റെ ഉപദേശങ്ങളെ ശ്രദ്ധയോടുകൂടി ചിന്തിച്ചും, തന്നെപ്പോലെയുള്ളവരോടു് നിത്യസഹവാസം ചെയ്തു് പഠിച്ചതിനെ അനുസന്ധാനംചെയ്തും നാടകവിദ്യയിൽ ശാസ്ത്രീയമായും, പ്രായോഗികമായുമുള്ള പരിജ്ഞാനം നേടി. ശിഷ്യജനങ്ങളിൽ ഗുരുഭക്തിയും വിദ്യോത്സുക്യമുള്ള വരാണെന്നു കണ്ടാൽ ഗുരുനാഥന്മാർക്കു് പ്രീതി വർദ്ധിക്കുകയും, പഠിപ്പിക്കുന്നതിനുള്ള ഉത്സാഹം അധികമാകയും ചെയ്യുമല്ലൊ. ഗണദാസനും മാളവികയുടെ ഗുണാതിശയംകണ്ടു് ആശ്ചര്യം തോന്നി. അതിനാൽ അദ്ദേഹം താൻ പഠിച്ച വിദ്യകളെല്ലാം നിഷ്കപടമായി പഠിപ്പിച്ചു് അവളെ അനുഗ്രഹിച്ചു. താൻ പഠിച്ചുറഞ്ഞ വിഷയങ്ങളിൽ തള്ളേണ്ടതു തള്ളിയും, കൊള്ളേണ്ടതു കൊണ്ടും നാടകശാസ്ത്രത്തിന്റെ യഥാർത്ഥ തത്വം മാളവിക ഹൃദിസ്ഥമാക്കി. നാടകവിദ്യയിൽ അക്കാലത്തു് മാളവികയോടു് കിടനില്പുതക്കവരായി ആരുമുണ്ടായിരുന്നില്ല. എന്നാൽ അതുകൊണ്ടു് അവളുടെ മനസ്സിൽ തെല്ലുപോലും അഹങ്കാരം തോന്നിയില്ല. തന്നെക്കാൾ മേലെയായി പല വിദ്വാന്മാരും, വിദുഷികളും ഉണ്ടെന്നു കരുതി അവർ വളരെ വിനയം പ്രദർശിപ്പിച്ചുവന്നു. ഉപാദ്ധ്യായന്റെ ഗൃഹത്തിലേയ്ക്കു് അവർ തനിച്ചാണു് പോവുകപതിവു്. പോയാൽ ചില സമയങ്ങളിൽ അവിടെ നടക്കുന്ന വിനോദങ്ങളെ ആനന്ദത്തോടെ നോക്കിക്കൊണ്ടിരിക്കും. സ്വയമായി ചിത്രങ്ങൾ വരക്കുന്നതിനുവേണ്ടിയാണു് ഇങ്ങനെ ചെയ്യാറുള്ളതു്. ഗുരുഗൃഹത്തിൽ നിന്നു മടങ്ങിവന്നാൽ താൻ നോക്കിക്കണ്ട വിഷയങ്ങൾ

മറ്റുള്ളവക്ക് കാണത്തക്കവിധം ചിത്രങ്ങളിൽ എഴുതി വെയ്ക്കുകയും ചെയ്യും. ഇങ്ങനെ എഴുതിയുണ്ടാക്കിയ അനേക ചിത്രങ്ങൾ മാളവികയുടെ കയ്യിലുണ്ടായിരുന്നു. ധാരിണീദേവി മാളവികയുടെ അഭ്യാസസാമർത്ഥ്യം അറിഞ്ഞതിനുവേണ്ടി തന്റെ ഇഷ്ടത്തോഴിയായ ബകുളാവലികയെ ഗണദാസന്റെ അടുക്കലേയ്ക്കയച്ചു. ദേവി തന്റെ സഹജീവിനികളായ സ്ത്രീകൾക്ക് തന്നാൽ കഴിയുന്ന ഉപകാരം ചെയ്യാൻ സദാ ജാഗ്രൂകയായിരുന്നു. "അന്യരെ സഹായിക്കുന്നവരെ ദൈവം സഹായിക്കും" എന്നു് അവൾ ഹൃദയപൂർവ്വം വിശ്വസിച്ചിരുന്നു. കാലദേശഭേദം കൂടാതെ എല്ലാ സ്ത്രീകൾക്കും തന്നെക്കൊണ്ടു കഴിയുന്ന സഹായം ചെയ്യുന്നതിനു് ആ മഹതി എപ്പോഴും സന്നദ്ധയായിരുന്നു. നാട്ടിലുള്ള സ്ത്രീകളെ സംഗീതാദികലകളിൽ നൈപുണ്യമുള്ളവരാക്കിത്തീർക്കണമെന്ന പരിശ്രദ്ധോദ്ദേശത്തോടുകൂടി പല സ്ഥലങ്ങളിൽനിന്നും സംഗീതവിദ്വാന്മാരെ വരുത്തി അവരുടെ സംഗീതമാധുര്യത്തെ പ്രകടിപ്പിക്കുന്നതിനു് ദേവി കൗതുകത്തെ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. ഏതു വിദ്യയായാലും അതു് എത്രത്തോളം നന്നായ്വരാമോ അത്രത്തോളം നന്നാക്കിത്തീർക്കാമെന്നു് ദേവിക്കഭിപ്രായമുണ്ടായിരുന്നു. അക്കാലത്തു് ഭരതന്റെ നാട്യകലയെപ്പറ്റി ആർക്കും ബഹുമാനമുണ്ടായിരുന്നില്ല. ആ കലയെ പരിഷ്കരിച്ചു് നല്ലനിലയിൽ കൊണ്ടുവരേണമെന്നു" ധാരിണീദേവിക്കു് അത്യാഗ്രഹമുണ്ടായിരുന്നു.

ധാരിണീദേവിയാൽ നിയുക്തയായ ബകുളാവലിക സംഗീതശാലയിൽ കടന്നുചെന്നപ്പോൾ ഗണദാസനും മാളവികയും മാളവികയോടൊപ്പം പാഠിക്കുന്ന മറ്റു പെൺകുട്ടികളുംകൂടി വിനോദസംഭാഷണത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ഗണദാസനെ കണ്ട ഉടനെ ബകുളാവലിക യഥോചിതം വന്ദിച്ചു, മാളവികയുടെ അഭ്യാസസാമർത്ഥ്യം എങ്ങിനെയിരിക്കുന്നുവെന്നു് മോദിച്ചറിയുന്നതിനുവേണ്ടി മഹാറാണി പറഞ്ഞയച്ച പ്രകാരമാണു് താൻ വന്നതെന്നു് അറിയിച്ചു. അപ്പോൾ ഗണദാസൻ ചിരിച്ചുംകൊണ്ടു പറഞ്ഞു: — "മാളവികയുടെ ബുദ്ധിസാമർത്ഥ്യം പ്രശംസനീയമാകുന്നു. എന്റെ അടുക്കൽ അഭ്യസിച്ചു നൈപുണ്യം നേടിയവർ പലരുമുണ്ടു്; ഇപ്പോഴും പലർ അഭ്യസിക്കുന്നതുമുണ്ടു്. എന്നാൽ മാളവികയെ ശിഷ്യയായി ലഭിച്ചതു് ഒരു ഭാഗ്യമായിട്ടാണു് ഞാൻ വിചാരിക്കുന്നതു്. മാളവിക സരസ്വതീദേവിയുടെ അവതാരംതന്നെയാണെന്നു പറയാം. ഞാൻ കാണിച്ചുകൊടുക്കുന്ന ഭാവങ്ങളെ ഞാനുദ്ദേശിച്ചതിലധികം ഭംഗിയായി അവൾ പ്രദർശിപ്പിക്കും. മുത്തുചിപ്പിയിൽവീണ വെള്ളത്തുള്ളി മുത്തുമണിയായി പരിണമിക്കുന്നതുപോലെ എന്റെ അടുക്കൽ അഭ്യസിച്ചപ്പോഴുള്ള മാളവിക നാട്യവിദ്യയിൽ എന്നേക്കാൾ കൂടുതൽ ശോഭിക്കുന്നുണ്ടു്." മാളവികയെക്കുറിച്ചു് ഗണദാസനുള്ള ഉയർന്ന അഭിപ്രായം മനസ്സിലായപ്പോൾ ധാരിണീദേവിക്കുണ്ടായ സന്തോഷം അവാച്യമായിരുന്നു.

മാളവിക ധാരിണീദേവിയുടെ അടുക്കൽ വരുന്നതിനുമുമ്പ് ഒരു സംഭവമുണ്ടായി. തന്റെ സഹോദരിയെ അഗ്നിമിത്രനു വിവാഹം കഴിച്ചുകൊടുക്കണമെന്നുള്ള അത്യാഗ്രഹത്തോടുകൂടി മാധവസേനൻ എന്ന സാമന്തരാജാവു് വിദിശാപുരിയിലേക്കു് വരികയായിരുന്നു. വന്നവഴിക്കു് അഗ്നിമിത്രന്റെ വലിയച്ഛന്റെ പുത്രനും, വിദർഭരാജാവുമായ യജ്ഞസേനൻ മാധവസേനനെ പിടിച്ചു തടവിലാക്കി. ഈ വർത്തമാനം അറിഞ്ഞു് അഗ്നിമിത്രൻ യജ്ഞസേനനു് കരെഴുത്തെഴുതി അയച്ചു. ധർമ്മാധർമ്മങ്ങളെ പരിഗണിക്കാതെ ഇങ്ങനെ അനീതി പ്രവർത്തിച്ചതു ശരിയായില്ലെന്നും, മാധവസേനനെ കട്ടം താമസിക്കാതെ വിട്ടയക്കേണമെന്നും, അതു ചെയ്യാത്തപക്ഷം ഘോരമായ അനിഷ്ടസംഭവങ്ങൾക്കിടവരുമെന്നുമാണു് എഴുത്തിൽ കാണിച്ചിരുന്നതു്. ഈ എഴുത്തിനു് യജ്ഞസേനന്റെ മറുപടി ഇപ്രകാരമായിരുന്നു:—

"രാജാവേ, അങ്ങു് എന്റെ പേരിൽ ആരോപിക്കുന്ന ദോഷം അസ്ഥാനത്താകുന്നു. സ്നേഹം സ്നേഹത്തെ ജനിപ്പിക്കും; ദ്രോഹം ദ്രോഹത്തേയുമുണ്ടാക്കും. അങ്ങു് സ്വന്തം പ്രജകളുടെ പേരിൽ സ്നേഹവിശ്വാസങ്ങളോടുകൂടി വർത്തിക്കുക. അങ്ങു് എന്റെ മാത്രം വിരോധിയല്ല. ഒരു രാജാവു" തന്റെ നാട്ടിലുള്ള എല്ലാ ജനങ്ങളുടേയും മിത്രമായി വർത്തിക്കേണ്ടതാണു്. ശരിയായി ഒരാത്മപരിശോധന ചെയ്യുന്നോക്കു. അപ്പോൾ, മാത്രമേ മറ്റുള്ളവരുടെ കുറ്റം പറയുന്നതു് ശരിയോ തെറ്റോ എന്നു് മനസ്സിലാകയുള്ളു. അങ്ങയെക്കുറിച്ചു് എല്ലാവരും

സ്നേഹാദരങ്ങളോടുകൂടി പെരുമാറണമെങ്കിൽ അങ്ങു് അവരെക്കാളും അങ്ങനെതന്നെ പെരുമാറണം. മാധവസേനൻ തന്നോടൊരുമിച്ചുകൊണ്ടുവന്നിരുന്ന സഹോദരിയെ കാണാനില്ലാതായിരിക്കുന്നു. ഞാൻ അവളെ അന്വേഷിച്ചുകൊണ്ടിരിക്കയാണു്. അങ്ങു് എന്റെ സ്യാലനെ ബന്ധനത്തിൽ വെച്ചിരിക്കയാണല്ലൊ. ആയാളെ തടവിൽനിന്നു വിട്ടാൽ മാധവസേനനോടും മോചിപ്പിച്ചുകൊള്ളാം.”

ഈ എഴുത്തു് അഗ്നിമിത്രനെ ഏറ്റവും കോപിപ്പിച്ചു. അഗ്നിമിത്രന്റെ മനസ്സിൽ ക്രോധമാകുന്ന അഗ്നി ആളിക്കത്തി. ക്രോധാന്ധനായ അദ്ദേഹം ഇങ്ങനെ ഗർജ്ജിച്ചു. “അറിവില്ലാത്തവർ മാത്രമേ എന്നിക്കെതിരായി നില്ക്കുകയുള്ളു. അങ്ങനെയുള്ളവർ സ്വന്തം ദേഹശക്തിയും ബന്ധുബലവും സൈന്യശക്തിയും ആലോചിക്കുകയില്ല. എനിക്കു വിരോധം പ്രവർത്തിച്ചവരിൽ കരുവൻപോലും നല്ല നിലയിലിരുന്നിട്ടില്ല. ലോകസ്വഭാവം ഇന്നതെന്നറിയാത്ത ഇവനാണോ എന്റെ പേരിൽ കുറ്റം പറയുവാൻ പുറപ്പെട്ടതു്? കൊള്ളാം; ഞാൻ ക്ഷണനേരത്തിനുള്ളിൽ അവനെ രാജ്യാധികാരത്തിൽ നിന്നു് ബഹിഷ്കരിക്കുന്നതാണു്. സേനാപതീ, നമ്മുടെ സൈന്യങ്ങൾ വിദർഭരാജ്യത്തെ ലക്ഷ്യമാക്കി പുറപ്പെടട്ടെ”

അധികാരപദവിയിൽ എത്തിയിട്ടു് അധികം കാലമാകാത്തവനും പ്രജകളുടെ സ്നേഹവിശ്വാസങ്ങളെ സ

ന്വാദിച്ചിട്ടില്ലാത്തവനുമായ യജ്ഞസേനനെ ജയിപ്പാൻ വളരെ സൈന്യങ്ങളെ അയക്കുന്നതു് അനാവശ്യമാണെന്നും സേനാപതിമാരിൽ ആരെയെങ്കിലും അയച്ചാൽത്തന്നെ അദ്ദേഹത്തിന്റെ അഹങ്കാരം പോക്കുവാൻ കഴിയുമെന്നും ആപ്തന്മാരായ ചിലർ അഗ്നിമിത്രനെ ഉപദേശിച്ചു. വർഷക്കാലം ആരംഭിച്ചതുകൊണ്ടു് സൈന്യങ്ങളെ അന്യരാജ്യത്തേക്കയക്കുവാൻ സൌകര്യമില്ലെന്നും തോന്നി. അതിനാൽ അഗ്നിമിത്രൻ യജ്ഞസേനനെ ജയിക്കുന്നതിനു് സേനാപതിയെ നിയോഗിച്ചയക്കുകയാണു് ചെയ്തതു്.

അഗ്നിമിത്രനു് മാളവികയെ കാണേണമെന്നുള്ള ആഗ്രഹം ക്രമത്തിൽ ക്രമത്തിൽ വർദ്ധിച്ചുവന്നു. മാളവികയെക്കുറിച്ചുള്ള വിചാരമേ അദ്ദേഹത്തിന്നപ്പോഴുമുള്ളൂ എന്നായി. പക്ഷേ, അദ്ദേഹം പല്ലു ശ്രമിച്ചിട്ടും ആ ആഗ്രഹം നിറവേറുവാൻ ശക്തനായില്ല. രാജാവിന്റെ ഹൃദയം നല്ലപോലെ അറിഞ്ഞവനായ വിദൂഷകൻ അദ്ദേഹത്തിന്റെ മനോരഥം സാധിപ്പിക്കുന്നതിനു ഒരു തന്ത്രംപ്രയോഗിപ്പാനാരംഭിച്ചു. അതിനുവേണ്ടി ആയാൾ പല സൂത്രങ്ങളും കൈവിട്ടുകളഞ്ഞു. രാജധാനിയിൽ ഗണദാസനെപ്പോലെ ഹരദത്തൻ എന്നു പേരായി വേറെ ഒരു നാട്യാചാര്യൻകൂടി ഉണ്ടായിരുന്നു. ഗണദാസനും ഹരദത്തനും തമ്മിൽ വിദൂഷകൻ സ്പർദ്ധ ജനിപ്പിക്കുകയും, അവരെ പരസ്പരം വിരോധികളാക്കിത്തീർക്കുകയുംചെയ്തു. ഈ രണ്ടു നാട്യാചാര്യന്മാരും അന്യോന്യം സ്നേഹത്തോടുകൂടിയാണു് മുമ്പു വർത്തിച്ചിരുന്നതെങ്കിലും വിദൂഷകൻ പ്ര

യോഗിച്ച 'മിത്രഭേദ'ത്തിന്റെ ശക്തിയിൽ അവർ ബ ദ്ധവിരോധികളായിത്തീർന്നു. "ഞാൻ മേലെ, അവനെ ക്കണക്കാക്കാം താഴെ" എന്നു് അവരിരുവരും വീരവാദം പ റയുവാൻ തുടങ്ങി. വീരവാദത്തിനിടയിൽ എതിരാളി യെ നല്ല കണക്കിനു ശകാരിക്കുകയും, പരിഹസിക്കുകയും ചെയ്യാൻ രണ്ടുപേരും മടിച്ചില്ല. ഇങ്ങനെയിരിക്കെ ഒരു ദിവസം ഈ രണ്ടു നാട്യാചാര്യന്മാരും രാജാവിന്റെ കൊ ട്ടാരത്തിൽവെച്ചു തമ്മിൽ കണ്ടുമുട്ടുവാനിടയായി. തദവസ രത്തിൽ ഹരദത്തൻ ഗണദാസനോടു പറഞ്ഞു:—നിന്റെ പ്രതാപമൊക്കെ ഞാനറിഞ്ഞിട്ടുണ്ടു്; മറ്റുള്ളവർ അറി ഞ്ഞിരിക്കയില്ല. കൂത്ത നഖങ്ങളും ചാഞ്ഞതലയ്ക്കാത്തപ ല്ലുകളുമില്ലാത്ത ഒരു സിംഹത്തിനു വിരോധികളോടു് എ ന്തുചെയ്യാൻ കഴിയും?" ഇതുകേട്ടു ഗണദാസൻ പറഞ്ഞു: "പക്ഷേ, സിംഹത്തിനു മൃഗേന്ദ്രൻ എന്നുള്ള പേരു് ഇല്ലാതാകുമോ? അഹമ്മതിയുണ്ടാകുന്നതു് മനുഷ്യസ്വഭാ വമാണു്. ഞാൻ അഭിനയത്തിൽ അനുഭവപൂർണ്ണമായ ജ്ഞാനമുള്ളവനാകുന്നു. അങ്ങനെങ്കിൽ ഇപ്പോഴും അ ഭിനയത്തിനും ഭാവനക്കും തമ്മിലുള്ള ഭേദം അറിയാത്ത വനുമാണു്. ഈ സ്ഥിതിക്കു് ഞാൻ കേമിക്കാതെ അ ഡിടേയുമിഡിടേയുംചെയ്തു് എന്നെ ദൂഷിക്കുവാൻ കാരണ മെന്തു്?" ഈ മറുപടി കേട്ടിട്ടും ഹരദത്തൻ കഴിച്ചില്ല. അദ്ദേഹം പറഞ്ഞു:—"കാരണമില്ലാതെ കായ്മുണ്ടാക യില്ല. അതിപ്പോൾ അങ്ങയോടു വെളിവായി പറയു വാൻ ഞാൻ ഒരുങ്ങുന്നില്ല." വിദ്വാന്മാരായ രണ്ടു നാ ട്യാചാര്യന്മാരും തമ്മിൽ ശണ്ഠകൂടി ഇങ്ങനെ കൊള്ളിവാ ക്കുകൊണ്ടു പറയുന്നതു കേട്ടു് ആളുകൾ ചിരിച്ചു.

ഹരദത്തനും, ഗണദാസനും തമ്മിലുള്ള തിരക്ക് നാൾതോറും വളർന്നുവന്നു. വിദൂഷകൻ അവരെ അന്യോന്യം ഉരസിച്ചു് ഉള്ളുകൊണ്ടു രസിച്ചു. എന്തിനധികം പറയുന്നു. ഏതൊന്നാമസിക്കാതെ അവരുടെ വഴക്കു് മഹാരാജാവിന്റെ തിരുമുമ്പിലെത്തി. സംഗീതം അഭിനയം തുടങ്ങിയവയിൽ മുൻപന്മാരെന്നു കേൾവിപ്പെട്ട അവർ രണ്ടുപേരും രാജസദസ്സിലേക്കു വരുന്നതുകണ്ടപ്പോൾ, ഇന്നു് എന്തോ കരുവിശേഷമുണ്ടെന്നും കർണ്ണാനന്ദകരമായ സംഗീതം കേട്ടു സന്തോഷിക്കുവാൻ സാധിക്കുമെന്നും ഊഹിച്ചു സഭ്യർ ഇത്സാഹഭരിതരായി. പ്രസന്നഗംഭീരമായ ഭാവത്തോടുകൂടി സിംഹാസനത്തിലിരുന്നരുളുന്ന അഗ്നിമിത്രൻ നാട്യാചാര്യന്മാരുടെ മുഖഭാവം മാറിയിരിക്കുന്നതായിക്കണ്ടു് അല്പം സംഭ്രമിച്ചു.

അഗ്നിമിത്രൻ:—വിദൂഷാന്മാരേ, എന്താണു് നിങ്ങളുടെ മുഖം പതിവുപോലെ പ്രസന്നമല്ലാതിരിപ്പാൻ കാരണം? നിങ്ങൾ മറ്റുള്ളവരുടെ മനസ്സിലുള്ള വിഷാദം നീക്കി ആഹ്ലാദമുളവാക്കുവിധം സംഗീതാദിവിദ്യകളിൽ നിപുണന്മാരാണല്ലൊ. അപ്രകാരമുള്ള നിങ്ങളുടെ മനസ്സിൽ വ്യസനമുണ്ടാകുവാൻ കാരണമെന്തു്?

ഗണദാസൻ:—മഹാരാജാവേ, പണ്ഡിതന്മാർക്കു് തമ്മിൽ പാണ്ഡിത്യം നിമിത്തം സ്പർദ്ധയുണ്ടാകുമെന്നു തിരുമേനി കേട്ടിട്ടുണ്ടായിരിക്കും. അതാണു് ഞങ്ങളിങ്ങനെ തിരുമുമ്പിൽ വരുവാൻ കാരണം. ഈ ഹരദത്തൻ പലരുംകൂടിയ സഭയിൽവെച്ചു് അനുചിതമായവിധം അപമാ

നകരമായ ദുർവ്വചനങ്ങൾ പറഞ്ഞു് എന്നെ അപമാനിച്ചു. അതിൽ എനിക്കു വലിയ സങ്കടമുണ്ടു്.

ഹരദത്തൻ:—തിരുമേനി, എന്റെ സങ്കടംകൂടി കേൾക്കുമാറാകണം. തനിക്കും എനിക്കും തമ്മിൽ ആനയ്ക്കും ആടിനുമെന്നപോലെ അന്തരമുണ്ടെന്നു പറഞ്ഞു് ഈ വിദ്വാൻ എന്നെ അവഹേളനംചെയ്തു. അതു ന്യായമായോ?

നാട്യാചാര്യന്മാരുടെ വാദംകേട്ടു് അഗ്നിമിത്രൻ ആശ്ചര്യപ്പെട്ടു. അദ്ദേഹം മനസ്സിൽ വിചാരിച്ചു:—ഇതിൽ എന്തോ ഒരു രഹസ്യമുണ്ടു്. എന്താണതെന്നു പിന്നീടു വ്യക്തമാകും. ഒന്നു നിശ്ചയമാണു്: ഇവരുടെ വഴക്കുതീർക്കുവാൻ നമ്മെക്കൊണ്ടാവില്ല. ഇവരിരുവരും ഏതു വിദ്യയിൽ വൈദുഷ്യം നേടിയിരിക്കുന്നുവോ ആ വിദ്യയിൽ അപാരമായ പാണ്ഡിത്യമുള്ളവർ മാത്രമേ ഇവരുടെ വാദത്തിൽ ഒരു തീർപ്പുചെയ്വാൻ ശക്തരാകയുള്ളൂ.

ഉടനെ രാജാവു് തദ്വണക്കാരനെ വിളിച്ചു് വേഗം പോയി ധാരിണീദേവിയേയും പണ്ഡിതകൌശികിയേയും കൂട്ടിക്കൊണ്ടുവരുവാൻ നിയോഗിച്ചു. അവൻ ചെന്നു് അറിയിച്ചപ്രകാരം ഉടൻതന്നെ ദേവിയും പണ്ഡിതകൌശികിയും രാജസദസ്സിലെത്തി. നാട്യാചാര്യന്മാരുടെ വാദപ്രതിവാദത്തെപ്പറ്റി വിചാരണചെയ്യുമ്പോൾ നല്ല നേരംപോക്കിനു വകയുണ്ടാകുമെന്നു കരുതി സദസ്യന്മാർ അതികൌതുകത്തോടുകൂടിയാണു് ധാരിണീദേവിയുടേയും പണ്ഡിതകൌശികിയുടേയും ആഗമനത്തെ നിരീക്ഷിച്ചുകൊണ്ടിരുന്നതു്.

അഗ്നിമിത്രൻ ദേവിയേയും കൌശികിയേയും അഭി
സംബോധനംചെയ്തു് പറഞ്ഞു: — "മഹാന്മാരായ ഗണ
ദാസനും, ഹരദത്തനും തമ്മിൽ ആക്കാണു് യോഗ്യത
കൂട്ടുക എന്ന തക്കമായിരിക്കുന്നു. അവരുടെ വാഗ്മുഖ
ങ്ങളെ ശ്രദ്ധയോടുകൂടി കേട്ടു് തീർപ്പുകല്പിക്കുവാൻ എന്നെ
ക്കൊണ്ടാവില്ല. അതിനാലാണു് നിങ്ങളെ വരുത്തിയതു്.
എന്നതന്നെയല്ല; ഇവരുടെ തക്കത്തിൽ ഞാൻ വിധിക
ത്താവായിരിക്കുന്നതു് ഭംഗിയാകയില്ല. ഹരദത്തൻ എ
ന്റെ ആളാണെന്നും, ഗണദാസൻ ദേവിയുടെ ആളാ
ണെന്നും എല്ലാവക്കുമറിയാം. ഈ സ്ഥിതിക്കു് ഞാൻ
ഈ വഴക്കിൽ എന്തു തീർപ്പുചെയ്താലും അതു പക്ഷപാതം
കൊണ്ടു ചെയ്തതാണെന്നു് ചിലർ ആക്ഷേപിച്ചേയ്ക്കും.
അതിനാൽ, ഈ വഴക്കു് ശാസ്ത്രപ്രകാരം വിചാരണചെ
യ്തു് ശരിയായ വിധി കല്പിക്കുവാൻ പണ്ഡിതകൌശികി
യെ ഞാൻ അധികാരപ്പെടുത്തിക്കൊള്ളുന്നു."

രാജാവിന്റെ നിശ്ചയം ഏവക്കും അംഗീകരിക്കത്ത
ക്കതാകുന്നു. നാട്യാചാര്യന്മാരുടെ വ്യവഹാരത്തിൽ തീ
പ്പുചെയ്യാനുള്ള യോഗ്യത പണ്ഡിതകൌശികിക്കുണ്ടെന്നു
എല്ലാവക്കും സമ്മതമാണു്. വിദ്യാപ്രയോഗത്തിന്റെ
വ്യത്യാസമല്ലാതെ അതു പ്രയോഗിക്കുന്ന വ്യക്തികളുടെ
വ്യത്യാസം മഹതിയായ കൌശികി കരിക്കലും കരുതുക
യില്ലെന്നും സർവ്വസമ്മതമാണു്. എങ്കിലും, "തിരുവായ
ക്കെതിർവായയില്ല." എന്നു പറയാറുള്ളതുപോലെ രാജാ
വിന്റെ ഹിതംനോക്കി പ്രവർത്തിക്കുവാൻ പണ്ഡിതകൌ
ശികി നിർബ്ബന്ധയായേക്കുമോ എന്നു ചിലക്കു ശങ്കതോ

ന്നി. പക്ഷേ, അതിനെപ്പറ്റി അവർ അന്യോന്യം മന്ത്രിച്ചതല്ലാതെ ഒന്നും സംസാരിച്ചില്ല.

ഈയവസരത്തിൽ ധാരിണീദേവി എഴുന്നേറ്റുനിന്നു് പറഞ്ഞു: — "മാന്യരായ സദസ്യരെ, സകല കാര്യങ്ങളും സത്യം പിഴക്കാതെ അറിഞ്ഞു വിധികല്പിക്കുവാൻ അറിവും അധികാരവുമുള്ള മഹാരാജാവുതന്നെ മഹാന്മാരായ ഈ വിപ്രോത്തമരുടെ വഴക്കിൽ ന്യായാധിപതിയായിരിപ്പാൻ മടിക്കുകയാണല്ലൊ ചെയ്തതു്. ഇതിൽ എനിക്കൊരഭിപ്രായമുണ്ടു്. ഇവരുടെ തക്കം തീർക്കുവാൻ ശരിയായൊരു മാർഗ്ഗം തുറന്നുകിടപ്പുണ്ടു്. ഭരതശാസ്ത്രപ്രകാരമുള്ള അഭിനയത്തിൽ ആർക്കാണധികം സാമർത്ഥ്യമെന്നാണല്ലൊ തക്കം. ഭരതന്റെ നാട്യശാസ്ത്രം ഇതരശാസ്ത്രങ്ങളിൽനിന്നു് വിലക്ഷണമാകുന്നു. അന്യശാസ്ത്രങ്ങളിൽ വാങ്മയത്തിനു ധാരാളം വകയുണ്ടാകും; ഭരതശാസ്ത്രത്തിൽ അതില്ല. ശാസ്ത്രത്തിന്റെ അർത്ഥവിചാരമല്ല പ്രായോഗികമായ പ്രദർശനമാണു് ഭരതശാസ്ത്രത്തിൽ പ്രധാനം. നാട്യപ്രയോഗത്തിൽ താനാണു് കൂടുതൽ നൈപുണ്യമുള്ളവനെന്നു് ആർ വാദിക്കുന്നുവോ, ആ ആളും, അതിൽ ആരാണോ എതിർവാദം ചെയ്യുന്നതു് ആ ദേഹവും, ശരിക്കു നാട്യശാലയിൽ വന്നു് അവരിരുവരും പഠിപ്പിച്ച ശിഷ്യരെക്കൊണ്ടു് ഒരഭിനയപ്രയോഗം നടത്തിക്കുവാൻ ഏർപ്പാടുചെയ്കയാണു് ഇതിൽ ശരിയായ വഴി. സർവ്വർക്കും അറിയാവുന്ന ഈ മാർഗ്ഗം തുറന്നുകിടക്കുമ്പോൾ എന്തിനു മറെറാരു വഴി തേടുന്നു? രണ്ടു പക്ഷക്കാരുടേയും അഭിനയം കണ്ടാൽ കാണികളായ സദസ്യ

DHARMARAM COLLEGE LIBRARY 20242 BANGALORE.

ക്കു് ആരാണു് അധികം യോഗ്യനെന്നു് മനസ്സിലാക്കുവാൻ സാധിക്കും.”

ധാരിണീദേവിയുടെ അഭിപ്രായത്തെ സന്തുഷ്ടല്ലാം അഭിനന്ദിച്ചു. ഗണാസൻ ഉൽക്കണ്ഠയോടുകൂടി ദേവിയുടെ മുഖത്തേക്കുനോക്കി. തദവസരത്തിൽ ധാരിണീദേവിയുടെ ആപ്തസഖിയായ ബകുളാവലിക ദേവിയോടു് സപരിഹാസമായി പറഞ്ഞു, “തമ്പുരാട്ടി, ഈ വഴക്കു് യഥാർത്ഥമല്ല; ഇതു മഹാരാജാവു് കല്പിച്ചുകൂട്ടി പ്രയോഗിച്ച ഒരു സൂത്രമാണു്.” ബകുളാവലിയുടെ സൂചന കേട്ടപ്പോൾ ദേവിയുടെ മുഖം വിളറ്റു. ബകുളാവലിക പറഞ്ഞതു് വാസ്തവമായിരിക്കുമെന്നു ദേവിക്കു തോന്നി. മഹാരാജാവു് മുമ്പു് മാളവികയുടെ ചിത്രം കണ്ടിട്ടു് അവളാരാണെന്നു് ചോദിച്ചതും, അതിനുശേഷം ആ ചിത്രം അദ്ദേഹത്തെ കാണിക്കാതെ താൻ മറച്ചുവെപ്പിച്ചതും ദേവിയുടെ മനസ്സിൽ പെട്ടെന്നോർമ്മവന്നു. നാട്യാചാര്യന്മാരുടെ ശിഷ്യരെ സമ്മേളിപ്പിച്ചു് അഭിനയപ്രയോഗം നടത്തിക്കുന്നപക്ഷം മഹാരാജാവു് മാളവികയെ നേരിട്ടുകാണുവാനിടവരുമെന്നും, അങ്ങനെ വന്നാൽ താൻ മുമ്പുചെയ്ത സൂത്രം വെറുതെയാകുമെന്നും ദേവിക്കു തോന്നി. അഭിനയപ്രയോഗത്തിനു് ഏർപ്പാടുചെയ്യണമെന്നു് അഭിപ്രായപ്പെട്ടതു് അബദ്ധമായിപ്പോയെന്നു് ദേവി കണ്ണീതപ്പെട്ടു. താനിങ്ങനെ ധർമ്മസങ്കടത്തിൽപ്പെട്ട വിവരം ധാരിണീദേവി പണ്ഡിതകൌശികിയെ ആംഗ്യം കൊണ്ടറിയിച്ചപ്പോൾ കൌശികിദേവി അറിയിച്ചു:—
“നാട്യാചാര്യന്മാരെ രണ്ടുപേരേയും പറഞ്ഞു യോജിപ്പി

ച്ചു് വഴക്കുതീർക്കുവാൻ നോക്കുകയാണു് ഉത്തമം." ഇതു കേട്ടു് ധാരിണീദേവി ഗണദാസനെ വിളിച്ചു് സൌമ്യവാക്കുകൾ പറഞ്ഞു് അദ്ദേഹത്തെ വാദത്തിൽനിന്നു പിൻവലിപ്പിക്കുവാൻ ശ്രമിച്ചുനോക്കി. പക്ഷെ, ഫലമുണ്ടായില്ല.

ദേവി ഗണദാസനെ നോക്കി വീണ്ടും പറഞ്ഞു: — "മഹാനുഭാവ, ഭരതശാസ്ത്രത്തിൽ അങ്ങയ്ക്കുള്ള യോഗ്യത ആരെക്കൊണ്ടും നിഷേധിക്കുവാൻ കഴിയുന്നതല്ല. അതു് ഒരു പരീക്ഷകൊണ്ടു് തീർച്ചപ്പെടുത്തുവാനിടയാക്കുന്നതു് ഘോരായുധമാണു്. അതിനാൽ എനിക്കുവേണ്ടി അങ്ങു് ഹരദത്തനെ അധിക്ഷേപത്തെ ക്ഷമിക്കണം. അങ്ങു് എല്ലാ ജ്ഞാനവും തികഞ്ഞവനാണു്. തനിക്കു സമന്മാരല്ലാത്തവരോടു് വാദത്തിനൊരുങ്ങുന്നതു് അങ്ങയ്ക്കു ഭൂഷണമല്ല. 'സഖ്യവും, വിവാഹവും, വ്യവഹാരവും തനിക്കൊക്കുമൊട്ടാഭിജാത്യമെന്നവരോടുവേണം' എന്നല്ലെ പ്രമാണം? ക്ഷമയാണു് വിദ്വാന്മാർക്കു് ഭൂഷണം. അതിനാൽ അങ്ങു് വിവാദത്തിൽനിന്നു പിൻതിരിക്കുകയാണു് ഉത്തമം."

ഗണദാസൻ: — ദേവീ, ഭവതിയുടെ വാക്കിനു് എതിരുപറയുന്നവർ ആരുമുണ്ടാകയില്ല. എന്നാൽ, എതിരാളിയെ ഭയപ്പെട്ടു് അവൻ പറയുന്ന വ്യർത്ഥവാദങ്ങൾ കേട്ടു പൊറുത്തു്, താൻ പഠിച്ച വിദ്യയെ ധനസമ്പാദനത്തിനുള്ള ഒരുപായം മാത്രമാക്കിത്തീർക്കുന്നതാരോ അവൻ വിദ്യയെ വിറ്റുതിന്നുന്ന ഒരു മൂർഖനായിരിക്കും.

ഞാൻ എന്നെക്കാൾ താഴെയുള്ള ഒരുതിരാളിയിൽനി
ന്നുള്ള അപവാദവചനത്തെ പൊറുത്തുകൊണ്ടിരിക്കേണ
മെന്നു ഭവതി ശാസിക്കുന്നതു് എന്റെ ഭാഗ്യക്ഷയത്തി
ന്റെ മൂപ്പുതന്നെ എന്നേ പറയേണ്ടൂ." ഇതു പറയുമ്പോൾ
ഗണദാസന്റെ കണ്ണിൽ വെള്ളംനിറഞ്ഞു.

ധാരിണി:—എന്നാൽ ഞാൻ നിർബ്ബന്ധിക്കുന്നി
ല്ല. പക്ഷെ എനിക്കുവേണ്ടി ഒരുപകാരം ചെയ്യണം.
ഞാൻ അങ്ങയുടെ അടുക്കൽ നാടുവിട്ടു പഠിപ്പിക്കുന്ന
തിന്നായി ഏല്പിച്ചുതന്നിട്ടുള്ള മാളവിക തൽക്കാലം വരാ
ത്ത ഒരു ബാലികയാണു്. അവൾ അങ്ങയുടെ ശിഷ്യ
യായിത്തീർന്നിട്ടു് ഒരു കൊല്ലം തികഞ്ഞിട്ടുമില്ല. ഈ ചു
രുങ്ങിയ കാലത്തെ അഭ്യാസംകൊണ്ടു് നാടുകലയുടെ
മർമ്മങ്ങൾ അവൾ ശരിക്കു പഠിച്ചിട്ടുണ്ടായിരിക്കയില്ല.
അവളെ രംഗത്തിൽ കൊണ്ടുവന്നു് ഗോഷ്ഠികാണിക്കു
വാൻ ഇടയാക്കാതെ കഴിച്ചാൽ കൊള്ളാം. ഇതെന്റെ
അപേക്ഷയാണു്.

ഗണദാസൻ:—ഇതു് പുണ്ണിൽ കൊള്ളിവെക്കുന്ന
തുപോലെയാണു് എനിക്കു തോന്നുന്നതു്. ഭവതിയുടെ
ഈ വാക്കു് ഹൃദയമർമ്മങ്ങളെ വ്രണപ്പെടുത്തുന്നു. എന്റെ
അടുക്കൽ നാടുവിദ്യ അഭ്യസിക്കുന്നവരായ ബാലികമാ
രിൽവെച്ചു് മാളവികയാണു് എനിക്കേറ്റവും ബോധി
ച്ചവൾ. നാടുത്തിൽ അവളെ അതിശയിക്കുന്ന പെൺ
കുട്ടികൾ വേറെയില്ല. അവളെ കൂട്ടാതിരുന്നാൽ സഭ
യിൽ എനിക്കൊരുവിധത്തിലും ജയംകിട്ടുവാൻ പോക
ുന്നില്ല.

ഗണദാസന്റെ യുക്തിപൂർവ്വമായ വാക്കുകൾ കേട്ട് ധാരിണീദേവി അദ്ദേഹത്തിന്റെ അഭിപ്രായത്തിനു വിരോധം പറയുവാൻ ശക്തയായില്ല. വരുന്നതു വരട്ടെ എന്നുറച്ച് ഒടുവിൽ ദേവി പറഞ്ഞു—"എന്നാൽ അങ്ങയുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളു. പണ്ഡിതകൌശികിയെ കൂട്ടിക്കൊണ്ടുപോയി അങ്ങയുടെ കീഴിൽ നടനകല പഠിച്ചിട്ടുള്ള കുട്ടികളുടെ സാമർത്ഥ്യം ഒന്നു കാണിച്ചുകൊടുക്കണമല്ലോ. എങ്കിലും നല്ലതാണു്. അഭിജ്ഞന്മാർ നിറഞ്ഞിരിക്കുന്ന സദസ്സിലേക്കു കുട്ടികളെ വിടുന്നതിനു മുമ്പു് അവരുടെ പ്രയോഗപരിചയത്തെ പരീക്ഷിച്ചറിയേണ്ടതു് ആവശ്യമാണല്ലൊ.

പണ്ഡിതകൌശികി:—ഈ അഭിപ്രായം നല്ലതുതന്നെ. പക്ഷേ ഓരോ എത്ര സാമർത്ഥ്യമുള്ള ആളാണെങ്കിലും കുറെയധികം ഇത്തരം പരീക്ഷകളിൽ ഗുണദോഷങ്ങളെ തീർച്ചപ്പെടുത്തുവാൻ പ്രയാസമുണ്ടു്. പരീക്ഷിക്കുന്നതിനു് ഞാൻ മാത്രമായാൽ പോരാ; ഭവതിയും എന്നോടൊപ്പം വരണം.

ഗണദാസൻ:—അന്നാംതരം കായ്മ! പണ്ഡിതകൌശികിയുടെ ഇച്ഛക്കു് തീർച്ചയായും ഭവതി വഴിപ്പെടണം. അതു ചെയ്യാത്തപക്ഷം ഭവതി എന്നെ ഉപേക്ഷിച്ചതുപോലെയാകും.

ധാരണീദേവി വല്ലാത്തൊരു ധർമ്മസങ്കടത്തിൽ അകപ്പെട്ടു. പണ്ഡിതകൌശികിയുടെ ഇഷ്ടം മുറിച്ചു് അവക്കൊന്നും പറയുവാൻ തോന്നിയില്ല. "എന്തോ ആ

കട്ടെ, മനുഷ്യൻ വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ നടക്കുന്നതു്. ദൈവവിധി എങ്ങനെയോ അങ്ങനെ എല്ലാം നടക്കും. അതിനെ അന്യഥാകരിപ്പാൻ ആർക്കും ശക്തിയില്ല" എന്നു സമാധാനിച്ചു് ധാരിണീദേവി ഗണദാസന്റെ ഇഷ്ടംപോലെ ചെയ്വാൻ സമ്മതിച്ചു. മാളവികയുടെ അഭിനയചാതുര്യം പരീക്ഷിച്ചതിൽ എല്ലാവർക്കും തൃപ്തിയാകയും ചെയ്തു.

നിശ്ചയപ്രകാരംതന്നെ നാട്യപ്രകടനത്തിനൊരുങ്ങി സകല ജനങ്ങളും നടനശാലയിൽ എത്തിച്ചേർന്നു. പണ്ഡിതകൌശികിയും തന്റെ സ്ഥാനത്തിൽ ഇരിപ്പുറപ്പിച്ചു. മഹാരാജാവായ അഗ്നിമിത്രനും ധാരിണീദേവിയും യഥാസ്ഥാനം ഇരുന്നു. വൈദുഷ്യം തികഞ്ഞ മഹാന്മാരെക്കൊണ്ടും, നാട്യശാസ്ത്രത്തിൽ കണ്ണുതെളിഞ്ഞ വിദ്വാന്മാരെക്കൊണ്ടും, ആഭരണഭൂഷിതകളായ മഹിളാമണികളെക്കൊണ്ടും നാട്യശാല പരിപൂർണ്ണമായി.

നാട്യം ആരംഭിക്കുവാൻ സമയമായപ്പോൾ നാട്യാചാര്യന്മാരായ ഗണദാസനും ഹരദത്തനും അവരവരുടെ ശിഷ്യകളേയുംകൂട്ടിക്കൊണ്ടു് നടനമണ്ഡപത്തിൽ കയറി. അപ്പോൾ രാജാവു് പണ്ഡിതകൌശികിയോടു്, "മാന്യമഹതീ, ആരാണു് ആദ്യമായി പ്രയോഗം നടത്തേണ്ടതു്?" എന്നു ചോദിച്ചു. "അതിൽ സംശയിപ്പാനില്ല. ഗണദാസനാണു് വയസ്സുകൊണ്ടു മൂത്തവൻ. അതിനാൽ അദ്ദേഹത്തിന്റെ കലാപ്രയോഗത്തിനാണു് മുന്നവകാശം കൊടുക്കേണ്ടതു്. അതു കഴിഞ്ഞതിനുശേഷമേ ഹര

ത്തിന്നു സ്ഥാനം കൊടുക്കുവാൻ പാടുള്ളൂ.” എന്നു പണ്ഡിതകൌശികി അഭിപ്രായപ്പെട്ടു.

ഉടനെ രാജാവു് ആദ്യം ഗണദാസന്റെ പ്രയോഗം തന്നെയാവട്ടെ എന്നു കല്പിച്ചു. കല്പനപ്രകാരം ഗണദാസൻ മാളവികയോടുകൂടി രംഗത്തിൽ പ്രവേശിച്ചു. ശർമ്മിഷ്ഠയുടെ കൃതിയും മദ്ധ്യത്തിൽ ലയത്തോടുകൂടിയതുമായ ഒരു നിബന്ധമാണു് മാളവിക അഭിനയിച്ചതു്. സർവ്വാംഗസുന്ദരിയായ ആ പെൺകിടാവിനെ രംഗത്തിൽ കണ്ടപ്പോൾ ചിത്രദർശനത്തിലുണ്ടായതിനേക്കാൾ ഉയർന്ന അഭിപ്രായമാണു് രാജാവിന്നുണ്ടായതു്. അവളുടെ അംഗഭംഗികണ്ടു് രാജാവു് അത്ഭുതപ്പെട്ടു. മാളവിക പാടിയാടിയ പദത്തിന്റെ സാരം ഇതായിരുന്നു:—“പ്രിയനെ ലഭിപ്പാൻ പ്രയാസമുണ്ടു്; ഹൃദയമേ, ആശ വെടിഞ്ഞേക്കുക. എന്റെ ഇടത്തെ കടക്കണ്ണു് വിറക്കുന്നവല്ലൊ. വളരെക്കാലം മുമ്പുകണ്ട നാഥനെ എങ്ങിനെയാണു് ഞാൻ സമീപിക്കേണ്ടതു്? ഹേ നാഥ, പരാധീനയായ ഞാൻ അങ്ങയിൽ അനുരക്തയാണെന്നു ഗ്രഹിക്കുമാറാകണം.” സംഗീതത്തിന്റെ അർത്ഥം തന്നെക്കുറിച്ചുതന്നെയാണെന്നു രാജാവിന്നു തോന്നി. സംഗീതവും അഭിനയവും കഴിഞ്ഞ ഉടനെ മാളവിക രംഗത്തിൽനിന്നു പോകുവാൻ ഭാവിച്ചു. ഉടനെ വിദൂഷകൻ, “വരട്ടെ പോകുവാൻ അഭിനയത്തിൽ ഒരു ക്രമക്കേടു പറ്റിയിട്ടുണ്ടു്. അതിനെക്കുറിച്ചു് എനിക്കല്പം ചോദിക്കേണ്ടിയിരിക്കുന്നു.” എന്നു പറഞ്ഞു. അതുകേട്ടു് ഗണദാസൻ അഭിപ്രായപ്പെട്ടപ്രകാരം മാളവിക തിരിച്ചു് രാജാവിന്നു

ഭിമുഖമായി സ്ഥിതിചെയ്തു. മണിക്കണ്ഠത്തിൽ പതിഞ്ഞ വളയോട്ടുകുടിയ ഇടത്തു കൈ അരക്കെട്ടിൽ വെച്ചും, ഭംഗിയേറിയ വലത്തു കൈ കീഴ്പോട്ടു തൂക്കിയിട്ടും, കാലിന്മേറ പെരുവിരൽകൊണ്ടു തിരുപ്പിടിക്കുന്ന നിലത്തു കണ്ണുപതിച്ചും നില്ക്കുന്ന അവളുടെ ആ നില്പ് രാജാവിനു് ആട്ടത്തേക്കാളധികം മനോഹരമായി തോന്നി.

വിദൂഷകൻ മാളവികയുടെ ആട്ടത്തിൽ ക്രമക്കേടുള്ളതായി പറഞ്ഞതു് ധാരിണീദേവിക്കു് അശേഷം രസിച്ചില്ല. വിദൂഷകന്റെ അഭിപ്രായത്തെ മഹാരാജാവു് എത്രത്തോളം വിലമതിക്കുന്നുണ്ടെന്നു ദേവി ചോദിച്ചു. വിദൂഷകനാണെന്നുവെച്ചു് അദ്ദേഹത്തിനു് ആട്ടത്തിന്റെ ഗുണദോഷം അറിയില്ലെന്നു് വിചാരിപ്പാൻ പാടില്ലെന്നു ഗണദാസൻ അഭിപ്രായപ്പെട്ടു. എന്തൊരു ക്രമക്കേടാണു് വിദൂഷകന്റെ ദൃഷ്ടിയിൽ പെട്ടതെന്നു് ഗണദാസൻ നേരിട്ടു ചോദിച്ചപ്പോൾ വിദൂഷൻ, "സാക്ഷിണിയായ കൌശികയോടു് ആദ്യം ചോദിക്കുക. ഞാൻ കണ്ട ക്രമക്കേടിനെപ്പറ്റി പിന്നീടു പറയാം" എന്നു മറുപടി കൊടുത്തു. ഗണദാസൻ കൌശികയോടു് അഭിപ്രായം ചോദിക്കുകയും, ശാസ്ത്രനിയമപ്രകാരം മാളവിക പ്രയോഗിച്ചതെല്ലാം തീരെ നിർദ്ദോഷമായെന്നു് ആ മഹതി അഭിപ്രായപ്പെടുകയും ചെയ്തു. പിന്നെ ഗണദാസൻ രാജാവിന്റെ അഭിപ്രായമെങ്ങനെ എന്നു ചോദിച്ചു." എന്റെ പക്ഷക്കാരനെക്കുറിച്ചു് എനിക്കുണ്ടായിരുന്ന അഭിമാനം കുറഞ്ഞുപോയിരിക്കുന്നു" എന്നാണു് രാ

ജാവു് മറുപടി പറഞ്ഞതു്. അതു കേട്ടപ്പോഴേ ഗണദാസന്നു സമാധാനമായുള്ളു.

അനന്തരം ഗണദാസൻ വിഷ്ണുകനോടു്, "ഇനി അങ്ങുകണ്ട ക്രമക്കേടെന്തെന്നു് പറഞ്ഞുകൂടെടി?" എന്നു ചോദിച്ചു. "കാഹോ, പറയാം. മാളവികയുടെ അരങ്ങേറ്റമല്ലെ ഇപ്പോഴുണ്ടായതു്? അരങ്ങേറ്റത്തിൽ കന്നാമതായി ബ്രാഹ്മണപൂജയാണു് ചെയ്യേണ്ടതു്. അതു ചെയ്വാൻ നിങ്ങൾ മറന്നുപോയി" എന്നാണു് വിഷ്ണുകൻ മറുപടി പറഞ്ഞതു്.

പണ്ഡിതകൌശികി:— പുളുത്തിക്കാരൻ അഭിനയത്തിൽ ഒരു ക്രമക്കേടു കണ്ടുപിടിച്ചതു് വിചിത്രംതന്നെ!

വിഷ്ണുകൻ: —ഹേ പണ്ഡിതമാനിനി, അല്പം കൂടി ക്ഷമിക്കുവാൻകൂടി സാമർത്ഥ്യമില്ലാത്ത നിനക്കെന്തറിയാം? പൂനിലാവുപോലെ വെളുത്ത തലമുടി കാണിച്ചു് ആളുകളെ പേടിപ്പിക്കുവാൻ നോക്കുന്നുവോ?

ഇതുകേട്ടു് എല്ലാവരും ചിരിച്ചു. കൂട്ടത്തിൽ മാളവികയും കരുതൊപ്പുപുഞ്ചിരി തൂകി. പരിഹാസരസികനായ വിഷ്ണുകൻ പിന്നേയും പല ഫലിതങ്ങളും പറഞ്ഞു് സഭാവാസികളെ ചിരിപ്പിക്കുകയുണ്ടായി. തന്റെ ശിഷ്യയുടെ അഭിനയം എല്ലാവരുടേയും അഭിനന്ദനത്തിനു വിഷയമായിത്തീർന്നപ്പോൾ കൃതാർത്ഥനായി ചമഞ്ഞ ഗണദാസൻ മാളവികയെ രംഗത്തിൽനിന്നു കൂട്ടിക്കൊണ്ടുപോയി. അവളുടെ മനോഹരരൂപം കണ്ടു തൃപ്തിവരാഞ്ഞിട്ടു് രാജാവിനു് വലിയ കണിതം തോന്നി.

ഈയവസരത്തിൽ ഹരദത്തൻ രാജസവിധത്തിൽ വന്നു് പറഞ്ഞു: — "മഹാരാജാവേ, ഞാൻ പഠിപ്പിച്ച അഭിനയത്തെക്കൂടി കാണുവാൻ തിരുമനസ്സുണ്ടാകണം." അതുംകൂടി കാണുവാൻ തന്നിക്ക താല്പര്യമുണ്ടെന്നു് രാജാവു് അരുളിച്ചെയ്തു. അപ്പോഴേക്കും സമയം മദ്ധ്യാഹ്നത്തോടു സമീപിച്ചു. വൈതാളികന്മാർ മദ്ധ്യാഹ്നസമയത്തുള്ള സ്തുതിപാഠങ്ങൾ മുഴക്കി. ബ്രാഹ്മണക്കു് ഇലവെക്കാനുള്ള സമയമായതുകൊണ്ടു് വിദൂഷകനു് പോകുവാൻ ബദ്ധപ്പാടായി. ഊണിന്റെ സമയം തെറ്റിച്ചാൽ ദോഷമുണ്ടെന്നു് വൈദ്യന്മാർ പറയുന്നതായി വിദൂഷകൻ രാജാവിനേയും ഗ്രഹിപ്പിച്ചു. ആകപ്പാടെ ഹരദത്തന്റെ പ്രയോഗത്തിനു് അവസരം കിട്ടിയില്ല. അദ്ദേഹത്തിന്റെ അഭിനയം കാണുന്നതു് പിറേറദിവസമാകാമെന്നു് രാജാവു് അഭിപ്രായപ്പെട്ടു. അതോടുകൂടി സഭയും പിരിഞ്ഞു.

നാട്യാഭിനയത്തിൽ വെച്ചുണ്ടായ പരസ്പരദർശനത്തിനുശേഷം മാളവിക അഗ്നിമിത്രന്റെ പേരിൽ അനുരാഗവതിയായി ചമഞ്ഞു. അഗ്നിമിത്രനു് അവളെക്കുറിച്ചുണ്ടായിരുന്ന പ്രേമം നാൾതോറും കൂടിക്കൂടി വരികയും ചെയ്തു. ധാരിണീദേവിയുടെ പേരിലുള്ള ബഹുമാനാതിശയം നിമിത്തം അദ്ദേഹം ആ പ്രേമത്തെ ഉള്ളിൽ ഒതുക്കിക്കൊണ്ടിരുന്നു. എങ്കിലും അതിനെക്കുറിച്ചു് കൊട്ടാരത്തിൽ അടുത്തു പെരുമാറുന്ന പരിജനങ്ങൾക്കു് ഏതാണ്ടൊക്കെ അറിയുവാനിടയായി. അഗ്നിമിത്രനു് മാളവികയെ നേരിട്ടുകണ്ടു് പ്രണയസംവാദം നടത്തുന്നതി

ന്നു് അതിയായ ആശയുണ്ടായി. അദ്ദേഹം അതിനെ പ്പറ്റി ഖിട്ടഷകനോടു് അടിക്കടി സംസാരിച്ചുകൊണ്ടി രുന്നു. മാളവികക്കും മഹാരാജാവിനെ സൈരമായി സന്ദർശിച്ചു് നിർവൃതിയെ പ്രാപിക്കുവാൻ തിടുക്കം തോന്നി. പക്ഷെ പരാധീനയായ അവർക്കു് അതു പ്രയാസസാദ്ധ്യമായിരുന്നു.

ഇങ്ങനെയുള്ള സന്ദർഭത്തിൽ ചില വിശേഷസംഭവങ്ങൾ ഉണ്ടായി. ധാരിണീദേവിയുടെ പുഷ്പോദ്യാനത്തിലുള്ള ഒരു രക്താശോകവൃക്ഷം വസന്തകാലമാരംഭിച്ചിട്ടും പുഷ്പിക്കാതെ കാണപ്പെട്ടു. ഇതു ദേവിക്കു് വ്യസനത്തിനു കാരണമായി. അശോകം പൂക്കുന്നതിനു് ഉത്തമലക്ഷണങ്ങളോടുകൂടിയ സ്ത്രീയുടെ പാദംകൊണ്ടുള്ള താഡനമാണു് വളരെന്നു് അക്കാലത്തു വിശ്വസിച്ചിരുന്നു. അതിനാൽ പുഷ്പിതമാകാത്ത സ്വർണ്ണാശോകത്തിനു തന്റെ പാദാപ്പണംകൊണ്ടു് പുഷ്പമുണ്ടാക്കുവാൻ ദേവി ആഗ്രഹിച്ചു. പക്ഷെ ഊഞ്ഞാലാടുമ്പോൾ കാലിടറിയതുകൊണ്ടു് തൽക്കാലം ദേവി അശോകദോഹദത്തിനു് അസമർത്ഥയായിരുന്നു. അതിനാൽ നിക്കോറും പ്രിയപ്പെട്ടവളും, ഉത്തമസ്ത്രീലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയവളുമായ മാളവികയെ അവർ അശോകദോഹദം ചെയ്യുവാൻ നിയോഗിച്ചു. ആ അവസരത്തിൽ മാളവികയുടെ പാദങ്ങളിൽ അലങ്കരിക്കുവാൻ സ്വന്തമായ രത്നപുരങ്ങൾതന്നെ ധാരിണീദേവി മാളവികക്കു കൊടുക്കുകയും ചെയ്തു. മാളവികയേയും കൂട്ടിക്കൊണ്ടു് പ്രിയസഖിയായ ബകുളാവലികാ അശോകദോഹദത്തിനുവേണ്ടി

ഉദ്യാനത്തിലേക്കു പ്രവേശിച്ചു. ഇതിനിടയിൽത്തന്നെ അഗ്നിമിത്രന്റെ ഇഷ്ടഭാര്യമാരിലൊരുവളായ ഇരാവതി തന്നികട ഭർത്താവിനോടൊരുമിച്ചു് ഉദ്യാനത്തിൽവെച്ചു ഊഞ്ഞാലാട്ടുവാൻ മോഹമുണ്ടെന്നും അതു സാധിപ്പിച്ചു തരണമെന്നും രാജാവിനോടു അപേക്ഷിക്കുകയും, രാജാവു് ഇരാവതിയുടെ അഭിലാഷം സാധിപ്പിക്കുവാൻ സന്നദ്ധനാകയും ചെയ്തു. മനോരഥസാഫല്യത്താൽ കൃതാർത്ഥയായ ഇരാവതി തന്റെ സഖിയായ നിപുണികയോടുകൂടി ഉദ്യാനത്തിലേക്കു പോയി. ഇങ്ങനെ മാളവികയും ഇരാവതിയും എത്തിച്ചേർന്നിട്ടുള്ള പുഷ്പോദ്യാനത്തിലേക്കു് നർമ്മസചിവനായ വിദൂഷകനോടൊരുമിച്ചു് അഗ്നിമിത്രൻ ചെന്നുചേർന്നു. തന്റെ കണ്ണും കരളും കവർന്ന സുന്ദരീരത്നമായ മാളവിക ബകുളാവലികയാൽ ചെമ്പഞ്ഞിച്ചായംകൊണ്ടും, നൂപുരങ്ങളെക്കൊണ്ടും അലങ്കരിക്കപ്പെട്ട കാലടികളോടുംകൂടി, അപുഷ്പിതമായ അശോകവൃക്ഷത്തിന്മേൽ കയറി ഇടത്തെ കാലടികൊണ്ടു് ആ വൃക്ഷത്തെ ചവിട്ടുവാൻ തുടങ്ങിയപ്പോൾ അഗ്നിമിത്രനും അവളെ നിർബ്ബാധമായി കാണുവാൻ സാധിച്ചു. അതിനുശേഷം ബകുളാവലികയുടേയും വിദൂഷകന്റേയും സാമർത്ഥ്യംകൊണ്ടു് മാളവികയും അഗ്നിമിത്രനും തമ്മിൽ കാണുകയും തങ്ങളുടെ ഹൃദയങ്ങളിലുള്ള പ്രേമത്തെ പരസ്പരം വിനിമയം ചെയ്കയും ചെയ്തു. ഭർത്തൃദർശനത്തിനുപുറപ്പെട്ടപ്പോൾ സവിശേഷമായ ഉത്സാഹം തോന്നുന്നതിനുവേണ്ടി മധുപാനം ചെയ്തിരുന്നതു് മാത്രയിൽ കവിഞ്ഞുപോയിരുന്നതിനാൽ ഇരാവതി ആദ്യം അഗ്നിമിത്ര

ന്റെ ഈ പ്രേമചാപല്യം അത്ര അറിഞ്ഞില്ല. തലക്കു പിടിച്ചിരുന്ന ലഹരി അല്പമൊന്നിറങ്ങിയപ്പോൾ തന്റെ പ്രിയതമനും മാളവികയും തമ്മിൽ പ്രേമസല്ലാപം ചെയ്യുവിനോദിക്കുന്നതാണു് ഇരാവതിയുടെ ദൃഷ്ടിയിൽ പെട്ടതു്. അവരുടെ ചാപല്യം കണ്ടു് ഇരാവതിക്കു കലശലായി മുഷിഞ്ഞു. രാജാവിനെ പരുഷവാക്കുകളെക്കൊണ്ടു ശകാരിച്ചു് അവിടം പ്രണയകുപിതയായി തിരിച്ചു പോകയുംചെയ്തു.

മഹാറാണിയായ ധാരിണിദേവി കാലിന്നു സുഖമില്ലാതെ കിടക്കുകയാണെന്നു കേട്ടു് ഇരാവതി ദേവിയുടെ സുഖക്കേടു് എങ്ങിനെയിരിക്കുന്നുവെന്നു് അന്വേഷിപ്പാൻ പോയി. സംസാരിക്കുന്നയിടയിൽ ഉദ്യാനത്തിൽവെച്ചു് രാജാവും മാളവികയും കാണുവാനിടയായതിനേയും, അപ്പോൾ താൻ കണ്ട അവരുടെ കാമചാപല്യത്തേയും ദേവിയെ പറഞ്ഞു ധരിപ്പിച്ചു. അതോടുകൂടി ദേവിക്കു് ബകുളാവലികയേയും മാളവികയേയും കുറിച്ചു് വലിയ വെറുപ്പും കോപവും തോന്നി. അവരെ രണ്ടുപേരേയും ദേവി ബന്ധനത്തിൽപ്പെടുത്തി വെളിച്ചം കടക്കാത്തതായ നിലയറക്കുള്ളിൽ വെക്കുകയും, അവിടെ മാധവികയെന്ന പേടിയെ കാവലിരുത്തുകയും ചെയ്തു. സപ്തമുദ്രയോടുകൂടിയ തന്റെ മോതിരം അടയാളമായി കാണിച്ചാലല്ലാതെ അവരെ ബന്ധനത്തിൽനിന്നു വിടുവാൻ പാടില്ലെന്നു് ദേവി കല്പന കൊടുത്തു. തന്റെ പ്രേമത്തിന്നു പാത്രമായ മാളവികക്കും പ്രിയസഖിക്കും സംഭവിച്ച ഈ ഉദ്ദ്യശയെക്കുറിച്ചു് അഗ്നിമിത്രൻ വളരെ

വ്യസനിച്ചു. എന്നാൽ അവരെ തടവിൽനിന്നു വിട്ടയിക്കുന്നതിനു് താനൊരുപായം പ്രയോഗിക്കാമെന്നു പറഞ്ഞു് വിഭീഷകൻ രാജാവിനെ സമാധാനിപ്പിച്ചു.

ധാരിണീദേവിയുടെ കാലിനു സുഖക്കേടാണെന്നറിഞ്ഞു് അതിനെപ്പറ്റി അന്വേഷിക്കുവാൻ മഹാരാജാവു് അന്തഃപുരത്തിലേക്കു് എഴുന്നള്ളി. അപ്പോൾ ദേവീപണ്ഡിതകൌശികി ഓരോ കഥകൾ പറയുന്നതുകേട്ടുകൊണ്ടു് ആശ്വാസത്തോടുകൂടി ഇരിക്കുകയായിരുന്നു. രാജാവെഴുന്നള്ളിയപ്പോൾ ദേവി എഴുന്നേറ്റു് ഉപചാരം ചെയ്കയും, രാജാവു് ദേവിയുടെ കുശലത്തെക്കുറിച്ചു് ചോദിക്കുകയും ചെയ്തു. അപ്പോഴേക്കും വിഭീഷകൻ പൂന്തോൽകൊണ്ടു് കയ്യിന്റെ പെരുവിരൽ മുറിഞ്ഞുകെട്ടി വലിയ സംഭ്രമത്തോടുകൂടി, "രക്ഷിക്കണേ, രക്ഷിക്കണേ, എന്നെ കാലസർപ്പം കടിച്ചിരിക്കുന്നു." എന്നു നിലവിളിച്ചുകൊണ്ടു് അന്തഃപുരത്തിൽ ചാടിവീണു. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"മഹാറാണിയെ കാണുമ്പോൾ പുഷ്പം കാഴ്ചവെക്കേണമെന്നു കരുതി ഞാൻ പൂന്തോട്ടത്തിലേക്കു പോയി. അശോകപുഷ്പം പൊട്ടിക്കുവാനായി കൈനീട്ടിയപ്പോൾ അതിന്റെ പൊത്തിൽനിന്നു് പുറപ്പെട്ട സർപ്പരൂപിയായ കാലൻ എന്റെ കയ്യിന്മേൽ കൊത്തി. ഇതാ നോക്കു രണ്ടുപല്ലു് ഏറ്റിരിക്കുന്നു."

സർപ്പവിഷമെന്നു കേട്ടപ്പോൾ പണ്ഡിതയായ കൌശികി പറഞ്ഞു:—"സർപ്പം കടിച്ചാൽ കടിയേറ്റ ഭാഗം മുറിച്ചുകളയുകയോ, തീപ്പൊള്ളിക്കുകയോ, മുറിവായിൽ

നിന്നു് ദുഷ്ടരക്തം കളയുകയോ അടിയന്തിരമായി ചെയ്യേണ്ടതാണു്.''

രാജാവു്: — വിഷംതീണ്ടിയാൽ വിഷവൈദ്യന്മാർ തന്നെ ചികിത്സിക്കണം. ഒട്ടുംതാമസിയാതെ വിദൂഷകനെ കൊട്ടാരം വിഷവൈദ്യനായ ധ്രുവസിദ്ധിയുടെ അടുക്കലേക്കു കൊണ്ടുപോകണം.

കല്പനപ്രകാരം വിദൂഷകൻ ധ്രുവസിദ്ധിയുടെ സമീപത്തേക്കു നയിക്കപ്പെട്ടു. ധ്രുവസിദ്ധിയാകട്ടെ രോഗം പരീക്ഷിച്ചു് ഇങ്ങനെ പറഞ്ഞു: — ''ശരി, രോഗിയെ ഇവിടെ കിടത്തുക. ഞാൻ യഥാസമയം വേണ്ട ചികിത്സകഠം ചെയ്തുകൊള്ളാം. സപ്പുമുദ്രയുള്ള എന്തെങ്കിലും കരു സാധനം കിട്ടിയെങ്കിൽ ഉടനേംഭം എന്നൊരു പ്രയോഗം ചെയ്യാമായിരുന്നു. എന്നാൽ വിഷം വേഗത്തിൽ ഇറങ്ങും.'' ഈ വിവരം വിദൂഷകനെ കൊണ്ടുപോയ പരിജനങ്ങഠം ചെന്നറിയിച്ചപ്പോഠം മഹാറാണി തന്റെ കയ്യിലുള്ളതും, സപ്പുമുദ്രയോടുകൂടിയതുമായ മോതിരം ഊരിക്കൊടുത്തു. ഏറെത്താമസിക്കാതെ വിദൂഷകന്റെ വിഷമിറങ്ങിയെന്നുള്ള വിവരം ധാരിണീദേവിക്കു് കേൾക്കുവാനിടയായി. തടവിൽ കിടക്കുന്ന മാളവികയേയും ബകുളാവലികയേയും സപ്പുമുദ്രകാണിച്ചു് വിടുവിക്കുന്നതിനുവേണ്ടിയാണു് വിദൂഷകൻ ഈ അടവു പ്രയോഗിച്ചതെന്നു് വിശേഷിച്ചു് പറയേണ്ടതില്ലല്ലോ.

പിറെ ദിവസം കാലത്തു് അഗ്നിമിത്രനും വിദൂഷകനുംകൂടി സരസമായി കാരോന്നു സംസാരിക്കുകയായിരു

ന്നു. വിദൂഷകൻ പറഞ്ഞു: —"രാജാവേ, ഇന്നലെ ഞാൻ റാണിയുടെ മുദ്രമോതിരം കാണിച്ച് മാളവികയെ സഖിയോടുകൂടി തടവിൽനിന്നു വിടുവിച്ച് പുറത്തേക്കു കൊണ്ടുവരുമ്പോഴേക്കും കാവൽക്കാരി, എന്തു കാരണത്താലാണ് ഇന്നു മാളവികയെ മോചിപ്പിക്കുന്നതെന്നു ചോദിക്കുകയുണ്ടായി. അതിനു ഞാൻ പറഞ്ഞതു തമ്പുരാന്റെ ജന്മനക്ഷത്രത്തിൽ എന്തോ ഗ്രഹപീഡയുള്ളതായി ജോത്സ്യൻ പറഞ്ഞുവെന്നും, അതിന്റെ പരിഹാരത്തിനു വേണ്ടി തടവിൽവെച്ചിട്ടുള്ള എല്ലാവരേയും വിട്ടയപ്പാൻ കല്പനയുണ്ടെന്നുമായിരുന്നു."

വിദൂഷകൻ ബുദ്ധിമാതൃയ്ത്തോടുകൂടി ചെയ്ത പ്രയോഗത്തെ അഗ്നിമിത്രൻ ഹൃദയപൂർവ്വം അഭിനന്ദിച്ചു. അതിനുശേഷം അഗ്നിമിത്രനും മാളവികയുംകൂടി സമുദ്രഗൃഹം എന്ന മാളികയിൽവെച്ച് ഒരു കൂടിക്കാഴ്ചയുണ്ടായി. ആ കൂടിക്കാഴ്ചയിൽ ഇരാവതി ഇടംകോലിടുവാൻ ശ്രമിച്ചുവെങ്കിലും വിദൂഷകൻ സന്ദർഭത്തിനൊത്ത ചില പൊടിക്കൈകളും പ്രയോഗിക്കുകയാൽ മാളവികാഗ്നിമിത്രന്മാരുടെ സമാഗമം നിർവ്വിഘ്നം നടക്കുവാനിടയായി.

അതിനിടയിൽ സേന എന്ന മേടി കാടിവന്നു രാജാവിനെ അറിയിച്ചു: —"തിരുമേനി, കുമാരിയായ വസുലക്ഷ്മി പന്തടിക്കുന്നതിനിടയിൽ പിംഗളവാനരൻ ഭയപ്പെടുത്തുകയാൽ കാറ്റത്താടുന്ന തളിരുപോലെ വിറച്ചു വീണു കിടക്കുന്നു. ഇനിയും തൻറെടം വന്നിട്ടില്ല." ഇതു കേട്ട് രാജാവു വസുലക്ഷ്മിയുടെ സ്ഥിതിയെന്തെന്നറിയുവാൻ അന്തഃപുരത്തിലേക്കുപോയി.

ഈ സന്ദർഭത്തിൽ ആശ്ചര്യകരമായ ഒരു വിവരം കേൾക്കുവാനിടയായി. മാളവികയുടെ പാദതാഡനമാകുന്ന ദോഹദമേറ്റ് അഞ്ചു ദിവസം കഴിയുന്നതിനുള്ളിൽ ഉദ്യാനത്തിലെ സപ്തച്ഛദാശോകം പുഷ്പിച്ചു. ഈ വിവരം ശ്രവിച്ചപ്പോൾ ധാരിണീദേവിക്കുണ്ടായ സന്തോഷം വാചാമഗോചരമായിരുന്നു.

മാളവികയുടെ പാദദോഹനത്താൽ സപ്തച്ഛദാശോകം പൂവിട്ടതായി കേട്ടതോടുകൂടി ആ കന്യകയുടെ പേരിൽ ധാരണീദേവിക്കു മുൻപുണ്ടായിരുന്ന വിരോധം ബഹുമാനവും സ്നേഹവുമായി. മാളവികയുടെ മഹിമാതിശയത്തിൽ രാജ്ഞി നിഷ്പ്രഭകമായി സന്തോഷിച്ചു. മാളവികയുടെ പാദദോഹദംകൊണ്ട് അശോകം പൂക്കുന്നതായാൽ അവൾക്ക് അഭീഷ്ടമെന്തോ അതു സാധിപ്പിച്ചുകൊടുക്കാമെന്നു് ദേവി പ്രതിജ്ഞചെയ്തിട്ടുണ്ടായിരുന്നു. ആ പ്രതിജ്ഞ നിറവേറണമെന്നു് ദേവി മനസ്സുകൊണ്ടു് തീർച്ചപ്പെടുത്തി.

ഇതിനിടയിൽ സേനാപതിയായ വീരസേനൻ വിദർഭരാജാവായ യജ്ഞസേനനെ ജയിച്ചു് മാധവസേനനെ കാരാഗൃഹത്തിൽനിന്നു മോചിപ്പിച്ചതായ പ്രിയവൃത്താന്തം ഒരു ദൂതൻ വന്നു് രാജാവിനെ അറിയിച്ചു.

പുതുതായി പുഷ്പിച്ച സപ്തച്ഛദാശോകത്തെ കാണുവാൻ മഹാരാജാവുകൂടി ഉദ്യാനത്തിലേക്കു വരേണമെന്നു തനിക്കഭിലാഷമുള്ളതായി ധാരിണീദേവി അറിയിച്ചപ്രകാരം അഗ്നിമിത്രൻ ഉദ്യാനത്തിലേക്കു പുറപ്പെട്ടു. അ

വിടെ പതിവിലധികം മോടിയോടുകൂടിയ വസ്ത്രാഭരണങ്ങളെ ധരിച്ചുകൊണ്ടു് മാളവിക സ്ഥിതിചെയ്യുന്നുണ്ടായിരുന്നു. വീരസേനനാൽ കീഴടക്കപ്പെട്ട വിദർഭരാജ്യത്തിൽനിന്നു് അഗ്നിമിത്രനും കാഴ്ചയായി അയക്കപ്പെട്ട വസ്തുക്കളുടെ കൂട്ടത്തിൽ വീണവായനക്കാരികളായ രണ്ടു സ്ത്രീകളുണ്ടായിരുന്നു. അവർ മാളവികയെ കുറച്ചുനേരം സൂക്ഷിച്ചുനോക്കിയതിനുശേഷം, "ഇതാരു്? നമ്മുടെ രാജകുമാരിയല്ലേ?" എന്നു പറഞ്ഞു് കണ്ണീർ പൊഴിച്ചു. അതുകണ്ടു് അഗ്നിമിത്രൻ ചോദിച്ചു:—"നിങ്ങളാരാണു്? ഏതാണു് നിങ്ങളുടെ നാടു്? എന്തുകാരണത്താലാണു് കരയുന്നതു്?" ഇതിന്നവർ പറഞ്ഞ മറുപടി, "തിരുമേനി, മാളവിക മാധവസേനന്റെ പ്രിയസഹോദരിയാണു്. വിദർഭരാജാവു് മാധവസേനനെ തടവിലാക്കിയപ്പോൾ മാധവസേനന്റെ മന്ത്രിയായ സുമതി ഇവളെ അവിടെനിന്നു് എങ്ങോട്ടോ കൂട്ടിക്കൊണ്ടുപോയി. പിന്നീടു നടന്നതൊന്നും ഞങ്ങൾക്കറിവില്ല" എന്നായിരുന്നു.

അപ്പോൾ പണ്ഡിതകൌശികി പറഞ്ഞു:—"പിന്നീടുണ്ടായ സംഭവമെല്ലാം ഞാൻ പറയാം. ഞാൻ മാധവസേനനുമായി രക്തബന്ധമുള്ളവളാകുന്നു. സുമതി എന്റെ സഹോദരനാണു്. സുമതി എന്നേയും മാളവികയേയും കൂട്ടിക്കൊണ്ടുപോരുമ്പോൾ വഴിക്കുവെച്ചു് തസ്കരന്മാരാൽ ആക്രമിക്കപ്പെടുകയും ആ ആക്രമണത്തിൽ മരണമടയുകയും ചെയ്തു. വീരസേനൻ മാളവികയെ വിദ്യപഠിപ്പിക്കുവാനായി ഇങ്ങോട്ടയച്ച വിവരം കുറച്ചു

കാലം കഴിഞ്ഞതിനുശേഷമാണു് ഞാൻ മനസ്സിലാക്കിയതു്. എനിക്കുണ്ടായ സന്താപം പറഞ്ഞാലവസാനിക്കുകയില്ല. എന്റെ ചെറുപ്പത്തിൽത്തന്നെ ഭർത്താവു് മരിച്ചുപോയി. പിന്നീടു് പ്രിയപ്പെട്ട സഹോദരൻ തസ്കരന്മാരുടെ കൈകൊണ്ടു് മൃതിയടഞ്ഞു. ഭർത്തൃശോകവും ഭ്രാതൃശോകവും എന്നെ അസഹ്യമായി പീഡിപ്പിച്ചു. അതോടുകൂടി ലൌകികവിഷയങ്ങളിൽ ചെറുപ്പം തോന്നി. അന്നുതന്നെ ദേഹത്യാഗം ചെയ്വാൻ തോന്നായ്കയില്ല. പക്ഷെ, തന്റെ ജീവനെ താൻതന്നെ നശിപ്പിക്കുന്നതു് മനുഷ്യധർമ്മമല്ലെന്ന ബോധം ആ സാഹസത്തിൽനിന്നു് എന്നെ വിലക്കി. അതിനുശേഷം സർവ്വസംഗപരിത്യാഗംചെയ്തു് സന്യാസിനിയായി ആയുശ്ശേഷം നയിക്കുവാൻ തീർച്ചയാക്കുകയും ചെയ്തു."

കൌശികി പറഞ്ഞ വാക്കുകൾ വിവിധ വികാരങ്ങളോടുകൂടിയാണു് അഗ്നിമിത്രൻ കേട്ടതു്. എല്ലാം കേട്ടതിനുശേഷം അദ്ദേഹം പറഞ്ഞു: —"ഇതെല്ലാം ദൈവകല്പിതമാണു്. മുജ്ജന്മത്തിൽ ചെയ്ത സുകൃതദുഷ്കൃതങ്ങളുടെ ഫലമാണു് മനുഷ്യൻ ഇജ്ജന്മത്തിൽ അനുഭവിക്കുന്നതു്. രാജ്ഞിയുടെ സ്ഥാനത്തിരിക്കേണ്ടുന്ന മാളവികയ്ക്കു് കരു ദാസിയുടെ നിലയിൽ ജീവിക്കേണ്ടിവന്നതു് ദൈവവിധികൊണ്ടല്ലെങ്കിൽ മറ്റെന്തുകൊണ്ടാണു്? പക്ഷെ, എങ്ങനെ പോയാലും മാണിക്യം മാണിക്യംതന്നെയായിരിക്കും. കുപ്പയിൽ കിടന്നാലും അതിന്റെ ശോഭയ്ക്കു് ഹാനിവരികയില്ല."

ഈ ഘട്ടത്തിൽ ധാരിണീദേവി പറഞ്ഞു:—"പരിവ്രാജികേ, ഭവതി എല്ലാമറിയുന്നവളാണു്. എന്നിട്ടും വാസ്തവം പറയാതെ സംഗതി മറച്ചുവെച്ചതു ഭംഗിയായോ?"

പണ്ഡിതകൌശികി:—"ഭംഗിയായില്ലെന്നു തോന്നാം. പക്ഷെ, അങ്ങനെ ചെയ്തതിനു കാരണമുണ്ടു്. ഈ മാളവികയുടെ ജാതകം ഞാൻ രണ്ടു മൂന്നു തവണ പരിശോധിച്ചുനോക്കി. ജാതകത്തിലെ ഗ്രഹസ്ഥിതികൊണ്ടു് ഇപ്പഠിക്കു് കരു സംവത്സരം ദാസ്യമനുഭവിപ്പാൻ യോഗമുണ്ടെന്നു കണ്ടു. അതു് ആരെക്കൊണ്ടും തടുക്കുവാൻ കഴിയുന്നതല്ലല്ലോ. ആ ഗ്രഹപ്പിഴകാലത്തു് ഇവിടം ഭവതിയെ ആശ്രയിച്ചു പാർക്കുന്നതു് നന്നായിരിക്കുമെന്നു കരുതിയാണു് ഇവളെ ഇവിടെ കൊണ്ടുവന്നാക്കിയതു്. ഈ സ്ഥിതിക്കു ശോഭനമായ കരു ഭാവിയുണ്ടെന്നു് എനിക്കു നല്ല ഉറപ്പുണ്ടു്.

പണ്ഡിതകൌശികിയുടെ പ്രവചനം അതിസന്തോഷത്തോടുകൂടിയാണു് അഗ്നിമിത്രൻ ശ്രവിച്ചതു്. സന്തുഷ്ടനായ അദ്ദേഹം വിദർഭരാജ്യത്തെ രണ്ടായി ഭാഗിച്ചു് കരു ഭാഗത്തെ രാജാവായി യജ്ഞസേനനേയും മറേറ ഭാഗത്തു് മാധവസേനനേയും വാഴിക്കുവാനായി തന്റെ സചിവനു് കല്പനകൊടുത്തു.

മനുഷ്യനു് കാലഗ്രഹണമുള്ളപ്പോൾ സമ്പത്തുകാലം കുന്നിനോടൊന്നു് തുടൻകൊണ്ടുവരും. അഗ്നിമിത്രനു് ഇപ്പോൾ അപ്രകാരമുള്ള കരു കാലമാണു്. അഗ്നിമിത്രന്റെ പിതാവായ പുഷ്പമിത്രൻ അശ്വമേധയാഗംചെയ്തു

വലിയ യശസ്സുസമ്പാദിക്കുവാനുറച്ചു് തന്റെ പൌത്രനായ വസുമിത്രനെ എല്ലാ രാജ്യങ്ങളിലുമുള്ള രാജാക്കന്മാരെ ജയിച്ചുവരുവാൻ നിയോഗിച്ചു യജ്ഞാശ്വത്തിന്റെ രക്ഷകനായി ഭൂപ്രദക്ഷിണത്തിനു് അയച്ചിട്ടുണ്ടായിരുന്നു. വസുമിത്രൻ അതിനുവേണ്ടി പോയ ദിവസം മുതൽ ധാരിണീദേവി ദിവസംതോറും പതിനെട്ടു സുവർണ്ണംവീതം മഹാബ്രാഹ്മണക്കു് ദക്ഷിണചെയ്തു് കുമാരന്റെ ആയുസ്സിനുവേണ്ടി സൽക്കർമ്മങ്ങൾ നടത്തിച്ചുവന്നു. ആ വസുമിത്രൻ എല്ലാ രാജാക്കന്മാരേയും ജയിച്ചു് കപ്പംവാങ്ങി നിരവധി ദ്രവ്യങ്ങളോടുകൂടി രാജധാനിയിൽ തിരിച്ചുവന്നു. അതുകണ്ടു് പുഷ്പമിത്രൻ അത്യധികം സന്തോഷിച്ചു. കുമാരൻ വിജയിയായി തിരിച്ചെത്തിയ വിവരം കേട്ടു് അഗ്നിമിത്രനുണ്ടായ സന്തോഷം അവർണ്ണനീയമായിത്തീർന്നു. അളവറ്റ സന്തോഷത്തിന്റെ അടയാളമായി, താൻ മുൻപു ബന്ധനത്തിൽ പെട്ടിരുന്നവനും, യജ്ഞസേനന്റെ സ്യാലനുമായ മൌര്യസചിവനേയും അദ്ദേഹം കാരാഗൃഹത്തിൽനിന്നു മോചിപ്പിച്ചു.

വിദിശാനഗരം അഭൂതപൂർവ്വമായ കാന്തിയോടുകൂടി വിളങ്ങി. പൌരജനങ്ങൾ ആനന്ദസാഗരത്തിൽ ആറാടി. മംഗളവാദ്യങ്ങൾ എങ്ങും മുഴങ്ങി. സൂര്യകിരണങ്ങൾ അസാധാരണമായ തേജസ്സോടുകൂടി പ്രകാശിക്കാറുള്ള വിദിശാപുരിയിൽ പ്രസൂതദിവസം മനംകുളുപ്പിക്കുന്നകുളിരോടുകൂടിയ ഇളംകാറുവീശിക്കൊണ്ടിരുന്നു. പ്രകൃതിയുടെ സൌന്ദര്യധോരണിയും, ജനാവലിയുടെ ആനന്ദോത്സാഹങ്ങളും കണ്ടു് ധാരിണീദേവി ഏറ്റവും സ

ന്തോഷിച്ചു. ദേവി തന്റെ സമീപത്തിൽ മഹാലക്ഷ്മി യെപ്പോലെ തേജസ്സോടുകൂടി സ്ഥിതിചെയ്യുന്ന മാളവികയെ വിളിച്ചു് ഇങ്ങനെ പറഞ്ഞു:—"അല്ലയോ ജ്ഞാനദീപികേ, നിന്റെ ഗ്രന്ഥങ്ങൾക്കും കലകൾക്കും ആശ്ചര്യം തോന്നിയിരിക്കുന്നു. നീ സ്ത്രീകളിൽവെച്ചു് രത്നവും, നടനകലയുടെ നാട്ടുനായകയുമാണു്. നാട്യകലയുടെ മൂർത്തിമത്തായ അവതാരമെന്നതന്നെ നിന്നെ പറയാവുന്നതാണു്."

ഇങ്ങനെ മാളവികയോടു പറഞ്ഞതിനുശേഷം ധാരിണീദേവി പണ്ഡിതകൌശികിയുടെ അനുമതിയോടുകൂടി, മാളവികയെ കൈകൊണ്ടു പിടിച്ചു് അഗ്നിമിത്രന്റെ കയ്യിൽ സമർപ്പിച്ചു. ദേവിയുടെ മനോഹ്ലാദത്തേയും ഔദാര്യാതിശയത്തേയും കണ്ടു് സകല ജനങ്ങളും ആശ്ചര്യപ്പെട്ടു. മഹാരാജാവു് മനോരഥസിദ്ധിനിമിത്തം കൃതാർത്ഥനായിത്തീർന്നു. ആര്യനായ സുമതി ഉദ്ദേശിച്ചിരുന്നതുപോലെതന്നെ കാര്യം വന്നുചേർന്നതിൽ പണ്ഡിതകൌശികിക്കു് വിശേഷിച്ചും സന്തോഷമുണ്ടായി.

ധാരിണീദേവിയുടെ അനുമതിയോടും, ആനുകൂല്യത്തോടുംകൂടി മാളവികയെ വിവാഹം ചെയ്തതിനുശേഷം അഗ്നിമിത്രൻ വിഷയസുഖങ്ങളെ അനുഭവിച്ചുകൊണ്ടും, ധർമ്മം പിഴക്കാതെ രാജ്യം പരിപാലിച്ചുകൊണ്ടും വളരെക്കാലം വിദിശാപുരിയിൽ വാണു.

ഉർവ്വശി

പ്രജകളെ പുത്രനിർവ്വിശേഷം പരിപാലിച്ച് സമുദ്ര പര്യന്തമുള്ള ഭൂമി മുഴുവൻ അടക്കി ഭരിച്ചുകൊണ്ടിരുന്ന പുരൂരവസ്സ് എന്ന ചക്രവർത്തി, ഒരു ദിവസം പ്രഭാതകൃത്യങ്ങൾ കഴിച്ച് വിനോദത്തിനായി തന്റെ മനോഹരമായ ഉദ്യാനത്തിലേയ്ക്ക് പുറപ്പെട്ടു. പോകുമ്പോൾ ആകാശത്തുനിന്ന് മിന്നൽ അപ്സരഃസ്ത്രീകളുടെ ശബ്ദം അദ്ദേഹത്തിന്റെ കണ്ണുപടത്തിൽ പ്രവേശിച്ചു. അപ്സരഃസ്ത്രീകൾ എല്ലായ്പോഴും സുന്ദരിമാരാണ്; എന്നാൽ ഉർവ്വശി, മേനക, രംഭ എന്ന മൂന്നുപേർ സൌന്ദര്യത്തിൽ അധികം പ്രസിദ്ധിയെ പ്രാപിച്ചവരാകുന്നു. അവർ മൂന്നുപേരും തങ്ങളുടെ തോഴിമാരോടുകൂടി കൈലാസത്തിൽ പോയി പരമശിവനെ വന്ദിച്ചു മടങ്ങിപ്പോകുമ്പോൾ, മാർഗ്ഗമദ്ധ്യത്തിലുള്ള പുരൂരവസ്സിന്റെ രാജധാനിയ്ക്കരികിൽ വെച്ച്, മിന്നൽ അസുരന്മാർ ഉർവ്വശിയേയും മിത്രലേഖയേയും ബലാല്ക്കാരേണ പിടിച്ച് ബന്ധനത്തിലാക്കി. അതു കണ്ട് മേനകയും, രംഭയും ആകാശം മുഴങ്ങുമാറ് ഉറക്കെ മുറയിട്ടുകൊണ്ട് വരുന്നതു പുരൂരവസ്സ് കണ്ടു. പാവപ്പെട്ടവരുടെ സങ്കടം കണ്ടാൽ പൊറുക്കാത്ത മഹാ

നായ ചക്രവർത്തി രംഭ മുതലായവരുടെ സംഭ്രമം കണ്ടു്, "നിങ്ങൾ ഭയപ്പെടേണ്ട. ഞാൻ ഇപ്പോൾത്തന്നെ അസുരന്മാരെ ജയിച്ചു് ഉർവ്വശിയെ വീണ്ടുകൊണ്ടുവരാം" എന്നിങ്ങനെ സൌമ്യവാക്കുകളെക്കൊണ്ടു് ആശ്വസിപ്പിച്ചു. ഉടനെ അദ്ദേഹം അസുരന്മാരോടു് സമരമാരംഭിക്കുകയും, അതിൽ വിജയശ്രീയെ ലഭിച്ചു് ഉർവ്വശിയേയും, ചിത്രലേഖയേയും ബന്ധനത്തിൽനിന്നു മോചിപ്പിക്കുകയും ചെയ്തു.

അസുരന്മാരുടെ പിടിയിൽനിന്നു വിമുക്തയായ ഉർവ്വശി, തന്നത്താൻ മറന്നു ജീവച്ഛവമെന്നപോലെ പുരൂരവസ്സിന്റെ മുമ്പിൽ വീണു. അദ്ദേഹത്തിന്റെ ബാഹുബലത്തിൽ പൂർണ്ണവിശ്വാസത്തോടുകൂടി ആ ദിവ്യാംഗന ആശ്വാസം കൊള്ളുകയും, ഇനിമേലിൽ അസുരന്മാരുടെ ഉപദ്രവം വരികയില്ലെന്നു് സമാധാനിക്കുകയും ചെയ്തു. അത്യാഹ്ലാദത്തോടുകൂടി ആ അപ്സരസ്ത്രീ പുരൂരവസ്സിനെ കടാക്ഷിച്ചു. അപ്പോൾ അവളുടെ മുഖം പൂർണ്ണചന്ദ്രനേക്കാൾ ശോഭയുള്ളതായി കാണപ്പെട്ടു. പ്രഥമദർശനത്തിൽത്തന്നെ ഉർവ്വശിക്കു് പുരൂരവസ്സിനെക്കുറിച്ചും, പുരൂരവസ്സിനു് ഉർവ്വശിയെക്കുറിച്ചും അനുരാഗമുളവായി.

ഈ അവസരത്തിൽ ചിത്രരഥൻ എന്ന ഗന്ധർവ്വരാജൻ അവിടെ എത്തിച്ചേർന്നു. ഉർവ്വശിയെ അസുരന്മാർ ബന്ധനത്തിൽ പെടുത്തിയ വിവരം അറിഞ്ഞു് ദേവേന്ദ്രൻ അവളെ വീണ്ടുകൊണ്ടുവരുവാൻവേണ്ടി അയച്ചപ്രകാരമാണു് ചിത്രരഥൻ വന്നതു്. ഭൂലോകചക്ര

വത്തിയായ പുരൂരവസ്സിനെകണ്ടു് ചിത്രരഥൻ സന്തോഷത്തോടുകൂടി പറഞ്ഞു: — "അല്ലയോ അസുരാന്തക, ദേവലോകപ്പെരുമാളായ ഇന്ദ്രൻ ഈ ഉർവ്വശിയെ ബന്ധനമുക്തയാക്കി ദേവലോകത്തേയ്ക്കു കൊണ്ടുചെല്ലുവാൻ എന്നെ കല്പിച്ചയച്ചിരിക്കുന്നു. എന്റെ ആഗമനത്തിനു മുമ്പായിത്തന്നെ ഞാൻ ചെയ്യേണ്ടതായ കാര്യം അങ്ങു ചെയ്തുകഴിഞ്ഞു. അങ്ങയുടെ പരാക്രമം കണ്ടു് ഞാൻ അത്ഭുതപരതന്ത്രനായിരിക്കുന്നു." ഇങ്ങനെ പറഞ്ഞു് ചിത്രരഥൻ ഉർവ്വശിയെ സ്വർഗ്ഗത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

പുരൂരവസ്സു്, പ്രണയത്തോടുകൂടി തടവിൽനിന്നു വിടുവിച്ച ഉർവ്വശി സ്വർഗ്ഗത്തിലേയ്ക്കു പോയതിനെക്കുറിച്ചു തുലോം ഇക്ഷ്വാഭംഗപ്പെടുകയും, വിഷാദിക്കുകയുംചെയ്തു. വിഷണ്ണനായിരിക്കുന്ന കാലത്തു് ഒരു ദിവസം വിദൂഷകൻ രാജാവിന്റെ സമീപത്തുചെന്നു് അനുനയവചനങ്ങളെക്കൊണ്ടു് അദ്ദേഹത്തെ സമാധാനിപ്പിക്കുവാൻ തുടങ്ങി. അപ്പോൾ ഉർവ്വശി ചിത്രലേഖയോടുംകൂടി, ഇക്ഷ്വാഭംഗപ്പെട്ടു ദുഃഖിക്കുന്ന രാജാവിന്റെ തൽക്കാലസ്ഥിതിയിൽ അനുകമ്പ തോന്നി, ഞങ്ങളെ ആരും കാണാത്തവിധം, തിരസ്കരിണീ വിദ്യയിൽ മറഞ്ഞു് ആകാശത്തിൽ സന്നിഹിതയായി. അന്യന്മാർക്കു കാണുവാൻ കഴിയുകയില്ലെങ്കിലും പുരൂരവസ്സിന്റെ ദൃഷ്ടികൾക്കു് ഉർവ്വശി ദൃശ്യയായിരുന്നു. തന്റെ പ്രണയഭാജനമായ ആ സുരസുന്ദരിയെ കണ്ടപ്പോൾ മഹാരാജാവിന്റെ മനസ്സിനു് ഉന്മേഷവും പ്രസാദവും ഉളവായി. ഈ അവസര

ത്തിൽ ഒരു ദേവദൂതൻ ഉർവ്വശിയുടെ അരികത്തുവന്നു് അറിയിച്ചു: —"നടനകലയിൽ നൈപുണ്യമേറിയ നാകസുന്ദരീ, നമ്മുടെ സ്വാമിയായ ഇന്ദ്രൻ ഇപ്പോഠത്തന്നെ ഭവതിയെ കൂട്ടിക്കൊണ്ടുചെല്ലുവാൻ കല്പിച്ചിരിക്കുന്നു." ഇതു കേട്ടപ്പോഠം ഉർവ്വശി, താൻ അടുത്തു മറെറാരു ദിവസം വന്നുകൊള്ളാമെന്നു് പുരൂരവസ്സിനോടു പറഞ്ഞു്, ആ ദേവദൂതനോടൊരുമിച്ചു് ദേവസഭയിലേയ്ക്കു തിരിച്ചു പോയി. അന്നു് സരസ്വതീദേവിയാൽ നിർമ്മിക്കപ്പെട്ട "ലക്ഷ്മീസ്വയംവരം" എന്ന നാടകമാണു് അഭിനയിച്ചതു്. അതിൽ ലക്ഷ്മിയുടെ വേഷം ധരിച്ചതു് ഉർവ്വശി തന്നെയായിരുന്നു. ഉർവ്വശിയുടെ അഭിനയം ഇന്ദ്രനെ അത്യധികം ആഹ്ലാദിപ്പിച്ചു. നാടകം കഴിഞ്ഞപ്പോഠം ഇന്ദ്രൻ സന്തോഷിച്ചു്, "നടീരത്നമേ, നിന്നെക്കൊന്താണു് അഭീഷ്ടം? ഇഷ്ടദാനം ചെയ്യാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു" എന്നരുളിച്ചെയ്തു. "അടിയൻ ത്രിലോകചക്രവർത്തിയായ പുരൂരവസ്സിന്റെ ഭാര്യയായിരിപ്പാൻ ആഗ്രഹിക്കുന്നു" എന്നാണു് ഉർവ്വശി മറുപടി പറഞ്ഞതു്. അതു കേട്ടു് ഇന്ദ്രൻ, "വിരോധമില്ല. നീ ത്രിലോകത്തിൽ വെച്ചു് പുരൂരവസ്സിന്റെ ഭാര്യയായിരുന്നുകൊഠിക്ക. ആ രാജാവിന്റെ പുത്രനായി നിന്നിൽ ഒരു കുമാരനുണ്ടായാൽ പിന്നീടു് ഒട്ടും താമസിക്കാതെ സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചുവരികയുംവേണം" എന്നരുളിച്ചെയ്തു.

ഇതിനിടയിൽ പുരൂരവസ്സു് ഉർവ്വശിയെക്കുറിച്ചുള്ള വിചാരത്താൽ പരവശനായി സങ്കടപ്പെടുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലും ദേഹത്തിലും സംഭവി

മ്മ അസ്വാസ്ഥ്യം കണ്ടു് അന്തഃപുരത്തിലുള്ളവർ വളരെ പരിഭ്രമിച്ചുവശായി. പട്ടമഹിഷിയായ കൗശീനരിദേവി ഭർത്താവിനെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി, അദ്ദേഹത്തെ തന്റെ സമീപത്തേയ്ക്കു കൂട്ടിക്കൊണ്ടുവരുവാൻ തന്റെ ഇഷ്ടസഖിയെ പറഞ്ഞയച്ചു. രാജ്ഞിയുടെ സന്ദേശം കേട്ടു് പുരൂരവസ്സു് അന്നു വൈകുന്നേരം കൗശീനരിയുടെ സവിധത്തിലേയ്ക്കു ചെന്നുചേർന്നു. തദവസരത്തിൽ ഉർവ്വശിയും ചിത്രലേഖയുംകൂടി ആകാശത്തിലൂടെ വന്നുകൊണ്ടിരുന്നു. രാജ്ഞി തന്റെ പതിവുപ്രകാരം സന്ധ്യാസമയത്തുള്ള പൂജാദികളായ കൃത്യങ്ങൾ ചെയ്തുതീർത്തു് സമാഹിതമായ മനസ്സോടുകൂടി ഭർത്താവിന്റെ സമീപത്തുചെന്നു് പാദങ്ങളിൽ പതിച്ചു് അദ്ദേഹത്തിന്റെ വ്യസനകാരണം എന്തെന്നു ചോദിച്ചു. പുരൂരവസ്സിന്നു് കഠിനമായ മനോവ്യഥ ഉണ്ടായിരുന്നുവെങ്കിലും അതു പുറത്തുകാണിക്കാതെ അദ്ദേഹം മധുരവചനങ്ങളെക്കൊണ്ടു് കൗശീനരിയെ സന്തോഷിപ്പിച്ചയച്ചു.

കൗശീനരി പോയതിനുശേഷം പുരൂരവസ്സു് ചിന്തയും ഉർവ്വശിയെ ചിന്തിച്ചുള്ള ദുഃഖത്താൽ പീഡിതനായിത്തീർന്നു. ഉർവ്വശി ആകാശത്തിലൂടെ വന്നിരുന്ന വിവരം മുമ്പു് പറഞ്ഞുവല്ലൊ. അവർ ആരും കാണാത്തവിധം അദ്ദേഹത്തിന്റെ പിൻഭാഗത്തുടെ വന്നു് നേരം പോക്കായി തന്റെ സുകുമാരമായ പാണികളെക്കൊണ്ടു് അദ്ദേഹത്തിന്റെ കണ്ണുകൾ പൊത്തി. ചിന്താമഗ്നനായ പുരൂരവസ്സു് അവളുടെ കൈപിടിച്ചു്, "ആരുടെ കരമാണിതു്? ഭൂമിയിൽ പിറന്ന ഒരുവളുടെ കയ്യല്ല, നിശ്ച

യം. അഥവാ എന്തിനു സംശയിക്കുന്നു? സുരലോകത്തി
ന്നലങ്കാരമായ ഉർവ്വശിയുടെ കൈതന്നെയാണിതു്. ഈ
സ്പർശസുഖവും ഈ മാർദ്ദവവും മറൊരു കൈകൊണ്ടു് ലഭ്യ
മല്ലൊന്നെ" എന്നു് ആശ്ചര്യത്തോടുകൂടി പറഞ്ഞു. അതു
കേട്ടു് ഉർവ്വശി പുരൂരവസ്സിന്റെ മുമ്പിൽ പ്രത്യക്ഷ
പ്പെട്ടു. അപ്പോൾ പുരൂരവസ്സു് സന്തോഷം നിറഞ്ഞ
ഹൃദയത്തോടുകൂടി പറഞ്ഞു:—"സുന്ദരീരത്നമേ, ഇതേ
വരെ ഞാൻ സമ്പാദിച്ച രത്നങ്ങൾ എനിക്കു് സുഖം
നല്കുന്നില്ല. ഇന്നു് ഭവതിയുടെ ദർശനത്താൽ എനിക്കു
ണ്ടായിരുന്ന സകല ദുഃഖങ്ങളും തീർന്നു് പരിപൂർണ്ണമായ
സുഖം ലഭിച്ചിരിക്കുന്നു." ഈ ദർശനത്തിനുശേഷം ഉർ
വ്വശിയും പുരൂരവസ്സും തങ്ങളുടെ അഭിലാഷപ്രകാരം ഭാ
ര്യാഭർത്താക്കന്മാരായിത്തീരുകയും, കുറച്ചുകാലം ദാമ്പത്യ
സുഖം അനുഭവിക്കുകയും ചെയ്തു.

അതിനിടയിൽ അപ്രതീക്ഷിതമായ ഒരു സംഭവമു
ണ്ടായി. പുരൂരവസ്സിന്റെ രാജ്യത്തിനടുത്തായി 'കുമാര
വനം' എന്നു പേരുള്ള ഒരു കാടുണ്ടായിരുന്നു. ആ കാട്ടി
ലേയ്ക്കു സ്ത്രീകൾ ആരും പ്രവേശിക്കുക പതിവില്ല. പ്രവേ
ശിച്ചുപോയാൽ തൽക്ഷണംതന്നെ അവർ ലതകളായി
രൂപാന്തരപ്പെട്ടും. ഈ വിവരം ധരിക്കാതെ ഉർവ്വശി
ഒരു ദിവസം കുമാരവനത്തിൽ പ്രവേശിച്ചു. ഉടൻതന്നെ
ലതാരൂപിണിയായിത്തീരുകയും ചെയ്തു. ഉർവ്വശി ലതാ
രൂപിണിയായിത്തീർന്ന വിവരം ധരിക്കാതെ പുരൂരവസ്സു്
അവളുടെ വിയോഗത്താൽ പീഡിതനായിട്ടു് അവളെ
തിരഞ്ഞുകൊണ്ടു് പല സ്ഥലങ്ങളിലും നടന്നു. കണ്ണിൽ

കണ്ട മൃഗങ്ങളോടും, പക്ഷികളോടും, വൃക്ഷങ്ങളോടും, ലതകളോടും "ഉർവ്വശിയെ കണ്ടുവോ?" എന്നദ്ദേഹം ഒരു ഭ്രാന്തനെപ്പോലെ ചോദിച്ചുകൊണ്ടിരുന്നു. ആ സമയത്തു് ആകാശത്തിൽ പൊങ്ങിയ ഒരു കറുത്ത മേഘത്തെക്കണ്ടു്, അതു് തന്റെ പ്രേമഭാജനത്തെ അപഹരിച്ചു കൊണ്ടുപോകുന്ന ഒരു രാക്ഷസനാണെന്നു മാറി അന്ധാളിച്ചു് രാജാവു പറഞ്ഞു:—"എടാ ദുഷ്ട, ഞാൻ അസുരകുലത്തിന്റെ കാലനാണെന്നറിയാതെ എന്റെ പ്രിയതമയെ കവർന്നുകൊണ്ടുപോകയാണോ നീ ചെയ്യുന്നതു്? നില്ക്കു വിടെ. ക്ഷണനേരത്തിനുള്ളിൽ നിന്നെ ഞാൻ യമരാജധാനിയിലേയ്ക്കു വിരുന്നുകാരനാക്കി അയക്കുന്നുണ്ടു്." ഇങ്ങനെ വീരവാദം മുഴക്കിക്കൊണ്ടു് പുരൂരവസ്സു് എഴുന്നേറ്റു. നോക്കിയപ്പോൾ അതൊരു രാക്ഷസനല്ല, ആകാശത്തിൽ പൊങ്ങിയ ഒരു കാർമേഘമാണെന്നു ബോധ്യമായി. തന്റെ ബുദ്ധിഭ്രമത്തിൽ ലജ്ജിതനായിത്തീർന്ന രാജാവു്, "എന്റെ മുമ്പിൽനിന്നു് ഉർവ്വശിയെ അപഹരിക്കുവാൻ അസുരന്മാക്കു ശക്തിയില്ല. എന്നെ കബളിപ്പിപ്പാൻവേണ്ടി അവർ മറഞ്ഞതായിരിക്കും" എന്നു കരുതി സമാധാനിച്ചു.

ഈ ഘട്ടത്തിൽ ആകാശത്തുനിന്നു് കരശരീരിവാക്കു് കേൾക്കുമാറായി —"രാജാവേ, വ്യസനിക്കാതിരിക്കു. കാണാതായ ആളെ കണ്ടെത്തുവാൻ ഒരുപായമുണ്ടു്. ഇവഴിയിലൂടെതന്നെ കുറച്ചൂരം പോയാൽ "പളപളെ" മിന്നിത്തിളങ്ങുന്ന ദിവ്യമായ ഒരു മണി കാണാം. അതു് ശ്രീപാർവ്വതിയുടെ തൃക്കാലിൽനിന്നു വീണ മണിയാകു

നു. സംഗമനീയമണി എന്നാണു് അതിനു പേർ. ത മ്മിൽ പിരിഞ്ഞുപോയവരെ കൂട്ടിച്ചേർക്കുന്നതിനു് ആ മ ണിക്കു് അത്ഭുതമായൊരു പ്രഭാവമുണ്ടു്." ഇതനുസരി ച്ചു് പുരൂരവസ്സു് കുറെ ദൂരം പോയി നോക്കിയപ്പോൾ ദിവ്യമായ ആ മണി കാണപ്പെട്ടു. അദ്ദേഹം ജാജ്വല്യ മാനമായ ആ മണി കയ്യിലെടുത്തു്, കുമാരവനത്തിലെ ലതകളിൽവെച്ചു് ഏറ്റവും അഴകുള്ളതായിത്തോന്നിയ ഒരു ലതയെ ആ രത്നംകൊണ്ടു് സ്പർശിച്ചു. അതോടുകൂടി ആ ലത ഉർവ്വശിയായി മാറി. രാജാവിനു് അളവറ്റ സന്തോഷവും ആശ്ചര്യവുമുളവായി.

പിന്നെ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞു. ഒരു ദിവസം ഒരു പരുന്തു് പുരൂരവസ്സിന്റെ അരികത്തിരു ന്നിരുന്ന ഒരു രത്നം കൊത്തിക്കൊണ്ടു് പറന്നുപോയി. അതിന്റെ ധിക്കാരംകണ്ടു് രാജാവു് അതിനെ കൊല്ലു വാൻ തന്നാലാവുംവിധം പരിശ്രമിച്ചു. പക്ഷേ ഫലമു ണ്ടായില്ല. പരുന്തു് നോക്കിയാൽ കണ്ണെത്താത്തത്ര ദൂര ത്തിൽ പറന്നുകളഞ്ഞു. പുരൂരവസ്സു് തന്റെ പരാക്രമം ഒരു വെറും പരുന്തിനോടു് ഫലിക്കാതെ പോയതിൽ വ്യസനിച്ചുകൊണ്ടു് കുറെസമയം കഴിച്ചുകൂട്ടി. അപ്പോൾ ഒരു പരിചാരകൻ, രത്നം കൊത്തിക്കൊണ്ടുപോയ ആ പരുന്തിനോടുകൂടി രാജാവിന്റെ മുമ്പിൽ വന്നു് അറി യിച്ചു:—"മഹാരാജാവേ, ഈ പക്ഷിയുടെ ഉടലിൽ തറ ച്ചിട്ടുള്ള അമ്പു് ഒരു സാധാരണ ശരമല്ല. അതു ഇവി ടുന്നു തൂക്കൺപാക്കേണ്ടതാണു്."

രാജാവു് ആ ആമ്പെട്ടത്തു നോക്കിയപ്പോഠം അതിന്മേൽ, "പുത്രവത്സലിന്നു് ഉർവ്വശിയിൽ പിറന്ന കുമാരനായ ആയുസ്സിന്റെ ശരം." എന്ന അക്ഷരങ്ങഠം കൊത്തിയിട്ടുള്ളതായിക്കണ്ടു.

"ഇതെന്തൊരാശ്ചര്യം! എനിക്കു് ഉർവ്വശിയിൽ ആയുസ്സു് എന്നൊരു കുമാരൻ പിറന്നുവെന്നോ?" എന്നിങ്ങിനെ രാജാവു് ആശ്ചര്യത്തോടുകൂടി ആലോചിച്ചുകൊണ്ടിരിക്കുമ്പോഠം കരു താപസി സുന്ദരാകാരനായ കരു കുമാരനേടുകൂടി രാജസഭാമദ്ധ്യത്തിൽ വന്നു് അറിയിച്ചു:—"ഈ കുമാരൻ അങ്ങയുടെ പുത്രനാകുന്നു. ഇവനെ അങ്ങു് സ്വീകരിച്ചുകൊഠംക. ആയുസ്സു് എന്നാണു് ഈ ബാലന്റെ നാമധേയം. ഇവനെ പ്രസവിച്ച ഉടനെ മാതാവായ ഉർവ്വശി എന്റെ കയ്യിൽ വളർത്തുവാനേല്പിച്ചു. ഞാൻ ഇതേവരേയും എന്റെ സ്വന്തം പുത്രനെപ്പോലെ വളർത്തിക്കൊണ്ടുവരികയുംചെയ്തു. ഇവൻ സാമാന്യനല്ല. ചൃവനമുനിയുടെ അടുക്കൽനിന്നു സകല വിദ്യകളും ഈ ബാലൻ അഭ്യസിച്ചിട്ടുണ്ടു്. ധനുർവ്വിദ്യയിൽ ഇവന്നുള്ള അസാമാന്യപാടവം ഈ പരുന്തിനെ എയ്തുവീഴ്ത്തിയതുകൊണ്ടുതന്നെ വ്യക്തമാകുന്നുണ്ടല്ലൊ."

താപസി കൊണ്ടുവന്ന കുമാരനെ ഉർവ്വശി കണ്ടപ്പോഠം ആ ദിവ്യാംഗനയുടെ കണ്ണുകളിൽ ബാഷ്പം നിറഞ്ഞു. സ്തനങ്ങളിൽനിന്നു പാൽ ചുരന്നൊഴുകുകയുംചെയ്തു. അതു കണ്ടു് രാജാവു് ചോദിച്ചു:—"സുന്ദരീരത്നമേ, ഭവതിയുടെ കണ്ണുകളിൽനിന്നു പുറപ്പെട്ടുന്ന കണ്ണീർ ആനന്ദബാഷ്പമല്ലെന്നു തോന്നുന്നു. കണ്ണുകഠം ചു

ല്ലാതെ കലങ്ങിയിരിക്കുന്നുവല്ലൊ. ഇതിനെന്താണു് കാരണം?''

ഉർവ്വശി:—നാഥാ, ഇവിടേയ്ക്കു് എന്നിൽ ഉളവാകുന്ന പുത്രനെ എപ്പോഴും കാണുവാൻ കഴിയുന്നുവോ അപ്പോഴും ദേവലോകത്തേയ്ക്കു തിരിച്ചുചെല്ലേണമെന്നുള്ള ആജ്ഞയോടുകൂടിയായിരുന്നു ദേവേന്ദ്രൻ എന്നെ ഇങ്ങോട്ടയച്ചതു്. പുത്രനെ കാണുന്നതിനുള്ള സമയം കഴിയുന്നതു ദീർഘിപ്പിക്കുന്നതിനുവേണ്ടി ഞാൻ ഇവനെ പ്രസവിച്ച ഉടനെ ഈ താപസിയുടെ കയ്യിൽ ഏല്പിച്ചു. ഇപ്പോൾ ഇവിടുന്നു് ഇവന്റെ മുഖം ദർശിച്ചതിനാൽ എനിയ്ക്കു് ഇവിടത്തെ പിരിഞ്ഞുപോകേണ്ടിയിരിക്കുന്നു. ഇതാണു് എന്റെ വ്യസനത്തിനുകാരണം.

പുരുരവസ്സു്:—അങ്ങനെയാണെങ്കിൽ ഞാൻ ഇപ്പോഴത്തന്നെ കുമാരനായ ആയുസ്സിനെ രാജ്യം ഏല്പിച്ചു്, വാനപ്രസ്ഥാശ്രമം സ്വീകരിച്ചു് കാട്ടിൽപോയി തപസ്സുചെയ്യാൻ തീരുമാനിക്കുന്നു. തപസ്സുകൊണ്ടു് ശരീരത്തെ ശോഷിപ്പിച്ചു് അധികകാലം കഴിയുന്നതിനുമുമ്പു് ഞാൻ ദേഹത്യാഗം ചെയ്തു് സ്വർഗ്ഗത്തിലെത്തും. നീ മുൻകൂട്ടി സ്വർഗ്ഗത്തിൽചെന്നു് എന്റെ വരവിനെ കാത്തുകൊണ്ടിരിക്കുക.

പുരുരവസ്സും ഉർവ്വശിയും തമ്മിൽ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴും ദേവർഷിയായ നാരദൻ തന്റെ വീണയിൽ മനോഹരങ്ങളായ ഗാനങ്ങൾ ആലാപിച്ചുംകൊണ്ടു് രാജാവിന്റെ മുമ്പിൽ വന്നെത്തി.

കാട്ടിലേക്കു പോകുവാൻ ഭാവിക്കുന്ന അദ്ദേഹത്തോട് മ
ഹർഷി പറഞ്ഞു: — "പുരുരവസ്സേ, വളരെ സംവത്സരം
കഴിയുന്നതിനുമുമ്പ് ദേവാസുരന്മാർ തമ്മിൽ ഒരു ഘോ
രസമരം ഉണ്ടാകുവാൻ പോകുന്നുണ്ട്. ആ യുദ്ധത്തിൽ
ശത്രുക്കളായ അസുരന്മാരെ സംഹരിക്കുന്നതിനു ദേവേ
ന്ദ്രൻ അങ്ങയുടെ സാഹായ്യം ആവശ്യപ്പെടുന്നതായിരി
ക്കും. അതിനാൽ ഇപ്പോൾ വാനപ്രസ്ഥാശ്രമം സ്വീകരി
ക്കുന്നതിൽനിന്നു വിരമിക്കണം. ദേവേന്ദ്രൻ സന്തോ
ഷിച്ച് ഇനിയും അനേകസംവത്സരകാലം ഉർവ്വശിയോ
ടൊരുമിച്ച് സുഖമായി താമസിക്കുവാൻ ഞാൻ മുഖേന
അങ്ങയ്ക്ക് അനുവാദം നല്കിയിരിക്കുന്നു."

അനന്തരം പുരുരവസ്സും ഉർവ്വശിയും കുമാരനായ
ആയുസ്സിനോടുംകൂടി അനേകകാലം സുഖമായി രാജധാ
നിയിൽ വസിച്ചു.

ശകുന്തള

ക

സോമവംശത്തിന്നലങ്കാരഭൂതനായ ദുഷ്യന്തമഹാരാജാവു് സൈന്യങ്ങളോടും പരിവാരങ്ങളോടുംകൂടി മൃഗയാവിനോദത്തിനുവേണ്ടി കാട്ടിൽപോയി താവളമടിച്ചു താമസിച്ചു. ഒരു ദിവസം അദ്ദേഹം ഭയപ്പെട്ടോടുന്ന ഒരു മാനിൻെറ പിന്നാലെ അതിവേഗത്തിൽ തേരോടിച്ചു ചെന്നു് ആ മാനിനെ ലക്ഷ്യമാക്കി ശരംതൊടുത്തു. തദവസരത്തിൽ വൈഖാനസന്മാരായ ചില മുനിമാർ മാനിൻേറയും രാജാവിൻേറയും നടുവിൽ ചെന്നു, "രാജാവേ, ആശ്രമമൃഗമാണിതു്, ഇതിനെ കൊല്ലരുതു് കൊല്ലരുതു്" എന്നുപറഞ്ഞു. അതുകേട്ടു് ദുഷ്യന്തൻ തൊടുത്ത ശരത്തെ മടക്കിയെടുത്തു. ധർമ്മാനുസൃതമായ ഈ പ്രവൃത്തികണ്ടു സന്തോഷിച്ചു് വൈഖാനസന്മാർ, "അങ്ങയ്ക്കു് ആത്മാനുരൂപനായ ഒരു പുത്രനുണ്ടാവട്ടെ." എന്നനുഗ്രഹിക്കുകയും, അവിടെ അടുത്തു് മാലിനീനദിയുടെ തീരത്തുള്ള കണ്വമുനിയുടെ ആശ്രമത്തിൽ വന്നു് അതിഥിസല്ക്കാരം സ്വീകരിക്കേണമെന്നു് മഹാരാജാവിനോടപേക്ഷിക്കയും ചെയ്തു. കണ്വമുനി തല്ക്കാലം ആശ്രമത്തിലില്ലെന്നും, അതി

ഥികളെ സല്ക്കരിക്കുന്നതിനു മകനെ ശകുന്തളയെ ഏല്പിച്ചു് സോമതീർത്ഥത്തിലേയ്ക്കു പോയിരിക്കയാണെന്നും വൈഖാനസന്മാരിൽനിന്നു് ദുഷ്യന്തൻ ഗ്രഹിച്ചു.

"എന്നാൽ ആ ശകുന്തളയെ കാണാം." എന്നറിച്ചു് ദുഷ്യന്തൻ തേർക്കുതിരകളെ വിശ്രമിപ്പിക്കുവാൻ സ്വതനെ ഏല്പിച്ചു് ആശ്രമത്തിലേയ്ക്കു പോയി. ആശ്രമത്തിലുള്ള പൂന്തോട്ടത്തിന്റെ തെക്കുഭാഗത്തുനിന്നു് ആരോ സംസാരിക്കുന്ന ശബ്ദംകേട്ടു് രാജാവു് തിരിഞ്ഞുനോക്കിയപ്പോൾ ചില താപസകന്യമാർ കുടം കയ്യിലെടുത്തു മരത്തൈകളുടെ കടയ്ക്കൽ വെള്ളം നനയ്ക്കുന്നതാണു് കണ്ടതു്. അവരുടെ ദർശനം അത്യന്തമനോഹരമായിത്തോന്നുകയാൽ രാജാവു് അവർക്കു കാണ്മാൻ കഴിയാത്തവിധം മരത്തണലിൽനിന്നുകൊണ്ടു് അവരുടെ സരസസംഭാഷണം കേട്ടുകൊണ്ടുനിന്നു. വൃക്ഷസേചനം ചെയ്തിരുന്നതു് കണ്വമുനിയുടെ പുത്രിയായ ശകുന്തളയും അവളുടെ തോഴിമാരായ പ്രിയംവദയും അനസൂയയും ആയിരുന്നു. ശകുന്തളയുടെ അസാമാന്യമായ ലാവണ്യവും അവർക്കും സഖിമാർക്കും തമ്മിലുള്ള യോജിപ്പും കണ്ടു് ദുഷ്യന്തൻ തുലോം ആനന്ദിച്ചു. പ്രഥമദർശനത്തിൽത്തന്നെ ദുഷ്യന്തന്റെ മനസ്സു് ശകുന്തളയിൽ അനുരക്തമായിത്തീർന്നു. ശകുന്തള മുനിപുത്രിയാണെങ്കിലും ക്ഷത്രിയനു വിവാഹം ചെയ്യാൻ വിരോധമില്ലാത്തവളായിരിക്കുമെന്നു് ദുഷ്യന്തന്റെ മനസ്സിൽ ഒരു തോന്നലുണ്ടായി. സഖിമാരുടെ സംഭാഷണം ശകുന്തളയുടെ യൌവനത്തേയും, യൌവനസാധാരണമായ അഭിലാഷങ്ങളേയും വി

ഷയീകരിച്ചുള്ളതായിരുന്നു. തമ്മിൽത്തമ്മിൽ സംസാരിച്ചുകൊണ്ട് മല്ലക്കടയ്യൽ വെള്ളമൊഴിച്ചപ്പോൾ വെള്ളം നനഞ്ഞു പൊങ്ങിപ്പറന്ന ഒരു വണ്ട് ശകുന്തളയെ ശല്യപ്പെടുത്തുവാൻ തുടങ്ങി. സുകുമാരിയായ അവൾ "രക്ഷിക്കണേ, രക്ഷിക്കണേ." എന്നു സഖിമാരോട് പറഞ്ഞപ്പോൾ അവർ, "ഞങ്ങളല്ല രക്ഷിക്കുവാൻ, രാജാവാണു്. ദുഷ്യന്തമഹാരാജാവിനെ വിളിച്ചു നിലവിളിച്ചോളൂ" എന്നു സപരിഹാസം പറഞ്ഞു. മരം മറഞ്ഞുനിന്നിരുന്ന രാജാവു് ഇതുതന്നെ തരമെന്നു കരുതി പെട്ടെന്നു് അവരുടെ മുമ്പിലേയ്ക്കു പ്രവേശിച്ചു.

രാജാവിനെക്കണ്ടപ്പോൾ എല്ലാവരും അല്പം പരിഭ്രമിച്ചു. രാജാവു് എപ്പോൾ കാണപ്പെട്ടുവോ അപ്പോൾ മുതൽക്കു് അദ്ദേഹത്തിന്റെ പേരിൽ ശകുന്തളക്കു് അനുരാഗമുളവായി. ശകുന്തള അപ്സരസ്സായ മേനകയിൽ വിശ്വാമിത്രമുനിക്കു പിറന്നവളാണെന്നും, അച്ഛനമ്മമാർ ഉപേക്ഷിച്ചുപോയതിനുശേഷം കണ്വമഹർഷി എടുത്തു വളർത്തുകയാൽ കണ്വന്റെ വളർത്തുപുത്രിയാണെന്നും സഖിമാരുടെ സംഭാഷണത്തിൽനിന്നു് ദുഷ്യന്തൻ മനസ്സിലാക്കി. അതോടുകൂടി അദ്ദേഹത്തിന്റെ ഹൃദയം അവളിൽ പൂർവ്വാധികം അനുരക്തമായി ഭവിച്ചു. കണ്വമഹർഷിക്കു ശകുന്തളയെ അനുരൂപനായ ഒരു വരനു വിവാഹം ചെയ്തുകൊടുപ്പാൻ ആഗ്രഹമുണ്ടെന്നു് അറിഞ്ഞതോടുകൂടി രാജാവിനു അവളുടെ പേരിലുള്ള അഭിലാഷം കുറെക്കൂടി ദൃഢമാകയും ചെയ്തു.

അപ്പോഴേക്കു് മഹാരാജാവായ ദുഷ്യന്തൻ മൃഗയാവിനോദത്തിന്നായി കാട്ടിൽവന്നിട്ടുണ്ടെന്നും, അദ്ദേഹത്തിന്റെ സൈന്യങ്ങളും ആശ്രമസമീപത്തിൽ പെരുമാറുന്നുണ്ടെന്നും, ആശ്രമവാസികളുടെ ഇടയിൽ സംസാരമായി. സൈന്യങ്ങളെക്കൊണ്ടു് ആശ്രമമൃഗങ്ങൾക്കു് നാശംവരാതെ കഴിപ്പാൻ മനസ്സിരുത്തേണമെന്നു് ആളുകൾ പറയുവാനും തുടങ്ങി. തദവസരത്തിൽ രാജാവിന്റെ രഥം കണ്ടു് ഒരു ഗജം വിരണ്ടു് തപോവനത്തിന്നു നേരെ ഓടിവരുവാൻ തുടങ്ങിയതിനാൽ ആശ്രമത്തിൽ ബഹളമായി. തന്നൊക്കാണാഞ്ഞു് സൈനികന്മാർ തിരഞ്ഞു തപോവനത്തിലെത്തിയിട്ടുണ്ടെന്നു മനസ്സിലായി. ഉടനെ അദ്ദേഹം ശകുന്തളയുടേയും സഖിമാരുടേയും സന്നിധിയിൽനിന്നു പിരിഞ്ഞുപോകയും ചെയ്തു. പക്ഷേ അദ്ദേഹത്തിന്റെ ശരീരം മാത്രമേ മുമ്പോട്ടു നീങ്ങിയുള്ളൂ. മനസ്സു് ശകുന്തളയെ കണ്ടു തൃപ്തിവരാഞ്ഞിട്ടു് പിന്നിലേക്കുതന്നെ തിരിക്കുകയാണു് ചെയ്തതു്.

൨

ആശ്രമത്തിൽനിന്നു പോന്നതിന്നുശേഷം ദുഷ്യന്തനു് ശകുന്തളയെക്കുറിച്ചുള്ള അനുരാഗം അധികമധികമായി വന്നു. ആദ്യം കണ്ടപ്പോൾ ഉണ്ടായ അവളുടെ നോട്ടവും മറ്റും തന്നെക്കുറിച്ചു് അവൾക്കുള്ളോട്ടം അനുരാഗമുണ്ടെന്നു് സൂചിപ്പിക്കുന്നതായി അദ്ദേഹം വിചാരിച്ചു. എങ്കിലും വനത്തിൽത്തന്നെ കുറച്ചുകാലം താമ

സിക്കേണമെന്നും, ഇടക്കിടക്കു് ആശ്രമത്തിൽ പോയി ശകുന്തളയെക്കണ്ടു് ആനന്ദിക്കേണമെന്നും, സാധിക്കുമെങ്കിൽ ആ സുന്ദരിയെ വിവാഹം ചെയ്യേണമെന്നും ദുഷ്യന്തൻ മനസ്സുകൊണ്ടുറച്ചു; തന്റെ സഹചരനും, മാധവ്യനെന്നു പേരുള്ളവനുമായ വിദൂഷകനെ തന്റെ ഇംഗിതം ഗ്രഹിപ്പിക്കുകയും ചെയ്തു.

വിദൂഷകൻ അഷ്ടിപ്രിയനായ ഒരു ബ്രാഹ്മണനാണു്. കാട്ടിലുള്ള താമസം അദ്ദേഹത്തിനു തീരെ ഇഷ്ടമായില്ല. രാജാവിനെ വല്ലവിധത്തിലും മൃഗയോത്സാഹത്തിൽനിന്നു വിരമിപ്പിച്ചു് കഴിയുന്ന വേഗത്തിൽ രാജധാനിയിലേയ്ക്കു മടങ്ങിപ്പോകേണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. ഈ വിഷയത്തിൽ രാജാവിന്റെ പരിവാരങ്ങളെല്ലാം ഏകാഭിപ്രായക്കാരാകേണമെന്നു കരുതി വിദൂഷകൻ സേനാപതിയുടെ സേവക്കുകൂടി അദ്ദേഹത്തിന്റെ മനസ്സിനെ നായാട്ടിൽനിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിച്ചു. ശകുന്തളാവിഷയകമായ വിചാരംനിമിത്തം രാജാവിനും നായാട്ടിൽ പ്രീതി കുറഞ്ഞു കുറഞ്ഞുവന്നു. ആശ്രമത്തിന്നടുത്തു് സൈനൃങ്ങളുടെ താവളമുറപ്പിച്ചുകൂടിയാൽ ആശ്രമത്തിനു് ഉപദ്രവമായേക്കുമോ എന്നുള്ള ഭയവും രാജാവിനുണ്ടാകാതിരുന്നില്ല. അദ്ദേഹം നായാട്ടിനെക്കുറിച്ചുള്ള ഉത്സാഹത്തിൽനിന്നു വിരമിക്കുകയും ശകുന്തളയുടെ സൌന്ദര്യാദിഗുണങ്ങളെപ്പറ്റി മാധവ്യനോടു് എപ്പോഴും സംസാരിക്കുകയും ചെയ്തുവന്നു. എന്തെങ്കിലും ഒരു കാരണംകൊണ്ടു് വീണ്ടും ആശ്രമത്തിലേക്കു പോകേണമെന്നു് ദുഷ്യന്തനു് അതിതാല്പര്യമുണ്ടായി.

ആശ്രമവാസികൾ ആവശ്യപ്പെട്ടുവെങ്കിലല്ലാതെ അങ്ങോട്ട് കടന്നുചെല്ലുന്നതു് അനുചിതമാണല്ലൊ എന്ന വിചാരം അദ്ദേഹത്തെ വല്ലാതെ കുഴക്കി.

ഈ സന്ദർഭത്തിൽ ആശ്രമത്തിൽനിന്നു് ദുഷ്യന്തനു് ഒരു ക്ഷണം കിട്ടി. മഹാരാജാവു് ആശ്രമസമീപത്തിൽ എഴുന്നെള്ളീട്ടുണ്ടെന്നു് ആശ്രമവാസികൾ അറിഞ്ഞുവെന്നും, തപസ്വിയായ കണ്വമുനി തൽക്കാലം ആശ്രമത്തിലില്ലായ്കയാൽ രാക്ഷസന്മാർ വന്നു് മുനിജനങ്ങളുടെ ഹോമാദിക്രിയകൾക്കു് വിഘ്നം വരുത്തുന്നുണ്ടെന്നും അതിനാൽ സാരഥിയെ മാത്രം സഹായത്തിനു കൂട്ടി ഏതാനും ദിവസം മഹാരാജാവു് ആശ്രമത്തിൽ വന്നു താമസിച്ചു് ക്രിയകളെ രക്ഷിച്ചാൽ കൊള്ളാമെന്നും മഹർഷിമാർ അപേക്ഷിച്ചു. "മനംപോലെ മംഗല്യം" എന്നു പറയാറുള്ളതുപോലെ ഈ അപേക്ഷ മഹാരാജാവു് വിചാരിക്കുന്ന കാര്യത്തിനു് തുലോം അനുകൂലമായി വന്നു. രാജകല്പനപ്രകാരം സാരഥി രഥവും പൂട്ടി ആശ്രമത്തിലേയ്ക്കു പോകുവാൻ തയ്യാറായി തിരുമുമ്പാകെ എത്തി.

ഈ ഘട്ടത്തിൽ രാജധാനിയിൽനിന്നു് അമ്മത്തമുരാട്ടിയാൽ അയക്കപ്പെട്ട കരഭകൻ എന്ന ദൂതൻ വന്നു് രാജാവിനെ അറിയിച്ചു:—"ദേവി കല്പിക്കുന്നു. ഇന്നുമുതൽ നാലാമത്തെ ദിവസം എന്റെ ഉപവാസം കാലം കൂട്ടുകയാണു്. അതിനുതക്കവണ്ണം രാജധാനിയിലേയ്ക്കു് തിരിച്ചെത്തിയാൽ കൊള്ളാം" എന്നു്. ഇതു കേട്ടപ്പോൾ ദുഷ്യന്തൻ ധർമ്മസങ്കടത്തിൽപെട്ടു. ആശ്രമത്തിൽ വന്നു

ക്രിയാവിഘ്നം പരിഹരിക്കേണമെന്നു മഹർഷിമാർ പറയുന്നു; രാജധാനിയിലേയ്ക്കു തിരിച്ചുപോകണമെന്നു് അമ്മയും കല്പിക്കുന്നു; രണ്ടും അനുസരിക്കേണ്ടതാണു്; എന്താണിതിൽ ചെയ്യേണ്ടതു്—എന്നായി രാജാവിന്റെ വിചാരം. അദ്ദേഹം അല്പം ആലോചിച്ചു് മാധവ്യനോടു പറഞ്ഞു:—"സഖേ, അങ്ങയെ അമ്മമാർ പുത്രനെപ്പോലെയാണു് കരുതുന്നതു്. അതിനാൽ അങ്ങു് രാജധാനിയിലേയ്ക്കു പോയി ഞാൻ ഇവിടെ തപസ്വിജനങ്ങളുടെ കാര്യത്തിൽ ഏർപ്പെട്ടിരിക്കയാണെന്നുള്ള വിവരം അമ്മമാരെ ധരിപ്പിച്ചു് എന്റെ പ്രതിനിധിയായി പുത്രകൃത്യം അനുഷ്ഠിക്കണം."

വിദൂഷകൻ:—ശരി, രാജാനുജന്റെ സ്ഥാനം വഹിച്ചുകൊണ്ടു് ഞാൻ രാജധാനിയിലേയ്ക്കു പോയ്ക്കൊള്ളാം.

രാജാവു്:—തനിച്ചു പോകേണ്ട. നമ്മുടെ കൂടെ വന്നിട്ടുള്ള സൈനികന്മാർ മുതലായ പരിവാരങ്ങളേയും അങ്ങയോടൊരുമിച്ചയക്കാം. അവരൊക്കെ ഇവിടെ കെട്ടിപ്പാക്കുന്നതായാൽ തപോവനത്തിനു് ഉപദ്രവമാകും.

വിദൂ:—വളരെ നന്നായി. എന്നാൽ ഞാൻ ഇപ്പോൾ യുവരാജാവുതന്നെ ആയിത്തീർന്നു!

രാജാ:—(വിചാരം) മഹാത്മാവാണു് ഈ ബ്രാഹ്മണൻ. കരുപക്ഷേ ഈയാൾ എന്റെ ശകുന്തളാവിഷയത്തെക്കുറിച്ചു് അന്തഃപുരത്തിൽ വല്ലതും പൊട്ടിച്ചേയ്ക്കും. (വിദൂഷകന്റെ കൈപിടിച്ചു്) (പ്രകാശം) തോഴരേ, മഹർഷിമാരെക്കുറിച്ചുള്ള ഗൌരവത്താൽ മാത്രമാണു് ഞാൻ

ആശ്രമത്തിലേയ്ക്കു പോകുന്നതു്. താപസകന്യകയായ ശകുന്തളയിൽ സത്യമായും എനിക്കഭിലാഷമില്ല. അങ്ങു തന്നെ ആലോചിച്ചുനോക്കൂ. നാഗരികനായ ഞാൻ എവിടെ? മാൻകുട്ടികളോടൊത്തുവളർന്ന താപസകന്യകയെവിടെ? ഞാൻ നേരംപോക്കായി പറഞ്ഞതൊന്നും അങ്ങു നേരാണെന്നു വിചാരിക്കരുതു്.

വിദൂഷകൻ:— ഇല്ല. ഞാനങ്ങനെ വിചാരിച്ചിട്ടില്ല.

ദുഷ്യന്തൻ വിദൂഷകനേയും പരിവാരങ്ങളേയും രാജധാനിയിലേയ്ക്കു തിരിച്ചയച്ചു്, സാരഥിയെമാത്രം സഹായമായി കൂട്ടി കണ്വാശ്രമത്തിലേയ്ക്കു പ്രവേശിച്ചു. ആശ്രമത്തിൽ മഹാരാജാവെത്തീട്ടുണ്ടെന്നു് അദ്ദേഹത്തിന്റെ ഞാണൊലികേട്ടു് മനസ്സിലാക്കി. ക്രിയാവിഘ്നകാരികളായ രാക്ഷസന്മാർ ഭയപ്പെട്ടു് കഴിച്ചുപോകയും ചെയ്തു.

൩

ക്രിയാവിഘ്നം പരിഹരിക്കുക എന്നുള്ളതു് ദുഷ്യന്തന്റെ ആശ്രമവാസത്തിൽ പ്രധാന കാരണമായിരുന്നില്ല. ശകുന്തളയെക്കുറിച്ചുള്ള അഭിലാഷം നിറവേറുകയായിരുന്നു അദ്ദേഹം ആശ്രമവാസത്തിന്റെ പ്രയോജനമായി പരിഗണിച്ചതു്. ശകുന്തളയുടെ പേരിൽ ദുഷ്യന്തനുണ്ടായ അനുരാഗം പടിപടിയായി വർദ്ധിച്ചുവന്നു. കണ്വമുനി വലിയ തപസ്വിയാണെന്നും, ശകുന്തള സേച്ഛപോലെ പ്രവർത്തിപ്പാൻ സ്വാതന്ത്ര്യമുള്ളവളല്ലെന്നും

അദ്ദേഹത്തിനും നല്ലപോലെ അറിവുണ്ട്. എങ്കിലും അവളിൽ ആസക്തമായ ഹൃദയത്തെ പിൻവലിക്കുവാൻ അദ്ദേഹം ശക്തനായില്ല. ക്രിയകഠം നിർവ്വിഘ്നമായി കഴിഞ്ഞതിനുശേഷം മുനിമാർ കുറേനേരം വിശ്രമിച്ചുകൊള്ളുവാൻ രാജാവിനും അനുവാദം കൊടുത്തു. പക്ഷേ, ശകുന്തളാചിന്തയാൽ പരിശ്രാന്തമായ അദ്ദേഹത്തിന്റെ മനസ്സിനുണ്ടോ വിശ്രമം? ശകുന്തളയെ സന്ദർശിക്കുവാൻ എന്താണുപായമെന്നേ ദുഷ്യന്തന്റെ മനസ്സിൽ വിചാരമുണ്ടായുള്ളു. മഹർഷിമാരുടെ ക്രിയകഠം കഴിഞ്ഞു് പുറത്തുവന്നപ്പോഴേയ്ക്കും സമയം ഏതാണ്ടു് മദ്ധ്യാഹ്നമായി. വെയിൽ ഉഗ്രമായിത്തീർന്നു. ഈ സമയത്തു് ശകുന്തള സഖീജനങ്ങളോടുകൂടി, ലതാവലയങ്ങളാൽ നിബിഡമായ മാലിനീതീരത്തിൽ ഉണ്ടായിരിക്കുമെന്നു് അദ്ദേഹം ഊഹിച്ചു.

ഉടനെ രാജാവു് മാലിനീതീരത്തിലേക്കു് തിരിച്ചു് മാലിനീനദിയിലെ തിരമാലകളിൽത്തട്ടി താമരപ്പൂക്കളുടെ സൌരഭ്യത്തോടുകൂടി വീശുന്ന കാറ്റു് അദ്ദേഹത്തിനു നിർവൃതിയരുളി. അവിടെ ഇലഞ്ഞിമരങ്ങളാൽ ചുറ്റപ്പെട്ട ഒരു വള്ളിക്കുടിലിൽ ശകുന്തള ഇരിക്കുന്നുണ്ടാകുമെന്നു് വിചാരിക്കത്തക്ക ചില ലക്ഷണങ്ങഠം കാണുമാറായി. ആ വള്ളിക്കുടിലിന്റെ ദ്വാരത്തിലുള്ള വെളുത്ത മണലിൽ അപ്പോഠത്തന്നെ ആഠം നടന്നിട്ടുള്ള കാലടിപ്പാടുകഠം പതിഞ്ഞുകാണപ്പെട്ടു. ദുഷ്യന്തൻ അടുത്തുചെന്നു മരച്ചൊമ്പുകഠംമാറ്റി ഉള്ളിലേക്കു നോക്കിയപ്പോഠം അദ്ദേഹത്തിന്റെ കണ്ണുകഠംക്കു പരമാനന്ദം സിദ്ധി

ച്ചു. അതിനുള്ളിൽ, പുഷ്പങ്ങൾ വിരിച്ച ഒരു ശിലാപട്ടത്തിൽ കിടന്നുകൊണ്ടും ഇരുപുറവും സഖിമാരാൽ ശുശ്രൂഷിക്കപ്പെട്ടുകൊണ്ടും ശകുന്തള അദ്ദേഹത്തിനു കാണുമാറായി.

ഉഷ്ണം സഹിക്കാതെ അസ്വസ്ഥയായിത്തീർന്ന ശകുന്തളയെ സഖിമാർ താമരയിലകൊണ്ടു വീശിക്കൊണ്ടിരിക്കുന്നതാണു് ദുഷ്യന്തൻ കണ്ടതു്. വെയിൽകൊണ്ടുള്ള മൂടോ, അതോ പ്രേമവിഷയമായി മനസ്സിലുള്ള ഉണ്ണുമോ ഏതാണാവളെ അസ്വാസ്ഥ്യപ്പെടുത്തുന്നതെന്നു് രാജാവിനു സംശയമായി. അവളുടെ അസ്വാസ്ഥ്യത്തിന്റെ കാരണമെന്തെന്നു സഖിമാർ ചോദിച്ചു. ആദ്യം പറയാൻ മടിച്ചുവെങ്കിലും സഖീനിർബ്ബന്ധം സഹിക്കാതായപ്പോൾ ശകുന്തള പറഞ്ഞു: — "എപ്പോൾ തപോവനരക്ഷകനായ ആ രാജർഷി എന്റെ ദൃഷ്ടിയിൽപെട്ടുവോ അപ്പോൾ മുതൽക്കു് അദ്ദേഹത്തെപ്പറ്റിയുള്ള അഭിലാഷംകൊണ്ടു് ഞാൻ ഈ അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു." ഇതു കേട്ടപ്പോൾ ദുഷ്യന്തനുണ്ടായ സന്തോഷവും കൃതാർത്ഥതയും അവർണ്ണനീയമായിരുന്നു.

ശകുന്തളയുടെ അഭിലാഷത്തെ സഖിമാർ അനുമോദിച്ചു. പൌരവശ്രേഷ്ഠനായ ദുഷ്യന്തൻ തീച്ചയായും ശകുന്തളക്കു് അനുരൂപനാണെന്നു" അവർ അഭിപ്രായപ്പെട്ടു. പിന്നെ കൂട്ടം താമസിക്കാതേയും, ആരും അറിയാതേയും സഖിയുടെ മനോരഥം നിറവേറുന്നതിനുള്ള ഉപായത്തെക്കുറിച്ചായി അവരുടെ ആലോചന. ദുഷ്യന്തനു് ശകുന്തളയിലും അനുരാഗമുണ്ടെന്നും, തന്റെ അ

ഭിലാഷം നിറവേറായ്കയാൽ അദ്ദേഹവും അസ്വസ്ഥനായിട്ടാണിരിക്കുന്നതെന്നും സഖിമാക്ക് അറിവുണ്ട്. അതിനാൽ ഒരു പ്രേമലേഖനമെഴുതി അദ്ദേഹത്തിന്റെ കയ്യിലെത്തിച്ചാൽ കാര്യം സാധിക്കുമെന്നു് അവർ അഭിപ്രായപ്പെട്ടു. ശകുന്തളക്കും ആ അഭിപ്രായം രുചിച്ചു. ശകുന്തള ഒരു പുരികമുയർത്തി, പൂളകാങ്കിതമായ ഉടലോടുകൂടി, താമരയിലയിൽ നഖങ്ങളെക്കൊണ്ടു് ഒരു പ്രേമലേഖനമെഴുതിയുണ്ടാക്കി തോഴിമാരെ വായിച്ചുകേൾപ്പിച്ചു. അതു് ദുഷ്യന്തനെ അഭിസംബോധനംചെയ്തുകൊണ്ടുള്ള ഒരെഴുത്തായിരുന്നു. എഴുത്തു് വായിച്ചുകേട്ടപ്പോൾ, മരം മറഞ്ഞുനിന്നിരുന്ന ദുഷ്യന്തൻ പൊടുന്നനവേ ശകുന്തളയുടെ മുമ്പിലേക്കു് കടന്നുചെന്നു്, തനിക്കവളിലുള്ള അഭിലാഷത്തെ വിശദമായി ഗ്രഹിപ്പിച്ചു. സമയത്തിനു സമാഗമിച്ച രാജാവിനു് സഖിമാർ സ്വാഗതം പറഞ്ഞു. അവർ സൂചിപ്പിച്ച പ്രകാരം രാജാവു് ശകുന്തളയുടെ സമീപത്തിരുന്നു. സഖിമാർ വളരെ മറ്റിടയോടുകൂടി, "മഹാശയ, നിങ്ങൾക്കിരുവർക്കും തമ്മിൽ അനുരാഗമുണ്ടെന്നു പ്രത്യക്ഷമായി. സ്വദേശത്തു വസിക്കുന്ന ഒരാൾ ആപന്നാവസ്ഥയിലകപ്പെട്ടാൽ ആ ആളെ രക്ഷിക്കേണ്ടതു് രാജാവിന്റെ ധർമ്മമാണു്. അങ്ങയെത്തന്നെ ഉദ്ദേശിച്ചു് ഈ അവസ്ഥാന്തരത്തെ പ്രാപിച്ചിരിക്കുന്ന ഞങ്ങളുടെ സഖിയുടെ ജീവനെ അങ്ങു രക്ഷിക്കുമാറാകണം" എന്നു് പറഞ്ഞപ്പോൾ ശകുന്തള, "അന്തഃപുരനാരിമാരുടെ വിരഹംകൊണ്ടു് ഉൽക്കണ്ഠിതനായിരിക്കുന്ന രാജർഷിയെ ഉപദ്രവിക്കേണ്ട" എന്നു സഖിമാരോടു സാകൂതമാ

യി പറഞ്ഞു. അതുകേട്ട് അവർ, "രാജാക്കന്മാർക്ക് വളരെ ഭാഗ്യമാരുണ്ടാകുമെന്നു് കേട്ടിട്ടുണ്ട്. അതിനാൽ ഞങ്ങളുടെ പ്രിയസഖിയെക്കുറിച്ച് ബന്ധുജനങ്ങൾക്ക് വ്യസനിപ്പാനിടവരാത്തവിധം പ്രവർത്തിക്കണം" എന്നപേക്ഷിച്ചു. താനവളെ പട്ടമഹഷിയായി സ്വീകരിക്കുന്നതാണെന്നു് ദുഷ്യന്തൻ പ്രതിജ്ഞചെയ്കയും ചെയ്തു.

അനന്തരം പ്രിയംവദ, "അനസൂയേ! അതാ മാൻകുട്ടി അങ്ങുമിങ്ങും കണ്ണോടിച്ചുകൊണ്ട് അമ്മയെ അന്വേഷിച്ചു നടക്കുന്നു. വരൂ, അതിനെ അമ്മയുടെ അടുക്കൽ കൊണ്ടാക്കാം." എന്നു പറഞ്ഞുകൊണ്ട് സൂത്രത്തിൽ ആ വള്ളിക്കുടിലിൽനിന്നു പോയി. അനസൂയയും അവളോടൊരുമിച്ച് സ്ഥലംവിട്ടു. ശകുന്തളയും ദുഷ്യന്തനും തനിച്ചായി. സഖിമാരിരുവരും പോയതുകൊണ്ട് ശകുന്തള പരിഭ്രാന്തയായി അവിടെനിന്നു പോകുവാൻ ഭാവിച്ചു. ദുഷ്യന്തൻ അവളെ തടുത്തു. അപ്പോൾ, അവിനയം പ്രവർത്തിക്കരുതെന്നും താൻ സ്വതന്ത്രയല്ലെന്നും അവൾ അറിയിച്ചു. കാര്യം മനസ്സിലായാൽ കണ്വമഹർഷി കോപിക്കുകയില്ലെന്നു പറഞ്ഞു രാജാവ് അവളെ സമാധാനിപ്പിച്ചു. ഈ സമയത്തു് സഖിമാർ പുറത്തുനിന്നു്, "ഹേ ചക്രവാകീ, സഹചരനോടു് വിടവാങ്ങി പിരിഞ്ഞോളൂ. രാത്രി വന്നു കഴിഞ്ഞു" എന്നിങ്ങനെ പറയുന്നതു് ശകുന്തള കേട്ടു. അതിൽനിന്നു്, തന്റെ ശരീരസ്ഥിതി അന്വേഷിക്കുന്നതിനുവേണ്ടി ആര്യഗൌതമി വരുന്ന വിവരം ശകുന്തളക്കു മനസ്സിലായി. അവളുടെ

ഉപദേശപ്രകാരം ദുഷ്യന്തൻ സ്ഥലത്തുനിന്നു മാറി മരം മറഞ്ഞുകൊണ്ടു് നില്ക്കുകയും ചെയ്തു.

ആര്യഗൌതമി ശകുന്തളയുടെ അസ്വാസ്ഥ്യത്തെ പ്പറ്റി കേട്ടു് അവളുടെ ദേഹത്തിൽ തളിക്കുവാൻ ഉദ്ദേശകയും കൊണ്ടുവന്നുചേർന്നു. ആ വെള്ളം ശിരസ്സിൽ തളിച്ചു് ശകുന്തളയേയും കൂട്ടി ഗൌതമി ആശ്രമത്തിന്നകത്തേക്കു പോകുവാൻ പുറപ്പെട്ടു. ദുഷ്യന്തനുമായി പിരിഞ്ഞുപോകുവാൻ അവർക്കു തീരെ മനസ്സില്ലായിരുന്നു. നേരം സന്ധ്യയായതുകൊണ്ടും ഗൌതമി പറഞ്ഞതുകൊണ്ടും, "ഹേ സന്താപഹർത്രാവായ ലതാഗൃഹമേ, തൽക്കാലം ഞാൻ പോകട്ടെ. അടുത്തുതന്നെ വീണ്ടും വരാം." എന്നു് ദുഷ്യന്തൻ കേൾക്കത്തക്കവിധം വല്ലിക്കുടിലിനോടു് യാത്ര പറഞ്ഞു് വളരെ പ്രയാസപ്പെട്ടു് ഗൌതമിയോടും, സഖിമാരോടും കൂടി ആശ്രമത്തിലേക്കു പോയി.

ദുഷ്യന്തനാകട്ടെ തന്റെ അഭീഷ്ടം പരിപൂർണ്ണമായി സാധിക്കാത്തതുകൊണ്ടു് വിഷണ്ണനായിത്തീർന്നു. അദ്ദേഹം ശകുന്തള കിടന്നിരുന്ന ലതാഗൃഹത്തിൽ കാണപ്പെട്ട പുഷ്പശയ്യ, പ്രേമലേഖനം മുതലായവയെ നോക്കിക്കൊണ്ടു് കുറച്ചു സമയം കഴിച്ചുകൂട്ടി. അപ്പോഴേക്കും ആശ്രമത്തിൽ സന്ധ്യാസമയത്തെ യജ്ഞം ആരംഭിച്ചുമായി. വിഘ്നകാരികളായ രാക്ഷസന്മാരുടെ നിഴലുകൾ ഹോമപ്പുരയിൽ പതിഞ്ഞുകാണപ്പെട്ടതിനാൽ ആശ്രമവാസികൾ മഹാരാജാവിനെ ഉറക്കെ വിളിച്ചു. അദ്ദേഹം യജ്ഞരക്ഷക്കായി ആശ്രമത്തിനകത്തേക്കു പോകയും ചെയ്തു.

ദുഷ്യന്തമഹാരാജാവു് കുറേദിവസംകൂടി ആശ്രമത്തിൽത്തന്നെ താമസിച്ചു. അതിനിടയിൽ അദ്ദേഹം ഗാന്ധർവ്വവിധിപ്രകാരം ശകുന്തളയെ വിവാഹം കഴിക്കുകയും ചെയ്തു. മഹർഷിമാർ തുടങ്ങിയിരുന്ന ഇഷ്ടി എന്ന കർമ്മം നിർവ്വിഘ്നം അവസാനിച്ചതിന്നുശേഷം അവർ അദ്ദേഹത്തിന്നു നഗരത്തിലേയ്ക്കു തിരിച്ചുപോകുവാൻ അനുവാദം നല്കി. ശകുന്തളയെ പിരിഞ്ഞുപോകുന്നതിന്നു് വളരെ വൈമനസ്യം തോന്നിയെങ്കിലും നഗരത്തിൽ ചെന്നാൽ താമസിക്കാതെ അവളെ കൂട്ടിക്കൊണ്ടുപോകുവാൻ ആളുകളെ അയക്കാമെന്നു പറഞ്ഞു് ശകുന്തളയെ അദ്ദേഹം സമാധാനിപ്പിച്ചു. പിരിഞ്ഞുപോകുമ്പോൾ തന്റെ നാമാക്ഷരങ്ങൾ കൊത്തിയ മുദ്രമോതിരം ഊരി അദ്ദേഹം ശകുന്തളയുടെ വിരലിന്മേൽ അണിയിക്കുകയുണ്ടായി. മോതിരത്തിലെ ഓരോ അക്ഷരംവീതം ഓരോ ദിവസം എണ്ണിക്കൊണ്ടിരുന്നാൽ അക്ഷരങ്ങൾ അവസാനിക്കുമ്പോഴേയ്ക്കു ശകുന്തളയെ കൂട്ടിക്കൊണ്ടുപോകുവാനുള്ള ആൾ ആശ്രമത്തിൽ വന്നുചേരുമെന്നു് രാജാവു് അവളെ ബുദ്ധിമായി വിശ്വസിപ്പിച്ചു.

൪

പിന്നെ ദിവസങ്ങൾ കുറെകഴിഞ്ഞു. ശകുന്തള പതിവിരഹം നിമിത്തം പരിതപ്തഹൃദയയായി ചമഞ്ഞു. എല്ലാസമയത്തും അദ്ദേഹത്തെത്തന്നെ സങ്കല്പിച്ചു്, കൊത്തിവെച്ച പാവയെന്നപോലെ വല്ല സ്ഥലത്തും ഇരിക്കു

ഖാനല്ലാതെ ഒരു പ്രവൃത്തിയും ചെയ്യാൻ ശകുന്തള ശക്തയായില്ല. നല്ല സ്വബോധമില്ലാത്ത സ്ഥിതിയിലായി അവൾ. ഇങ്ങനെയിരിക്കുന്ന കാലത്തു് ഒരു ദിവസം ഒരു വിശേഷസംഭവമുണ്ടായി. കോപശീലനായ മഹർഷി ദുർവ്വാസസ്സു് കണ്വാശ്രമത്തിൽ അതിഥിയായി വന്നു. "ഇതാ ഞാൻ വന്നിരിക്കുന്നേ" എന്നദ്ദേഹം വിളിച്ചുപറഞ്ഞുവെങ്കിലും, ഭർത്തൃചിന്തയിൽ മുഴുകിയിരുന്ന ശകുന്തള ആ വിളി കേട്ടില്ല. ഈ സമയത്തു് സഖിമാരായ അനസൂയയും പ്രിയംവദയും പൂവുറുക്കുവാൻ പോയിരിക്കയായിരുന്നു. തന്നെ സ്വീകരിച്ചു സല്ക്കരിപ്പാൻ ആരേയും കാണാതിരുന്നപ്പോൾ ദുർവ്വാസസ്സു് കലശലായി കോപിച്ചു. അദ്ദേഹം ശകുന്തളയെ നോക്കിക്കൊണ്ടു്, "ആ! അതിഥിയെ അപമാനിക്കുന്നവളേ! നീ ആരെപ്പറ്റി വിചാരിക്കുകയാൽ തപോനിധിയായ ഞാൻ വന്നതു് അറിയാതിരിക്കുന്നുവോ ആ പുരുഷൻ, മാമ്മപ്പെടുത്തിയാൽക്കൂടി നിന്നെ കാക്കാതെ പോകട്ടെ." എന്നിങ്ങനെ ഘോരമായ ഒരു ശാപംകൊടുത്തു. ആ ശാപവചനവും ശകുന്തള കേൾക്കുകയുണ്ടായില്ല.

അതിഥിയായി വന്ന മഹർഷിയുടെ സ്വരംകേട്ടു് പ്രിയംവദയും, അനസൂയയും അദ്ദേഹത്തിന്റെ മുമ്പിൽ ഓടിയെത്തി. ശ്രുണ്ഠിക്കാരനായ ദുർവ്വാസസ്സാണു് അദ്ദേഹമെന്നു കണ്ടപ്പോൾ അവർക്കു വലിയ പരിഭ്രമമുണ്ടായി. അവർ എത്തിയപ്പോൾ മഹർഷി കോപിച്ചു് അതിവേഗത്തിൽ മടങ്ങിപ്പോകുന്നതാണു് കണ്ടതു്. പ്രിയംവദ മഹർഷിയുടെ കൂപ്പുമെന്നു് സൌമ്യവാക്കുകൾ പറഞ്ഞു് അ

ദ്ദേഹത്തോട്ട് ആശ്രമത്തിലേയ്ക്കുതന്നെ വരുവാൻ അപേക്ഷിക്കുകയും, തപസ്സിന്റെ പ്രഭാവം അറിഞ്ഞിട്ടില്ലാത്ത പാവപ്പെട്ട ശകുന്തളയുടെ പ്രഥമാപരാധത്തെ ക്ഷമിക്കേണമെന്നു് അപേക്ഷിക്കുകയും ചെയ്തു. മഹർഷിയാകട്ടെ, "ഞാൻ ഒരു വാക്കു പറഞ്ഞാൽ അതു മറിച്ചുകയില്ല. പക്ഷേ, ശാപത്തിനു് ഒരു മോചനോപായം പറയാം. അടയാളമായി എന്തെങ്കിലുമൊരു വസ്തു കാണിച്ചാൽ ശാപം തീരുകയും കാമ്പരികയും ചെയ്യും" എന്നിങ്ങനെ പറഞ്ഞു് അന്തർഹിതനായി. ഈ ശാപം ശകുന്തളയുടെ സഖിമാരെ അത്യന്തം വ്യസനിപ്പിച്ചു. എന്നാൽ ദുഷ്യന്തൻ നഗരത്തിലേയ്ക്കു പോകുമ്പോൾ തന്റെ പേരടയാളമുള്ള മുദ്രമോതിരം ശകുന്തളയുടെ കയ്യിൽ സ്മാരകമായി കൊടുത്തിട്ടുള്ളതുകൊണ്ടു് അദ്ദേഹത്തെ കാമ്പെടുത്തുവാൻ സാധിക്കുമെന്നു കരുതി അവർ സമാധാനിച്ചു. സരളഹൃദയയായ ശകുന്തള ഈ ശാപവൃത്താന്തം അറിഞ്ഞാൽ വളരെ വ്യസനിക്കുമെന്നു കരുതി അവർ അവിടെ നടന്ന സംഭവം ശകുന്തളയെ അറിയിക്കാതെ മറച്ചുവെച്ചു.

മഹാരാജാവു് നഗരത്തിലേയ്ക്കു പോകുമ്പോൾ പറഞ്ഞപ്രകാരം ശകുന്തളയെക്കൊണ്ടുപോകുവാൻ ആരേയും അയച്ചില്ല. കുലപതിയായ കണ്വമഹർഷിയോ ആശ്രമത്തിലുള്ള മറ്റാരെങ്കിലുമോ അറിയാതെയാണു് അദ്ദേഹം ശകുന്തളയെ പരിഗ്രഹിച്ചതു്. ശുദ്ധമായി നടന്ന ആ ഗാന്ധർവ്വവിവാഹം ശകുന്തളയുടെ സഖിമാർ രണ്ടുപേരും മാത്രമേ അറിഞ്ഞിട്ടുള്ളൂ. മഹർഷി ഈ വിവരം മനസ്സി

ലായാൽ എന്താണൊവോ വിചാരിക്കുക എന്നു കരുതി സഖിമാർ കഠിനമായി വ്യസനിച്ചു. പക്ഷെ, അവർ ശങ്കിച്ചതുപോലെയല്ലാ കാര്യം സംഭവിച്ചതു്. സോമതീർത്ഥത്തിൽനിന്നു് മടങ്ങിവന്ന കണ്വമഹർഷി അഗ്നിശാലയിൽ പ്രവേശിച്ചപ്പോൾ, "ഹേ തപോധന, അങ്ങയുടെ പുത്രിയെ ദുഷ്യന്തമഹാരാജാവു് വിവാഹം ചെയ്തിരിക്കുന്നു. അവളിപ്പോൾ ഗർഭിണിയാകയും ചെയ്തിരിക്കുന്നു. ഉള്ളിൽ അഗ്നിയുള്ള ശമി എന്നപോലെയാണു് ഇപ്പോൾ ശകുന്തളയുടെ അവസ്ഥ. അവൾ ഹേതുവായി ഭൂമിക്കു് മഹത്തായ ഐശ്വര്യമുണ്ടായിത്തീരും" എന്നൊരശരീരിവാക്കു് കേൾക്കുമാറായി. അതുകേട്ടു് സന്തുഷ്ടനായ കണ്വൻ ശകുന്തളയുടെ സമീപത്തു ചെന്നു്, "വത്സേ, ഹോമം ചെയ്യുന്ന യജമാനന്റെ ദൃഷ്ടി പുകകൊണ്ടു മൂടിയെങ്കിലും ആഹുതി അഗ്നിയിൽത്തന്നെയാണു വീണതു്. ഉത്തമനായ ശിഷ്യനിൽ സമർപ്പിക്കപ്പെട്ട വിദ്യയെന്നപോലെ നീ ഇപ്പോൾ അശോച്യയായിത്തീർന്നിരിക്കുന്നു" എന്നു പറഞ്ഞു് ശകുന്തളയെ അഭിനന്ദിച്ചു.

വിവാഹം കഴിഞ്ഞ കന്യകയെ പിതൃഗൃഹത്തിൽ പാർപ്പിക്കുന്നതു് ഉചിതമല്ലായ്കയാൽ ഉടൻതന്നെ കണ്വമഹർഷി ശകുന്തളയെ ദുഷ്യന്തമഹാരാജാവിന്റെ രാജധാനിയിലേയ്ക്കു പറഞ്ഞയയ്ക്കുവാൻ സന്നദ്ധനായി. ആശ്രമത്തിലുള്ളവരെല്ലാവരും ഉത്സാഹഭരിതരായി. പ്രിയംവദയ്ക്കും അനസൂയയ്ക്കുമുണ്ടായ സന്തോഷത്തിനതിരില്ല. അവർ ശകുന്തളയുടെ പ്രസ്ഥാനത്തിനുള്ള ഒരുക്കങ്ങൾ ചെയ്യാൻ തുടങ്ങി. ശകുന്തള സൂര്യോദയത്തിൽത്തന്നെ സ്നാനം

ചെയ്തു, താപസിമാരാൽ ആശീർവ്വദിയ്ക്കപ്പെട്ടവളായിട്ടു, പ്രിയസഖിമാരുടെ കൈകൊണ്ടു ചെയ്യപ്പെട്ട മംഗളാലംകരണത്തെ ബഹുമാനപൂർവ്വം സ്വീകരിച്ചു. തദവസരത്തിൽ ശകുന്തളയുടേയും, സഖിമാരുടേയും മിഴികളിൽനിന്നു് ബാഷ്പബിന്ദുക്കൾ ഒഴുകി. അപ്പോഴെയ്ക്കും തപോവനത്തിലുള്ള ദിവ്യവൃക്ഷങ്ങളിൽനിന്നു് സമ്മാനമായി ലഭിച്ച വെള്ളപ്പട്ടു്, കാലടികളിൽ പൂശുവാനുള്ള ചെമ്പഞ്ഞിച്ചാറു്, അവയവങ്ങളിൽ അണിയുവാനുള്ള പലാതരം ആഭരണങ്ങൾ മുതലായവ മുനികുമാരന്മാർ കൊണ്ടുവന്നു. ദിവ്യവൃക്ഷങ്ങളുടെ ഈ അനുഗ്രഹം ഭർത്തൃഗൃഹത്തിലുണ്ടാവാൻ പോകുന്ന ഭാഗ്യാനുഭവത്തെ സൂചിപ്പിക്കുന്നുവെന്നു പറഞ്ഞു് സഖിമാർ ശകുന്തളയെ ആശ്വസിപ്പിച്ചു; അപ്പോൾ അവൾക്കു ലജ്ജയാണുണ്ടായതു്. ആഭരണങ്ങളെക്കൊണ്ടു് അലംകൃതയായപ്പോൾ നിസർഗ്ഗസുന്ദരിയായ ശകുന്തള പൂർവ്വാധികം ശോഭിച്ചു.

ഈ അവസരത്തിൽ കണ്വമഹർഷി സ്നാനം കഴിഞ്ഞു് ശകുന്തളയുടെ വിവാഹം വിചാരിച്ചുണ്ടായ ഉൽകണ്ഠ അദ്ദേഹത്തിന്റെ ഹൃദയത്തെ തുടിപ്പിച്ചു; തൊണ്ട ഇടറി; കാഴ്ചമങ്ങി. കേവലം വനവാസിയായ തനിയ്ക്കു് വളർത്തുപുത്രിയായ ശകുന്തള ചേർപെട്ട പോകുമ്പോൾ ഇത്രത്തോളം വൈക്ലബ്യമുണ്ടാകുമെങ്കിൽ നിത്യഗൃഹസ്ഥന്മാരായ കന്യാപിതാക്കന്മാർക്കു് ഈദൃശസമയത്തു് എത്രതന്നെ സങ്കടമുണ്ടാകയില്ല എന്നു കണ്വൻ മനസ്സിൽ കരുതി. പരമാനന്ദം വഴിഞ്ഞൊഴുകുന്ന മിഴികളാൽ മകളെ തഴുകിക്കൊണ്ടു് കണ്വൻ അവളെ ആശീർവ്വദിച്ചു. പി

ന്നെ ഹോമം കഴിഞ്ഞ അഗ്നികളെ പ്രദിക്ഷണം ചെയ്തി
ച്ച്, ശാർഗ്ഗരവൻ മുതലായ ശിഷ്യന്മാരെ ശകുന്തളയു
ടെ കൂടുമിച്ചയക്കുവാൻവേണ്ടി വിളിക്കുകയും ചെയ്തു.

കണ്വൻ ആശ്രമസമീപത്തിൽ നില്ക്കുന്ന വൃക്ഷങ്ങ
ളെ സംബോധനചെയ്ത് പതിഗൃഹത്തിലേക്കു പുറപ്പെട്ട
ന്ന ശകുന്തളയ്ക്ക് അനുമതി കൊടുക്കുവാൻ അഭ്യർത്ഥിച്ചു.
വൃക്ഷങ്ങളിൽ കുടികൊള്ളുന്ന കയിലുകൾ തദവസരത്തിൽ
അനുജ്ഞാസൂചകമായ കൂജനം മുഴക്കി. മുനിജനങ്ങളെക്കു
റിച്ച് ഏറ്റവും അനുകമ്പയുള്ള തപോവനദേവതമാർ
ശകുന്തളയ്ക്കു പോകുവാനുള്ള മാർഗ്ഗം ശുഭാവഹമായി ഭവി
ക്കട്ടെ എന്നു് ആകാശവാണികളെക്കൊണ്ട് ആശീർവ്വാദം
നല്കി. വളരെക്കാലമായി സുഖദുഃഖങ്ങളിൽ പങ്കുകൊ
ണ്ട് കഴിഞ്ഞുപോരുന്ന പ്രിയസഖിമാരെ വിട്ടുപിരിയുന്ന
തിൽ ശകുന്തളയ്ക്കോ ശകുന്തളയെ മേർപെട്ടുപോകുന്ന
തിൽ അവക്കോ അധികം വ്യസനമുണ്ടായതെന്നു പറയു
വാൻ പ്രയാസം.

ശകുന്തള, സോദരീസ്നേഹത്തോടെ കരുതിവരുന്ന
വനലതകളോടു കാതരഭാവത്തോടുകൂടി യാത്രപറഞ്ഞു.
അവളുടെ പ്രിയസഹോദരിയായ നവമാലിക തേന്മാവി
ന്മേൽ പടർന്നുപിടിച്ചതുപോലെ അവളും അനുരൂപനായ
ഭർത്താവിനെ പ്രാപിച്ചതിൽ താൻ കൃതാർത്ഥനായിരിക്കു
ന്നുവെന്നു് കണ്വമഹർഷി അവളെ സമാധാനിപ്പിച്ചു.
"നവമാലികയെ ഞാൻ നിങ്ങളുടെ കയ്യിൽ രക്ഷിപ്പാനേ
ല്പിക്കുന്നു." എന്നു ശകുന്തള സഖിമാരോടു് പറഞ്ഞ
പ്പോൾ അവർ, "ഞങ്ങളെ നീ ആരുടെ കയ്യിലാണു്

ഏല്പിച്ചതു്?" എന്നു ചോദിച്ചു് കണ്ണീർപൊഴിച്ചു. സമാഹിതമിത്തയായ ശകുന്തള യാത്രപുറപ്പെട്ടു് കുറേനാഴം അടി നടന്നപ്പോഠം ഒരു മാൻകുട്ടി അവളുടെ ഉടുപുടവത്തുമ്പത്തു് പിടികൂടി. ആ മാൻ ശകുന്തളയുടെ വളർത്തുപുത്രനായിരുന്നു. അതിന്റെ മുഖത്തു് ദർഭമുനയേറു് മുറിയുണ്ടായപ്പോഠം ശകുന്തള കാടലെണ്ണ പുരട്ടി മുറിയുണക്കുകയും, പതിവായി ധാന്യം തിന്നാൻകൊടുത്തു് വളർത്തുകയും ചെയ്തിരുന്നു. അതിനെ ശകുന്തള നല്ലവാക്കുകഠം പറഞ്ഞു് സമാധാനിപ്പിച്ചു് കരഞ്ഞുംകൊണ്ടു് ആശ്രമത്തിൽനിന്നു പുറപ്പെട്ടു.

അല്പം വഴി പോയപ്പോഠം ഒരു സരസ്സിന്റെ തീരത്തിലെത്തി. അവിടെയുള്ള ഒരു ക്ഷീരവൃക്ഷത്തിന്റെ തണലത്തുനിന്നു് കണ്വമുനി ദുഷ്യന്തമഹാരാജാവിനു് എന്തൊരു സന്ദേശമാണു് പറഞ്ഞയയ്ക്കേണ്ടതെന്നു് ആലോചിക്കുകയായി. അല്പം ആലോചിച്ചതിനുശേഷം ശാർഗ്ങരവനെ വിളിച്ചു് പറഞ്ഞു:—"ശാർഗ്ങരവ, നീ ശകുന്തളയെ മുൻപിൽ നടത്തിച്ചെന്നു് ആ രാജാവിനോടു് എന്റെ വചനമായിട്ടു് ഇങ്ങനെ പറയണം— അല്ലയോ രാജാവേ, അങ്ങു് തപസ്വിയായ നമ്മേയും, ഉന്നതമായ സ്വന്തം കുലത്തേയും, ബന്ധുക്കളുടെ സാന്നിദ്ധ്യം കൂടാതെ നമ്മുടെ മകളെ വിവാഹം ചെയ്തതിനേയും നല്ലപോലെ ആലോചിച്ചിട്ടു ഇവളെ മാനുനിലയിൽ കൊണ്ടുനടത്തണം. അതിൽ കവിഞ്ഞുള്ളതൊക്കെയും ഇവളുടെ ഭാഗ്യമനുസരിച്ചിരിക്കും; അതു് ബന്ധുജനങ്ങഠം പറയേണ്ടതല്ല" ഇപ്രകാരം രാജാവിനു സന്ദേശം കൊടു

ത്തതിന്നുശേഷം മഹർഷി ശകുന്തളയെ സംബോധനചെയ്തു് അവൾക്കൊരുപദേശവും നല്കി:—"വത്സേ, നീ ഭർത്തൃഗൃഹത്തിൽ ചെന്നാൽ ഗുരുജനങ്ങളെ ശുശ്രൂഷിക്കണം; സപത്നിമാരോടു് പ്രിയസഖിമാരോടെന്നപോലെ പെരുമാറണം; ഭർത്താവു് അനിഷ്ടമായി വല്ലതും ചെയ്താൽക്കൂടിയും കോപിക്കുകയോ അദ്ദേഹത്തിന്നു പ്രതികൂലമായി പ്രവർത്തിക്കുകയോ ചെയ്യരുതു്; പരിജനങ്ങളിൽ ദാക്ഷിണ്യത്തോടുകൂടിയും ഭാഗ്യം വരുമ്പോൾ അഹങ്കാരത്തോടുകൂടാതേയും വർത്തിക്കണം; ഇങ്ങനെ നടന്നാൽ യുവതിമാർ നല്ല ഗൃഹണിമാരായി ഭവിക്കും; മറിച്ചു ചെയ്താൽ കുലത്തിന്നു് ആധിയുണ്ടാകുവാനാണു് ഇടയാവുക" മഹർഷിയുടെ ഈ ഉപദേശം വളരെ സമുചിതമായിട്ടുണ്ടെന്നു ശകുന്തളയോടൊപ്പം രാജധാനിക്കുപോകുന്ന ആയ്മഗൌതമി അഭിപ്രായപ്പെടുകയും, "മകളേ, അച്ഛന്റെ ഉപദേശം മനസ്സിരുത്തി ധരിച്ചോളൂ" എന്നു ശകുന്തളയെ ഗ്രഹിപ്പിക്കുകയും ചെയ്തു.

അതിന്നുശേഷം കണ്വമുനി തന്റെ മാമനമകളായ ശകുന്തളയെ വാത്സല്യത്തോടുകൂടി തഴുകിക്കൊണ്ടു്, പോകുവാൻ അനുവാദം നല്കി. "അച്ഛാ, അച്ഛന്റെ സമീപത്തുനിന്നു് പോയിട്ടു്, എങ്ങനെയാണു് ഞാൻ ദേശാന്തരത്തിൽ ജീവിതം നയിക്കുക?" എന്നു ശകുന്തള പറഞ്ഞപ്പോൾ കണ്വൻ അനുനയവചനങ്ങളെക്കൊണ്ടു് അവളെ ആശ്വസിപ്പിച്ചു. പിന്നെ ശകുന്തള സഖിമാരെ രണ്ടുപേരേയും കരുമിച്ചു് ആലിംഗനംചെയ്തു. തദവസരത്തിൽ അവർ പറഞ്ഞു:—"സഖീ, ആ രാജാവു് നിന്നെ

ക്കണ്ട് ആളെ തിരിച്ചറിവാൻ താമസിച്ചുപോയെങ്കിൽ അദ്ദേഹത്തിന്റെ പേർ കൊത്തിയ മുദ്രമോതിരം അടയാളമായി കാണിച്ചുകൊടുക്കുക." സഖിമാരുടെ ഈ സന്ദേഹവചനം ശകുന്തളയെ വിറകൊള്ളിച്ചു. സ്നേഹാതിശയം നിമിത്തമാണു്, അല്ലാതെ പ്രത്യേകം ഒരു കാരണവുമുണ്ടായിട്ടല്ല തങ്ങളിങ്ങനെ പറഞ്ഞതെന്നു് അവർ സമാധാനത്തോടെ പറഞ്ഞു.

ശകുന്തള:—അച്ഛാ, എന്നാണു് ഈ തപോവനത്തെ ഞാൻ വീണ്ടും കാണുക?

കണ്വൻ:—ദുഷ്യന്തമഹാരാജാവിന്റെ പട്ടമഹിഷിയായിരുന്നു്, പരാക്രമിയായ ഒരു പുത്രനെ പ്രസവിച്ചു്, പുത്രനിൽ കുടുംബഭാരം അർപ്പിച്ചതിനുശേഷം ഭർത്താവിനോടുകൂടി നിനക്കിനിയും ഒരു കാലത്തു് ഈ ആശ്രമത്തിൽ വരുവാൻ സാധിക്കും.

തപോവനത്തേയും പിതാവിനേയും മറും വിട്ടുപോകുന്നതിലുള്ള വ്യസനംകൊണ്ടു് പരിപീഡിതയായെങ്കിലും ശകുന്തള ഒരുവിധം സമാധാനപ്പെട്ടു് ഗൌതമിയോടും മുനിശിഷ്യന്മാരോടുംകൂടി ദുഷ്യന്തരാജധാനിയിലേയ്ക്കു പ്രയാണം ചെയ്തു. കണ്വൻ പ്രിയംവദയേയും അനസൂയയേയും പറഞ്ഞു സമാധാനിപ്പിച്ചു് ആശ്രമത്തിലേയ്ക്കു തിരിച്ചുപോകയും ചെയ്തു. അപ്പോഠം അദ്ദേഹത്തിന്റെ വിചാരം ഇങ്ങിനെയായിരുന്നു:—"കന്യക എന്നതു് അന്യന്റെ മുതലാണു്. അവളെ ഭർത്താവിന്റെ അടുക്കലേയ്ക്കു് അയച്ചതിനാൽ, സൂക്ഷിപ്പാനേല്പി

ച്ച ധനം തിരിച്ചുകൊടുത്താലെന്നപോലെ, എന്റെ അ
ന്തരാത്മാവു് കൃതാർത്ഥതയെ പ്രാപിച്ചിരിക്കുന്നു."

൭

തപസ്വിയായ ദുർവ്വാസസ്സു് ശകുന്തളയെ ശപിച്ച
തുകാരണം ദുഷ്യന്തമഹാരാജാവിന്നു് താൻ കണ്വാശ്രമ
ത്തിൽ ചെന്നു് ശകുന്തളയെ വിവാഹം ചെയ്തതും, അ
വിടെനിന്നു പോരുമ്പോഴം അവളെ കൂട്ടിക്കൊണ്ടുവരു
വാൻ ആളെ അയക്കാമെന്നു പറഞ്ഞതും മറവും കാമ്മയി
ല്ലാതെയായി. ഇന്ന വിധമെന്നു പറയുവാൻ വയ്യാത്ത
ഒരു വ്യാമോഹം രാജാവിന്റെ മനസ്സിനെ ആവരണം
ചെയ്തു. രാജധാനിയിൽവെച്ചു് ഹംസപദിക എന്ന സ്ത്രീ
പാടിയതും, പുതിയ പൂന്തേനിൽ കൊതി പൂണ്ടു് ഒരി
യ്ക്കൽ ചൂതമഞ്ജരിയെ ചുംബിച്ചതിനുശേഷം അതിനെ
മറന്നു് അന്യപുഷ്പത്തിൽ രസിക്കുന്ന ഒരു വണ്ടിനോടു
പറയുന്ന നിലയിലുള്ളതുമായ ഒരു ഗാനം ഒരിക്കൽ ദുഷ്യ
ന്തനു കേൾക്കുവാനിടയായി. അപ്പോഴം പ്രിയജനത്തോ
ടു വിരഹം ഭവിച്ചിട്ടില്ലാത്ത അദ്ദേഹത്തിന്റെ മന
സ്സിൽ ഏന്തോ ഒരുൽക്കണ്ഠ ഉള്ളതുപോലെ തോന്നി. എ
ന്തായിരിക്കാം ഇതിനു കാരണമെന്നു് എത്ര ആലോചി
ച്ചിട്ടും അദ്ദേഹത്തിനു മനസ്സിലായില്ല. അദ്ദേഹം പ
യ്യാകുലനായി ഇങ്ങനെ സമാധാനിച്ചു — "മനോഹരങ്ങ
ളായ വസ്തുക്കളെ കാണുകയും മധുരങ്ങളായ ശബ്ദങ്ങളെ
കേൾക്കുകയും ചെയ്താൽ മനോവിചാരത്തിനു് കാരണമി

ല്ലാത്ത മനുഷ്യനുപോലും ചിലപ്പോൾ അവാച്യമായ ഒരു വിഷാദം ഉണ്ടാകും. പൂർവ്വജന്മത്തിൽ അനുഭവിച്ചിട്ടുള്ളതും ഇജ്ജന്മത്തിൽ ഓർമ്മയില്ലാത്തതുമായ എന്തോ ചില സൌഹൃദബന്ധങ്ങളുടെ സ്മരണകൊണ്ടായിരിക്കാം ഇങ്ങനെ വരുന്നതു്."

ഒരു ദിവസം രാജാവു് ആസ്ഥാനസഭയിൽവെച്ചു് പതിവുപോലെ രാജ്യകാര്യങ്ങളെ വിചാരണചെയ്തു് ശ്രാന്തഭ്രാന്തത്തിൽപോയി വിശ്രമിപ്പാൻ തുടങ്ങിയപ്പോൾ ദ്വാരപാലകൻ വന്നു്, ഹിമവാൻ പർവ്വതത്തിന്റെ പരിസരത്തിലുള്ള തപോവനത്തിൽനിന്നു് കണ്വമഹർഷിയുടെ സന്ദേശം വഹിച്ചുകൊണ്ടു് ചില മുനിമാർ ചില സ്ത്രീകളോടുംകൂടി തിരുമുമ്പാകെ കാണുവാൻ വന്നിട്ടുണ്ടെന്നു് അറിയിച്ചു. അതു കേട്ടു് രാജാവു് പറഞ്ഞു:—"ഉപാദ്ധ്യായനായ സോമരാതന്റെ അടുക്കൽ ചെന്നു്, ആശ്രമവാസികളായ അവരെ വിധിപ്രകാരം സ്വീകരിച്ചുകൂട്ടിക്കൊണ്ടുവരുവാൻ ഞാൻ പറഞ്ഞതായി പറയു. മഹർഷിമാരെ കാണുവാൻ ഉചിതമായ അഗ്നിശാലയിൽവെച്ചു് ഞാനവരെ കണ്ടുകൊള്ളാം."

അനന്തരം രാജാവു് കണ്വാശ്രമത്തിൽനിന്നു വന്ന മുനിമാരെ കാണുന്നതിന്നായി അഗ്നിശാലയിലേയ്ക്കു് എഴുന്നള്ളി. അപ്പോഴേക്കും അഗ്നിശാല അടിച്ചു തെളിച്ചു മെഴുകി പരിശുദ്ധമാക്കപ്പെട്ടിരുന്നു. ശാലയുടെ ഉമ്മറത്തു് ഹോമത്തിന്നുവേണ്ട പാൽ കറക്കുന്നതിന്നുള്ള പശുവിനേയും കെട്ടിയിട്ടുണ്ടായിരുന്നു. അഗ്നിശാലയിലേക്കു പോകുമ്പോൾ രാജാവിന്റെ വിചാരം ഏതാണ്ടിപ്രകാരമായിരുന്നു—"മഹർഷിമാരുടെ തപസ്സിന്നു വല്ല വിഘ്നവും സം

ഭേച്ചിരിക്കുമോ? അതോ, തപോവനമാരികളായ പ്രാ
ണികളോടു് വല്ലവരും അകൃത്യം ചെയ്തിരിക്കുമോ? അതു
മല്ലെങ്കിൽ, എനിയ്ക്കു് പിണഞ്ഞിരിക്കാവുന്ന വല്ല ധർമ്മ
പ്പിഴവും കാരണം തപോവനത്തിലെ ലതകളിൽ പുഷ്പ
ങ്ങളും ഉണ്ടാകാതിരിക്കുമോ? എന്തുകാരണത്തിലായിരി
ക്കാം കണ്വമുനി എന്റെ അടുക്കലേക്കു ഋഷിമാരെ അ
യച്ചിരിക്കുന്നതു്?"

അനന്തരം ഗൌതമിയോടുകൂടിയവളും, മൂടുപടം
ധരിച്ചവളുമായ ശകുന്തളയെ മുൻനടത്തിക്കൊണ്ടു് ക
ണ്വശിഷ്യന്മാരായ മുനിമാരും, അവരുടെ മുമ്പിൽ ഉപാ
ദ്ധ്യായൻ സോമരാതനും, തണക്കാരൻ ശിപായിയും
കൂടി ദുഷ്യന്തമഹാരാജാവിന്റെ മുമ്പിലേക്കു പ്രവേശിച്ചു.
വിജനമായ തപോവനം മാത്രം കണ്ടു പരിചയിച്ചിട്ടുള്ള
ശാർങ്ഗരവനും രാജധാനിയിലെ ജനബാഹുല്യവും പ
രിഷ്കാരവും കണ്ടപ്പോൾ പുറം തീപിടിച്ച ഒരു ഗൃഹ
ത്തിൽ ചെന്നകപ്പെട്ടതുപോലെയാണു് തോന്നിയതു്. രാ
ജാവിന്റെ മുമ്പിലേയ്ക്കു ചെല്ലുമ്പോൾ ശകുന്തളയുടെ വ
ലത്തു കണ്ണു് അകാരണമായി ആടുകയുണ്ടായി. ഈ ദുർ
നിമിത്തത്തെപ്പറ്റി ശകുന്തള ഗൌതമിയോടു് പറഞ്ഞ
പ്പോൾ ആ വൃദ്ധതാപസി അവളെ ആശ്വാസവാക്കു
കളെക്കൊണ്ടു് സമാധാനിപ്പിച്ചു.

രാജപുരോഹിതനായ സോമരാതൻ തന്നാൽ വിധി
പ്രകാരം പൂജിക്കപ്പെട്ട മഹർഷിമാരെ രാജാവിന്റെ മു
മ്പിലേക്കു നയിച്ചു് അറിയിച്ചു — "ഇവർ ഇവിടെ അറി
യിക്കുന്നതിനും ഉപാദ്ധ്യായന്റെ ഒരു സന്ദേശവുംകൊ

ണ്ടു് വന്നിരിക്കയാണു്.'' മുനിശിഷ്യന്മാർ കൈകളുയത്തി രാജാവിനു് വിജയമാശംസിച്ചു. രാജാവു് എല്ലാവരേയും അഭിവാദ്യം ചെയ്തശേഷം മുനിമാർ ആശീർവ്വദിക്കയും ചെയ്തു. യഥോചിതമുള്ള കുശലപ്രശ്നങ്ങൾ കഴിഞ്ഞതിനുശേഷം ശാർങ്ഗരവൻ അറിയിച്ചു: — ''കുലപതിയായ കണ്വമഹർഷി അനാമയം ചോദിച്ചുകൊണ്ടു് അങ്ങയോടിങ്ങനെ പറയുന്നു.''

രാജാവു്: — എന്താണു് ഭഗവാൻ കല്പിക്കുന്നതു്?

ശാർങ്ഗ: — അങ്ങു് എന്റെ മകളായ ഇവളെ അന്യോന്യം സമയംചെയ്തു് വിവാഹം കഴിച്ചുവല്ലോ; ആ വിവാഹത്തെ നിങ്ങളുടെ പേരിൽ പ്രീതിയോടുകൂടി ഞാൻ സമ്മതിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങു് യോഗ്യന്മാരിൽവെച്ചു് അഗ്രഗണ്യനും ശകുന്തള അങ്ങയ്ക്കേറവും അനുരൂപയുമാണു്, അതുകൊണ്ടുതന്നെ. ആകയാൽ ഗർഭിണിയായിത്തീർന്നിരിക്കുന്ന ഇവളെ അങ്ങു് സഹധർമ്മചാരിണിയായി സ്വീകരിക്കണം.

ശകുന്തള: — (വിചാരം) ഇതു കേട്ടിട്ടു് എന്താണാവോ പറയുന്നതു്?

രാജാവു്: — എന്താണു് ഇപ്പറഞ്ഞതു്?

ശക: — മെന്തീക്കനൽത്തന്നെയാണു് ഈ ചോദ്യം.

ശാർങ്ഗ: — എന്താണെന്നോ! നിങ്ങൾതന്നെയാണല്ലൊ ലോകമര്യാദയെ അറിയുന്നവർ. ഭർത്തൃമതിയായ ഒരു സ്ത്രീ പതിവ്രതയായിരിക്കിലും പിതൃഗൃഹത്തിൽത്തന്നെ താമസിക്കുന്നതായാൽ മഹാജനങ്ങൾ മാറിദ്ധരി

ക്കും. അതിനാൽ ഭർത്താവിന്റെ സമീപത്തിൽത്തന്നെ കന്യകയെ താമസിപ്പിക്കേണമെന്നു് ബന്ധുക്കൾ വിചാരിക്കുന്നതു് യുക്തമാണല്ലൊ.

രാജാവു്:— അല്ല, ഈ സ്ത്രീയെ ഞാൻ വിവാഹം ചെയ്തുംകൂടി ചെയ്തുവെന്നാണോ പറയുന്നതു്?

ശകു:— (വിചാരം) ഹൃദയമേ, ഇപ്പോൾ നിനക്കു് ശങ്കിപ്പാൻ ധാരാളം കാരണമുണ്ടു്.

ശാർങ്ഗ:— എപ്പടി? ചെയ്ത കാര്യത്തെക്കുറിച്ചുള്ള വെറുപ്പോ, ധർമ്മമനുസരിക്കുന്നതിൽ വൈമുഖ്യമോ, നീ സ്വാന്തരെക്കുറിച്ചുള്ള അവജ്ഞയോ എന്താണു് ഈ മോടിച്ചതിനു കാരണം?

രാജാ:— എന്തിനാണിങ്ങനെ കാരോന്നു മനസ്സിൽ സങ്കല്പിച്ചു് മോടിക്കുന്നതു്?

ശാർങ്ഗ:— ഐശ്വര്യമദമുള്ളവരിൽ ഈ വികാരങ്ങൾ വർദ്ധിച്ചിരിക്കും.

രാജാ:— അധിക്ഷേപം കേമംതന്നെ.

ഇങ്ങനെ രാജാവും ശാർങ്ഗരവനും തമ്മിൽ സംസാരിക്കുമ്പോൾ ഗൌതമി, "മകളേ, കുറച്ചുനേരം ലജ്ജിക്കാതിരിക്കൂ. ഞാൻ നിന്റെ മൂടുപടമെടുക്കാം. എന്നാൽ ഭർത്താവിന്നു് ആളെ മനസ്സിലാകും." എന്നു പറഞ്ഞു് ശകുന്തളയുടെ മൂടുപടം നീക്കി. അപ്പോൾ ദൃശ്യമായ സൌന്ദര്യധാമം തന്നാൽ മുമ്പു പരിഗ്രഹിക്കപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നു തീർച്ചപ്പെടുത്തുവാൻ കഴിയാതെ രാജാവു് കുറച്ചുനേരം വിചാരമഗ്നനായി സ്ഥിതിചെയ്തു. എന്നിട്ടു പറഞ്ഞു:— "എത്ര ആലോചിച്ചിട്ടും ഈ സ്ത്രീ

യെ ഞാൻ സ്വീകരിച്ചതായി കാമ്മതോന്നുന്നില്ല. ഇവ ളാണെങ്കിൽ ഗർഭിണിയുമാണു്. ഈ സ്ഥിതിക്കു് ഞാനെ ങ്ങനെ സ്വീകരിക്കും?"

ശാർങ്ങഗ:—രാജാവേ, അങ്ങു് തൻറെ പുത്രിയെ ബലാൽക്കാരേണ പരിഗ്രഹിച്ചതിനു സമ്മതം നല്കിയ മഹർഷിയ്ക്കാണു് അബദ്ധം പിണഞ്ഞതു്. മോഷ്ടിച്ച മുതൽ കണ്ടിട്ടു് അതു കള്ളനുതന്നെ കൊടുക്കുന്ന കരാള ടെ അവസ്ഥയിലായി മഹർഷി.

ഈ സംഭാഷണം ഇങ്ങനെ നീട്ടിക്കൊണ്ടുപോക ന്നതു് മുനിശിഷ്യനായ ശാരദ്വതനു് അശേഷം രസി ച്ചില്ല. അദ്ദേഹം ശാർങ്ങഗരവനെ വിലക്കി ശകുന്തള യോടു പറഞ്ഞു:—"ശകുന്തളേ, ഞങ്ങൾ പറയേണ്ടതു പ റഞ്ഞു. മഹാരാജാവു് സമ്മതിക്കുന്നില്ല. അദ്ദേഹത്തെ വിശ്വസിപ്പിക്കുവാൻ തക്കവണ്ണം വല്ലതും പറയാനുണ്ടെ ങ്കിൽ പറയൂ." രാജാവിനു് മുമ്പുണ്ടായിരുന്ന അനുരാഗം ഈ അവസ്ഥാന്തരത്തിലെത്തിയ സ്ഥിതിക്കു് താൻ പറ യുന്നതുകൊണ്ടും പ്രയോജനമില്ലെന്നു് വിചാരിച്ചുവെങ്കി ലും, അവൾ പറഞ്ഞു:— "പൌരവ, മുമ്പു് ആശ്രമ ത്തിൽ വന്നു് ഋജുബുദ്ധിയായ ഈയുള്ളവളെ സമയം ചെയ്യുവതിച്ചിട്ടു് ഇപ്പോൾ ഇങ്ങനെ കാരോന്നു പറഞ്ഞു് നിരസിക്കുന്നതു് അങ്ങയ്ക്കു യുക്തമല്ല." അതുകേട്ടു് രാജാ വു് അവളുടെ പുറപ്പാടു് കലംകെടുത്തുന്നതിനും തന്നെ നരകത്തിൽ പതിപ്പിക്കുന്നതിനുമാണെന്നു് പറഞ്ഞു. "യഥാർത്ഥത്തിൽ ഞാൻ പരപരിഗ്രഹമാണെന്നു് ശങ്കി ച്ചാണു് അങ്ങു് ഇപ്രകാരം പറഞ്ഞതെങ്കിൽ അടയാളം കാണിച്ചു് ഞാനങ്ങയുടെ ശങ്കയെ പരിഹരിക്കാം." എ

ന്നു പറഞ്ഞു് ശകുന്തള മുദ്രമോതിരം കാണിച്ചുകൊടു
പ്പാൻ ഭാവിച്ചു. അപ്പോൾ അവളുടെ വിരലിൽ മോ
തിരം കാണപ്പെട്ടില്ല. വിഷാദത്തോടെ ശകുന്തള ഗൌ
തമിയുടെ മുഖത്തുനോക്കി. "ശക്രാവതാരതീർത്ഥത്തിന്റെ
നടുവിലുള്ള ശചീതീർത്ഥത്തെ വന്ദിക്കുമ്പോൾ മോതിരം
വിരലിന്മേൽനിന്നു് ഊരിപ്പോയിരിക്കും." എന്നു് ഗൌ
തമി അഭിപ്രായപ്പെട്ടു. ഈവക അടവുകൾ സ്ത്രീകൾ
സാധാരണ പ്രയോഗിക്കാറുള്ളതാണെന്നു് രാജാവു് പു
ഞ്ചിരിയോടുകൂടി പറഞ്ഞു. പിന്നീടു് ശകുന്തള രാജാ
വിന്നു് തന്റെ ഓർമ്മവരുന്നതിന്നുവേണ്ടി, തനിക്കും അ
ദ്ദേഹത്തിന്നുംമാത്രം അറിവുള്ളതായ ഒരു സംഭവം വിവ
രിച്ചു പറഞ്ഞു. അതിനേയും രാജാവു് വിശ്വസിച്ചില്ല.
എന്തു പറഞ്ഞിട്ടും അദ്ദേഹത്തിന്നു വിശ്വാസം വരുന്നി
ല്ലെന്നു കണ്ടപ്പോൾ ശകുന്തള കഠിനമായി കോപിച്ചു്
അദ്ദേഹത്തെ നോക്കി. അവളുടെ കോപം രാജാവിന്റെ
ഹൃദയത്തെ സന്ദിഗ്ധമാക്കിച്ചമച്ചുവെങ്കിലും അവൾ പറ
ഞ്ഞ കാര്യം തനിക്കൊരു വിധത്തിലും ഓർമ്മയുള്ളതല്ലെ
ന്നു പറഞ്ഞു് അദ്ദേഹം നിഷേധിക്കയാണു് ചെയ്തതു്.

അശരണയായിത്തീർന്ന ശകുന്തള പൂടവത്തുമ്പുകൊ
ണ്ടു് മുഖം മറച്ചു് കരയുവാൻ തുടങ്ങി. ആലോചനകൂടാ
തെ ചെയ്ത പ്രവൃത്തിയുടെ ഫലം ഇങ്ങനെ തന്നെയായി
രിക്കുമെന്നു് പറഞ്ഞു് ശാർങ്ഗരവൻ ശകുന്തളയെ അ
ധിക്ഷേപിച്ചു. മുനികുമാരന്മാർ പിന്നെ രാജസന്നിധി
യിൽ നില്ക്കാതെ മുഷിഞ്ഞ ഭാവത്തിൽ തിരിച്ചുപോകു
വാൻ തുടങ്ങി. ശകുന്തള പിന്നാലെ പോരുവാൻ ഭാവി

ച്ചപ്പോൾ ശാർങ്ഗരവൻ അവളെ തടഞ്ഞു. ശകുന്തള യുടെ സ്ഥിതി അങ്ങുമിങ്ങുമെല്ലാത്ത മട്ടിലായപ്പോൾ ഗൌതമി കഠിനമായി വ്യസനിച്ചു. ശാർങ്ഗരവനാകട്ടെ അവളെ ഉപേക്ഷിച്ചു് പോകുവാൻതന്നെയാണു് ഉറച്ചതു്. രാജാവു് പറഞ്ഞതുപോലെയാണു് കാര്യമെങ്കിൽ കുലംകെടുത്തിയ അവളെക്കൊണ്ടു് കുലപതിക്കു കാര്യമൊന്നുമില്ലെന്നും, അതല്ല വാസ്തവത്തിൽ അവൾ ചാരിത്രവതിയാണെങ്കിൽ ദാസ്യപ്പണി ചെയ്തിട്ടെങ്കിലും ഭർത്തൃഗൃഹത്തിൽത്തന്നെ താമസിക്കേണ്ടതാണെന്നും ശാർങ്ഗരവൻ ഖണ്ഡിതമായി പറഞ്ഞു. അശരണയായ മുനികുമാരിയെ ഉപേക്ഷിച്ചുപോന്നതു് ശരിയല്ലെന്നു് രാജാവും അഭിപ്രായപ്പെട്ടു.

മുനിശിഷ്യന്മാരും ഗൌതമിയും മറ്റും കൂടി രാജസന്നിധിയിൽനിന്നു് പുറത്തേയ്ക്കിറങ്ങി മടങ്ങിപ്പോകുവാൻ തുടങ്ങി. ശകുന്തള തന്റെ ഭാഗ്യക്ഷയത്തെ നിനച്ചു കൊണ്ടും കൈകൾ രണ്ടും പൊക്കി നിലവിളിച്ചുകൊണ്ടും കഠിനമായ സങ്കടത്തോടുകൂടി എങ്ങോട്ടെന്നില്ലാതെ നടന്നു. അങ്ങനെ പോയി അവൾ അപ്സരസ്തീർത്ഥത്തിങ്കൽ ചെന്നു ചേർന്നു. ആ തീർത്ഥം അപ്സരസ്ത്രീകളുടെ സാന്നിദ്ധ്യമുള്ള ഒരു ദിവ്യതീർത്ഥമാണു്. അവിടെ എത്തിയപ്പോൾ സ്ത്രീരൂപത്തോടുകൂടിയതായ ഒരു തേജസ്സു് ശകുന്തളയെ എടുത്തു് ആകാശത്തിലേക്കു പൊക്കിക്കൊണ്ടുപോയി അന്തർദ്ധാനം ചെയ്തു. ശകുന്തളയുടെ ദുരവസ്ഥകണ്ടു് സഹതാപം തോന്നിയ രാജപുരോഹിതൻ ഈ സംഭവം കണ്ടു് അത്ഭുതപ്പെട്ടു് വിവരം രാജാവിനെ

അറിയിച്ചു. പക്ഷേ, അദ്ദേഹത്തിന്നു കുലുക്കമൊന്നുമുണ്ടായില്ല. എന്നാൽ അതികഠിനമായ ഒരു വ്യസനം അദ്ദേഹത്തിന്റെ മനസ്സിനെ അലട്ടുവാൻ തുടങ്ങി.

ന്യ

ശകുന്തളയുടെ കൈവിരലിലുണ്ടായിരുന്ന മുദ്രമോതിരം കാണാതായതു് ശക്രാവതാരത്തിൽവെച്ചു് ശചീതീർത്ഥത്തെ വന്ദിക്കുമ്പോഴും ഊരിപ്പോയതിനാലായിരിക്കുമെന്നു് ഗൌതമി ഊഹിച്ചതു് വാസ്തവമായിരുന്നു. തപോവനത്തിൽനിന്നു രാജധാനിയിലേയ്ക്കു വരുന്ന വഴിയ്ക്കു് ശക്രാവതാരം എന്നൊരു തീർത്ഥസ്ഥലം കടക്കേണ്ടതുണ്ടു്; അവിടെയുള്ള ഒരു പുണ്യതീർത്ഥമാണു് ശചീതീർത്ഥം. ആ തീർത്ഥത്തിലിരങ്ങി കാലും മുഖവും കഴുകി തീർത്ഥത്തെ വന്ദിക്കുന്നതു് സൌഭാഗ്യത്തിന്നു നല്ലതാകയാൽ ആ വഴിയെ പോകുന്ന സകലജനങ്ങളും അതിനെ വന്ദിക്കുക പതിവുണ്ടു്. ശകുന്തളയും അപ്രകാരം വന്ദിക്കുകയുണ്ടായി. അവളുടെ ശരീരം വിരഹക്ലേശം കാരണം വളരെ മെലിഞ്ഞുപോയിരുന്നതിനാൽ രാജത്തമായ മോതിരം 'ഊരാംചാടി'യായിത്തീർന്നിരുന്നു. മനസ്സു സ്വാധീനമല്ലായ്കയാൽ മോതിരം ഊരിപ്പോയതു് തല്ക്കാലം അറിഞ്ഞില്ല. അതിനാലാണു് ആ മോതിരം അടയാളമായി ദുഷ്യന്തനെ കാണിപ്പാൻ സാധിക്കാതെ പോയതു്.

ശക്രാവതാരതീർത്ഥത്തിൽ ഊരിപ്പോയ മോതിരത്തെ ഒരു രോഹിതമത്സ്യം വിഴുങ്ങി. മത്സ്യബന്ധക

നായ ഒരു മുക്കുവൻ വലവിശിയപ്പോൾ ആ രോഹിതമത്സ്യം വലയിൽപ്പെട്ടു. അതിന്റെ വയറു കീറിയ സമയത്തു് രത്നോജ്ജ്വലമായ മുദ്രമോതിരം കണ്ടു് മുക്കുവന്റെ കണ്ണു മഞ്ഞളിച്ചു. അവൻ ആ മോതിരം വില്ക്കുന്നതിനുവേണ്ടി അങ്ങാടിത്തെരുവിലേക്കു കൊണ്ടുപോയി. രത്നവ്യാപാരികൾ മോതിരത്തിന്മേൽ രാജാവിന്റെ പേർ കൊത്തിയതായിക്കണ്ടു് സംശയിച്ചു. ഉടനെ വിവരം രക്ഷികളായ പോലീസ്സുകാരുടെ അറിവിൽപ്പെട്ടു. രണ്ടു പോലീസ്സുകാർ വന്നു് ആ മുക്കുവനെ പിടിച്ചു ഭേദ്യംചെയ്തു. രാജാവിന്റെ തിരുനാമം കൊത്തിയ മുദ്രമോതിരം എങ്ങിനെയാണു് അവന്റെ കയ്യിൽ വന്നതെന്നു് പോലീസ്സുകാർ ചോദിച്ചതിനു്, രോഹിതമത്സ്യത്തെ കീറിയപ്പോൾ അതിന്റെ വയറിൽനിന്നു മോതിരം കിട്ടിയതായി അവൻ മറുപടി പറഞ്ഞു. ഈ മറുപടി പോലീസ്സുകാർ വിശ്വസിച്ചില്ല. എത്ര ചോദിച്ചിട്ടും കൂടുതൽ വിവരമൊന്നും കിട്ടായ്കയാൽ രക്ഷികൾ മുക്കുവനെ ബന്ധനത്തിലാക്കി രാജാവിന്റെ മുമ്പിലേക്കു കൊണ്ടുപോയി. മോതിരം കണ്ടതോടുകൂടി ദുർവ്വാസസ്സിന്റെ ശാപം തീരുകയും, ശകുന്തളയെ സംബന്ധിച്ച സകല സംഗതികളും മഹാരാജാവിന്നു് ഓർമ്മവരികയും ചെയ്തു. മോതിരത്തിന്റെ ദർശനത്താൽ കുറച്ചുനേരം രാജാവു് ഉൽക്കണ്ഠിതനായിത്തീർന്നു. പിന്നെ അതുകൊണ്ടുവന്ന മുക്കുവന്നു് ആ മോതിരത്തിന്റെ വിലയോളംവരുന്ന പണം രാജാവു് സമ്മാനമായി കൊടുത്തു.

ശാപം നീങ്ങിയതോടുകൂടി ദുഷ്യന്തൻ ശകുന്തളയെ തിരസ്കരിച്ചതിനെക്കുറിച്ചു് പശ്ചാത്തപിക്കുവാൻ തുടങ്ങി മഹർഷിശിഷ്യന്മാർ ഗൌതമീസഹിതയായ ശകുന്തളയെ രാജധാനിയിൽ കൊണ്ടുവന്നു് കണ്വമുനിയുടെ സന്ദേശം കേൾപ്പിച്ചു് അവളെ സ്വീകരിപ്പാൻ പറഞ്ഞതും, താൻ അവളെ വിവാഹംചെയ്ത കഥ അറികയേ ഇല്ലെന്നു പറഞ്ഞു് തിരസ്കരിച്ചതും, ക്രൂരനായ തന്റെ നിരാകരണത്താൽ സാദ്ധ്വിയായ അവൾ സങ്കടപ്പെട്ടു നിലവിളിച്ചതും എല്ലാം ദുഷ്യന്തന്റെ മനസ്സിനെ അതികഠിനമായി ശല്യപ്പെടുത്തി. അദ്ദേഹത്തിന്നു് ഇരിപ്പാനും, നടപ്പാനും, കിടപ്പാനും, എന്നുവേണ്ട എന്തുചെയ്യുന്നതിന്നും ആഭിമുഖ്യമില്ലാതായി. തന്റെ ക്രൂരപ്രവൃത്തിയെപ്പറ്റിയുള്ള പശ്ചാത്താപവും ശകുന്തളയെക്കുറിച്ചുള്ള വിചാരവും മാത്രമല്ലാതെ മറ്റൊന്നും ദുഷ്യന്തന്റെ മനസ്സിൽ പ്രവേശിക്കാതെയായി.

വസന്തകാലം ആരംഭിച്ച സമയമായിരുന്നു. ദുഷ്യന്തന്റെ നഗരത്തിൽ കൊല്ലം തോറും വസന്തോത്സവം ആഡംബരത്തോടുകൂടി ആഘോഷിക്കുക പതിവുണ്ടു്. മഹാരാജാവു് മനസ്സുഖമില്ലാതിരിക്കകൊണ്ടു നിമിത്തം നഗരത്തിൽ ആരുംതന്നെ വസന്തോത്സവം ആഘോഷിക്കരുതെന്നു് വിളംബരം ചെയ്തു. രാജാവിന്റെ ഈ ആജ്ഞയെ പൌരന്മാർ മാത്രമല്ല പക്ഷിമൃഗാദികളായ തിര്യ്ഗ്ജീവികളും, വൃക്ഷലതാദികളായ സ്ഥാവരജീവികളും കൂടി അനുസരിച്ചു. തേന്മാവുകളിൽ പൂവിട്ട പൂമൊട്ടുകൾ വിരിയാതെ നിലവായി; കുരുക്കുത്തിമുല്ലകളിൽ ഊ

നിച്ച കാണപ്പെട്ട മൊട്ടുകൾ അങ്ങനെതന്നെ നിന്നു; ആൺകുയിലുകളുടെ കൂജനം കണ്ണത്തിൽത്തന്നെ തടഞ്ഞു നിന്നു; ഇങ്ങനെ ആകപ്പാടെ ഒരുന്മേഷവും സന്തോഷവുമില്ലാത്ത അവസ്ഥ ദുഷ്യന്തരാജധാനിയിൽ എങ്ങും നടമാടി. ശകുന്തളയെ നിരാകരിച്ചതിനുശേഷം ദുഷ്യന്തന്റെ സ്ഥിതി എങ്ങിനെയിരിക്കുന്നു, അദ്ദേഹത്തിന്റെ സ്ഥിതി എങ്ങനെയിരിക്കുന്നു, അദ്ദേഹത്തിനതിൽ പശ്ചാത്താപം തോന്നീട്ടുണ്ടോ എന്നറിയുന്നതിനുവേണ്ടി ശകുന്തളയുടെ മാതാവായ മേനക ചില അപ്സരഃസ്ത്രീകളെ നിയോഗിച്ചിട്ടുണ്ടായിരുന്നു. ദുഷ്യന്തന്റെ നഗരത്തിലുള്ള അപ്സരസ്തീർത്ഥത്തിൽ പതിവായി അപ്സരഃസ്ത്രീകൾ സാന്നിദ്ധ്യം ചെയ്യാറുണ്ട്. ഈ കൃത്യം അവർ ഊഴമിട്ടാണ് നടത്തിയിരുന്നത്. ഊഴപ്രകാരം ഒരു ദിവസം പ്രസ്തുത തീർത്ഥത്തിലേയ്ക്കുപോയ സാനുമതി, അംഗുലീയകം കണ്ടുകിട്ടിയതിനുശേഷം രാജാവിനു് ശകുന്തളാവൃത്താന്തം കാമ്മയുണ്ടായെന്നും, അപ്പോൾ മുതൽക്കു് അദ്ദേഹം പശ്ചാത്താപത്തിൽ മഗ്നനായിരിക്കയാണെന്നും, സന്തോഷകരങ്ങളായ വിഷയങ്ങളിൽ വിരക്തനായിത്തീരുകയാൽ അദ്ദേഹം നഗരത്തിലെ വസന്തോത്സവം ആഘോഷിക്കരുതെന്നു് കല്പിച്ചിട്ടുണ്ടെന്നും മനസ്സിലാക്കി.

ദുഃഖനിമഗ്നനായ ദുഷ്യന്തന്റെ അവസ്ഥ കഷ്ടാൽ കഷ്ടതരമായി പരിണമിച്ചു. പതിവുപ്രകാരം വസ്ത്രാഭരണങ്ങളെ ധരിക്കുവാൻ അദ്ദേഹത്തിനു പ്രീതിയില്ലാതായി. ഇടവിടാതെയുള്ള നെടുവീർപ്പുകൾകൊണ്ടു് അധരം വിവർണ്ണമായി. ചിന്തയും, നിദ്രാഹാനിയും കാരണം ക

ണ്ണുകഠം ഏറെവും തളർന്നു. ശകുന്തളയെത്തന്നെ ധ്യാനി
ക്കുക, അവളും താനുമായി ആശ്രമത്തിൽവെച്ചുണ്ടായ
സമാഗമങ്ങളെ സ്മരിക്കുക, ശകുന്തളയുടെ ചിത്രമെഴുതി
വിനോദിക്കുക മുതലായവ മാത്രമായി ദുഷ്യന്തന്റെ ദിന
ചര്യ. എപ്പോഴും വിട്ടുപിരിയാത്തവനും, ഫലിതരസി
കനുമായ മാഢവ്യൻ പോരോ നേരംപോക്കുപറഞ്ഞു ദുഷ്യ
ന്തനെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. ശകുന്തളയെക്കു
റിച്ചുള്ള പൂർവ്വവൃത്താന്തം മുഴുവനും തനിക്കറിഞ്ഞാൽ കാമ്മ
തോന്നുന്നുണ്ടെന്നും, അവളെ വിരാകരിച്ച സമയം ത
ന്നോടൊരുമിച്ചതന്നെ ഉണ്ടായിരുന്നവനും, സംഗതിക
ളെല്ലാം അറിയുന്നവനുമായ മാഢവ്യൻ എന്തേ തന്നെ
വിവരം കാമ്മപ്പെടുത്താതിരുന്നതെന്നും രാജാവ് ആ ന
മ്മസചിവനോട് കരിക്കൽ ചോദിച്ചു. അതിനദ്ദേഹം
പറഞ്ഞ മറുപടി ഇതായിരുന്നു — "ഞാനൊന്നും മറന്നി
ട്ടില്ല. പക്ഷെ ശകുന്തളയെക്കുറിച്ച് അങ്ങയ്ക്ക് യഥാർത്ഥ
ത്തിൽ അഭിലാഷമില്ലെന്നും, അവളെ വർണ്ണിച്ച് പറ
ഞ്ഞതെല്ലാം നേരംപോക്കാണെന്നും എന്നോട് പറകയു
ണ്ടായല്ലൊ. ബുദ്ധിഹീനനായ ഞാൻ അതു് അങ്ങനെ
തന്നെയാണെന്നു ഗ്രഹിച്ചുപോയി. അല്ലെങ്കിൽ വിധി
കല്പിതത്തിനു് എതിരുണ്ടോ?"

ശകുന്തളയെക്കുറിച്ചുള്ള വിചാരം ഉൽക്കടാവസ്ഥ
യിലെത്തിയ കാലത്തു് ദുഷ്യന്തൻ രാജ്യകാര്യങ്ങളിൽ ത
ന്നത്താൻ ഏർപ്പെട്ടിരുന്നില്ല. മന്ത്രിതന്നെ കാര്യവിചാ
രം ചെയ്യേണമെന്നും, പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം
പത്രത്തിലെഴുതി തന്നെ അറിയിച്ചാൽ മതിയെന്നുമാ

ണം മന്ത്രിക്കു കല്പന കൊടുത്തിരുന്നതു്. ഒരു ദിവസം പ്രധാനമായ ഒരു കാര്യത്തിൽ എങ്ങനെയാണു് തീർപ്പു് ചെയ്യേണ്ടതു് എന്നു് അമാത്യനു സംശയം വന്നു. കപ്പൽക്കച്ചവടക്കാരനും വലിയ ധനികനുമായ ധനമിത്രൻ കപ്പൽ മുങ്ങി മരണം പ്രാപിച്ചു. അദ്ദേഹത്തിനു സന്താനമില്ലതാനും. പിൻതുടച്ചുക്കു് അവകാശികളാരുമില്ലാത്ത ധനമിത്രന്റെ സമ്പത്തുക്കളെല്ലാം സർക്കാരിലേക്കു് ചേരേണ്ടതാണെന്നു് അമാത്യനു അഭിപ്രായമുണ്ടായി. ഈ കാര്യത്തിൽ തീർപ്പുകല്പിക്കുന്നതിനുവേണ്ടി അദ്ദേഹം വിവരം മഹാരാജാവിനെഴുതി അയച്ചു. അവിടനുണ്ടായ കല്പന ഇപ്രകാരമായിരുന്നു:—"ധനമിത്രൻ വലിയ ധനവാനാകയാൽ അദ്ദേഹത്തിനു വളരെ ഭാര്യമാർ ഉണ്ടായിരിക്കും. ഭാര്യമാരിൽ ആരെങ്കിലും ഗർഭിണിയായിട്ടുണ്ടോ എന്നു് അന്വേഷിക്കേണ്ടതാണല്ലൊ. ധനമിത്രന്റെ ഒരു ഭാര്യ പുംസവനം കഴിഞ്ഞിരിപ്പുണ്ടെന്നു് കേൾക്കുകയുണ്ടായി. എന്നാൽ ഗർഭസ്ഥയായ ശിശുവിന്നാണു് അച്ഛന്റെ മുതലിന്നവകാശം." ധനമിത്രന്റെ ഉമ്മരണത്തെപ്പറ്റി കേട്ടതിനുശേഷം ദുഷ്യന്തനു് ശകുന്തളയെ നിരാകരിച്ചതിനാലുള്ള വ്യസനം പതിന്മടങ്ങു വർദ്ധിച്ചു. "എനിയ്ക്കു സന്തതിയുണ്ടായിട്ടില്ല. രാജസിംഹാസനത്തിനു് അവകാശിയായ ഒരു പൗരസപുത്രൻ ശകുന്തളയിൽ ഉണ്ടായിക്കണ്ടാൽക്കൊള്ളാമെന്നു് ഞാൻ വളരെ ആഗ്രഹിച്ചിരുന്നു. എന്റെ സർവ്വമനോരഥങ്ങൾക്കും അവലംബമായ ആ ധർമ്മപത്നിയോടു് ഞാനിങ്ങനെ ക്രൂരത പ്രവർത്തിച്ചുവല്ലൊ" എന്ന വിചാരം ദുഷ്യന്തന്റെ

മനസ്സിനെ കലശലായി ശല്യപ്പെടുത്തി. മഹാരാജാവു് ശകുന്തളയെ സ്വീകരിക്കാതിരുന്നതു് മനസ്സിന്റെ വ്യാമോഹത്താലാണെന്നും, ആ വ്യാമോഹം മോതിരം കണ്ട തോടുകൂടി അകന്നുപോയെന്നും, അതിന്നുശേഷം അദ്ദേഹം പശ്ചാത്താപത്താൽ പരവശനായിരിക്കുന്നുവെന്നും, രാജധാനിയിലേയും, രാജസന്നിധിയിലേയും അവസ്ഥകഠം ഗൃഹസ്ഥപത്തോടുകൂടി കണ്ടറിഞ്ഞ സാനുമതി മനസ്സിലാക്കാതിരുന്നില്ല.

ഇങ്ങനെയിരിക്കെ പ്രസ്താവയോഗ്യമായ മറെറാരു സംഭവമുണ്ടായി സ്വർഗ്ഗലോകത്തിൽ ദേവശത്രുക്കളായ അസുരന്മാരുടെ ഉപദ്രവം അസഹ്യമായിത്തീരുകയാൽ അസുരസംഹാരത്തിന്നായി ദുഷ്യന്തമഹാരാജാവിനെ കൂട്ടിക്കൊണ്ടുവരുവാൻവേണ്ടി ദേവേന്ദ്രൻ തന്റെ തേരും കൊടുത്തു് സാരഥിയായ മാതലിയെ പറഞ്ഞയച്ചു. മാതലി രാജധാനിയിൽ വന്നപ്പോഠം രാജാവു് കഠിനമായ എന്തോ മനസ്സന്താപത്താൽ സ്വസ്ഥനല്ലാതിരിക്കുന്നതായിട്ടാണു് കാണപ്പെട്ടതു്. ആ സന്താപം പരിഹരിച്ചാൽ മാത്രമേ അദ്ദേഹത്തെ ദേവകാര്യത്തിന്നു കൊണ്ടുപോവാൻ സാധിക്കയുള്ളു എന്നും കരുതി മാതലി ഒരു സൂത്രം പ്രയോഗിച്ചു. അദ്ദേഹം അദൃശ്യരൂപത്തോടുകൂടി ചെന്നു്, മാഢവ്യനെ കടന്നുപിടിച്ചു് അത്യുന്നതമായ ഏഴുനിലമാളികയുടെ മുകളിലേയ്ക്കു് കൊണ്ടുപോയി. ഭീതനായ മാഢവ്യൻ, "രക്ഷിയ്ക്കണേ, രക്ഷിയ്ക്കണേ, ഇതാ ഒരു ഭൂതം എന്നെ പിടിച്ചു കൊല്ലുവാൻ ഭാവിക്കുന്നു." എന്നു് ഉറക്കെ നിലവിളി തുടങ്ങി. ഇതുകേട്ടപ്പോഠം രാ

ജാവിന്റെ മനസ്സിലുള്ള താപം കോപമായി മാറി "സ
വ്വ്രതത്തെപ്പോലും നിയന്ത്രാവായ നമ്മുടെ രാജധാനിയിൽ
അന്നെ ഭ്രതബാധയോ? കൊള്ളാം, ഈ ഭ്രതത്തെ ഇ
പ്പോഠത്തന്നെ ഒഴിപ്പിച്ചേക്കാം!!" എന്നു പറഞ്ഞു് ദുഷ്യ
ന്തൻ പ്രത്യേകതരത്തിലുള്ള ഒരസ്ത്രം വില്ലിൽതൊടുത്തു.
കൊല്ലേണ്ടവനെ കൊല്ലുകയും രക്ഷിക്കേണ്ടവനെ രക്ഷി
ക്കുകയും ചെയ്യുന്നതിനു മാത്രം ശക്തിവിശേഷമുള്ള അസ്ത്ര
മായിരുന്നു അതു്. രാജാവു് അസ്ത്രം തൊടുത്തപ്പോഠം
മാതലി ദിവ്യമായ സ്വന്തം രൂപമവലംബിച്ചു് പ്രത്യ
ക്ഷീഭവിച്ചു.

മാതലി: —ഞാൻ ദേവേന്ദ്രന്റെ സന്ദേശത്തോടുകൂ
ടി വന്ന മാതലിയാണു്.

രാജാവു്: —എന്താണു് മഹേന്ദ്രന്റെ സന്ദേശം?

മാതലി: —കാലനേമി മുതലായി ദുർജ്ജയന്മാർ എ
ന്നു കേൾവിപ്പെട്ട അസുരഗണങ്ങൾ സ്വർഗ്ഗലോകത്തെ
ഉപദ്രവിക്കുന്നു. അവരെ കൊല്ലുന്നതിനു് അങ്ങയെ
കൂട്ടിക്കൊണ്ടുവരുവാൻ ദേവേന്ദ്രൻ എന്നെ രഥത്തോടുകൂ
ടി അയച്ചിരിക്കയാണു്.

രാജാവു്: —ഞാൻ അനുഗ്രഹീതനായി. പക്ഷെ
ഒന്നു ചോദിച്ചോട്ടെ. അങ്ങു് സാധുവായ മാധവ്യനെ
എന്തിനാണിങ്ങനെ ഭയപ്പെടുത്തിയതു്?

മാതലി: —മറ്റൊന്നുമുണ്ടായിട്ടല്ല. എന്തോ കാര
ണത്താൽ അങ്ങയ്ക്കു് മനസ്സു സ്വാധീനമല്ലെന്നു് എനി
ക്കു തോന്നി. അതിന്റെ പരിഹാരത്തിനു് അങ്ങയെ

കോപിപ്പിക്കുന്നതാണു് ഉപായമെന്നു് ഞാൻ കണ്ടു. വല്ല കാരണത്താലും പരവശമായിത്തീർന്ന മനസ്സിനെ സ്വതേയുള്ള പ്രകൃതിയിലേയ്ക്കു കൊണ്ടുവരുന്നതിനു കോപമാണു് സിദ്ധൌഷധം.

മാതലിയുടെ വചനംകേട്ടു് മഹാരാജാവു് രാജ്യകാര്യങ്ങളെ അമാത്യനിൽ ഏല്പിച്ചു് ഒട്ടും താമസിക്കാതെ രഥാരൂഢനായി സ്വർഗ്ഗലോകത്തിലേയ്ക്കു് എഴുന്നള്ളി.

൭

ദുഷ്യന്തമഹാരാജാവു് സ്വർഗ്ഗത്തിൽ എത്തിച്ചേർന്നതിനുശേഷം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ദേവസൈന്യങ്ങൾ അസുരസൈന്യങ്ങളോടു് ഏറെനാളോളം അതിഘോരമായ ഒരു സമരം നടത്തി. അതിൽവെച്ചു്, വില്ലാളികളിൽ അഗ്രഗണ്യനായ ദുഷ്യന്തൻ ദുർജ്ജയന്മാരായ കാലനേമി തുടങ്ങിയ അസുരഗണങ്ങളെ നിഷ്ക്ലേശം സംഹരിച്ചു. വിജയലക്ഷ്മിയാൽ സ്വയം വരിക്കപ്പെട്ട ദുഷ്യന്തനെ, അതിസന്തുഷ്ടനായ ദേവേന്ദ്രൻ അർദ്ധാസനത്തിലിരുത്തി ബഹുമാനിക്കുകയും, തന്റെ കണ്ഠത്തിൽ ധരിച്ചിട്ടുണ്ടായിരുന്ന മന്ദാരപുഷ്പമാല അഴിച്ചു് താൻതന്നെ ദുഷ്യന്തന്റെ കഴുത്തിൽ അണിയിക്കുകയും ചെയ്തു. ദുഷ്യന്തന്റെ ബഹുമാനാർത്ഥമായി ദേവേന്ദ്രൻ വിളിച്ചുകൂട്ടിയ മഹാസഭയിൽ സകല ദേവന്മാരും സന്നിഹിതരായിരുന്നു. അവർ മഹാരാജാവിനു വിജയഘോഷങ്ങൾ മുഴക്കി. ദേവന്മാർ ദുഷ്യന്തന്റെ പരാക്രമാതിശയത്തെ

പുകഴ്ത്തിക്കൊണ്ടു് ദിവ്യഗാഥകളും വിരചിച്ചു് പാടുവാൻ തുടങ്ങി. ഇങ്ങനെ അനേകപ്രകാരത്തിൽ സല്ക്കരിച്ചു ബഹുമാനിച്ചതിനുശേഷം ദേവേന്ദ്രൻ മഹാരാജാവിനെ ഭൂമിയിലേയ്ക്കു് യാത്രയാക്കി. മാതലിയാൽ തെളിക്കപ്പെട്ട ഇന്ദ്രരഥത്തിൽ ആരോഹണംചെയ്തു് അദ്ദേഹം രാജധാനിയിലേയ്ക്കു മടങ്ങുകയും ചെയ്തു.

സപ്തർഷിമണ്ഡലത്തിനു കീഴ്പോട്ടിറങ്ങിയ ഇന്ദ്രരഥം പരിവഹമെന്നു പേരായ വായുമണ്ഡലത്തിൽ എത്തിച്ചേർന്നു. ആകാശത്തിൽ ഏഴു വായുമണ്ഡലങ്ങളും ഉള്ളതിൽ ഏഴാമത്തേതാണു് പരിവഹമണ്ഡലം. അതിൽക്കൂടെയത്രെ ആകാശഗംഗ പ്രവഹിക്കുന്നതു്. ഗ്രഹങ്ങളും, നക്ഷത്രങ്ങളും മുതലായ തേജോഗോളങ്ങളുടെ സഞ്ചാരവും പരിവഹത്തിലൂടെയാണു്. വിഷ്ണുഭഗവാൻ വാമനനായവതരിച്ചു് മൂന്നടികൊണ്ടു മൂന്നു ലോകങ്ങളേയും ആക്രമിച്ച സമയത്തു് രണ്ടാമത്തെ അടിയെച്ചതു് പരിവഹമെന്ന വായുമണ്ഡലത്തിലായിരുന്നുപോൽ.

പരിവഹമാർഗ്ഗത്തെ അതിക്രമിച്ചു് രഥം മേഘമാർഗ്ഗത്തിലേയ്ക്കു് ഇറങ്ങിയപ്പോൾ, പൂർവ്വാപരസമുദ്രങ്ങളെ മുട്ടിയില്ലെന്നതും, സ്വർണ്ണം ഉരുക്കിയൊഴിച്ചപോലെ വർണ്ണഭംഗിയുള്ളതും, സന്ധ്യകാലത്തെ മേഘമെന്നോണം ഭംഗിയുമായ ഹേമകൂടം എന്ന പർവ്വതം കാണുമാറായി. അതു് താപസന്മാർക്കു തപസ്സുചെയ്തു സിദ്ധിവരുത്തുവാൻ പറ്റിയ മഹാദ്രിയത്രെ. ബ്രഹ്മാവിന്റെ പുത്രനായ മരീചിയുടെ മകനും സുരാസുരഗുരുവുമായ മാരീചപ്രജാപതി

പത്നിയായ അദിതിദേവിയോടുംകൂടി ഹേമകൂടപർവ്വത ത്തിന്മേൽ തപസ്സുചെയ്തിരുന്നു. ഈ വിവരം മാതലി പറഞ്ഞറിഞ്ഞപ്പോൾ ദുഷ്യന്തനു് മാരീചമഹർഷിയെ വന്ദിച്ചിട്ടല്ലാതെ പോകുവാൻ പാടില്ലെന്നു തോന്നി. രാജാവിന്റെ നിർദ്ദേശപ്രകാരം മാതലി രഥം നിറുത്തുക യും രണ്ടുപേരും രഥത്തിൽനിന്നു് ഇറങ്ങുകയും ചെയ്തു. കാണുവാൻ എപ്പോഴാണു് സമയമെന്നറിയുന്നതിനുവേ ണ്ടി മാതലി ആശ്രമത്തിലേയ്ക്കു പോയി. അദ്ദേഹം മട ങ്ങിവരുന്നതു് നോക്കിക്കൊണ്ടു് ദുഷ്യന്തൻ ആശ്രമത്തി നുതൊട്ടുള്ള കരശോകവൃക്ഷത്തിന്റെ തണലിൽ വിശ്ര മിക്കുകയും ചെയ്തു.

ഈ സമയത്തു് ദുഷ്യന്തന്റെ വലത്തുകൈ വിറച്ചു. ഇതൊരു ശുഭലക്ഷണമാണെങ്കിലും തനിക്കു ശുഭമുണ്ടോ മെന്നു് അദ്ദേഹം വിശ്വസിച്ചില്ല. അപ്പോൾ ആശ്രമ ത്തിനുള്ളിൽനിന്നു് ഒരു ശബ്ദം കേൾക്കുമാറായി: — "അ രുതു്, വികൃതി കാണിക്കരുതു്". എന്തു്, സ്വന്തം പ്രകൃ തിയെത്തന്നെ പ്രാപിച്ചുവോ?" ശാന്തമായ ഈ ആശ്ര മത്തിൽ അവിനയത്തിനു സ്ഥാനമില്ല. എന്നിരിക്കെ ഈ കേട്ടതെന്താണെന്നു രാജാവിനു സംശയമായി ശബ്ദം കേട്ട സ്ഥലത്തേയ്ക്കു കണ്ണോടിച്ചപ്പോൾ അതിപരാക്രമി യായ ഒരു ബാലൻ, കളിക്കുവാൻവേണ്ടി തള്ളയുടെ മുല പകുതിമാത്രം കുടിച്ച ഒരു സിംഹക്കുട്ടിയെ പിടിച്ചുവലി ക്കുന്നതായി കണ്ടു. ഈ സാഹസോദ്യമത്തിൽനിന്നു് പിൻതിരിയുവാൻ രണ്ടു് താപസിമാർ ബാലനെ നിർ ബ്ബന്ധിക്കുന്നുണ്ടായിരുന്നു.

ബാലൻ: — വായപിളർക്കേ സിംഹമേ, ഞാൻ നിന്റെ പല്ലുകൾ എണ്ണി നോക്കട്ടെ.

ഒന്നാം താപസി: — അടക്കമില്ലാത്ത കുട്ടി, ഞങ്ങളുടെ മക്കളെപ്പോലെയുള്ള ജീവികളെ ഉപദ്രവിക്കുന്നുവോ? നിന്റെ കളി കാര്യമായിപ്പോകുന്നു. കാരണമാണോ ഋഷിമാർ നിനക്കു സർവ്വദമനനെന്നു പേരിട്ടതു്!

ഇതു കേട്ടിട്ടു് രാജാവിനു് ആ ബാലനിൽ കൗരസപുത്രനിലെന്നപോലെ സ്നേഹംതോന്നി. അപ്രകാരമുള്ള സ്നേഹത്തിനു കാരണമെന്താണെന്നു അദ്ദേഹത്തിനു മനസ്സിലായില്ല. താൻ അനപത്യനാകയാൽ വാത്സല്യം തോന്നുകയായിരിക്കാം എന്നദ്ദേഹം സ്വയം സമാധാനിച്ചു.

രണ്ടാം താപസി: — ഈ സിംഹക്കുട്ടിയെ നീ വിടാതിരുന്നാൽ ഇതിന്റെ തള്ളയായ കേസരിണി നിന്റെ മേക്കിട്ടു് കയറും.

ബാലൻ: — (ചിരിച്ചുകൊണ്ടു്) അയ്യോ എനിയ്ക്കു് വല്ലാത്ത പേടി തോന്നുന്നു — ബാലൻ ചുണ്ടു പിളർത്തുന്നു.

ഇതു കണ്ടു് രാജാവിനു വലിയ ബഹുമാനം തോന്നി. വെറും ഒരു പൊരിയുടെ രൂപത്തിലിരിക്കുന്ന അഗ്നിയെന്നപോലെ ഈ ബാലൻ മഹാപരാക്രമിയായി വരുവാൻ പോകുന്നവനാണെന്നു് അദ്ദേഹത്തിനു തോന്നി.

ഒന്നാം താപസി: — ഉണ്ണീ, ഈ കൊച്ചു സിംഹത്തെ വിട്ടേയ്ക്കു. നിനക്കു കളിപ്പാൻ മറെറാരു സാധനം തരാം.

"തന്നു, നോക്കട്ടെ" എന്നു പറഞ്ഞു് ബാലൻ കൈ നീട്ടി. അവന്റെ ഉള്ളൻകയ്യിൽ ചക്രവർത്തിലക്ഷണമായ രേഖകൾ കണ്ടു് ദുഷ്യന്തൻ അത്ഭുതപ്പെട്ടു. ബാലനു് മറ്റൊരു കളിസ്സാധനം കൊണ്ടുവരുവാനായി ഒന്നാം താപസി അവിടെനിന്നു പോയി. അപ്പോഴും ആ കൊച്ചുമിടുക്കൻ സിംഹക്കുട്ടിയെ വിട്ടില്ല. കുമാരന്റെ ഈ അവിനയം കണ്ടു് രാജാവിനു് അവനെക്കുറിച്ചു് കൂടുതൽ പ്രതിപത്തി തോന്നി. സിംഹക്കുട്ടിയെ വിടാതിരുന്നാൽ ബാലനു് വല്ല അപകടവും പിണഞ്ഞെങ്കിലോ എന്നു ശങ്കിച്ചു്, താപസി അടുക്കൽ ഇല്ലാത്ത രാജാവിനോടു് അതിനെ വിടുവിപ്പാൻ പ്രാർത്ഥിച്ചു. രാജാവു് അടുത്തുചെന്നു്, "അല്ലയോ മഹർഷി പുത്രാ, നീ ഇങ്ങിനെ ആശ്രമധർമ്മത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നതെന്താണു്?" എന്നു ചോദിച്ചു.

താപസി:—മഹാനുഭാവ, ഈ ബാലൻ ക്ഷത്രിയകുമാരനല്ല.

രാജാവു്:—ക്ഷത്രിയകുമാരനല്ലെന്നു് ഇവന്റെ ആകൃതിയും, പ്രവൃത്തിയും തന്നെ സൂചിപ്പിക്കുന്നുണ്ടു്. ഈ സ്ഥലത്തായതുകൊണ്ടു് ഞാനങ്ങനെ സംശയിച്ചതാണു്.

താപസി പറഞ്ഞതനുസരിച്ചു് രാജാവു് സിംഹക്കുട്ടിയെ കുമാരന്റെ പിടിയിൽനിന്നു വിടുവിക്കുവാൻ ശ്രമിച്ചു. രാജാവിന്റേയും ബാലന്റേയും ആകൃതി സാമ്യം കണ്ടു് താപസി വിസ്മയപ്പെട്ടു. രാജാവിനെ പരിചയമില്ലെങ്കിലും അദ്ദേഹം പറഞ്ഞതുപോലെ ചെയ്യാൻ ബാലൻ സമ്മതിച്ചു.

രാജാവു്: —(താപസിയോടു്) ആര്യേ, ഇവൻ മുനികുമാരനല്ലെങ്കിൽ ഏതു വംശത്തിൽ പിറന്നവനാണു്?

താപസി: —പൂരുവംശത്തിൽ

രാജാ: —പൂരുവംശത്തിലെ ക്രൂരശീലയിനെ ഇവിടെച്ചു പ്രസവിക്കുവാൻ കാരണമില്ല. ഇതു മനുഷ്യരുടെ ശിശുവല്ലല്ലൊ.

താപസി: —ഇവന്റെ അമ്മ കരസ്സരഃസ്ത്രീയാകയാൽ ദേവഗ്രഹമായ മാരീചമുനിയുടെ ഈ ആശ്രമത്തിൽ ഇവനെ പ്രസവിപ്പാനിടയായി.

രാജാവു്: —(കുറെക്കൂടി ആശയോടെ) ആ അപ്സരഃസ്ത്രീ ഏതു രാജർഷിയുടെ പത്നിയാണു്.

താപസി: —ആരാണു് ധർമ്മപത്നിയെ പരിത്യജിച്ച ആളുടെ പേർ പറയുക.

പറഞ്ഞുപറഞ്ഞു് ഈ കഥ തന്നിലേയ്ക്കുതന്നെ അധികമധികം അടുക്കുന്നതായി ദുഷ്യന്തനു തോന്നി. അപ്പോഴെയ്ക്കും കുമാരനു കളിപ്പാനുള്ള ക്രൂരസാധനം കൊണ്ടുവരുവാൻ പോയ താപസി കളിമണ്ണുകൊണ്ടുണ്ടാക്കിയ ക്രൂരമയിലിനേയുംകൊണ്ടു് ബാലന്റെ സമീപത്തിൽ എത്തിച്ചേർന്നു. ആ താപസി നോക്കിയപ്പോൾ ബാലന്റെ കയ്യിന്മേൽ രക്ഷാത്മാമായിക്കെട്ടിച്ചിരുന്ന തകിടു കണ്ടില്ല. സിംഹക്കുട്ടിയെപ്പിടിച്ച മട്ടിച്ച സമയത്തു് അതു കയ്യിന്മേൽനിന്നു അഴിഞ്ഞു് നിലത്തു വീണിരുന്നു. ദുഷ്യന്തൻ അതെടുപ്പാൻ ഭാവിച്ചപ്പോൾ താപസിമാർ, "അരുതു് അതെടുക്കേണ്ട. അതു് അപരാജിത എന്നു

പേരുള്ള ഔഷധിയാകുന്നു. കുമാരന്റെ ജാതകസമയത്തു് ഭഗവാൻ മാരീചൻ രക്ഷാർത്ഥമായി കെട്ടിച്ചതാണതു്. ഇതു നിലത്തു വീണാൽ അച്ഛനമ്മമാക്കോ തനിയ്ക്കോ മാത്രമല്ലാതെ മറ്റാർക്കും തൊടുവാൻ പാടില്ല. തൊട്ടുപോയാൽ അതു് സപ്പുമായി ചമഞ്ഞു് കൊത്തിക്കളയും" എന്നരുപറഞ്ഞു.

ദുഷ്യന്തൻ ആ ഔഷധി നിലത്തുനിന്നെടുത്തപ്പോഠം അതു സപ്പുമായി ചമഞ്ഞതുമില്ല; അദ്ദേഹത്തെ കൊത്തിയതുമില്ല. ഈ സംഭവംകണ്ടു് ദുഷ്യന്തൻതന്നെയായിരിക്കാം ഈ മഹാനുഭാവൻ എന്നൂഹിച്ചു് ഈ വൃത്താന്തം ശകുന്തളയെ അറിയിക്കുന്നതിന്നായി താപസിമാർ അകത്തേക്കു പോയി. രാജാവു് കുമാരനെ ആലിംഗനം ചെയ്തുകൊണ്ടു് അവിടത്തന്നെ നിന്നു.

ബാലൻ:—വിടു എന്നെ. ഞാൻ അമ്മയുടെ അടുത്തേയ്ക്കു പോകട്ടെ.

രാജാവു്:—കാമനമകനേ! എന്നോടൊരുമിച്ചതന്നെ അമ്മയെ കാണാം.

ബാലൻ:—എന്റെ അച്ഛൻ ദുഷ്യന്തനാണു്. താനല്ല.

രാജാവിന്റെ മുഖത്തു് ഒരു ചെറുപുഞ്ചിരി ഉളവായി. അപ്പോഴെക്കും വിവരം ധരിച്ചു് ശകുന്തള അവിടെ എത്തിച്ചേർന്നു. സർവ്വദമനന്റെ കയ്യിൽനിന്നു വീണ ഔഷധിയെ എടുത്തിട്ടു യാതൊരപകടവും പിണയാതിരുന്ന പുരുഷൻ തന്റെ പ്രിയനായ ദുഷ്യന്തൻതന്നെയാ

യിരിക്കുമെന്നു് ശകുന്തള ഊഹിച്ചിരുന്നു. അദ്ദേഹം തന്നെ സ്വീകരിക്കാതെ തള്ളിക്കളഞ്ഞതിനുശേഷം പശ്ചാത്താപത്താൽ പരവശനായിച്ചമഞ്ഞ വിവരം സാനുമതി പറഞ്ഞു് ശകുന്തള അറിഞ്ഞിട്ടുണ്ടായിരുന്നു. ശകുന്തളയും ദുഷ്യന്തനും സങ്കടാനുഭവംകൊണ്ടു് വലിയ അവസ്ഥാന്തരത്തെ പ്രാപിച്ചിരുന്നു, ഒറ്റ നോട്ടത്തിൽ ആളെ തിരിച്ചറിവാൻതന്നെ അവക്കു പ്രയാസമായി വന്നു.

ബാലൻ:—(അമ്മയുടെ അടുത്തുചെന്നു്) അമ്മേ. ഇതാ അന്യനായ ഏതോ ഒരുവൻ എന്നെ മകനേ എന്നു വിളിക്കുന്നു. ആരാണിതു്?

ശകുന്തള:—ഉണ്ണീ, നിന്റെ ഭാഗ്യങ്ങളോടു ചോദിക്കൂ.

ദുഷ്യന്തനും ശകുന്തളയും തമ്മിൽ കണ്ടപ്പോൾ അവക്കുണ്ടുപേക്ഷിതമുണ്ടായ വികാരങ്ങളും വർണ്ണിച്ചൊപ്പിക്കുവാൻ പ്രയാസമുണ്ടു്. താൻ ശകുന്തളയോടു് ക്രൂരതയാണു് പ്രയോഗിച്ചതെങ്കിലും അതു് ആ ദിനത്തിൽ അനുകൂലമായി പരിണമിച്ചതോർത്തു് ദുഷ്യന്തൻ സമാധാനിച്ചു. അദ്ദേഹത്തിന്റെ മനസ്സിൽ ആദ്യം തോന്നിയിരുന്ന മാത്സര്യം ഇപ്പോൾ അനുകമ്പയായി പരിണമിച്ചതിൽ ശകുന്തളയും ആശ്വസിച്ചു. രാജാവു് ശകുന്തളയുടെ കാൽക്കൽ വീണു് ക്ഷമാപണംചെയ്തു. ശകുന്തള അദ്ദേഹത്തെ എഴുന്നേൽപ്പിച്ചു്, അദ്ദേഹം തന്നെ സ്മരിക്കാതിരുന്നതു് തന്റെ സുകൃതക്ഷയംകൊണ്ടാണെന്നു പറഞ്ഞു് സമാധാനിപ്പിച്ചു. തന്റെ വിരലിൽ ധരിച്ചിരു

ന്നതും കൈമോശം വന്നുപോയതുമായ മുദ്രമോതിരം ഭർത്താവിന്റെ കയ്യിൽ കണ്ടു, അതെങ്ങിനെ കിട്ടി എന്നു് ശകുന്തള ചോദിച്ചു. അതു് തന്റെ കൈവശം കിട്ടിയ വിവരവും, അതു കിട്ടിയതിനുശേഷമാണു് തനിയ്ക്കു പൂർവ്വസ്മരണയുണ്ടായതെന്നുള്ള വാസ്തവവും രാജാവു് ശകുന്തളയെ പറഞ്ഞു ധരിപ്പിച്ചു.

ഈ സമയത്തു് മാതലി വന്നു, ഭഗവാൻ മാരീചൻ രാജാവിനു ദർശനം തരുവാൻ തയ്യാറായിരിക്കുന്ന വിവരം അറിയിച്ചു. രാജാവു് ശകുന്തളയേയും പുത്രനേയും കൂട്ടി അദിതിസമേതനായ മഹർഷിയുടെ മുമ്പിൽചെന്നു ഭക്തിവിനയങ്ങളോടുകൂടി വന്ദിച്ചു. മാരീചൻ രാജാവിനെക്കണ്ടു, "ഇദ്ദേഹം നിന്റെ പുത്രനായ ഇന്ദ്രനു് യുദ്ധത്തിൽ മുൻനിന്നു സഹായിച്ചവനും, വില്ലാളികളിൽവെച്ചു് അഗ്രഗണ്യനുമായ ദുഷ്യന്തചക്രവർത്തിയാണു്" എന്നു് അദിതിദേവിയ്ക്കു പരിചയപ്പെടുത്തി. മാരീചനും അദിതിയും പുത്രനിവ്വിശേഷമായ വാത്സല്യത്തോടുകൂടി ദുഷ്യന്തനെ കടാക്ഷിച്ചു. ദുഷ്യന്തൻ അവരെ രണ്ടുപേരേയും തമ്മിൽ പേർ പറഞ്ഞു് അഭിവാദ്യം ചെയ്കയും, അവർ യഥോചിതം ആശീർവ്വദിക്കുകയും ചെയ്തു. തുടർന്നുകൊണ്ടു് പുത്രസമേതയായ ശകുന്തളയും ഗുരുജനങ്ങളെ വന്ദിച്ചു. അവർ ദുഷ്യന്തനേയും, ശകുന്തളയേയും, പുത്രനേയും ആനന്ദസല്ലാപംചെയ്തു് ബഹുമാനിച്ചു.

രാജാവു്:—ഭഗവൻ, ഈ ശകുന്തളയെ ഞാൻ ഗാന്ധർവ്വവിധിപ്രകാരം വിവാഹം ചെയ്തു. അല്പം കഴിഞ്ഞ

തിന്നുശേഷം ബന്ധുക്കൾ ഇവളെ എന്റെ സമീപത്തിൽ കൊണ്ടുവന്നു. അപ്പോൾ കാമ്മക്കേടുകാരണം ഞാനിവളെ സ്വീകരിക്കാതെ നിരാകരിച്ചുപോയി. ഇങ്ങനെ ഇവിടുത്തെ ഗോത്രത്തിൽ പിറന്ന കണ്വമഹർഷിയോടു് ഞാൻ അപരാധിയായിവന്നു. പിന്നീടു് മുഹൂർത്തം കണ്ടതിന്നുശേഷമാണു് എനിക്കു ശകുന്തളയെ വിവാഹംചെയ്ത കഥ കാമ്മവന്നതു്. ആയതിനെ പ്രത്യക്ഷമായി കണ്ടപ്പോൾ അതാനയല്ലെന്നു സംശയിക്കുകയും പിന്നീടതിന്റെ കാലടി പതിഞ്ഞതുകണ്ടു് ആനയാണെന്നു തീർച്ചമാനിക്കുകയും ചെയ്യുന്നതുപോലെയായി എന്റെ അവസ്ഥ.

മാരീചൻ: — ഉണ്ണീ, ഇക്കാര്യത്തിൽ നിനക്കപരാധമൊന്നും പിണഞ്ഞിട്ടില്ല. നിന്നാൽ നിരാകരിക്കപ്പെട്ട ശകുന്തളയെ മേനക അപ്സരസ്തീർത്ഥത്തിങ്കൽനിന്നു് എടുത്തു് അദിതിയുടെ അടുക്കൽ കൊണ്ടുവന്ന സമയത്തുതന്നെ ഞാൻ ധ്യാനദൃഷ്ടികൊണ്ടു് ദുർവ്വാസസ്സിന്റെ ശാപം നിമിത്തമാണു് അങ്ങിവളെ സ്മരിക്കാതെ പോയതെന്നു കണ്ടറിഞ്ഞു.

രാജാവു്: — (നെടുവീർപ്പിട്ടു്) എന്നാൽ ഞാൻ അപവാദത്തിൽനിന്നു് വിമുക്തനായി.

ശകുന്തള: — ഭാഗ്യവശാൽ അപവാദംകൂടാതെ കഴിഞ്ഞുവല്ലൊ. ദുർവ്വാസസ്സു് ശാപം നല്കിയതായി ഞാനോർക്കുന്നില്ല. അല്ലെങ്കിൽ വിരഹത്താൽ ഞാൻ ശൂന്യഹൃദ

DHARMARAM COLLEGE LIBRARY 20242 BANGALORE.

യയായിരുന്ന സമയത്തായിരിക്കണം ശപിച്ചതു്. * അതറിഞ്ഞതുകൊണ്ടായിരിക്കണം സഖിമാർ പ്രിയതമനു് മോതിരം കാണിച്ചുകൊടുക്കുവാൻ പറഞ്ഞതു്.

മാരീചൻ:—വത്സേ, ഇപ്പോൾ സംഗതി മനസ്സിലായില്ലേ? ഭർത്താവിനെക്കുറിച്ചു് മറിച്ചു വിചാരിക്കരുതു്. മുനിശാപത്താൽ അദ്ദേഹത്തിനു് ഓർമ്മകേടുണ്ടായി. ശാപം തീർന്നപ്പോൾ ഓർമ്മയുണ്ടാകയുംചെയ്തു. ഇതാണു് പരമാർത്ഥം.

രാജാവു്:—ഭഗവൻ, ഈ കുമാരനാണു് എന്റെ വംശം നിലനിറുത്തേണ്ടവൻ.

മാരീചൻ:—സംശയമില്ല. ഇവൻ ചക്രവർത്തിയായി ഭവിക്കും. സപ്തദ്വീപങ്ങളോടുകൂടിയ ഭൂമിയെ ഇവൻ അടക്കിവാഴും. സിംഹാദികളായ സത്വങ്ങളെ ഒതുക്കുന്നവനാകയാൽ ഈ കുമാരനു് ഇപ്പോൾ സർവ്വദമനൻ എന്നാണു് പേരു്. ചക്രവർത്തിയായി ലോകത്തെ ഭരിക്കുമ്പോൾ ഭരതൻ എന്ന പേരുണ്ടാകും.

അദിതി:—ഭഗവൻ, കണ്വൻ ഇപ്പോൾ പ്രിയ പുത്രിയുടെ വൃത്താന്തമറിയായ്കയാൽ പരിതപിക്കുന്നുണ്ടാകും. ഇവിടെനിന്നതന്നെ കരാളെ അയച്ചു് ശകുന്തളയെ ദുഷ്യന്തൻ പരിഗ്രഹിച്ചതായി കണ്വനെ അറിയിക്കുമാറാകണം. പുത്രീവത്സലയായ മേനക ഇവിടെത്തന്നെയുണ്ടു്.

ശകുന്തള:—എന്റെ മനസ്സിലുള്ള അഭിലാഷം
ണ്ണ് ഭഗവതി അരുളിച്ചെയ്തതു്.

ഉടനെ മാരീചൻ ഒരു ശിഷ്യനെ വിളിച്ചു് കണ്വ
മുനിയുടെ ആശ്രമത്തിലേക്കയച്ചു. തദനന്തരം മാരീച
ന്റെ അനുജ്ഞയോടുകൂടി ദുഷ്യന്തമഹാരാജാവു് ഭാര്യാ
പുത്രസമേതനായി രഥത്തിൽ കയറി തന്റെ രാജധാനി
യിലേയ്ക്കു പോവുകയും ചെയ്തു.

—: ശുഭം :—

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

CT Library
00020242
T49 M789

ചില പ്രമുഖ നിരൂപണ

വിമൽവീഥി—കെ. എം. ഡാനിയൽ എം. എ. 1-50
പ്രഭാമണ്ഡലം—വിദ്വാൻ എൻ. കോയിത്തട്ട 1-00
നീരുറവുകൾ—എ. പി. പി. നമ്പൂതിരി 1-75
കാവ്യാസ്വാദനം—ഉള്ളാട്ടിൽ
ഗോവിന്ദൻകുട്ടിനായർ 1-50
വിചാരധാര—ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ 2-50
വിശ്വകാന്തി—ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ 1-50
സാഹിതീ ദർശനം—പക്കം അബ്ദുൽഖാദർ 2-00
വിചാരലീല—ടി. എം. ചുമ്മാർ 1-50
രാജമാർഗ്ഗം—വിദ്വാൻ എൻ. കോയിത്തട്ട 1-50
വിദൂരവീക്ഷണം—രാമചന്ദ്രൻ വടക്കേടത്ത് 0-87
സാഹിത്യസമീക്ഷകൾ—
പി. കെ. പരമേശ്വരൻനായർ 1-25
രൂപരേഖ—ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ 1-50
പുരോഗമനസാഹിത്യവും മറ്റും—
സുകുമാർ അഴീക്കോട് 1-75
ചർച്ചായോഗം—കുട്ടികൃഷ്ണമാരാർ 1-25
ആശാന്റെ സീതാകാവ്യം—
സുകുമാർ അഴീക്കോട് 1-25
സാഹിത്യാസ്വാദനം—
കുറുവാന്തൊടി ശങ്കരനെഴുത്തച്ഛൻ 1-50

പി. കെ. ബ്രദേർസ്, കോഴിക്കോട്.
ഫോൺ: 2803.